

# കുമാരനാശാന്റെ പ്രജാസഭാപ്രസംഗങ്ങൾ



62
കുമാരനാശാൻ

ജി. പ്രിയദർശനൻ

Digitized By Kerala Sahitya Akademi

# കുമാരനാശാൻെറ
# പ്രജാസഭാപ്രസംഗങ്ങൾ

കേരള സാഹിത്യ അക്കാദമിയുടെ
ധനസഹായത്തോടെ പ്രസിദ്ധീകരിച്ചതു്.

Digitized By Kerala Sahitya Akademi

(Malayalam)
Kumaranasante
Prajasabha Prasamgangal

Compiled and Edited by
G. PRIYADARSANAN

First Published April 1982

PRINTED AT MANGALA PRESS, VARKALA

Price Rs. 10·00

Published by G. Priyadarsanan

Distributors
NATIONAL BOOK STALL
KOTTAYAM – TRIVANDRUM – ERNAKULAM – CANNANORE
TRICHUR – PALGHAT – QUILON – KOZHIKODE – ALLEPPEY

Digitized By Kerala Sahitya Akademi

# കുമാരനാശാന്റെ പ്രജാസഭാപ്രസംഗങ്ങൾ

സമ്പാദകൻ

ജി. പ്രിയദർശനൻ

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 10.00


Digitized By Kerala Sahitya Akademi

## ജി. പ്രിയദർശനൻെറ കൃതികൾ

കുമാരനാശാൻെറ പ്രജാസഭാപ്രസംഗങ്ങൾ
മൺമറഞ്ഞ മാസികകൾ
മാസികാപഠനങ്ങൾ
വിവേകികൾ
ആശാൻപഠനങ്ങൾ
കുമാരനാശാൻെറ മുഖപ്രസംഗങ്ങൾ
ശ്രീബുദ്ധൻ (ബാലസാഹിത്യം)
മലയാളപത്രപ്രവർത്തനം—പ്രാരംഭസ്വരൂപം

S3524 D183/81-82 1-1000

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

# മുഖവുര

മലയാളത്തിലെ ഏററവും ശ്രദ്ധേയനായ മഹാകവിയാണ് കുമാരനാശാൻ. ഏററവും കൂടുതൽ വിമർശനവിധേയനായ നമ്മുടെ മഹാകവിയും ആശാൻ തന്നെ. ഇതിനിടയിൽ നൂററിഅമ്പതിൽപരം കൃതികൾ ആശാനെ അധികരിച്ച് ഉണ്ടായതായിട്ടാണ് കാണുന്നത്. എന്നിട്ടും മഹാകവിയേയും അദ്ദേഹത്തിന്റെ സംഭാവനകളേയും മൂല്യനിറുത്തിയുള്ള പഠനങ്ങളുടെ തുടക്കം കുറിക്കുക മാത്രമേ നാം ഇതുവരെ ചെയ്തിട്ടുള്ളു. ബഹുമുഖ പ്രതിഭനായ ആശാനെക്കുറിച്ച സമഗ്രദർശനം നൽകുന്ന ഒരു പഠനം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

കേരളത്തിൽ ഏററവും കൂടുതൽ തെററുധാരണകൾക്കു വിധേയനായ മഹാകവിയും കുമാരനാശാനാകുന്നു. ആശാനെപ്പററി പഠിക്കുവാൻ അവശ്യം പ്രയോജനപ്പെടുത്തേണ്ട സാമഗ്രികളുടെ അഭാവമാണിതിനു പ്രധാന നിദാനമെന്നാണ് എന്റെ ദൃഢവിശ്വാസം. പത്രപ്രവർത്തകൻ, സാമൂഹ്യവിപ്ളവകാരി, രാജ്യകാര്യപ്രവീണൻ ഇങ്ങനെ അനേകവിധത്തിൽ ആ പ്രതിഭാസമ്പന്നൻ നിർവഹിച്ച അമൂല്യസേവനങ്ങൾ വേണ്ട രീതിയിൽ വിലയിരുത്തപ്പെടാതെ പോയതിന്റെ കാരണവും ഇതുതന്നെയാകണം.

ആശാനെ സമ്പൂർണ്ണമായി പഠിക്കാൻ ഉപയുക്തമായ രേഖകളെല്ലാം ശേഖരിച്ച ക്രമപ്പെടുത്തി നേരത്തേതന്നെ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു. അതിനു

Digitized By Kerala Sahitya Akademi

കടമപ്പെട്ട ചില സംഘടനകളും ഉണ്ടല്ലോ. അവർ ഇതുവരെ അതു ചെയ്തില്ല. ഈ ചുററുപാടിലാണ് അത്തരം വകകളെല്ലാം എന്തു ക്ലേശം സഹിച്ചും അന്വേഷിച്ചുപിടിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന് ഞാൻ കരുതിയത്. അതനുസരിച്ച് ആദ്യം ആശാൻെറ മുഖപ്രസംഗങ്ങൾ മുഴുവൻ സമ്പാദിച്ച് എഡിററു ചെയ്തു ഒരു ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തി. ഇപ്പോഴിതാ ആശാൻ തിരുവിതാംകൂർ പ്രജാസഭയിൽ ചെയ്ത പ്രസംഗങ്ങളും കിട്ടാവുന്നിടത്തോളം സമ്പാദിച്ചു പ്രസിദ്ധപ്പെടുത്തുകയാണ്.

Asan and Social Revolution in Kerala (1972) എന്ന പേരിൽ ഒരു ഇംഗ്ലീഷ്ഗ്രന്ഥം പ്രശസ്ത ചരിത്രപണ്ഡിതനായ ഡോക്ടർ ററി. കെ. രവീന്ദ്രൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആശാൻെറ പ്രജാസഭാപ്രസംഗങ്ങളെയും മററും പുരസ്കരിച്ചുള്ള സമ്പൂർണ്ണപഠനമാണത്. തിരുവനന്തപുരത്തെ നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പ്രജാസഭാ നടപടികളുടെ റിപ്പോർട്ടുകളാണ് അദ്ദേഹം മുഖ്യമായി അവലംബിച്ചത്. പ്രജാസഭാപ്രസംഗങ്ങൾ പൂർണ്ണരൂപത്തിലല്ല അന്നു രേഖപ്പെടുത്തിയിരുന്നത്. റിപ്പോർട്ടുരൂപത്തിലായിരുന്നു. അതിനാൽ ഇല്ലാത്ത പുസ്തകത്തിൽ ആശാൻെറ ഒരു പ്രജാസഭാപ്രസംഗവും പൂർണ്ണരൂപത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

എസ്. എൻ. ഡി. പി യോഗത്തിൻെറ പ്രതിനിധി എന്ന നിലയിലാണ് ആശാൻ പ്രജാസഭയിൽ ഈ പ്രസംഗങ്ങളെല്ലാം ചെയ്തത്. ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു് യോഗത്തിൻെറ സഹായം ഞാൻ അപേക്ഷിച്ചു. അതിന്, ഒരു ചരിത്ര പണ്ഡിതനും, കേരളാ ഹിസ്റ്ററി അസോസിയേഷൻ പ്രസിഡൻറുമായ യോഗം പ്രസിഡൻറ് ശ്രീ. പി. എസ്. വേലായുധൻെറ അദ്ധ്യക്ഷതയിൽ

Digitized By Kerala Sahitya Akademi

28_10_1981ൽ കൂടിയ കൗൺസിൽ മീററിംഗ് കുമാരനാശാന്റെ പ്രജാസഭാപ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുവാൻ യാതൊരു സഹായവും ചെയ്യേണ്ടതില്ലെന്ന തീരുമാനം എടുത്തതായിട്ടാണറിയിച്ചത്.

എസ്. എൻ. ഡി. പി. യോഗത്തിന്റെ മുൻപ്രസിഡന്റും അനേകം ഉത്തമഗ്രന്ഥങ്ങളുടെ കർത്താവും വിവേകോദയം പത്രാധിപരുമായ ശ്രീ. സി. ആർ. കേശവൻവൈദ്യർ സാംസ്കാരിക വിഷയങ്ങളിൽ പൊതുവേയും ആശാൻ കാര്യങ്ങളിൽ പ്രത്യേകിച്ചും പ്രകടിപ്പിക്കുന്ന ആത്മാർത്ഥമായ അഭിനിവേശം സുവിദിതമാണല്ലോ. കുമാരനാശന്റെ മുഖപ്രസംഗങ്ങളുടെ കാര്യത്തിലെന്നപോലെ പ്രജാസഭാപ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും വൈദ്യരിൽ നിന്നും നിർലോഭമായ പ്രേരണയും പ്രോത്സാഹനവും എനിക്കു ലഭിക്കുകയുണ്ടായി എന്ന കാര്യം അഭിമാനപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ആശാനെക്കുറിച്ചു നല്ല അവഗാഹമുള്ള പരിണതപ്രജ്ഞനായ ഒരു നിരൂപകനും നല്ലൊരു പാർലമെന്റേറിയനും ഉത്തമപത്രാധിപരും ആയ എം. കെ. കുമാരൻസാറാണ് ഈ ഗ്രന്ഥത്തിന്റെ അവതാരകൻ. കേവലം ഒരു അവതാരികയല്ല അദ്ദേഹം എഴുതിയിരിക്കുന്നത്. ചരിത്രവസ്തുതകളുടെ പിൻബലത്തോടെ ആശാനെപ്പററി തയ്യാറാക്കിയ സുചിന്തിതവും സുവിസ്തൃതവുമായ ഒരു ഗംഭീരപഠനമാണ്. സാഹിത്യവിദ്യാർത്ഥികളും ചരിത്രവിദ്യാർത്ഥികളും അവശ്യം വായിച്ചു പഠിച്ചിരിക്കേണ്ട ഈ നവോജ്ജ്വലപഠനം, ഗ്രന്ഥത്തിന്റെ മാഹാത്മ്യവും പ്രയോജനവും ഉയർത്തുമെന്ന കാര്യത്തിൽ സംശയമില്ല.

കവിയും പണ്ഡിതനുമായ എന്റെ ഗുരുനാഥൻ കെടാകുളം കരുണാകരൻസാർ ഈ ഗ്രന്ഥത്തിന്റെ സംവിധാന

Digitized By Kerala Sahitya Akademi

ത്തിൽ എന്നെ കാര്യമായി സഹായിക്കയുണ്ടായി. എൻറ ഇഷ്ടമിത്രമായ ശ്രീ. ആർ. ഹേലിയാണ് കവർ തയ്യാറാക്കിച്ചു തന്നതു്. ഇതിൻെറ അച്ചടി നിർവഹിച്ച വർക്കല നാരായണഗുരുകുലം മംഗളാ പ്രസ്സിലെ സുഹൃത്തുക്കളെ ഞാൻ സ്നേഹപൂർവ്വം സ്മരിക്കുന്നു. ഈദൃശായത്നങ്ങളിൽ എന്നെ ആവുന്നത്ര പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന കേരള സാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ. പവനനേയും ഈ സന്ദർഭത്തിൽ ഓർക്കാതെ വയ്യ. ഒരുത്തർക്കും കൃതജ്ഞതാ രേഖപ്പെടുത്തി ഞാൻ കടപ്പാടുതീർക്കുന്നില്ല.

ജി. പ്രിയദർശനൻ.

പ്രാർത്ഥന,
പേരേററിൽ,
മൂങ്ങോട്ട് P.O, 695144,
10_12_81.

Digitized By Kerala Sahitya Akademi

# ഉള്ളടക്കം


മുഖവുര

അവതാരിക — എം. കെ. കുമാരൻ

I ഈഴവപ്പെൺകുട്ടികൾക്ക് എല്ലാ സ്കൂളുകളിലും പ്രവേശനം 1

ഈഴവ ആൺകുട്ടികൾക്ക് എല്ലാ സ്കൂളുകളിലും പ്രവേശനം 5

ആയുർവേദ പാഠശാലയെപ്പററി 6

II സ്ക്കൂൾ പ്രവേശനത്തെപ്പററി വീണ്ടും

സംസ്കൃതപാഠശാല 9

ആയുർവേദ പാഠശാല 10

പെൺപള്ളിക്കൂടം 14

എല്ലാ തുറകളിലും സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കണം 15

III സർക്കാർ വിദ്യാലയങ്ങളിൽ ഈഴവരുടെ പ്രവേശനം

സാമുദായികം 27

സർക്കാരുദ്യോഗം 33

IV സ്ക്കൂൾ പ്രവേശനം 41

ആയുർവേദ പഠനം പരിഷ്കരിക്കണം 42

സംസ്കൃത കോളേജിൽ എല്ലാവർക്കും പ്രവേശനം വേണം 43

പ്രവേശനമില്ലാത്ത വിദ്യാലയങ്ങൾ 44

ഈഴവർക്കു സർക്കാർ ഉദ്യോഗവിഷയത്തിലുള്ള സങ്കടങ്ങൾ 52

V ഈഴവരും വിദ്യാലയ പ്രവേശവും 62

അനുബന്ധം 1. ജാതിശല്യം തകർക്കുവിൻ 77

,, 2. നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ 91


Digitized By Kerala Sahitya Akademi

# അവതാരിക

എന്റെ പ്രിയസുഹൃത്തു് ജി. പ്രിയദർശനന്റെ അഭ്യർത്ഥന വളരെ സന്തോഷത്തോടുകൂടിയാണു് ഞാൻ സ്വീകരിച്ചതു്. ആശാന്റെ പ്രജാസഭാപ്രസംഗങ്ങൾക്കു ഒരു അവതാരിക എഴുതുക—അതിനോളം സംതൃപ്തി നൽകുന്ന അവസരങ്ങൾ അപൂർവ്വമായേ ലഭിക്കാറുള്ളു. ജോലിത്തിരക്കുകൾക്കും ബദ്ധപ്പാടുകൾക്കുമിടയിൽ ആ കർത്തവ്യം നിറവേററാമെന്നു ഞാൻ ഏററു. അവതാരിക നിശ്ചിത സമയത്തു കിട്ടാതെ പോയതുകൊണ്ടു് പുസ്തക പ്രസിദ്ധീകരണത്തിനു നേരിട്ട കാലതാമസത്തിനു മാപ്പു ചോദിച്ചുകൊണ്ടു് ഞാൻ ഇതു് എന്റെ സുഹൃത്തിനെ ഏല്പിക്കുകയാണു്.

ഈ നൂററാണ്ടിലെ ഏററവും ശ്രദ്ധേയനായ കവി എന്ന നിലയ്ക്കാണു് ആശാനെ അധികം പേരും ആദരിക്കുന്നതു്. അദ്ദേഹത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾ അവഗണിക്കപ്പെടുകയാണെന്നു് ഇതിനർത്ഥമില്ല. ആ പ്രവർത്തനങ്ങളെപ്പററിയും, 'ശുദ്ധസാഹിത്യ'കാരന്മാരായ നിരൂപകന്മാർപോലും, അനുസ്മരിക്കാറുണ്ടു്. പക്ഷേ ഈ അനുസ്മരണത്തിനു് അപ്രധാനമായ ഒരു അനുബന്ധത്തിന്റെ സ്ഥാനമേ നൽകാറുള്ളു. ആശാന്റെ മേൽവിലാസം നിലനില്ക്കുന്നതു് കവിയെന്ന പേരിൽ മാത്രമാണെന്നുപോലും ചിലയാളുകൾക്കഭിപ്രായമുണ്ടു്. ഇതിൽ നിന്നു വ്യത്യസ്തമായി ആശാനെ വിലയിരുത്തിയിട്ടുള്ളതു് എ. ബാലകൃഷ്ണപിള്ളയും, പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുമാണു്. ആശാൻ

Digitized By Kerala Sahitya Akademi

വിപ്ലവത്തിൻെറ ശുക്രനക്ഷത്രമാണെന്ന് മുണ്ടശ്ശേരി പറഞ്ഞുകളഞ്ഞു—അതേ പറഞ്ഞുകളഞ്ഞു! ആ പറച്ചിലിന് അദ്ദേഹത്തിനു കിട്ടിയിട്ടുള്ള ശകാരങ്ങൾക്കു കണക്കില്ല. ചില ശുദ്ധകലാവാദികൾ മുണ്ടശ്ശേരിയെ വധിക്കുവാൻ വലിയ പ്രബന്ധങ്ങളും പുസ്തകങ്ങളും രചിക്കുകപോലും ചെയ്തു. മുണ്ടശ്ശേരി ജീവിച്ചിരുന്ന കാലത്തു മിണ്ടാതെ കിടന്ന നീർക്കോലികൾ തലപൊക്കുകയും ചെയ്തിരിക്കുന്നു.

സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് സാഹിത്യത്തിൽ അയിത്തം കല്പിക്കാത്ത വേറൊരു കൂട്ടരുണ്ട്. മാർക്സിസ്റ്റ് തത്ത്വസംഹിതയെ അവലംബമാക്കി സാഹിത്യ വിചിന്തനം നടത്തുന്നവരെപ്പററിയാണ് പറയുന്നത്. ഇക്കൂട്ടർ ആശാനേയും ആശാൻ കൃതികളേയും സമീപിക്കുന്നത് മറെറാരു തരത്തിലാണ്. സാമൂഹ്യ പ്രശ്നങ്ങളെ കവിതാവിഷയമാക്കി മലയാള സാഹിത്യത്തെ ഒരു പുതിയ സരണിയിലേക്കാനയിച്ച മഹാകവിയാണ് കുമാരനാശാനെന്ന് ഇക്കൂട്ടർ സമ്മതിക്കുന്നു. എന്നാൽ അവർക്കും മുണ്ടശ്ശേരിയോടു വഴക്കുണ്ട്. "ആശാൻ വിപ്ലവത്തിൻെറ ശുക്രനക്ഷത്രമാണെന്നു പറഞ്ഞാൽ എന്താണർത്ഥം?" ഇക്കാര്യത്തിൽ ഈ കൂട്ടർക്ക് ചില ആക്ഷേപങ്ങളുമുണ്ട്.

ഒന്നാമത്, ആശാൻ നയിച്ചിരുന്ന സാമൂഹ്യ പ്രസ്ഥാനത്തിൻെറ സ്വഭാവത്തെപ്പററിയാണ് ഇവർക്ക് ആക്ഷേപം. അതൊരു പരിഷ്കരണ പ്രസ്ഥാനം മാത്രമായിരുന്നില്ലേ? വിപ്ലവപ്രസ്ഥാനമെന്ന പേരിന് അതിനർഹതയുണ്ടോ? രണ്ടാമത്തെ ആക്ഷേപം ആശാൻെറ സാമ്പത്തിക വീക്ഷണത്തെപ്പററിയാണ്. അദ്ദേഹം ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നില്ലല്ലോ. പിന്നെ എങ്ങനെ വിപ്ലവത്തിൻെറ ശുക്രനക്ഷത്രമാകും?

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിൻെറ ആരംഭം കുറിച്ചത് ബംഗാളിലെ രാജാറാം മോഹൻറോയ് ആ

Digitized By Kerala Sahitya Akademi

ണ്. അദ്ദേഹം പാശ്ചാത്യസംസ്കാരത്തിൻേറയും ജനാധിപത്യാദർശങ്ങളുടേയും ആരാധകനായിരുന്നു. ബംഗാളിൽ ഈസ്റ്റിൻഡ്യാക്കമ്പനി ഭരണാധികാരമുറപ്പിച്ച കാലമായിരുന്നു അത്. അദ്ദേഹം കമ്പനിഭരണത്തെ സ്വാഗതം ചെയ്തു. ഹൈന്ദവ സമുദായത്തെ ദുഷിപ്പിച്ച അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായുള്ള തൻെറ പോരാട്ടത്തിൽ രാജാറാം മോഹൻ റോയ് ബ്രിട്ടീഷ് ഭരണാധികാരികളെ കൂട്ടുപിടിച്ചു. സതി സമ്പ്രദായം നിറുത്തലാക്കിയ കാര്യം സുപ്രസിദ്ധമാണല്ലോ. പാരമ്പര്യ സമ്പ്രദായത്തിലുള്ള സംസ്കൃത വിദ്യാഭ്യാസത്തിനു പകരം പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം നടപ്പാക്കുകയാണ് ഇന്ത്യയുടെ നവീകരണത്തിനാവശ്യമെന്ന അഭിപ്രായമാണ് റോയിക്കുണ്ടായിരുന്നത്. ഇതെല്ലാം അന്നത്തെ സാഹചര്യങ്ങളിൽ വിപ്ളവകരമായ ആശയങ്ങളും പരിപാടികളുമായിരുന്നു. അദ്ദേഹം ബ്രിട്ടീഷ് പക്ഷപാതിയായിരുന്നു എന്ന കാരണത്താൽ ഈ ചരിത്രയാഥാർത്ഥ്യത്തിൻെറ നേരെ പുച്ഛം നടിക്കുന്ന ചില ബുദ്ധിജീവികൾ ഇപ്പോൾ ബംഗാളിൽത്തന്നെയുണ്ട്. രാജാറാം മോഹൻ റോയിയെ ശരിക്കു മനസ്സിലാക്കാൻ ഗാന്ധിജിക്കുപോലും കഴിഞ്ഞിരുന്നില്ല. മഹാത്മജിയും മഹാകവി രവീന്ദ്രനാഥ ടാഗോറും തമ്മിൽ ഇക്കാര്യം ചൊല്ലി ഇടഞ്ഞിട്ടുണ്ട്. ബംഗാളിലെ നവോത്ഥാനത്തിൻേറയും സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിൻേറയും പുരോഗമന സ്വഭാവം മനസ്സിലാക്കാൻ ഇന്നും പലർക്കും കഴിയുന്നില്ല.

ബംഗാളി നവോത്ഥാനവും സാമൂഹ്യപരിഷ്കരണ പ്രസ്ഥാനവും സമൂഹത്തിൻെറ ഉന്നത തലങ്ങളിലുള്ള ഒരു ചെറിയ ന്യൂനപക്ഷത്തെ മാത്രമേ ഉൾക്കൊണ്ടിരുന്നുള്ളൂ. ബഹുഭൂരിപക്ഷം വരുന്ന സാമാന്യ ജനങ്ങളെ അതു സ്പർശിക്കുകയുണ്ടായില്ല. കാലത്തിൻേറയും സാഹചര്യങ്ങളുടേയും

Digitized By Kerala Sahitya Akademi

മററും പരിമിതികളാണു് ഇതിനു കാരണം. ഈ പരിമിതികളുടെ അഭാവമാണു് കേരളത്തിലെ നവോത്ഥാനത്തെയും സാമൂഹ്യ നവീകരണ പ്രസ്ഥാനത്തേയും വേർതിരിച്ചു നിറുത്തുന്നതു്.

കേരളത്തിൽ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനം പൊന്തിവന്നതു് സമൂഹത്തിൻെറ താണതലങ്ങളിൽ നിന്നാണു്. ആ പ്രസ്ഥാനം വെറും ആചാരപരിഷ്കാരങ്ങളിൽ ഒതുങ്ങി നിന്നില്ല. സമൂഹത്തിൻെറ വളർച്ചയേയും പുരോഗതിയേയും പ്രതിബന്ധപ്പെടുത്തിയ ജാതിവ്യവസ്ഥയുടെ നേർക്കാണു് മുഖ്യമായും ആ പ്രസ്ഥാനം ആഞ്ഞടിച്ചതു്. ആ പ്രസ്ഥാനത്തിൻെറ മുന്നണിപ്പോരാളികൾ ഈഴവരായിരുന്നു. ജാതിയുടെ പേരിൽ അടിച്ചമർത്തപ്പെട്ടു കഴിഞ്ഞ ഒരു അവർണ്ണസമുദായം ഇന്ത്യയിലാദ്യമായി സമരരംഗത്തിറങ്ങിയതു് ഇവിടെയാണു്. അതു് സുസംഘടിതമായ, ലക്ഷ്യബോധമുള്ള, ഒരു പുറപ്പാടായിരുന്നു. അതുവരെ സാംസ്കാരികവും ധൈഷണികവുമായ നേതൃത്വം വഹിച്ചിരുന്ന സവർണ്ണരേക്കാൾ പ്രബുദ്ധരും പുരോഗമനവാദികളുമായ ഒരു സംഘം പ്രതിഭാശാലികൾ ഈഴവസമുദായത്തിൽ ഉയർന്നു വന്നു. അവരുടെ നടുനായകമായി സർവസമാരാദ്ധ്യനായ ശ്രീനാരായണഗുരുവുമുണ്ടായിരുന്നു. മതവിശ്വാസം, സാഹിത്യം, സാമൂഹ്യ-രാഷ്ട്രീയ ജീവിതം എന്നീ രംഗങ്ങളിലെല്ലാം നവീകരണം വരുത്തുവാൻ പ്രഗത്ഭമായ ആ നേതൃത്വം പ്രതിജ്ഞാബദ്ധമായി പ്രവർത്തിച്ചു. ആധുനിക കേരളത്തിൻെറ മുഖമുദ്രയായിത്തീരുവാൻ അവർക്കു സാധിക്കുകയും ചെയ്തു.

ആ പ്രസ്ഥാനത്തെ വെറും പരിഷ്കരണസംരംഭമായിക്കാണുന്നതു തികച്ചും അബദ്ധമാണു്. യഥാർത്ഥത്തിൽ അതു് ചൈതന്യം നിറഞ്ഞ ഒരു വിപ്ളവ പ്രസ്ഥാനം തന്നെ ആയിരുന്നു.

Digitized By Kerala Sahitya Akademi

സമൂഹഘടനയിൽ, സാമൂഹ്യ—സാമ്പത്തികബന്ധങ്ങളിൽ, വരുന്ന അടിസ്ഥാനപരമായ മാററത്തെയാണ് മാർക്സിസ്ററു ചിന്താഗതിക്കാർ വിപ്ളവം എന്നു വിളിക്കുന്നതു്. വിപ്ളവം എന്നു വച്ചാൽ അട്ടിമറികളും രക്തച്ചൊരിച്ചിലുമാണെന്നു ധരിച്ചു വച്ചിരിക്കുന്നവർക്കു് ഇതൊന്നും മനസ്സിലാവുകയില്ല. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തു് മാർക്സിസ്ററുകൾ എന്നവകാശപ്പെടുന്നവർപോലും ഇത്തരത്തിൽ പെട്ടവരാണു്.

കേരളത്തിൽ നിലനിന്നുവന്ന ഫ്യൂഡൽ വ്യവസ്ഥയുടെ ചട്ടക്കൂട്ടു് ജാതി സമ്പ്രദായമായിരുന്നു. മനുഷ്യരെ മുകളിലും താഴെയും സ്ഥിതിചെയ്യുന്ന അട്ടികളായി അടുക്കിവച്ചു്, മതവിശ്വാസത്തിന്റെയും ബ്രാഹ്മണഭക്തിയുടേയും രാഷ്ട്രീയാധികാരത്തിന്റെയും ശക്തികൊണ്ടു് അടക്കി ഭരിക്കുന്ന വ്യവസ്ഥയായിരുന്നു അതു്. അതിന്റെ സത്ത നിഷ്ഠുരമായ സാമ്പത്തിക ചൂഷണമായിരുന്നു. താണജാതികളെന്നു കരുതപ്പെട്ടവർ ആ ചൂഷണവ്യവസ്ഥയിലെ അടിമകളും അടിയാളരുമായിരുന്നു. തീണ്ടലിന്റേയും തൊടീലിന്റേയും പുറകിൽ നിലനിന്നിരുന്ന സാമ്പത്തിക ചൂഷണത്തെപ്പററി സമഗ്രമായ ഒരന്വേഷണം ചരിത്രഗവേഷകർ നടത്തേണ്ടതാണു്. ആശാൻ 'ദുരവസ്ഥ'യിൽ ഈ വഴിക്കു വിരൽ ചൂണ്ടിയിട്ടുണ്ടു്.

വിദേശശക്തികളുടെ വരവോടുകൂടി ഇന്ത്യൻ ഫ്യൂഡൽ വ്യവസ്ഥയ്ക്കു് ഇളക്കം തട്ടി. ബ്രിട്ടീഷുകാർ ബംഗാളിലാണു് ആദ്യം അധികാരം ഉറപ്പിച്ചതു്. എന്നാൽ പാശ്ചാത്യസമ്പർക്കം കൊണ്ടു് ആദ്യം ഉണർന്നതു് കേരളമായിരുന്നു. പോർട്ടുഗീസുകാർ കേരളത്തിൽ കാലുകുത്തിയതിനെത്തുടർന്നു് നമ്മുടെ സാമൂഹ്യ വ്യവസ്ഥയെ ആഴത്തിൽ സ്പർശിക്കുന്ന പല ചലനങ്ങളുമുണ്ടായി. ബ്രാഹ്മണരും രാജാക്കന്മാരും മാടമ്പി

Digitized By Kerala Sahitya Akademi

മാരും ചേർന്നു കെട്ടിപ്പൊക്കിയിരുന്ന വിശ്വാസക്കോട്ടകൾ പോർട്ടുഗീസുകാരുടെ പീരങ്കിക്കു മുമ്പിൽ തകർന്നു വീണു. ബ്രാഹ്മണൻെറ ആത്മീയശക്തിയും നാടുവാഴികളുടെ സൈനികശക്തിയും പൊള്ളയാണെന്നു തെളിഞ്ഞു. അതൊരു വലിയ വിശ്വാസത്തകർച്ചയുടെ തുടക്കമായിരുന്നു. ഈ വിശ്വാസത്തകർച്ചയുടെ ഭക്തവിലാപമാണ് എഴുത്തച്ഛൻ സാഹിത്യം. പോർട്ടുഗീസ് സമ്പർക്കത്താലുണ്ടായ ധാർമ്മികാധഃപതനത്തിൻെറ നേർക്കുള്ള പ്രതികരണമാണ് എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണവും മററുമെന്നു പറയുന്നതു് സത്യത്തെ ഒരു വിധത്തിൽ വളച്ചൊടിക്കലാണ്. പോർട്ടുഗീസുകാരുടെ വരവിനു വളരെ മുമ്പേതന്നെ കേരളത്തിലെ ഉപരിവർഗ്ഗ വിഭാഗങ്ങൾ ധാർമ്മികാധഃപതനത്തിൻെറ നെല്ലിപ്പലക കണ്ടുകഴിഞ്ഞിരുന്നു. വൈശിക തന്ത്രവും അച്ചിക്കവിതകളും ചന്ദ്രോത്സവവുമൊക്കെ ഇതിനു മതിയായ തെളിവാണ്. നമ്മുടെ ധാർമ്മികാധഃപതനം വിദേശികളുടെ തലയിൽ കെട്ടിവയ്ക്കുന്നതു് എന്തിനാണ്?

പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നീ വിദേശശക്തികളുടേയും ടിപ്പു സുൽത്താൻേറയും ആക്രമണങ്ങൾ കേരളത്തിലെ സാമൂഹ്യഘടനയെ ഒരുവിധം ഉടച്ചു കലക്കി. മാത്രവുമല്ല, ഒരു പുതിയ വ്യവസ്ഥിതിക്കു ബീജാവാപം ചെയ്യുകയും ചെയ്തു. ടിപ്പുവിൻെറ ആക്രമണമാണ് പിൽക്കാലത്തു് മലബാറിലുണ്ടായ കർഷകകലാപങ്ങൾക്കു വഴിയൊരുക്കിയതു്. മലബാറിലെ കൃഷിക്കാർക്കു് ബ്രാഹ്മണഭക്തിയുടേയും ഹിന്ദുമതവിശ്വാസങ്ങളുടേയും തടവറകളിൽ നിന്നു് ഇസ്ലാംമതം മോചനം നേടിക്കൊടുത്തു. വേറൊരുവഴിക്കു് ക്രൈസ്തവ മിഷനറിമാരും ഈ പ്രക്രിയയിൽ പങ്കുവഹിച്ചു. കേരളത്തിൻെറ തെക്കൻ പ്രദേശങ്ങളിലാണ് അവരുടെ പ്രവർത്തനം നടന്നതു്. മിഷനറിമാർ ക്രിസ്തുമതത്തി

Digitized By Kerala Sahitya Akademi

ന്റെ സ്നേഹസമത്വസന്ദേശങ്ങൾ അവശ ജനവിഭാഗങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. സ്നേഹവും കാരുണ്യവും നിഷേധിക്കപ്പെട്ടവരെ അവർ ആശ്വസിപ്പിച്ചു. വിദ്യ നിഷേധിക്കപ്പെട്ടവർക്ക് അവർ വിദ്യയുടെ വെളിച്ചം നൽകി. അടിമത്തത്തെയും അസമത്വങ്ങളേയും അവർ എതിർത്തു. തിരുവിതാംകൂറിൽ അടിമസമ്പ്രദായം നിറുത്തലാക്കിച്ചതും, അവർണ്ണസ്ത്രീകൾക്കു മാറുമറയ്ക്കാനും ആഭരണങ്ങളിടാനും സ്വാതന്ത്ര്യമുണ്ടാക്കിക്കൊടുത്തതും ക്രൈസ്തവമിഷനറിമാരായിരുന്നു.

ഈ മാററങ്ങളോടൊപ്പം കേരളീയരുടെ സാമ്പത്തികജീവിതത്തിലും പുതിയ പ്രവണതകൾ തലപൊക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. ലോകവാണിജ്യരംഗവുമായുള്ള സമ്പർക്കം, കേരളത്തിലെ നാണ്യവിളകളുടേയും വ്യവസായങ്ങൾക്കാവശ്യമായ മററ് കാർഷികോല്പന്നങ്ങളുടേയും പ്രാധാന്യം വർദ്ധിപ്പിച്ചു. ബ്രിട്ടീഷ് കമ്പനികൾ കേരളത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ വ്യവസായശാലകളാരംഭിച്ചു. ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ റബ്ബർ, ഏലം, തേയില കാപ്പി മുതലായവയുടെ തോട്ടങ്ങൾ ഏർപ്പെടുത്തിത്തുടങ്ങി. വാണിജ്യപരമായ ആവശ്യങ്ങൾ മുൻനിറുത്തി ഗതാഗത സൗകര്യങ്ങളും ഉണ്ടാക്കപ്പെട്ടു. ഫ്യൂഡൽ വ്യവസ്ഥയുടെ ഉദരത്തിൽ മുതലാളിത്തത്തിന്റെ ഭ്രൂണം കരുപ്പിടിച്ച് പടിപടിയായി വളർന്നു.

ഒരു പുതിയ വ്യവസ്ഥയുടെ ഗർഭാധാനം നടന്നെങ്കിലും ജീവചൈതന്യം നശിച്ച പഴയ വ്യവസ്ഥയുടെ ചട്ടക്കൂട് നിലംപതിക്കാതെ നിന്നു. അതായത് ഉല്പാദനസമ്പ്രദായത്തിൽ മാററമുണ്ടായിത്തുടങ്ങിയിട്ടും പഴയ സാമൂഹ്യബന്ധങ്ങൾക്കു മാററമുണ്ടായില്ല എന്നർത്ഥം. ഈ വൈരുദ്ധ്യം അങ്ങനെ തുടരുക അസാധ്യമായിരുന്നു.

Digitized By Kerala Sahitya Akademi

കാറൽമാർക്സ് പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.......
"വികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ സമുദായത്തിന്റെ ഭൗതികമായ ഉല്പാദനശക്തികളും നിലവിലുള്ള ഉല്പാദനബന്ധങ്ങളും തമ്മിൽ—നിയമഭാഷയിൽ പറഞ്ഞാൽ, ഏതൊരു സ്വത്തുടമാബന്ധങ്ങളുടെ ചട്ടക്കൂടിനുള്ളിലാണോ അവ ഇതുവരെ പ്രവർത്തിച്ചു വന്നതു് ആ സ്വത്തുടമാബന്ധങ്ങളും തമ്മിൽ—സംഘട്ടനമുണ്ടാകുന്നു. ഉല്പാദനശക്തികളുടെ വികാസരൂപങ്ങളെന്ന നിലവിട്ടു് ഈ ബന്ധങ്ങൾ അവയെ കെട്ടിയിടുന്ന കാൽചങ്ങലകളായി മാറുന്നു. അതോടെ സാമൂഹ്യവിപ്ലവത്തിന്റെ ഒരു യുഗം ആരംഭിക്കുന്നു." 1

കേരളത്തിൽ ഈ യുഗം ആരംഭിക്കുന്നതു് 19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലാണു്. ഇവിടത്തെ സാമൂഹ്യമായ ചട്ടക്കൂടു് ജാതിവ്യവസ്ഥയായിരുന്നെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. വേറൊരുവിധത്തിൽ പറഞ്ഞാൽ ഉല്പാദനബന്ധങ്ങളുടെ രൂപം ഇവിടെ ജാതിസമ്പ്രദായമായിരുന്നു. കൃഷിയും വ്യാപാരവും വഴി നടക്കുന്ന ചൂഷണത്തിനു വിധേയരായതു് താഴ്ത്തപ്പെട്ട ജാതിക്കാരായിരുന്നു. ഈഴവരെപ്പോലെ കഴിവും സംഖ്യാബലവുമുള്ള ഒരു സമുദായത്തിനുപോലും സാമ്പത്തികരംഗത്തു നിർബ്ബാധം തലപൊക്കുവാൻ കഴിഞ്ഞിരുന്നില്ല. ജാതിവ്യവസ്ഥയുടെ ചങ്ങലക്കെട്ടുകൾ പൊട്ടിക്കുന്ന വിപ്ലവശക്തിയായി ഈഴവർ രംഗത്തു വരാൻ കാരണം അവരുടെ സാമൂഹ്യസ്ഥിതിയായിരുന്നു.

മാർക്സിന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ ഉല്പാദനബന്ധങ്ങളുടെ സാകല്യമാണു് സാമ്പത്തികഘടനയുടെ അടിത്തറ. കേരളത്തിൽ മധ്യശതകങ്ങളിലെ സാമ്പത്തിക

---

1 "അർത്ഥശാസ്ത്രനിരൂപണത്തിനു് ഒരു സംഭാവന"—A Contribution to the Critique of Political Economy—എന്ന ഗ്രന്ഥത്തിന്റെ മുഖവുര.

Digitized By Kerala Sahitya Akademi

ജീവിതം അടിയുറച്ചുനിന്നത് ജാതിസമ്പ്രദായത്തിന്മേലായിരുന്നു എന്നാണ് ഇതിന്റെ ഭാഷ്യം. മാർക്സിസത്തിൽ അടിത്തറയും (base) മേൽക്കൂരയും (superstructure) എന്നു പറയുമല്ലോ. അതായത് സമുദായത്തിന്റെ അടിത്തറയും അതിന്മേലുള്ള മേൽക്കൂരയും. ഒരു പ്രത്യേക സാമ്പത്തികഘടനയിൽനിന്നുത്ഭവിക്കുകയും, അതിനെ ഉറപ്പിച്ചു നിറുത്തുകയും ചെയ്യുന്ന ന്യായസംഹിത, ഭരണകൂടം, സംസ്കാരം, മതബോധം മുതലായവയെയാണ് ഇതിന്റെ മേൽക്കൂരയെന്നു വിളിക്കുന്നത്. കേരളത്തിൽ നിലനിന്ന നിയമസംഹിതയും, ഭരണസംവിധാനവും, സംസ്കാരവും മതവിശ്വാസവുമെല്ലാം ജാതിവ്യവസ്ഥയ്ക്ക് അനുയോജ്യമായവയായിരുന്നു; എന്നുവച്ചാൽ ആ വ്യവസ്ഥയിലടങ്ങിയിട്ടുള്ള സാമ്പത്തിക ചൂഷണത്തിനു സംരക്ഷണം നൽകുന്നവയായിരുന്നു. ബ്രാഹ്മണഭക്തി, നാടുവാഴിത്തത്തോടുള്ള കൂറ്, വിദ്യാനിഷേധം, പ്രാഥമിക മനുഷ്യാവകാശങ്ങളുടെ ധ്വംസനം ഇവ ആ വ്യവസ്ഥിതിയുടെ സവിശേഷ സ്വഭാവമായിരുന്നു. സാമ്പത്തികമായ അടിത്തറയിൽ മാററമുണ്ടായതോടുകൂടി ഈ മേൽക്കൂരയ്ക്കും ഇളക്കം തട്ടി. ശ്രീനാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകൾ, ജാതിവ്യവസ്ഥയുടെ ശക്തമായ മേൽക്കൂരയിലുണ്ടായ ആദ്യത്തെ സ്ഫോടനമായിരുന്നു. ഈ സ്ഫോടനം കൂടുതൽ വിപ്ളവപരമായ ഒരു പ്രക്രിയയുടെ തുടക്കം മാത്രമായിരുന്നു. സഹോദരപ്രസ്ഥാനം യുക്തിവാദം, മതനിഷേധം, നാസ്തികത്വം, രാജദ്രോഹം, സ്വതന്ത്രസമുദായവാദം എന്നിങ്ങനെ ഈഴവസമുദായം എവിടംവരെ ചെന്നെത്തിയില്ല!

ജാതിവ്യവസ്ഥയുടെ നേർക്കുള്ള വെല്ലുവിളി ഭൗതികമായ മാററത്തിനുവേണ്ടിയായിരുന്നു. അതോടൊപ്പം, ജാതിയുമായി ബന്ധപ്പെട്ട നിയമസംഹിത, രാഷ്ട്രീയാധികാരം,

Digitized By Kerala Sahitya Akademi

മതവിശ്വാസം, കലയും സാഹിത്യവും, തത്വചിന്ത ഇവയെല്ലാംതന്നെ വെല്ലുവിളിക്കപ്പെട്ടു. ഇത്ര സമഗ്രമായ ഒരു സാമൂഹ്യ വിപ്ലവം തിരുവിതാംകൂറിലെപ്പോലെ ഇന്ത്യയിൽ വേറൊരിടത്തും നടന്നിട്ടില്ല. അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠമുതൽ ക്ഷേത്രപ്രവേശന വിളംബരംവരെ—ഉത്തരവാദഭരണപ്രക്ഷോഭണം വരെ—നീണ്ടുനിന്ന ഉജ്ജ്വലമായ ഒരു ചരിത്രപ്രതിഭാസമാണതു്. അതു വെറും ഒരു പരിഷ്കരണപ്രസ്ഥാനമായിരുന്നു എന്നു പറയുന്ന പണ്ഡിതന്മാർ മാർക്സിസത്തിൻെറ ഹരിഃശ്രീപോലും മനസ്സിലാക്കിട്ടില്ല.

ആശാൻ ആദ്ധ്യാത്മികവാദിയായിരുന്നു എന്നും അക്കാരണത്താൽ അദ്ദേഹം പ്രതിനിധാനം ചെയ്തതു് അപൂർണ്ണ ബൂർഷ്വാവിപ്ലവത്തെയാണെന്നും ചില മാർക്സിസ്റ്റ് ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ഇതും പരിശോധിക്കപ്പെടേണ്ട ഒരു കാര്യമാണു്.

ആശാൻെറ ചിന്തയിലും അദ്ദേഹം രചിച്ച കൃതികളിലും ആദ്ധ്യാത്മികത നിഴലിച്ചിരുന്നു എന്നതിൽ തർക്കമില്ല. ഒരു ആദ്ധ്യാത്മികാചാര്യൻെറ സ്വാധീനവലയത്തിലാണു് അദ്ദേഹം ജീവിച്ചതു്. അദ്ദേഹം ജീവിച്ച കാലഘട്ടവും ആദ്ധ്യാത്മികമായ ഉണർവ്വിൻെറ കാലമായിരുന്നു. സ്വാമി വിവേകാനന്ദൻ ഇളക്കിവിട്ട ആത്മീയനവോത്ഥാനത്തെ എങ്ങനെ മറക്കുവാൻ കഴിയും? മഹാകവി രവീന്ദ്രനാഥടാഗോർ, മഹാത്മാഗാന്ധി, ആനി ബസൻറു് മുതലായ മഹദ്വ്യക്തികളെയും ഓർക്കുക. ഈ അന്തരീക്ഷത്തിൽ ജീവിച്ച ആശാനിൽ ആദ്ധ്യാത്മികതയുണ്ടാവുക സ്വാഭാവികം മാത്രമായിരുന്നു. ഈ ആദ്ധ്യാത്മികത—മതബോധം—ഒരു പിൻതിരിപ്പൻ പ്രവണതയായിരുന്നോ എന്നുമാത്രമാണു നോക്കേണ്ടതു്. യഥാർത്ഥ മാർക്സിസ്റ്റുകളുടെ കടമയും അതാണു്.

Digitized By Kerala Sahitya Akademi

മതം മനുഷ്യരെമയക്കുന്ന കറുപ്പാണെന്നു് ഒരു പ്രത്യേക സന്ദർഭത്തിൽ മാർക്സ് പറയുകയുണ്ടായി. തത്തയെപ്പോലെ അതു് ഉരുവിടുകയും യാന്ത്രികമായി എവിടേയും പ്രയോഗിക്കുകയും ചെയ്താൽ മാർക്സിസമാവുകയില്ല.

മതത്തെ അതിനിശിതമായി വിമർശിക്കുമ്പോൾ പോലും ചില ചരിത്രഘട്ടങ്ങളിൽ മതം വിപ്ലവപരമായ പങ്കു വഹിക്കുകയും മർദ്ദിതർക്കാശ്വാസം നൽകുകയും ചെയ്തിട്ടുള്ളതായി മാർക്സും എംഗൽസും സമ്മതിച്ചിട്ടുണ്ടു്. ക്രിസ്തുമതം ആരംഭകാലങ്ങളിൽ അടിമകളുടെ മതമായിരുന്നു. അടിമകളുടെ മോചനത്തിനുവേണ്ടിയുള്ള സമരത്തിൽ ഐതിഹാസികമായ പങ്കുവഹിച്ചു് റോമാസാമ്രാജ്യത്തെ പിടിച്ചു കുലുക്കിയ ഒരു വിപ്ളവ ശക്തിയായിരുന്നു അന്നത്തെ ക്രിസ്തുമതം. ജർമ്മനിയിലേയും ഇംഗ്ലണ്ടിലേയും കർഷക കലാപങ്ങൾക്കു പ്രചോദനം നൽകിയതും ക്രിസ്തുമതാദർശങ്ങളായിരുന്നു. ബ്രിട്ടനിലെ ജനാധിപത്യവിപ്ളവത്തെ പ്യൂരിററൻ വിപ്ളവം (Puritan Revolution) എന്നാണല്ലോ വിളിക്കുക. ക്ലാസ്സിക്കൽ ബുർഷ്വാ വിപ്ലവം എന്നു വാഴ്ത്തപ്പെടുന്ന ഫ്രഞ്ചു് വിപ്ലവം നിരീശ്വരവാദികളുടേതായിരുന്നില്ല. വിപ്ലവനേതാക്കന്മാരുടെ കൂട്ടത്തിൽ നാസ്തികർ ഒരു അഗണ്യ ന്യൂനപക്ഷം മാത്രമായിരുന്നു. വിപ്ളവത്തിനു് ആശയപരമായി കളമൊരുക്കിയ വോൾട്ടയറും റൂസ്സോയും നിരീശ്വരവാദികളായിരുന്നില്ല. ഈ വിപ്ളവങ്ങൾക്കൊന്നിനുമില്ലാത്ത അപൂർണ്ണത, ശ്രീനാരായണഗുരുവിൻേറയും ആശാൻേറയും ആദ്ധ്യാത്മികതകാരണം, കേരളത്തിലെ ജനാധിപത്യവിപ്ളവത്തിൻേറതലയിൽ കെട്ടിവയ്ക്കുന്നതിൻേറ അർത്ഥം എന്താണു്?

ആശാൻ നയിച്ച വിപ്ളവം അപൂർണ്ണമായിരുന്നു എന്നും ടി.കെ. മാധവനും മലബാറിലെ ഒന്നു രണ്ടു തീയനേതാക്ക

Digitized By Kerala Sahitya Akademi

ന്മാരും കോൺഗ്രസ്സിൽ ചേർന്നപ്പോൾ ആ വിപ്ളവത്തിനു പൂർണ്ണത ലഭിച്ചു എന്നും ഒരു മാർക്സിസ്ററ് ചിന്തകൻ ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി. എന്താണു് കഥ? ദേശീയപ്രസ്ഥാനത്തിന്റെ അനിഷേധ്യനായ നേതാവു് മഹാത്മാഗാന്ധിയായിരുന്നല്ലോ. രാഷ്ട്രീയത്തേയും മത വിശ്വാസത്തേയും വേർതിരിച്ചു കാണാൻ അദ്ദേഹത്തിനു് എന്നെങ്കിലും സാധിച്ചിട്ടുണ്ടോ? തീവ്രദേശീയവാദിയെന്നും, വിപ്ളവ ജനാധിപത്യവാദി (Revolutionary Democrat) എന്നും സോവിയററ് മാർക്സിസ്ററു് പണ്ഡിതന്മാർപോലും പുകഴ്ത്തുന്ന ലോകമാന്യബാലഗംഗാധരതിലകൻ നിരീശ്വരവാദിയായിരുന്നോ? ഇവരുടെ ആരുടെയും കരസ്പർശം കൊണ്ടു് നമ്മുടെ ദേശീയ പ്രസ്ഥാനം അശുദ്ധമോ അപൂർണ്ണമോ ആയിപ്പോയെന്നു് പറയാറില്ല. ആശാന്റെ കൈ തൊട്ടതു കൊണ്ടു് കേരളത്തിലെ ജനാധിപത്യത്തിനു് അപകർഷം സംഭവിച്ചതായി പറയുകയും ചെയ്യുന്നു.

ശ്രീനാരായണഗുരുവും ആശാനും മതവിശ്വാസികളായിരുന്നു. പക്ഷേ അവർ വിശ്വസിച്ച മതം നമ്പൂതിരിമതം ആയിരുന്നില്ല—'താനേകെട്ടുകഴിഞ്ഞ നമ്പൂതിരിമത'മായിരുന്നില്ല. ആ മതത്തെ ശ്രീനാരായണഗുരു നിഃഷേധിച്ചു. പകരം മനുഷ്യനെ മനുഷ്യനായിക്കാണുന്ന ഒരു മതം അവതരിപ്പിച്ചു. അതു് യഥാർത്ഥത്തിൽ ഒരു റിഫർമേഷൻ (Reformation) തന്നെ ആയിരുന്നു. മതം സാധാരണഗതിയിൽ ഒരു യാഥാസ്ഥിതികശക്തിയാണു്. അതു് സ്ഥിതിസ്ഥാപന (Status quo)തല്പരമാണു്. ഹിന്ദുമതം എന്ന പേരിൽ കേരളത്തിൽ നിലനിന്ന ബ്രാഹ്മണമതം യാഥാസ്ഥികമായിരുന്നു. ജാതി ജടിലമായ ജീർണ്ണിച്ച സാമൂഹ്യാവസ്ഥയെ താങ്ങിനിറുത്തുന്നതിൽ പ്രധാനപങ്കു വഹിച്ച ആ മതത്തിന്റെ കട പുഴക്കിയെറിയുകയാണു് ശ്രീനാരായണഗുരു ചെയ്തതു്. പടിപടി

Digitized By Kerala Sahitya Akademi

യായി ജനങ്ങൾ യുക്തിവാദത്തിലേക്കും നിരീശ്വരത്വത്തിലേക്കും നീങ്ങുന്നതു് അദ്ദേഹം കാണുകയുണ്ടായി. തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരും അനുയായികളും ആ വഴിക്കു പോകുന്നതു കണ്ടിട്ടു് അദ്ദേഹത്തിനു യാതൊരു പരിഭ്രമവും തോന്നിയില്ല. ആദ്യം ശിലാവിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച ഗുരു പിന്നീടു് കണ്ണാടി പ്രതിഷ്ഠ നടത്തി. വിദ്യാദേവതയായ ശാരദയെ പ്രതിഷ്ഠിച്ചു, ഈശ്വരസങ്കല്പത്തിലും ദേവതാരാധനയിലും മാററം വരുത്തി. ആശാന്റെ ആത്മീയചിന്ത ഉപനിഷത്തുകളിലും അദ്വൈതത്തിലും നിന്നാരംഭിച്ചു ആത്മാവിനേയും ഈശ്വരനേയും പുറകിൽത്തള്ളി മനുഷ്യത്വത്തിന്റെ മഹിമ കണ്ടെത്തിയ ബുദ്ധന്റെ ദിവ്യസന്നിധിയോളമെത്തി. നിർവ്വാണപ്രാപ്തിയേക്കാൾ വലുതു് ലോകസേവയാണെന്ന സന്ദേശം ഉദ്ഘോഷിച്ചു കൊണ്ടാണു് ആശാൻ തന്റെ കാവ്യജീവിതം അവസാനിപ്പിച്ചതു്.

ശ്രീനാരായണഗുരുവിന്റേയും ആശാന്റെയും ആദ്ധ്യാത്മികതയും മതബോധവും ചലനാത്മകവും വിപ്ളവപരവുമായിരുന്നെന്നു്, മുൻവിധികളൊന്നും കൂടാതെ ഈ വിഷയത്തെപ്പററി പഠനം നടത്തുന്നവർക്കു ബോധ്യമാകും.

ആശാൻ നേതൃത്വം നൽകിയ പ്രസ്ഥാനം അപൂർണ്ണമായ ബൂർഷ്വാ വിപ്ളവമായിരുന്നെന്നും ടി. കെ. മാധവനും മററും കോൺഗ്രസ്സിൽ ചേർന്നപ്പോഴാണു് ആ അപൂർണ്ണത നീങ്ങിയതെന്നുമുള്ള അഭിപ്രായത്തെപ്പററി അല്പംകൂടി പറയുവാനുണ്ടു്. ആശാൻ നയിച്ച സാമൂഹ്യവിപ്ലവത്തിന്റെ രംഗം തിരുവിതാംകൂർ നാട്ടുരാജ്യമായിരുന്നു. കൊച്ചിയിലും മലബാറിലും അതിന്റെ അലകൾ ചെന്നടിക്കാതിരുന്നില്ല. പക്ഷേ ആ പ്രസ്ഥാനം അതിന്റെ സകല ശക്തികളോടും കൂടി ആഞ്ഞടിച്ചു് സാമാന്യ ജനങ്ങളെ ഇളക്കിമറിക്കുകയും, പഴയ സാമൂഹ്യ-രാഷ്ട്രീയ സംവിധാനത്തിന്റെ കെട്ടുകൾ

Digitized By Kerala Sahitya Akademi

പൊട്ടിച്ചെറിയുകയും ചെയ്തതു് തിരുവിതാംകൂറിലാണു്. ദിവാൻ ഭരണത്തിന്റേയും രാജവാഴ്ചയുടേയും അടിത്തറ ഇളക്കിയതു് ആ പ്രസ്ഥാനമായിരുന്നു. അക്കാലങ്ങളിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളൊന്നും അത്ര കാര്യമായി തിരുവിതാംകൂറിൽ നടക്കുകയുണ്ടായില്ല. വൈക്കം സത്യാഗ്രഹത്തിന്റെ മറപിടിച്ചുകൊണ്ടാണു് ഇവിടെ കോൺഗ്രസ്സു് രംഗത്തു വരുന്നതു്. സാമൂഹ്യവിപ്ലവത്തിന്റെ കാററുപിടിച്ചിട്ടത്തു് രാഷ്ട്രീയ നൗകയുടെ ഗതിവേഗം വർദ്ധിപ്പിക്കുക എന്നതായിരുന്നു കോൺഗ്രസ്സുകാരുടെ ലക്ഷ്യം. താൻ ക്ഷേത്രപ്രവേശനത്തിനുവേണ്ടി ഉഗ്രമായി വാദിച്ചപ്പോൾ ആശാൻ സഞ്ചാരസ്വാതന്ത്ര്യത്തിന്റെ വക്താവുമാത്രമായിരുന്നു എന്നാക്ഷേപിച്ച ടി. കെ. മാധവൻ, ഗാന്ധിജിയുടേയും കോൺഗ്രസ്സിന്റേയും പ്രബലമായ പിൻതുണയോടുകൂടി നടത്തിയ സത്യാഗ്രഹം വൈക്കത്തെ ക്ഷേത്രറോഡുകളിലെ പരസ്യപ്പലകകൾ നീക്കം ചെയ്യുവാനുള്ളതായിരുന്നു. വളരെ പരിമിതമായ ആ ആവശ്യം പോലും നേടാതെ സത്യാഗ്രഹം പിൻവലിക്കേണ്ടിവരികയും ചെയ്തു. അപൂർണ്ണ വിപ്ളവം പൂർണ്ണവിപ്ളവമായപ്പോൾ ടി. കെ. മാധവൻ തോല്ക്കുകയും ഇണ്ടൻ തുരുത്തികൾ വിജയിക്കുകയും ചെയ്ത കഥ വളരെ രസമുള്ളതാണു്.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഈ 'പൂർണ്ണജനാധിപത്യ വിപ്ളവം' ഒരു ഇടവേള മാത്രമായിരുന്നു. വൈക്കം സത്യാഗ്രഹത്തിനുശേഷം, 'പൂർണ്ണവിപ്ളവ'ത്തിലേക്കു കുതിച്ചുചാടിയ ടി. കെ. മാധവൻ 'അപൂർണ്ണവിപ്ളവ'ത്തിലേക്കു തിരിച്ചുവന്നു. ആ ധീരദേശാഭിമാനി പിന്നെ മൂന്നോ നാലോ വർഷമേ ജീവിച്ചിരുന്നുള്ളൂ. ആ ഹ്രസ്വകാലം അദ്ദേഹം എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ സംഘടനാശക്തി വർദ്ധിപ്പിക്കുവാനും, സർക്കാർ

Digitized By Kerala Sahitya Akademi

സർവ്വീസിലും പ്രതിനിധി സഭകളിലും ഈഴവർക്കും ക്രിസ്ത്യാനികൾക്കും മററും പ്രാതിനിധ്യം നേടിയെടുക്കുവാനുള്ള പരിപാടികൾക്കായിട്ടാണ് വിനിയോഗിച്ചത്. നിവർത്തന പ്രക്ഷോഭണത്തിനു മുമ്പ് ചരമമടയാതിരുന്നെങ്കിൽ അതിന്റെ ശക്തനായ നേതാവ് ടി. കെ. തന്നെ ആയിരിക്കുമായിരുന്നു എന്ന കാര്യത്തിലും സംശയം വേണ്ട.

തിരുവിതാംകൂറിൽ നടന്ന 'അപൂർണ്ണ ബൂർഷ്വാ ജനാധിപത്യ വിപ്ലവം', മാർക്സിസ്റ്റു ഭാഷയിൽ പറഞ്ഞാൽ അടിത്തറയിലും മേൽക്കൂരയിലും യുഗപരിവർത്തനം തന്നെ വരുത്തി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന 'പൂർണ്ണ ജനാധിപത്യവിപ്ലവ'മാകട്ടെ ഇൻഡ്യൻ സമൂഹത്തിന്റെ അടിത്തറയും മേൽക്കൂരയും അതേപടി നിലനിറുത്തിക്കൊണ്ട് ബ്രിട്ടീഷുകാരെ ഇവിടെ നിന്നു കെട്ടുകെട്ടിക്കുവാൻ പരിശ്രമിച്ചു. പണ്ഡിററ് ജവഹർലാൽ നെഹ്റുവും മാർക്സിസ്റ്റു ചിന്താഗതിക്കാരുമെല്ലാം ആ പ്രസ്ഥാനത്തിനുള്ളിൽ ഉണ്ടായിരുന്നിട്ടു കൂടിയും ഇൻഡ്യൻ ദേശീയത ഒരിക്കലും സവർണ്ണ ഹിന്ദു ദേശീയതയ്ക്കപ്പുറം വളർന്നില്ല. ഹിന്ദു റിവൈവലിസം എന്നു് ഇപ്പോൾ ആക്ഷേപിക്കപ്പെടുന്നത് എന്തൊക്കെയായാലും, അവയെല്ലാമാണ് ദേശാഭിമാനം ഉജ്ജ്വലിപ്പിക്കുവാൻ സ്വാതന്ത്ര്യസമരക്കാലത്ത് ദേശീയവാദികൾ അവലംബമാക്കിയത്. മഹാത്മാഗാന്ധിയുടെ രാമരാജ്യ സങ്കല്പവും വള്ളത്തോളിനെപ്പോലെയുള്ള കവികളുടെ ദേശീയ ഗാനങ്ങളും ഈ വസ്തുത വിളിച്ചോതുന്നു. മഹാകവി രവീന്ദ്രനാഥടാഗോറിനെ ഈ ഹിന്ദു ദേശീയതയുടെ പടുകുഴിയിൽ പെടുത്തുവാൻ ഗാന്ധിജി പഠിച്ച പണി പതിനെട്ടും പ്രയോഗിച്ചിട്ടും ഫലമുണ്ടായില്ല. ഇതെല്ലാം വിശദമായ പഠനത്തിനു വിഷയമാക്കേണ്ട കാര്യങ്ങളാണ്.

Digitized By Kerala Sahitya Akademi

ചാതുർവ്വർണ്ണ്യവും ജാതിവ്യവസ്ഥയും തകർക്കുന്നതിനു മുൻഗണന നൽകുന്ന പ്രസ്ഥാനം മാത്രമേ ഇന്ത്യയിൽ യഥാർത്ഥജനാധിപത്യ വിപ്ളവത്തിൻെറ പ്രസ്ഥാനമാവുകയുള്ളൂ. പഴയ സാമൂഹ്യവ്യവസ്ഥിതി അപ്പടിനിലനിറുത്തിക്കൊണ്ടു വിദേശഭരണം അവസാനിപ്പിച്ചാൽ അതു ജനാധിപത്യ വിപ്ളവമാവുകയില്ല. ഇവിടെയാണ് ഇന്ത്യൻ ജനാധിപത്യവിപ്ളവത്തിൻെറ അപൂർണ്ണത സ്ഥിതിചെയ്യുന്നതു്. ഹരിജനങ്ങളും താഴ്ത്തപ്പെട്ടിരുന്ന മററുജാതിക്കാരും ഇന്നു് ഇന്ത്യയൊട്ടുക്കു നടത്തുന്ന സ്വാതന്ത്ര്യസമരം ജനാധിപത്യവിപ്ളവത്തിൻെറ സാഫല്യത്തെ ലക്ഷ്യമാക്കിയുള്ളതാണു്. ആശാനും ഡോ. അംബദ്ക്കറും മററും നടത്തിയ സ്വാതന്ത്ര്യസമരത്തിൻെറ തുടർച്ചയാണു് ഈ സമരമെന്നും പറയേണ്ടതില്ലല്ലോ.

ചുരുക്കിപ്പറയട്ടെ. ഇരുപതാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ കേരളത്തിൽ നടന്നതു വെറുമൊരു സാമൂഹ്യപരിഷ്കരണ പരിശ്രമമായിരുന്നില്ല; അതു് ഒരു യഥാർത്ഥസാമൂഹ്യവിപ്ളവംതന്നെയായിരുന്നു. ഫ്യൂഡൽ സാമൂഹ്യ—സാമ്പത്തിക സംവിധാനത്തിൻെറ കടയ്ക്കൽത്തന്നെയാണു് അതു കത്തിവെച്ചതു്.

ഇനി രണ്ടാമത്തെ ആക്ഷേപത്തിനു വല്ല അടിസ്ഥാനവുമുണ്ടോ എന്നു നോക്കാം.

''മഹാകവികുമാരനാശാൻ വിപ്ളവത്തിൻെറ ശുക്രനക്ഷത്രമാണെന്നു പ്രൊഫസർ മുണ്ടശ്ശേരി വിശേഷിപ്പിക്കുകയുണ്ടായി. ചുട്ടുള്ള മുദ്രാവാക്യമെന്ന നിലയ്ക്കു് അതു സർവ്വത്ര പ്രചരിക്കുകയും ചെയ്തു. വിപ്ളവം എന്ന പദത്തിനു് കേരളത്തിൻെറ പ്രത്യേകാന്തരീക്ഷത്തിൽ ഇക്കാലത്തു നല്ല മാർക്കററു നിലവാരമുണ്ടു്. ആരാധ്യനായ ഒരു കവിയെ ഹൃദ്യമായ ഒരു മുദ്രാവാക്യത്തിൻെറ ഗുളികപ്രായത്തിൽ കൈയിലൊതു

Digitized By Kerala Sahitya Akademi

ക്കിക്കിട്ടിയപ്പോൾ അനേകം കണ്ണങ്ങൾ അതു് ഏററുവിളിച്ചു......''

''.......ആത്ഥികമായ സമത്വം വാഗ്ദാനം ചെയ്യാത്ത വ്യക്തിയേയോ പ്രസ്ഥാനത്തേയോ ഇന്നാരും വിപ്ളവം എന്ന പദം ചേത്തുവിശേഷിപ്പിക്കാറില്ല. റഷ്യൻ വിപ്ളവത്തിനുശേഷം സോഷ്യലിസവും വിപ്ളവവും തമ്മിൽ അത്രയ്ക്കു് അഭേദ്യമായ ബന്ധം വളർന്നുകഴിഞ്ഞിരിക്കുന്നു. അത്രമാത്രവുംപോരാ, ബലപ്രയോഗത്തിലൂടെ സാമ്പത്തിക സമത്വം സാധിക്കുന്ന സാമൂഹ്യപ്രതിഭാസമാണു് വിപ്ളവം എന്നത്രേ ഇന്നാപദം ആർജ്ജിച്ചിട്ടുള്ള വ്യാവഹാരികമായ അർത്ഥം.

..........സമൂഹത്തിന്റെ സാമ്പത്തികഘടനയിലും തജ്ജന്യമായ മൂല്യബോധത്തിലും പൊടുന്നനെ ഉണ്ടാവുന്ന മൗലികമായ പരിവർത്തനത്തെ 'വിപ്ളവം' എന്നു വിശേഷിപ്പിക്കാവുന്നതാണു്.

''കുമാരനാശാൻ ഈ അർത്ഥത്തിൽ ഒരു വിപ്ളവ കവി ആയിരുന്നില്ല. ഇപ്പറഞ്ഞ പരിവർത്തനത്തിന്റെ മാർഗ്ഗം മാത്രമല്ല ലക്ഷ്യവും അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല. സോഷ്യലിസം അദ്ദേഹത്തിന്റെ ചിന്താലോകത്തിൽ കടന്നു ചെന്നിട്ടുതന്നെയില്ല'' 2

ഒരു പുത്തൻ മാർക്സിസ്റ്റുകാരന്റെ വിജ്ഞാനപ്രകടനമാണിതു്. 'വിപ്ളവം' എന്ന പദത്തിനു് തനിക്കുതോന്നിയ നിർവ്വചനം നൽകി തായാട്ടു്ശങ്കരൻ കാറൽമാർക്സിനേയും ഫ്രെഡറിക്ക് എംഗൽസിനെയും മലർത്തിയടിച്ചിരിക്കുന്നു. റഷ്യൻ വിപ്ലവം നടന്നു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഇനി സോഷ്യലിസ്റ്റു വിപ്ലവത്തെപ്പററിമാത്രമേ ആരും

2. തായാട്ടു് ശങ്കരൻ. ആശാൻ—നവോത്ഥാനത്തിന്റെ കവി, രണ്ടാംപതിപ്പു് 1978. പുറം 31–38

Digitized By Kerala Sahitya Akademi

മിണ്ടാൻ പാടുള്ളു. മാർക്സും എംഗൽസും തങ്ങളുടെ കൃതികളിൽ 'വിപ്ലവം' എന്ന പദം ധാരാളം പ്രയോഗിച്ചിട്ടുണ്ട്. ആ പുസ്തകങ്ങളെല്ലാം നിരത്തിവച്ച് 'വിപ്ളവ'ങ്ങളെല്ലാം വെട്ടിക്കളയണം. അല്ലെങ്കിൽ വായനക്കാർ തെററിദ്ധരിക്കും യൂറോപ്യൻ നവോത്ഥാനത്തെ മനുഷ്യരാശികണ്ട ഏററവും മഹത്തായ വിപ്ലവം എന്നാണ് എംഗൽസ് വിശേഷിപ്പിച്ചത്.

[It was the greatest progressive revolution that mankind had so far experienced, a time which called for giants and produced giants-giants in power of thought, passion and charactor, in universality of learning. 3 ]നിലാവത്തിറങ്ങിയ പൂവൻകോഴിയെപ്പോലെ സ്ഥലകാലഭ്രമം ബാധിച്ച പുത്തൻ മാർക്സിസ്റ്റുകാരന് ഇതിന്റെ അർത്ഥം മനസ്സിലായെന്നു വരികയില്ല. യൂറോപ്യൻ നവോത്ഥാനം ആശയപരവും സാംസ്കാരികവുമായ ഒരു പരിവർത്തനമായിരുന്നു. അതിനെ എംഗൽസ് മനുഷ്യരാശികണ്ട ഏററവും മഹത്തായ വിപ്ളവം എന്നു വിശേഷിപ്പിച്ചത് ഫ്രഞ്ച്‌വിപ്ളവം നടന്നു് എൺപതിൽ പരം വർഷം കഴിഞ്ഞിട്ടായിരുന്നു. 1848_ലെ യൂറോപ്യൻ വിപ്ലവങ്ങളും 1871_ലെ പാരീസ് കമ്യൂൺ എന്ന ആദ്യത്തെ സോഷ്യലിസ്റ്റ് വിപ്ളവവും നടന്നു കഴിയുകയും ചെയ്തിരുന്നു. എന്നിട്ടും ശതാബ്ദങ്ങൾക്കുമുമ്പുണ്ടായ യൂറോപ്യൻ നവോത്ഥാനത്തിന്റെ മഹിമ അംഗീകരിക്കുവാൻ എംഗൽസ് മടിച്ചില്ല. യൂറോപ്യൻ നവോത്ഥാനം ബൂർഷ്വാ സാംസ്കാരിക വിപ്ളവമായിരുന്നിട്ടും അതിനെ 'ബൂർഷ്വാ' വിശേഷണം ചേർക്കാതെ അദ്ദേഹം പരാമർശിക്കുകയും ചെയ്തു.

---

3. Dialectics of Nature Moscow 1976–പുറം 21

Digitized By Kerala Sahitya Akademi

ആശാൻ നവോത്ഥാനത്തിന്റെ കവിയാണെന്നു് തായാട്ട് ശങ്കരൻ കഷ്ടിച്ച് സമ്മതിക്കുന്നുണ്ട്. പക്ഷേ ആ നവോത്ഥാനത്തിനു വിപ്ലവ ചൈതന്യമുണ്ടായിരുന്നെന്നു സമ്മതിക്കാൻ അദ്ദേഹത്തിന്നു് മനസ്സനുവദിക്കുന്നില്ല. ഹിന്ദു റിവൈവലിസ്റ്റാശയങ്ങൾകൊണ്ടു മായം ചേർത്ത മാർക്സിസത്തിന്റെ കണ്ണാടിയിൽ കൂടിയാണു് അദ്ദേഹം കേരളീയ നവോത്ഥാനത്തേയും ആ നവോത്ഥാനത്തിന്റെ കവിയേയും വീക്ഷിക്കുന്നതു്. അദ്ദേഹത്തെമാത്രം കുററം പറഞ്ഞിട്ടു കാര്യമില്ല. മാർക്സിസമല്ല, അതിനപ്പുറം വല്ല വിപ്ലവതത്വസംഹിതയുമുണ്ടെങ്കിൽ, അതും ഇന്ത്യയിലെത്തിയാൽ ഹിന്ദുവർഗ്ഗീയതയിൽ മുങ്ങിപ്പോവുകയേ ഉള്ളൂ.

ശങ്കരൻ തന്റെ മാർക്സിസ്റ്റ് നിരീക്ഷണം ഇങ്ങനെ തുടരുന്നു: ''റഷ്യൻ വിപ്ലവം കഴിഞ്ഞു പിന്നെയും അഞ്ചാറു വർഷത്തിനു ശേഷമാണു് ആശാൻ മൃതിയടഞ്ഞതു്. എന്നാൽ ആ വിപ്ലവത്തിന്റെ അലകളൊന്നും അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചിട്ടില്ല. അദ്ദേഹം അതൊന്നും അറിഞ്ഞില്ല എന്നു പറഞ്ഞുകൂടാ. മാനവസംസ്കാരത്തിലെ ഗംഭീരമായ ആ ഉരുൾപൊട്ടൽ അദ്ദേഹത്തിന്റെ ചേതനയെ ഒരു പക്ഷേ ഒരു താക്കീതെന്ന നിലയ്ക്കു് പ്രകമ്പിപ്പിച്ചിരിക്കണം. റഷ്യൻ വിപ്ലവം കഴിഞ്ഞു് അഞ്ചു വർഷത്തിനുശേഷം രചിച്ച 'ദുരവസ്ഥ'യിൽ,

> മാററുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
> മാററുമതുകളീ നിങ്ങളെത്താൻ

എന്നദ്ദേഹം വർണ്ണമേധാവിത്വത്തിന്നുതാക്കീതു നൽകുന്നുണ്ടു്. ഈ താക്കീതിന്റെ പ്രേരണാശക്തി റഷ്യൻ വിപ്ലവമായിക്കൂടെന്നില്ല. നിങ്ങൾ സ്വയം മാററുന്നില്ലെങ്കിൽ നിങ്ങളെ അടിവേരോടെ പിഴുതെടുക്കുന്ന അനിരുദ്ധമായ ഒരു കൊടുങ്കാററിതാ വരാൻപോകുന്നു എന്നാണതിനർത്ഥം. ആശാൻ

Digitized By Kerala Sahitya Akademi

സമത്വത്തെക്കുറിച്ചു പാടിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക സമത്വമെന്നതു് ആശാൻെറ സമത്വാദർശത്തിനു പുറത്തായി രുന്നു. മാത്രമല്ല, തിരുവിതാംകൂർ മഹാരാജാവിൻേറയും ബ്രിട്ടീഷ് ചക്രവർത്തിയുടെയും നേരെ കൃതജ്ഞത നിറഞ്ഞ ബഹുമാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നതു്.'' 4

ഇത്തരം ജല്പനങ്ങൾ അവഗണനയേ അർഹിക്കുന്നുള്ളൂ. പക്ഷേ ഒരു ബുദ്ധിമുട്ടുണ്ട്. ശങ്കരൻെറ പുസ്തകം വായിക്കുന്ന കുറേപ്പേരെങ്കിലും ആശാനെക്കുറിച്ചുള്ള മാർക്സിസ്റ്റ് നിരീക്ഷണം ഇതാണെന്നു തെററിദ്ധരിക്കാനിടയുണ്ടല്ലോ. മാർക്സിസം ഒരു വിധം നന്നായി പഠിച്ചു മനസ്സിലാക്കിയിട്ടുള്ള ഒരാൾ എന്ന നിലയിൽ ഈ തെററു ചൂണ്ടിക്കാണിക്കാൻ എനിക്കു കടമയുണ്ടെന്നു തോന്നി. അതുകൊണ്ടാണ് ഇതിനെപ്പററി അല്പം വിസ്തരിച്ചുതന്നെ പ്രതിപാദിക്കുവാൻ മുതിന്നതു്.

റഷ്യൻ വിപ്ളവത്തിൻെറ അലകളൊന്നും ആശാൻെറ ഹൃദയത്തെ സ്പർശിച്ചിട്ടില്ലെന്നു ശങ്കരൻ ശങ്ക കൂടാതെ പറയുന്നു. എന്നാൽ ആ വിപ്ളവത്തെപ്പററി ആശാൻ അറിഞ്ഞു കാണും എന്നൊരു സൗജന്യം കഷ്ടിച്ചനുവദിച്ചു കൊടുക്കുന്നുണ്ട്. ലോകത്തിൻെറ ഏതു ഭാഗത്തു നടക്കുന്ന കാര്യങ്ങളും ശ്രദ്ധിച്ചു പഠിച്ചു് കേരളീയരെ അറിയിച്ചുകൊണ്ടിരുന്ന ഒരു പത്രാധിപരെപ്പററിയാണ് ശങ്കരൻ അല്പമൊരു രക്ഷാകർത്തൃ മനോഭാവത്തോടുകൂടി ബാലിശമായ ഈ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതു്. ആശാൻ എന്തൊക്കെ പഠിച്ചിരുന്നു എന്നും അദ്ദേഹത്തിൻെറ രാഷ്ട്രീയ താല്പര്യങ്ങൾ എന്തെല്ലാമായിരുന്നു എന്നും അറിയണമെന്നുള്ളവർ അദ്ദേഹം ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും എഴുതിയിട്ടുള്ള ലേഖനങ്ങളും വായിക്കണം. ജി. പ്രിയദർശനൻേറയും തോന്നയ്ക്കൽ ആശാൻ സ്മാരകക്കമ്മി

4. നവോത്ഥാനത്തിൻെറ കവി. പുറം 38

Digitized By Kerala Sahitya Akademi

ററിയുടെയും ശ്രമഫലമായി അവ വായനക്കാർക്ക ലഭ്യമാകുന്ന സ്ഥിതി ഉണ്ടായിരിക്കുകയാണ്.

1917_ലെ സോഷ്യലിസ്റ്റ് വിപ്ളവം മാത്രമല്ല, 1905_6-ലെ റഷ്യൻ വിപ്ളവവും, ചൈനയിൽ 1911_ൽ നടന്ന കൂമിന്താങ്ങ് വിപ്ലവവും, തുർക്കിയിൽ കെമാൽ പാഷായുടെ നേതൃത്വത്തിലുണ്ടായ രാഷ്ട്രീയമാററങ്ങളുമെല്ലാം ആശാൻെറ ശ്രദ്ധയിൽ പെടുകയും, അദ്ദേഹത്തിൻെറ മനസ്സിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. പ്രജാഹിതം മനസ്സിലാക്കി പ്രവർത്തിക്കാതിരുന്നാൽ തിരുവിതാംകൂർ മഹാരാജാവ് റഷ്യൻ ചക്രവർത്തിയെപ്പോലെ അപകടത്തിൽ പെട്ടു പോകുമെന്നു സൂചിപ്പിക്കുവാനും ആശാൻ മടിച്ചിരുന്നില്ല. 5

റഷ്യയിൽ നടന്ന രണ്ടു വിപ്ലവങ്ങളും ആശാനിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. 1917_ലെ വിപ്ലവത്തിനുശേഷം ഈ സ്വാധീനം വളരെ ശക്തിപ്പെടുകയും ചെയ്തിരുന്നു. ശങ്കരൻ ധരിച്ചു വച്ചിരിക്കുന്നതുപോലെ ''മാററുവിൻ ചട്ടങ്ങളെ......'' എന്നു തുടങ്ങുന്ന വരികൾ മാത്രമല്ല അക്കാലത്തു് എഴുതിയിട്ടുള്ളതു്. 'ഉദ്ബോധനം' (1919) 'സിംഹനാദം' (1919), 'പരിവർത്തനം' (1920) 'സ്വാതന്ത്ര്യഗാഥ' (1922) എന്നീ വിപ്ളവഗാനങ്ങൾ അദ്ദേഹം രചിച്ചതും അക്കാലത്താണ്. ഇതെല്ലാം വർണ്ണമേധാവിത്വത്തിനു നൽകുന്ന താക്കീതുകളാണെന്നു കരുതി ശങ്കരൻ അവഗണിച്ചതായിരിക്കാം. വർണ്ണമേധാവിത്വത്തിനെതിരായ സമരത്തിന് അദ്ദേഹത്തെപ്പോലെയുള്ള മാർക്സിസ്റ്റുകൾ അധഃകൃതത്വം കല്പിക്കുകയാണല്ലോ പതിവ്.

ചാതുർവ്വർണ്യത്തിൻെറയും ജാതിവ്യവസ്ഥയുടേയും സ്വഭാവത്തെപ്പററി മുമ്പു പറഞ്ഞതിൽ കൂടുതലായി ഒന്നും

---

5. കുമാരനാശാൻെറ മുഖപ്രസംഗങ്ങൾ—(ജി. പ്രിയദർശനൻ എഡിററു ചെയ്തതു് 1981—പുറം 115)

Digitized By Kerala Sahitya Akademi

പറയേണ്ട ആവശ്യമില്ല. വർണ്ണമേധാവിത്വം വെറും മതപരമോ സാമുദായികമോ ആയ ഒരു പ്രതിഭാസമായിരുന്നില്ല. അത് വർഗ്ഗമേധാവിത്വം തന്നെ ആയിരുന്നു. ഇന്ത്യയിൽ വർഗ്ഗമേധാവിത്വം നിലനിന്നത് ഇങ്ങനെയൊരു പ്രത്യേക രൂപത്തിലായിരുന്നു എന്നേയുള്ളൂ. ഈ വർഗ്ഗമേധാവിത്വം ഇല്ലാതാക്കുവാനാണ് ആശാനും മററും പരിശ്രമിച്ചത്. തിരുവിതാംകൂറിലെപ്പോലെ ഇന്ത്യയുടെ മററു ഭാഗങ്ങളിലും വർണ്ണമേധാവിത്വത്തിനെതിരായ സമരം നടന്നിരുന്നെങ്കിൽ, രാജ്യത്തിൻെറ അഖണ്ഡതയെ ഉലയ്ക്കുന്ന സാമുദായിക പ്രശ്നങ്ങൾ ഇന്നത്തെപ്പോലെ ഇത്ര അപകടകരമായ രീതിയിൽ തലപൊക്കുമായിരുന്നില്ല. വർണ്ണമേധാവിത്വത്തിനെതിരായ പ്രസ്ഥാനത്തിന് അധഃകൃതത്വം കല്പിക്കുന്ന ആളുകൾക്ക് ഇനിയും വിവേകം ഉദിക്കുന്നില്ലല്ലോ.

സാമ്പത്തിക സമത്വമെന്നത് ആശാൻെറ സമത്വാദർശത്തിനു പുറത്തായിരുന്നു എന്നാണ് ശങ്കരൻെറ വേറൊരു നിരീക്ഷണം. സാമ്പത്തിക സമത്വാദർശം എന്നു പറഞ്ഞാൽ സോഷ്യലിസം എന്നാണല്ലോ അർത്ഥം. ആശാൻ ഒരു സോഷ്യലിസ്റ്റായിരുന്നില്ല. അദ്ദേഹം ഒരു ജനാധിപത്യവാദിയായിരുന്നു. ഫ്യൂഡൽ സാമ്പത്തിക വ്യവസ്ഥയുടെ സ്ഥാനത്ത്, വ്യക്തിക്കു പരമാവധി വളർച്ച അനുവദിക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതി വരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആശാൻ ജീവിച്ചിരുന്ന കാലഘട്ടത്തിൻെറ ചരിത്രപരമായ ആവശ്യവും അതായിരുന്നു.

എസ്സ്. എൻ. ഡി. പി യോഗം ആരംഭകാലം മുതൽ വ്യവസായവൽക്കരണത്തിന് മുൻഗണന നൽകിയിട്ടുണ്ട്. ഈ ആശയത്തിൻെറ ഉപജ്ഞാതാവ് ഡോ. പല്പു ആയിരുന്നു. യോഗത്തിൻെറ ഒന്നാം വാർഷിക സമ്മേളനത്തിൽ വായിക്കപ്പെട്ട അദ്ദേഹത്തിൻെറ പ്രസംഗം വ്യവസായങ്ങളുടേ

Digitized By Kerala Sahitya Akademi

യും കൈത്തൊഴിലുകളുടേയും മാഹാത്മ്യത്തെ പ്രകീർത്തിച്ചു കൊണ്ടുള്ളതായിരുന്നു. യോഗവാർഷികങ്ങളോടനുബന്ധിച്ചു കൃഷി_വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിൽ മുൻ കൈയെടുത്തതും ഡോ. പല്പു ആയിരുന്നു. ആശാൻ ഇക്കാര്യത്തിൽ പല്പുവിൻെറ വലംകൈയ്യായിനിന്നു് ഉത്സാഹപൂർവം പ്രവർത്തിച്ചു. ലേഖനങ്ങളും പ്രസംഗങ്ങളും വഴി അദ്ദേഹം സ്വജനങ്ങളെ വ്യവസായോന്മുഖരാക്കിത്തീർത്തു. ആശാൻ ചെയ്യേണ്ടിയിരുന്നതു് ഇതല്ല എന്നാണോ ശങ്കരൻെറ അഭിപ്രായം? ഒക്ടോബർ വിപ്ലവം നടന്നുകഴിഞ്ഞ സ്ഥിതിക്കു് സോഷ്യലിസം പ്രസംഗിക്കാത്തവരെല്ലാം മോശക്കാരാണെന്നാണോ പറയുന്നതു്? ഒന്നാംതരം മാർക്സിസം തന്നെ!

ഓരോ ചരിത്രകാലഘട്ടത്തിനും അതിനു നിറവേററാൻ കഴിയുന്ന ചില കടമകളുണ്ടു്. ഈ കടമകളെന്തെന്നു മനസ്സിലാക്കാനുള്ള തത്ത്വസംഹിതയാണു് മാർക്സിസം. എന്നാൽ മാർക്സിസം ആവിർഭവിക്കുന്നതിനു മുമ്പും ഈ കടമകൾ നിറവേററുന്നതിനു വേണ്ടി ആളുകൾ പരിശ്രമിച്ചിട്ടുണ്ടു്. മാർക്സിസത്തിൻെറ ആവിർഭാവത്തിനു ശേഷവും മാർക്സിസ്റ്റുകാരല്ലാത്ത ആളുകൾ ചരിത്രപരമായ കടമകൾ നിറവേററിയിട്ടുണ്ടു്.

ഫ്യൂഡൽ വ്യവസ്ഥ തകർത്തു് മുതലാളിത്ത വ്യവസ്ഥയ്ക്കു കളമൊരുക്കിയവർ, തങ്ങൾ അങ്ങനെയൊരു കൃത്യത്തിലേർപ്പെട്ടിരിക്കുകയാണെന്ന ബോധം ഉള്ളവരായിരുന്നില്ല. മനുഷ്യൻെറ വളർച്ചയ്ക്കും പുരോഗതിക്കും പ്രതിബന്ധമായിനിന്ന സാഹചര്യങ്ങളെ മാററണമെന്ന വിചാരമേ അവർക്കുണ്ടായിരുന്നുള്ളു. ഡോ. പല്പുവും ആശാനും ജാതിവ്യവസ്ഥയെ എതിർക്കുകയും വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതു് മുതലാളിത്തം സ്ഥാപിക്കണമെന്ന

Digitized By Kerala Sahitya Akademi

ഉദ്ദേശ്യത്തോടു കൂടിയായിരുന്നില്ല. അവരുടെ പ്രവർത്തനഫലമായി കേരളം നീങ്ങിയതു് ആ വഴിക്കാണെന്നേയുള്ളു. അത് അവരുടെ പ്രവർത്തനം കൊണ്ടു മാത്രമാണെന്നും വിചാരിക്കരുതു്. ചരിത്രം അർപ്പിച്ച കടമ അവർ നിർവഹിച്ചു എന്നു പറയുന്നതാവും കൂടുതൽ ശരി.

ഈ വിഷയത്തെപ്പററി മാർക്സ് എഴുതിയിരിക്കുന്നതു ശങ്കരനെപ്പോലെയുള്ളവർ വായിച്ചു മനസ്സിലാക്കിയാൽകൊള്ളാം. മാർക്സ് പറയുന്നു:

"...ഒരു സാമൂഹ്യവ്യവസ്ഥയിലെ എല്ലാ ഉല്പാദനശക്തികളും അതു് അനുവദിക്കുന്നത്ര വികസിപ്പിക്കപ്പെടുന്നതുവരെ ആ സാമൂഹ്യവ്യവസ്ഥ ഒരിക്കലും നശിക്കുന്നില്ല; അതു പോലെ കൂടുതലുയർന്ന ഉല്പാദനബന്ധങ്ങളുടെ നിലനില്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ പഴയ സമുദായത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ പരിപക്വമാകുന്നതുവരെ ഈ ബന്ധങ്ങൾക്കു് പഴയവയെ നിഷ്കാസനം ചെയ്യാനുമാവില്ല. ഇ പ്രകാരം മനുഷ്യരാശി അതിനു നിറവേററാൻ കഴിയുന്ന കടമകൾ മാത്രമേ ഏറെറടുക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ ഈ പ്രശ്നം തന്നെ ഉദിക്കുന്നതു് അതിൻെറ പരിഹാരത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഉണ്ടായതിനുശേഷം മാത്രമോ, കുറഞ്ഞപക്ഷം ആ സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനിടയിലോ മാത്രമാണെന്നു് സൂക്ഷ്മ പരിശോധനയിൽ കാണാൻ കഴിയും." 6

റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം നടന്നാലുടനെ കേരളത്തിലെ ഭൗതികസാഹചര്യം മാറുമെന്നു് തായാട്ടു് ശങ്കരൻപോലും പറയുകയില്ല. ഇരുപതാം നൂററാണ്ടിൻെറ മൂന്നാം ദശകത്തിൽ സോഷ്യലിസം വരുന്നതിനുള്ള ഭൗതികസാഹചര്യമല്ല ഉണ്ടായിരുന്നതെന്നും അദ്ദേഹം സമ്മതിക്കുമെ

6 "അർത്ഥശാസ്ത്ര നിരൂപണത്തിനു ഒരു സംഭാവന" എന്ന ഗ്രന്ഥത്തിൻെറ മുഖവുര.

Digitized By Kerala Sahitya Akademi

ന്നു വിശ്വസിക്കുന്നു. പിന്നെ എങ്ങനെയാണു് ആശാൻ സോഷ്യലിസം പ്രസംഗിക്കാത്തതിൽ കുററക്കാരനാകുന്നതു്? നടക്കാത്ത കാര്യം പ്രസംഗിച്ചു് വിപ്ലവകാരിയെന്ന ബഹുമതി മുദ്ര തട്ടിയെടുക്കണമെന്നു് ആശാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. കാലോചിതമായി നടപ്പിൽ വരേണ്ട കാര്യങ്ങൾക്കുവേണ്ടിയേ അദ്ദേഹം എന്നും വാദിച്ചിട്ടുള്ളു. അതുകൊണ്ടു് 'മിതവാദി' എന്ന അപകർഷവിശേഷണം അദ്ദേഹത്തിന്റെ മേൽ പതിയുകയും ചെയ്തു. പക്ഷേ അതുകൊണ്ടൊന്നും അദ്ദേഹം സ്വാഭിപ്രായം മാററിപ്പറഞ്ഞില്ല.

ആശാൻ മരിച്ചു് ഒരുപതിററാണ്ടു കഴിഞ്ഞിട്ടാണു് സോഷ്യലിസ്റ്റു് പ്രസ്ഥാനം കേരളത്തിൽ ഉണ്ടായിത്തുടങ്ങിയതു്. പിന്നെയും ഒരു പത്തുവർഷം കൂടി കഴിഞ്ഞകാലത്തു്, മാർക്സിസം വിശ്വാസപ്രമാണമായി സ്വീകരിച്ച ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് സുപ്രധാനമായ ഒരു പ്രസംഗം ചെയ്തു. നമ്പൂതിരിയോഗക്ഷേമസഭയുടെ ഒരു വാർഷികസമ്മേളനത്തിലാണു് അദ്ദേഹം ആ പ്രസംഗം ചെയ്തതു്. അന്നു അദ്ദേഹം സഭയുടെ ഒരു പ്രമുഖ നേതാവായിരുന്നു. ശ്രദ്ധേയമായ ആ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു:

"......ജയഭേരിയടിക്കാൻ തുടങ്ങിയ യാഥാസ്ഥിതികത്വത്തെ പൊളിച്ചു സമുദായത്തെ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ സമുദായത്തിലെ എല്ലാ വിഭാഗക്കാരേയും യോജിപ്പിക്കുന്ന ഒരു പരിപാടിയുണ്ടായിരിക്കണം; ആ പരിപാടിയാകട്ടെ സമുദായത്തെയാകെ ആകർഷിക്കുന്നതും സമുദായത്തിലെ എല്ലാ വിഭാഗങ്ങളുടേയും പ്രായോഗിക പ്രശ്നങ്ങൾക്കു പരിഹാരം കാണാനുതകുന്നതുമായിരിക്കണം......

"അടുത്ത കാലത്തായി ഭാഗം വാങ്ങി വേറെ താമസിക്കുന്ന നമ്പൂതിരിമാരെത്രയോ പേരുണ്ടു്. അവരിൽ ചുരുങ്ങിയ തോതിലെങ്കിലും വ്യവസായങ്ങൾ തുടങ്ങുവാൻ കഴിവുള്ള

Digitized By Kerala Sahitya Akademi

വർ പലതുമുണ്ട്. അവരിലധികം പേരും ഒന്നുകിൽ ഭൂസ്വത്തിനെത്തന്നെ ആശ്രയിച്ചു കഴിയുന്നു; അത്യാവശ്യം ചിലർ മാത്രം ചുരുങ്ങിയ തോതിലുള്ള കച്ചവടമോ കൃഷിയോ തുടങ്ങുന്നു. പക്ഷേ എണ്ണപ്പെട്ട ഒരൊററ ഫാക്ടറിയോ, ശാസ്ത്രീയ രീതിയിൽ കൃഷി നടത്തുന്ന എണ്ണപ്പെട്ട ഒരൊററ എസ്റ്റേററോ ഒരു നമ്പൂതിരി തുടങ്ങിയതായി എന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. ഈ നില തുടർന്നു വരുന്ന പക്ഷം—പണിയെടുത്തു ജീവിക്കാൻ പഠിക്കണമെന്ന നമ്മുടെ പ്രസംഗം പാവപ്പെട്ടവർ കൂലിക്കാരായും പണക്കാരായവർ മികച്ച വ്യവസായനേതാക്കന്മാരായും ജീവിക്കുകയെന്ന പ്രവൃത്തിയായി രൂപാന്തരപ്പെടാത്ത പക്ഷം—നമ്പൂതിരിയുടെ ഭാവിയെന്തായിരിക്കുമെന്നു ഞാനാവർത്തിക്കുന്നില്ല. ആ ഭയങ്കരമായ ഭാവി വരാതെ കഴിക്കാൻ നാമെന്തു ചെയ്യണമെന്നു ചൂണ്ടിക്കാണിക്കുക മാത്രമേ ഞാനിവിടെ ചെയ്യുന്നുള്ളൂ.

"... ..പണ്ടുകാലത്തു ജന്മികളുണ്ടായിരുന്ന ഉയർന്ന സ്ഥാനം നിലനിറുത്തണമെങ്കിൽ വ്യാപാരവും വ്യവസായവും പരിഷ്കരിച്ച വൻകിട കൃഷിയുമാണ് ഇന്നത്തെ സാമ്പത്തിക ഘടനയെ നിയന്ത്രിക്കുന്നതെന്നു മനസ്സിലാക്കണം.....ലോകത്തിന്റേയും ഇൻഡ്യയുടേയും കേരളത്തിന്റേയും മാറിമാറി വരുന്ന സാമ്പത്തികസ്ഥിതിക്കനുസരിച്ച് നമുക്കു ജീവിക്കാൻ കഴിയണമെങ്കിൽ ജന്മിയായിരുന്നു പാട്ടം പിരിച്ചു നാൾ കഴിക്കുന്നതിനു പകരം വ്യാപാരപരവും വ്യാവസായികവുമായ തുറകളിൽ പ്രവേശിച്ചു തങ്ങളുടേയും നാട്ടുകാരുടേയും സ്വത്തു വർദ്ധിപ്പിക്കാൻ നാമൊരുങ്ങണം. ഇതു നാം ചെയ്യുന്നില്ലെങ്കിൽ ഇത്ര കാലം നാം നടത്തിയ സമുദായപരിഷ്കാര പ്രവർത്തനമൊന്നും നമ്മെ പരിഷ്കരിക്കാൻ പര്യാപ്തമാവുകയില്ല."7

7 "നമ്പൂതിരിയെ മനുഷ്യനാക്കാൻ" (ഓങ്ങല്ലൂർ പ്രസംഗം) ദേശാഭിമാനി പ്രസിദ്ധീകരണം, 24-12-1944.

Digitized By Kerala Sahitya Akademi

''മാനവസംസ്കാരത്തിലെ ആ ഗംഭീരമായ ഉരുൾപൊട്ടൽ'' നടന്നു് സംവത്സരം ഇരുപത്തേഴ പിന്നിട്ടതിൽപ്പിന്നെയാണു് കമ്യൂണിസ്ററു് പ്രസ്ഥാനത്തിൻെറ നേതാവുകൂടിയായ ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് സ്വജനങ്ങളെ ഇങ്ങനെ ഉദ്ബോധിപ്പിച്ചതു്. ഈ പ്രസംഗത്തിൻെറ പേരിൽ ഇ. എം. എസ്സിനെ യാഥാസ്ഥിതികനും സമുദായവാദിയുമെന്നു പുച്ഛിച്ചു തള്ളുവാൻ തായാട്ടു് ശങ്കരൻ ധൈര്യപ്പെടുമോ? അതോ ഈ മാതിരി കാര്യങ്ങളിൽ തരം പോലെ ഇരട്ടത്താപ്പു് പ്രയോഗിക്കുക എന്നതാണോ അദ്ദേഹത്തിൻെറ വൈരുദ്ധ്യാത്മക ഭൗതികവാദം?

തിരുവിതാംകൂർ മഹാരാജാവിൻെറയും ബ്രിട്ടീഷ് ചക്രവർത്തിയുടേയും നേരേ ആശാനു് ഭക്തിയുണ്ടായിരുന്നു. അതുകൊണ്ടു് ആശാൻ പിൻതിരിപ്പനാണെന്നു പറയുന്നതു മൗഢ്യമാണു്. അക്കാലങ്ങളിൽ ആരാണു് രാജഭക്തി പ്രകടിപ്പിക്കാതിരുന്നിട്ടുള്ളതു്? വള്ളത്തോൾ തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർക്കു് മംഗളശ്ലോകം സമർപ്പിച്ചു് സമ്മാനം വാങ്ങിയിട്ടില്ലേ? ബ്രിട്ടീഷ് ചക്രവർത്തിയെ സ്തുതിച്ചും ആ ദേശീയ കവി ശ്ലോകം എഴുതിയിട്ടില്ലേ? 1919 വരെ ഗാന്ധിജി പോലും ചക്രവർത്തിയോടു് ഭക്തിയും കൂറും പുലർത്തിയിരുന്നില്ലേ? സ്വതന്ത്രഭാരതത്തിൽ നാട്ടുരാജാക്കന്മാരുടെ താല്പര്യങ്ങൾ സുരക്ഷിതമാക്കിക്കൊള്ളാമെന്നു് അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നില്ലേ? ആശാൻെറ രാജഭക്തിയിൽ മാത്രം അഴുക്കു കാണുന്ന ശങ്കരൻെറ ചേതോവികാരം ദുർഗ്രഹമായിരിക്കുന്നു.

ആശാനെപ്പററിയുള്ള തായാട്ടു് ശങ്കരൻെറ പുസ്തകം (ഒന്നാം എഡിഷൻ) തിരുവനന്തപുരത്തു വച്ചു് പ്രകാശനം ചെയ്തതു് ഞാനായിരുന്നു. ഇ. എം. എസ്സും ആ ചടങ്ങിൽ സംബന്ധിച്ചിരുന്നു. തിരുവിതാംകൂറിൻെറ സാമൂഹ്യ-രാഷ്ട്രീയ

Digitized By Kerala Sahitya Akademi

ചരിത്രം ശരിയായി പഠിക്കാതെ എഴുതപ്പെട്ട പുസ്തകമായതുകൊണ്ടു് അതിനു ചില പോരായ്മകളുണ്ടെന്നു് അന്നു ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ ഏതാണ്ടു വിശദമായിത്തന്നെ ആ ചരിത്രപശ്ചാത്തലം വിവരിക്കുകയും ചെയ്തു. എനിക്കു പുറകേ പ്രസംഗിച്ച ഇ. എം. എസ്സും കൃതജ്ഞത പ്രകാശിപ്പിച്ച തായാട്ടു ശങ്കരനും ഞാൻ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കേണ്ടതാണെന്നു് സമ്മതിച്ചു. പുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ അതനുസരിച്ചുള്ള മാററങ്ങൾ വരുത്തുമെന്നാണു് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ കാര്യമായ മാററമൊന്നും വരുത്തിയിട്ടില്ലെന്നുമാത്രമല്ല, 'അഭിജാതനിരൂപകയായ എം. ലീലാവതിയെക്കൊണ്ടൊരു അവതാരികയെഴുതിച്ച്, ശങ്കരൻ തെററായ തന്റെ നിഗമനങ്ങൾക്കു ശക്തി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആശാനെപ്പററിയുള്ള പഠനത്തിൽ ഈ കാട്ടുകയററം ഉദ്ഘാടനം ചെയ്തതു് പി. കെ. ബാലകൃഷ്ണനാണു്. ആശാനു് കേരളത്തിലെ സാമൂഹ്യവിപ്ലവ പ്രസ്ഥാനത്തിൽ യാതൊരു പങ്കുമില്ലെന്നുവരെ അദ്ദേഹം പറഞ്ഞുകളഞ്ഞു. "വിപ്ളവത്തിന്റെ ശുക്രനക്ഷത്രം" എന്നു് മുണ്ടശ്ശേരി പറഞ്ഞതിന്റെ മറുതല പിടിക്കുവാനുള്ള വാശിയായിരുന്നു ബാലകൃഷ്ണനു്. അദ്ദേഹത്തിന്റെ വിഹാരം കാവ്യകലയിലൂടെയാണെങ്കിൽ ശങ്കരന്റെ വിഹാരം മാർക്സിസത്തിലൂടെയാണു്. ഈ കാട്ടുകയററങ്ങൾക്കെല്ലാമുള്ള മറുപടിയാണു് ആശാന്റെ ലേഖനങ്ങളും, പ്രസംഗങ്ങളും മററും. യഥാർത്ഥത്തിലുള്ള ആശാനെ—കവിയെയും പൗരശ്രേഷ്ഠനെയും—മനസ്സിലാക്കുവാൻ ഈ ഗദ്യപ്രബന്ധങ്ങൾ വളരെ ഉപകരിക്കും.

പ്രിയദർശനൻ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകത്തിൽ ആശാന്റെ പ്രജാസഭാപ്രസംഗങ്ങളും, വളരെ പ്രാധാന്യമർഹിക്കുന്ന മററു രണ്ടു പ്രഭാഷണങ്ങളും അടങ്ങിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ആശാൻ പ്രജാസഭയിലും നിയമസഭയിലും അംഗമായിരുന്നു. ഈ സഭകളുടെ നടപടികളിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയും, ഈഴവസമുദായത്തേയും രാഷ്ട്രത്തേയും ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചു സംസാരിക്കുകയും ചെയ്തു. ഈ പ്രസംഗങ്ങൾ കേരള സെക്രട്ടേറിയററിൻെറ നിലവറയിൽ വെളിച്ചം കാണാതെ കിടക്കുകയായിരുന്നു. അവയ്ക്ക് ആദ്യമായി ശാപമോക്ഷം നൽകിയതു് പ്രസിദ്ധചരിത്രകാരനും സാമൂഹ്യശാസ്ത്രജ്ഞനുമായ പ്രൊഫസ്സർ ടി. കെ. രവീന്ദ്രനാണു്. ആശാൻെറ പ്രസംഗങ്ങൾ അന്നത്തെ പഴക്കമനുസരിച്ച് ഇംഗ്ലീഷിലായിരുന്നു. ഡോ. രവീന്ദ്രൻ അവ അങ്ങനെ തന്നെ പ്രസിദ്ധീകരിച്ചു. ആമുഖമായി അതിപ്രൗഢമായ ഒരു പ്രബന്ധവും എഴുതിച്ചേർത്തു. അതിൽ കേരളത്തിൽ നടന്ന സാമൂഹ്യ–സാംസ്കാരിക വിപ്ളവത്തിൻെറ ഒരംശവും അദ്ദേഹം സ്പർശിക്കാതെ വിട്ടിട്ടില്ല. സത്യം അറിയണമെന്നാഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം അത്യധികം വിലപ്പെട്ട ഒരു സേവനമാണു് ഡോ. രവീന്ദ്രൻ ചെയ്തിരിക്കുന്നതു്. ചരിത്ര വസ്തുതകൾ മറച്ചു വയ്ക്കുക, വളച്ചൊടിക്കുക, കള്ളക്കഥകൾ എഴുതിച്ചേർക്കുക, പാവനമായിരിക്കേണ്ട ചരിത്രവിജ്ഞാനത്തിൽ മായം ചേർത്തു തലമുറകളെ ദ്രോഹിക്കുക—ഇങ്ങനെ പല കയ്യാങ്കളികളും നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ ഒരു നവാവതാരം തന്നെയാണു് രവീന്ദ്രൻെറ പുസ്തകം. 8

ആശാൻ പ്രജാസഭയിൽ ചെയ്ത പ്രസംഗങ്ങളുടെ മലയാള പരിഭാഷയാണു് പ്രിയദർശനൻ പ്രസിദ്ധീകരിക്കുന്നതു്. പ്രസംഗങ്ങളുടെ സംഗ്രഹം മാത്രമേ റിക്കാർഡുകളിൽ വരുമായിരുന്നുള്ളു. അനുകാലിക പ്രസിദ്ധീകരണങ്ങളിൽ

8. Asan and Social Revolution in Kerala Historical Society, Trivandrum 1972.

Digitized By Kerala Sahitya Akademi

വന്നിട്ടുള്ളതും ആ സംഗ്രഹങ്ങളാണ്. എന്നിരുന്നാലും പ്രസിദ്ധീകരണത്തിനു മുമ്പ് അവ പരിശോധിക്കാൻ ആശാന് അവസരം കിട്ടിയിരുന്നതു കൊണ്ടു് പ്രധാനപ്പെട്ട കാര്യങ്ങളൊന്നും വിട്ടുപോയിരിക്കാനിടയില്ല.

ഈ മലയാള പ്രസിദ്ധീകരണം പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്നു. ആശാന് രാഷ്ട്രീയ കാര്യങ്ങളിൽ താല്പര്യമില്ലായിരുന്നു എന്നു് ചിലർ പറയാറുണ്ടല്ലോ. അത്തരക്കാരെ വിവരമുള്ളവരാക്കാൻ ഈ പ്രസിദ്ധീകരണം പ്രയോജകീഭവിക്കും. അന്നത്തെ രാഷ്ട്രീയത്തിന്റെ സ്വഭാവം വെളിപ്പെടുത്തുവാനും ഈ പുസ്തകം ഉതകും.

ആശാന്റെ പൊതു പ്രവർത്തന കാലഘട്ടം 1903 മുതൽ 1923 വരെ ആയിരുന്നു. ഇന്നത്തെപ്പോലെയുള്ള രാഷ്ട്രീയ കക്ഷികളോ രാഷ്ട്രീയ പ്രവർത്തനമോ അന്നു് തിരുവിതാംകൂറിൽ ഉണ്ടായിരുന്നില്ല. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തു് ചില ഭരണ പരിഷ്കാരങ്ങൾ നടന്നു. 1888_ൽ ലെജിസ്ലേറ്റീവ് കൗൺസിൽ സ്ഥാപിതമായി. 1904_ൽ ശ്രീമൂലം പ്രജാസഭയുണ്ടായി. ക്രമേണ പൊതു തിരഞ്ഞെടുപ്പിന്റെ തത്വം നടപ്പിലാക്കപ്പെട്ടു. 1921_ൽ കൗൺസിലിന്റെ അംഗസംഖ്യ അമ്പതായി വർദ്ധിപ്പിക്കുകയും, അതിൽ മുപ്പത്തഞ്ചുപേർ അനൗദ്യോഗസ്ഥന്മാരായിരിക്കണമെന്നു വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഇരുപത്തെട്ടു പേരായിരുന്നു തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ. സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനം കരം തീരുവ ആയിരുന്നു.

ഈ കാലഘട്ടത്തിൽ തനി രാഷ്ട്രീയമെന്നു പറയാവുന്ന ഒരു പ്രക്ഷോഭണമുണ്ടായതു് 1919_ലാണ്. ലെജിസ്ലേറ്റീവ് കൗൺസിലിനെ അവഗണിച്ചു കൊണ്ടു് മഹാരാജാവ് സ്വാധികാരമുപയോഗിച്ചു 1095_ലെ ഒന്നാം റഗുലേഷൻ

Digitized By Kerala Sahitya Akademi

(നിയമസഭാ പരിഷ്കരണ റെഗുലേഷൻ) പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ചാണ് ഈ പ്രക്ഷോഭണമുണ്ടായത്. ഇതിനു നേതൃത്വം നൽകിയതു ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയായിരുന്നു. ചില യോഗങ്ങൾ സംഘടിപ്പിച്ചു പ്രസംഗിക്കുക, പ്രമേയം പാസ്സാക്കുക, ലേഖനങ്ങളെഴുതുക എന്നിങ്ങനെ ഒന്നത്തെ പതിവു പരിപാടികൾ നടന്നു. തിരുവനന്തപുരത്ത് ഒരു ഘോഷയാത്ര നടത്താൻ പ്രക്ഷോഭകാരികൾ തീരുമാനിച്ചപ്പോൾ ഗവണ്മെൻറ് നിരോധനാജ്ഞ പുറപ്പെടുവിച്ചു. അതോടുകൂടി പ്രക്ഷോഭണം അവസാനിക്കുകയും ചെയ്തു.

1097-ലെ രണ്ടാം റെഗുലേഷനും രാജാവിൻെറ പരമാധികാരം പ്രയോഗിച്ചു കൊണ്ടുള്ളതായിരുന്നെങ്കിലും പ്രക്ഷോഭണമൊന്നുമുണ്ടായില്ല. പിന്നീടു് ഭരണപരിഷ്കാരമുണ്ടായതു് 1932-ലാണ്. 1932 ഒക്ടോബറിൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു് തിരുവിതാംകൂർ നിയമസഭാപരിഷ്കരണ വിളംബരം പുറപ്പെടുവിച്ചു. അതിൽ അസംതൃപ്തരായ ഈഴവ-ക്രൈസ്തവ-മുസ്ലീം സമുദായങ്ങൾ സംയുക്തമായി അതിനെ എതിർക്കുകയും ചരിത്ര പ്രസിദ്ധമായ നിവർത്തന പ്രക്ഷോഭണം വഴി ആ വിളംബരം പൊളിച്ചെഴുതിക്കുകയും ചെയ്തു.

1919-ലെ പ്രക്ഷോഭണത്തിൽ പങ്കെടുക്കത്തക്ക രാഷ്ട്രീയശക്തി ഈഴവർക്കില്ലായിരുന്നു. സമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വേറെ ആയിരുന്നു. പ്രജാസഭയിലും നിയമസഭയിലും ഗവണ്മെൻറിൻെറ ആനുകൂല്യത്താൽ നാമമാത്രമായ പ്രാതിനിധ്യമെങ്കിലും സമ്പാദിക്കുക എന്നതിൽക്കവിഞ്ഞു് എന്തെങ്കിലും അവകാശവാദം നടത്തുവാനുള്ള സാഹചര്യങ്ങളും ഇല്ലായിരുന്നു. സ്കൂൾ പ്രവേശനം, സഞ്ചാരസ്വാതന്ത്ര്യം, സർക്കാരുദ്യോഗം ഇങ്ങനെയുള്ള പ്രശ്നങ്ങ

Digitized By Kerala Sahitya Akademi

ളാണു് അടിയന്തിരസ്വഭാവമുള്ളവയായി സമുദായം കണ്ടതു്. എന്നുവച്ചു് പ്രജാസഭയുടേയും നിയമസഭയുടേയും പ്രവർത്തനങ്ങളിൽ ഈഴവനേതാക്കന്മാർ ശ്രദ്ധചെലുത്തിയില്ലെന്നു പറഞ്ഞുകൂടാ. 1095_ലെ ഒന്നാം റഗുലേഷൻ രാജകീയ വിളംബരമായി പ്രഖ്യാപിച്ചതിനെ നിശിതമായി വിമർശിച്ചുകൊണ്ടു് ആശാൻ 'പ്രതിഭ'യിലെഴുതിയ മുഖപ്രസംഗം നോക്കുക.9

ശ്രീമൂലം പ്രജാസഭയുടെ ഘടന, തിരഞ്ഞെടുപ്പുരീതി, സമുദായ പ്രാതിനിധ്യം, സഭയുടെ അധികാരാവകാശങ്ങൾ മുതലായവയെപ്പററി അസംഖ്യം മുഖപ്രസംഗങ്ങൾ 'വിവേകോദയ'ത്തിൽ ആശാൻ എഴുതിയിട്ടുണ്ടു്.

വിദ്യാലയപ്രവേശനം, സഞ്ചാരസ്വാതന്ത്ര്യം, സർക്കാരുദ്യോഗം എന്നീ വിഷയങ്ങളാണു് ആശാൻ പ്രജാസഭയിൽ ചെയ്ത പ്രസംഗങ്ങളുടെ ഉള്ളടക്കം. ഈഴവരുടെ അന്നത്തെ പ്രധാന രാഷ്ട്രീയ പ്രശ്നങ്ങൾ ഇവയായിരുന്നു. തന്റെ വാദങ്ങൾ ഭരണാധികാരികളെക്കൊണ്ടു് അംഗീകരിപ്പിക്കുവാൻ തക്കവണ്ണം നല്ല നയചാതുരിയോടുകൂടിയാണു് ആശാൻ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ളതു്. എതിർപ്പുള്ളവരെ നിരായുധരാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം ഒരു മികച്ച രാജ്യതന്ത്രജ്ഞനായിരുന്നു എന്നു് പ്രജാസഭാപ്രസംഗങ്ങൾ തെളിയിക്കുന്നു.

പ്രജകൾക്കു് മഹാരാജാവിനോടു സങ്കടമുണർത്തിക്കുവാനുള്ള ഒരു വേദമാത്രമായിരുന്നു ശ്രീമൂലം പ്രജാസഭ. ഗവർമ്മെൻറിനെ വിമർശിക്കുന്നതിനും ഭരണവൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനും മററും പത്രപംക്തികളെയാണു് ആശാൻ ഉപയോഗപ്പെടുത്തിയതു്.

''നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ'', ''ജാതിശല്യം തകർക്കുവിൻ'' എന്നീ തലക്കെട്ടുകളിൽ വിലമയേറിയ രണ്ടു

9. കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ പുറം 105

Digitized By Kerala Sahitya Akademi

പ്രസംഗങ്ങൾ അനുബന്ധമായി ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. ഇപ്പറഞ്ഞതിൽ ആദ്യത്തേതു് 1916 ഡിസംബറിൽ എറണാകുളത്തു വച്ചു് കൊച്ചി ഈഴവ സമാജത്തിന്റെ അർദ്ധവാർഷികയോഗത്തിൽ ആശാൻ ചെയ്ത പ്രസംഗമാണു്.

ഡോ. പല്പു തുടങ്ങി ആ തലമുറയിൽപ്പെട്ട എല്ലാ നേതാക്കന്മാരും സ്വസമുദായത്തെപ്പററി അങ്ങേയററം അഭിമാനമുള്ളവരായിരുന്നു. സമുദായത്തിനുണ്ടായ പതിതത്വം കാലചക്രഗതിയിൽ വന്ന വ്യതിയാനത്തിന്റെ ഫലമാണെന്നും അതു് സമുദായം അർഹിക്കുന്നതല്ലെന്നും അവർ വിശ്വസിച്ചിരുന്നു.

അന്ധകാരത്തിന്റെയാഴത്തിൽ ക്രൂരമാ–
മെന്തൊരു മായാവ്യവസ്ഥയാലോ,
ബന്ധസ്ഥരായ് ഞങ്ങൾ കേഴുന്നു ദേവാ, നിൻ
സ്വന്തകിടാങ്ങൾ നിരപരാധർ.

എന്നു് ആശാൻ പാടിയതിൽ കേരളചരിത്രത്തിലുണ്ടായ തകിടം മറിച്ചിലിന്റെ ദുഃഖസ്മരണ മുഴുവൻ അടങ്ങിയിട്ടുണ്ടു്. അദ്ദേഹം തന്റെ എറണാകുളം പ്രസംഗത്തിൽ ഈ വിഷയത്തെ സാരഗർഭമായി പ്രതിപാദിച്ചിരിക്കുന്നു. സമുദായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങളിലേക്കു് സ്വജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടാണു് പ്രസംഗം അവസാനിപ്പിച്ചിരിക്കുന്നതു്.

“ജാതിശല്യം തകർക്കുവിൻ” എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്നതു് 1098 മേടത്തിൽ കൊല്ലത്തു ചേർന്ന എസ്സ്. എൻ. ഡി. പി. വാർഷിക സമ്മേളനത്തിൽ ആശാൻ ചെയ്ത അദ്ധ്യക്ഷ പ്രസംഗമാണു്. പരിചയസമ്പന്നനും പരിണതപ്രജ്ഞനുമായ ഒരു സമുന്നത നേതാവിന്റെ ശബ്ദം ഈ പ്രസംഗത്തിലുടനീളം മുഴങ്ങിക്കേൾക്കുന്നു. സമുദായത്തിന്റെ ഭൂതവർത്തമാനകാലസ്ഥിതിഗതികൾ പ്രത്യ

Digitized By Kerala Sahitya Akademi

വലോകനം ചെയ്യുന്നതോടൊപ്പം ആശാൻ ഒരു പ്രവാചകൻെറ ദീർഘദൃഷ്ടിയോടുകൂടി ഭാവിയിലേക്കു വിരൽ ചൂണ്ടുകയും ചെയ്തിരിക്കുന്നു. സമുദായത്തിൻേറയും രാഷ്ട്രത്തിൻേറയും ഭാവിഭാഗധേയം സഹോദരനയ്യപ്പനെപ്പോലെയുള്ള ധർമ്മത്തുരരായ യുവാക്കന്മാരിലർപ്പിച്ചുകൊണ്ടു്, താൻ ഉള്ളഴിഞ്ഞു സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത സമുദായത്തോടും രാജ്യത്തോടും ആശാൻ വിട പറയുകയായിരുന്നു.

മരിക്കുന്നതിനു രണ്ടു മാസം മുമ്പ് അദ്ദേഹം തൻെറ അവസാനത്തെ രാഷ്ട്രീയപ്രവൃത്തിയും ചെയ്തു തീർത്തു. 1099 തുലാമാസത്തിൽ നിയമസഭയിലേക്കു് കൊല്ലം നിയോജക മണ്ഡലത്തിൽനടന്ന ഉപതിരഞ്ഞെടുപ്പിൽ ആശാൻ സ്ഥാനാർത്ഥിയായി നിന്നു. നിലവിലുള്ള സമ്മതിദാന വ്യവസ്ഥയനുസരിച്ച് ഒരീഴവനു് തിരഞ്ഞെടുപ്പുമത്സരത്തിൽ കൂടി തിരുവിതാംകൂർ നിയമസഭയിലെത്താൻ കഴിയുകയില്ലെന്നു് ആ ഉപതിരഞ്ഞെടുപ്പിൽ അദ്ദേഹത്തിനുണ്ടായ പരാജയം വ്യക്തമാക്കി. നിവർത്തനപ്രക്ഷോഭണത്തിലേക്കു് ഈഴവസമുദായത്തെ തള്ളിവിട്ട ഏററവും വലിയ വൈകാരികശക്തി ആശാൻെറ പരാജയമായിരുന്നു.

സാഹിത്യവിദ്യാർത്ഥികൾ മാത്രമല്ല, ചരിത്രവിദ്യാർത്ഥികളും മനസ്സിരുത്തി പഠിക്കേണ്ട ഒരു വിഷയമാണു് ആശാൻെറ ജീവിതം. ആ ജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണു് അദ്ദേഹത്തിൻെറ ലേഖനങ്ങളും പ്രസംഗങ്ങളും. പഴയ പത്രമാസികകളിലും നിലവറകളിലും കിടന്നു വീർപ്പുമുട്ടി നശിച്ചുകൊണ്ടിരിക്കുന്ന ആ ഗദ്യസാഹിത്യ വിഭവങ്ങൾ തേടിപ്പിടിച്ചു പുറത്തുകൊണ്ടുവരുന്ന പ്രിയദർശനൻ കേരളീയരുടെ അതിരററ കൃതജ്ഞതയ്ക്കു പാത്രമായിത്തീർന്നിരിക്കുന്നു. പ്രഗത്ഭനായ എൻെറ ഈ യുവസുഹൃത്തിനു് ഞാൻ സർവ്വവിജയങ്ങളും നേർന്നുകൊള്ളട്ടെ.

തിരുവനന്തപുരം
1-12-1981

എം. കെ. കുമാരൻ

Digitized By Kerala Sahitya Akademi

# ഈഴവപ്പെൺകുട്ടികൾക്കു എല്ലാ സ്കൂളുകളിലും പ്രവേശനം

ഈഴവപ്പെൺകുട്ടികളെ സർക്കാർ പള്ളിക്കൂടങ്ങളിൽ ചേർത്തു് പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു ഈ സഭയിൽ കഴിഞ്ഞതവണ പറഞ്ഞ മറുപടിയിൽ, ഈഴവപ്പെൺകുട്ടികൾക്കു പ്രവേശനം അനുവദിച്ചാൽ മററു പെൺകുട്ടികൾ സ്കൂൾ വിട്ടുകളയുമെന്നു ഗവർമ്മെൻറു് പേടിക്കുന്നതായി കാണുന്നു. അതു ശരിയല്ല. ഈ പേടി ഒരിക്കൽ ആൺപള്ളിക്കൂടങ്ങളെപ്പററി ഗവർമ്മെൻറിനുണ്ടായിരുന്നു. ആദ്യം ഈഴവർക്കു കോളേജിൽ പ്രവേശനം അനുവദിച്ചു. അപ്പോൾ മററു ഇംഗ്ലീഷു സ്കൂളുകളിൽ ഇവരെ പ്രവേശിപ്പിച്ചാൽ അബദ്ധമുണ്ടാകുമെന്നു വിചാരിച്ചിരുന്നു. അവയിൽ പ്രവേശിപ്പിച്ചു. അപ്പോൾ മലയാളം സ്കൂളുകളിൽ പ്രവേശിപ്പിച്ചാലാണു് തരക്കേടുണ്ടാകുക എന്നായി. അവയിൽ മിക്കവാറും ഇപ്പോൾ പ്രവേശനം അനുവദിച്ചു. ഇപ്പോൾ ആൺകുട്ടികളുടെ പ്രവേശനത്തിനു തടസ്സം ഒന്നുമില്ല. എന്നാൽ പെൺകുട്ടികളെ പ്രവേശിപ്പിക്കാൻ പാടില്ല എന്നു ഗവർമ്മെൻറിനു തോന്നിയിരിക്കുന്നു. ഇങ്ങനെ തോന്നാൻ ഏതെങ്കിലും കാരണംഉണ്ടെങ്കിൽ അതു ഗവർമ്മെൻറു് ആ വിഷയത്തിൽ പ്രവേശിച്ചു കാണാത്തതു മാത്രമാകുന്നു. ഈഴവർക്കു ഉയർന്നതരം ഗവർമ്മെൻറു ഉദ്യോഗങ്ങൾ കൊടുക്കുന്നതിലും, ഇങ്ങനെയുള്ള ശങ്ക ഉണ്ടായിരുന്നു. ഗവർമ്മെ

Digitized By Kerala Sahitya Akademi

ൻറു അവർക്കു് ഉദ്യോഗങ്ങൾ കൊടുത്തപ്പോൾ അതു തീർന്നു. തിരുവിതാംകൂറിലെ പ്രജകൾ വളരെ രാജഭക്തി ഉള്ളവരാണു്. അവർ ഗവർമ്മെൻറിന്റെ തീർച്ചകളെ ഒരിക്കലും ധിക്കരിക്കുന്നതല്ല. അതുകൊണ്ടു് ഗവർമ്മെൻറിനു് അവരുടെ മേൽ ഈ ശങ്ക വച്ചുകൊണ്ടിരിക്കുന്നതു ധർമ്മമല്ല.

തിരുവിതാംകൂറിലെ രണ്ടു വലിയ സമുദായങ്ങൾ നായന്മാരും ക്രിസ്ത്യാനികളുമാണു്. ക്രിസ്ത്യാനികൾക്കു് ഈഴവരുടെ ആൺകുട്ടികളോടോ പെൺകുട്ടികളോടൊ ഒരു വിരോധവും ഇല്ലെന്നറിയുമല്ലോ. നായന്മാർക്കും ഗവർമ്മെൻറു വിചാരിക്കുന്നതുപോലെ വിരോധം ഏതെങ്കിലും ഉള്ളതായി ഞങ്ങൾ അറിയുന്നില്ല. മിക്ക സ്ഥലങ്ങളിലും ഈ രണ്ടു സമുദായവും വളരെ രഞ്ജനയിൽ കഴിക ആകുന്നു. അവരുടെ പെൺകുട്ടികളും ഈഴവപ്പെൺകുട്ടികളും ഒന്നിച്ചിരുന്നു ഒരു സ്കൂളിൽ പഠിച്ചുവരുന്നതായി അനേകംദൃഷ്ടാന്തങ്ങൾ ഉണ്ടു്. ടൗണുകളിലെ കാൺവെൻറുകളിലും തിരുവനന്തപുരത്തു മഹാരാജാസ് ഗേൾസ് കോളേജിലും മാത്രമല്ല ഇങ്ങനെയുള്ളതു്. ഉൾനാട്ടുസ്കൂളുകളിലും ഇതു നടപ്പാണു്. നെയ്യാററുംകര കോട്ടുകാൽ പെൺപള്ളിക്കൂടത്തിൽ വളരെ കാലമായി ഈഴവ ബാലികമാർ പഠിച്ചുവരുന്നതായി അറിയാം. കൊല്ലത്തു ചാത്തന്നൂർ പെൺപള്ളിക്കൂടത്തിലും ഏറിയകാലമായി അതുപോലെ നടന്നുവരുന്നു. ഇവയിൽ നായർബാലികമാരാണധികമുള്ളതു്. ഇതുപോലെ വേറെയും പല സ്കൂളുകൾ ഉണ്ടായിരിക്കും. കടയ്ക്കാവൂർ വെളിവിളാകത്തു ഗറൽസ് സ്കൂളിൽ ഒരു ഈഴവപെൺപള്ളിക്കൂടമായിട്ടാണു ഗ്രാൻറു പതിഞ്ഞിട്ടുള്ളതു്. അതിന്റെ മാനേജരും ഉടമസ്ഥനും ഒരു ഈഴവനാണു്. അതിലെ വിദ്യാർത്ഥിനികളിൽ അധികവും നായർബാലികമാരാകുന്നു. അവർ ഈ വ്യത്യാസത്തെ അറിയാറില്ല. ഈ വിഷയത്തിൽ ഇതിലധികം ദൃഷ്ടാന്തങ്ങൾ ആവശ്യമാണെന്നു തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

കഴിഞ്ഞ കൊല്ലം എൻെറ സ്ഥാനത്തിൽ ഇവിടെ ഹാജരായിരുന്ന പ്രതിനിധി എല്ലാ ഗവർമ്മെൻറു് സ്കൂളുകളിലും ഈഴവരുടെ കുട്ടികൾക്കു പ്രവേശനം അനുവദിക്കണമെന്നു് അപേക്ഷിച്ചു ഒരു മെമ്മോറ ൽ സമർപ്പിച്ചു. അതിൽ അന്യജാതിക്കാരായ അറുപതിൽ പരം പ്രതിനിധികൾ ഒപ്പിട്ടിരുന്നു. അവരെ തി വിതാംകൂറിലെ പൊതുജനങ്ങൾ എന്നുവേണം വിചാരിപ്പാൻ. ഇതുകൊണ്ടു് അന്യസമുദായങ്ങൾക്കു് അവരുടെ സഹോദരപ്രജകളായ ഈഴവരുടെ വിദ്യാഭ്യാസസംബന്ധമായ ശ്രമത്തിൽ യാതൊരുവിരോധവും ഇല്ലെന്നു, നേരെമറിച്ചു് അനുകമ്പയാണുള്ളതെന്നും വെളിവാകുന്നു. ആ മാതിരി മെമ്മോറിയലുകളിൽ അതു ആദ്യത്തേതുമല്ലായിരുന്നു. അതുകൊണ്ടു് ജനവിരോധത്തെ സംബന്ധിച്ചു ഗവർമ്മെൻറിനുള്ള തെററായ ധാരണയെ വിട്ടുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

തിരുവിതാംകൂറിനെക്കാൾ നിശ്ചയമായും ജാതിവിചാരമുള്ളസ്ഥലമാണു കൊച്ചി. അവിടെ ഈഴവ പെൺകുട്ടികൾക്കു മാത്രമല്ല അവരെക്കാൾ തുലോം താഴ്ന്ന ജാതിയിൽ ഉള്ള പെൺകുട്ടികൾക്കും എല്ലാ ഗവർമ്മെൻറു്സ്കൂളുകളിലും ഗവർമ്മെൻറു സഹായം ലഭിക്കുന്ന സ്കൂളുകളിൽ പോലും പ്രവേശനം അനുവദിച്ചിരിക്കുന്നതായറിയുന്നു. അതുകൊണ്ടു ഞങ്ങളുടെ അപേക്ഷ വളരെ മിതമായിട്ടുള്ളതുമാകുന്നു. പാടുള്ള ദിക്കുകളിൽ എല്ലാം ഉടനേ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശനം അനുവദിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു് ഗവർമ്മെൻറു് ഇപ്പോൾ വിചാരിക്കുന്നതുപോലെ സ്ത്രീവിദ്യാഭ്യാസത്തെ ധ്വംസിക്കു അല്ല; നേരെമറിച്ചു് വദ്ധിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. തിരുവിതാംകൂറിൽ ആകെയുള്ള പ്രജകളിൽ 1/5 ഓളം ഈഴവരാകുന്നു.

തല്ക്കാലം പ്രവേശനം അനുവദിപ്പാൻ തീരെ പാടില്ലാത്തതായിഗവർമ്മെൻറിനു തോന്നുന്ന സ്ഥലങ്ങളിൽ ഈഴവപ്പെ

Digitized By Kerala Sahitya Akademi

ൺകുട്ടികൾക്കായി പ്രത്യേകം സ്കൂളുകൾ ഗവർമ്മെന്റിൽ നിന്നു സ്ഥാപിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഇപ്പോഴുള്ള സ്കൂളുകളിൽ അവർക്കു പ്രവേശനം അനുവദിക്കാത്ത കാലത്തോളം അതു മററുവർഗ്ഗക്കാർക്കായുള്ള പ്രത്യേക സ്കൂളുകൾ ആണെന്നു വരുന്നു. ആ സ്ഥിതിക്കു പ്രജാവിഭാഗത്തിൽ ഒരു വലിയ ഭാഗക്കാർ, അതായതു സംഖ്യയിൽ അഞ്ചുലക്ഷം ഉള്ളവർ, ആയ ഈഴവർക്കായി പ്രത്യേക സ്കൂളുകൾ സ്ഥാപിച്ചു കൊടുക്കുന്നതു ന്യായമായിട്ടുള്ളതാകുന്നു. അതുകൊണ്ടു് ഈഴവപ്പെൺകുട്ടികൾക്കായി ആവശ്യമുള്ള സ്ഥലങ്ങളിൽ, അതായതു് ഈഴവർ അധികം ഉള്ള സ്ഥലങ്ങളിൽ, എങ്കിലും വിശേഷാൽ സ്കൂളുകൾസ്ഥാപിച്ചു കൊടുക്കേണ്ടതാകുന്നു.

ഈഴവർ സ്വന്തമായി സ്ഥാപിക്കുന്ന സ്കൂളുകൾക്കു കഴിഞ്ഞതവണ ഈ സഭയിൽ നിന്നു പറഞ്ഞ മറുപടി അനുസരിച്ചു പ്രത്യേക ധനസഹായം ചെയ്തുകൊടുക്കുവാൻ ഉടനേ വ്യവസ്ഥ ചെയ്യേണ്ടതാകുന്നു. പെൺപള്ളിക്കൂടങ്ങൾക്കു മുഴുവൻ ഗ്രാൻറും ബിൽഡിംഗ് ഗ്രാൻറും അനുവദിക്കണം. എന്തുകൊണ്ടെന്നാൽ (എ) ഈഴവർക്കു് അവരെപ്പോലെ നികുതി അടയ്ക്കുന്ന അന്യവർഗ്ഗക്കാരോടു തുല്യമായ സൗകര്യവും സഹായവും ഗവർമ്മെന്റിൽ നിന്നു കിട്ടുന്നില്ല. (ബി) അവരിൽ എഴുത്തു അറിവാൻ പാടില്ലാത്തവരുടെ സംഖ്യ ഭയങ്കരമായിരിക്കുന്നു. ഈഴവരിൽ എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത സ്ത്രീകൾ 100–ൽ 99–ൽ അധികമാണു്. (സി) ഈഴവരെക്കാൾ വിദ്യാഭ്യാസത്തിൽ ഉയർന്നു നില്ക്കുന്നതായിക്കാണുന്ന മുഹമ്മദീയർക്കു പ്രത്യേക ആനുകൂല്യങ്ങൾ നല്കിവരുന്നു. അവർക്കു് എല്ലാ സ്കൂളുകളിലും പ്രവേശനവും അനുവദിച്ചിട്ടുണ്ടു്.

ഈഴവർക്കു വിദ്യാഭ്യാസസംബന്ധമായി വിശേഷാൽ സഹായത്തെ അപേക്ഷിച്ചു ഈയിടെ S.N.D.P. യോഗ

Digitized By Kerala Sahitya Akademi

ത്തിൽ നിന്നു സമർപ്പിച്ച ഒരു മെമ്മോറിയലിനു അവർക്കു ഇച്ഛാഭംഗജനകമായ മറുപടിയാണു ഗവർമ്മെൻറു നല്കിയതു. ഈഴവർ അവരുടെ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുന്നതിൽ ശരിയായ ശുഷ്കാന്തി കാണിച്ചുവരുന്നു എന്നും അതുകൊണ്ടു അവർക്കു വിശേഷാൽ സഹായം ചെയ്തുകൊടുപ്പാൻ പാടില്ലെന്നും ഗവർമ്മെൻറു വിചാരിക്കുന്നതായി കാണുന്നു. വിദ്യാഭ്യാസം ഇല്ലാത്തവരുടെ മേൽക്കാണിച്ച സംഖ്യതന്നെ ഈ വിവരം ശരിയല്ലെന്നു കാണിക്കുന്നുണ്ടു. പക്ഷേ അവർ എത്ര ശുഷ്കാന്തി കാണിച്ചിരുന്നാൽ തന്നെയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗത്തെ ഒരിക്കലും ഗവർമ്മെൻറിനു തടുക്കാൻ പാടില്ലാത്തതാണല്ലോ.

ഈ സംഗതികളെ ഗവർമ്മെൻറു ദയവായി ഒന്നുകൂടി പര്യാലോചിച്ചു അനുകൂലമായി തീർച്ച ചെയ്യണമെന്നു വളരെ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

## ഈഴവ ആൺകുട്ടികൾക്കു എല്ലാ സ്കൂളുകളിലും പ്രവേശനം

ഈഴവരുടെ ആൺകുട്ടികൾക്കു മിക്കവാറും സ്കൂളുകളിൽ ഇപ്പോൾത്തന്നെ പ്രവേശം അനുവദിച്ചതിനും ശേഷം ഉള്ളവയിൽ ഉടനെ തന്നെ അനുവദിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്വാൻ തീർച്ചയാക്കിയതിനും ഞങ്ങൾ ഏററവും നന്ദിയുള്ളവരായിരിക്കുന്നു—എന്നാൽ തല്ക്കാലം പ്രവേശം അനുവദിപ്പാൻ പാടില്ലാത്തതായി പരസ്യപ്പെടുത്തിയിരിക്കുന്ന സ്കൂളുകളുടെ ലിസ്റ്റു അത്ര ശരിയായിട്ടുള്ളതാണെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ല. വൈക്കത്തു ഇംഗ്ലീഷു സ്കൂളിനെപ്പോലെ ദൂരെയുള്ള വല്ല ക്ഷേത്രങ്ങളിലേക്കും പോകുന്ന റോഡിനു സമീപം ഇരിക്കുന്നു എന്നും മററും അയുക്തികമായ ഒഴിവുകഴിവു പറഞ്ഞു ലിസ്റ്റിൽ കൊള്ളിച്ചിട്ടുള്ള പല സ്കൂളുകളും ഉണ്ടായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ലി

Digitized By Kerala Sahitya Akademi

സ്റ്റിൽ കാണുന്ന 51 സ്ക്കൂളുകളേയും ഒന്നായി മാററി സ്ഥാപിക്കുന്നതിനു് ഗവർമ്മെൻറിനു വളരെ ചെലവു വേണ്ടിവരും. അതു വിചാരിക്കുന്ന വേഗത്തിൽ സാധിക്കുന്നതുമല്ല. താമസിക്കുംതോറും ഈഴവരുടെ പഠിത്തത്തിനു് വ്യസനകരമായ വിഘ്നം നേരിടുകയാണു്. ജനങ്ങൾ ധ്രുതഗതിയിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഇക്കാലത്തു് ഈഴവരെ കാത്തിരിപ്പാൻ നിർബ്ബന്ധിക്കുന്നതു സങ്കടമാകുന്നു. അതുകൊണ്ടു ശരിയായ അന്വേഷണം നടത്തി വാസ്തവത്തിൽ തടസ്സങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ ഉടനേ പ്രവേശം കൊടുക്കുകയും മററവയെ വേഗത്തിൽ മാററി സ്ഥാപിപ്പാൻ പ്രത്യേകം നിഷ്ക്കർഷിക്കുകയും ചെയ്യണമെന്നു് അപേക്ഷിക്കുന്നു.

## ആയുർവ്വേദ പാഠശാലയെപ്പററി

ആയുർവ്വേദ പാഠശാലയും സംസ്കൃത പാഠശാലയും ഇപ്പോൾ ഈഴവർക്കു പ്രവേശിപ്പാൻ പാടില്ലാത്ത സ്ഥലങ്ങളിൽ ഇരിക്കുകയാണെന്നു പറയുന്നതു സത്യമല്ല. അവിടെ ഈഴവർക്കു ധാരാളം പോകാം. ഞങ്ങൾ സാധാരണ ആ വഴയേ പോയിവരുന്നു. പോയിക്കൂടാ എന്നു ഗവർമ്മെൻറിനു് തോന്നുന്ന പക്ഷവും അവയെ ഉടനെ ആ സ്ഥലങ്ങളിൽ നിന്നു മാററി സ്ഥാപിക്കാമെന്നുള്ളതാണു്. ഇപ്പോൾ അവ ഇരിക്കുന്ന കെട്ടിടങ്ങൾ ഗവർമ്മെൻറു വകയല്ല. ആ കെട്ടിടങ്ങൾക്കു പ്രതിമാസം 60 രൂപാ ഗവർമ്മെൻറിൽ നിന്നു വാടകകൊടുത്തു വരികയാകുന്നു. ഇവയേക്കാൾ അധികം നല്ലതല്ലെങ്കിൽ ഇവയെപ്പോലെയുള്ള കെട്ടിടങ്ങൾ ഈ വാടക കൊടുത്താൽ പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമായ സ്ഥലത്തു ഈ ടൗണിൽ ധാരാളം കിട്ടുന്നതാകുന്നു. ഈഴവരിൽ വളരെപ്പേർ പണ്ടുപണ്ടേ ചികിത്സ കൊണ്ടു ഉപജീവിച്ചു വരുന്നവരും അനേകംപേർ പ്രസിദ്ധവൈദ്യന്മാരും ആകുന്നു. പല കൊട്ടാരംവൈദ്യന്മാരും ഇവരിൽ ഉണ്ടായിരുന്നു. ഇപ്പോഴും ഇല്ലെന്നില്ല. ഇങ്ങനെയു

Digitized By Kerala Sahitya Akademi

ള്ള ഒരു സമുദായത്തിനു സർക്കാർ വക ആയുർവ്വേദപാഠശാലയിൽ പ്രവേശിച്ചുകൂടാ എന്നു പറയുന്നതു എത്ര സങ്കടമാകുന്നു. മദ്രാസിൽ ഒരു ദേവസ്വം വകയായി എസ്സ്. കെ. പി. ഡി. ആയുർവ്വേദിക് കോളേജ് എന്നൊരു വലിയ വിദ്യാലയം ഉണ്ടു്. അതിലെ വിദ്യാർത്ഥികൾ അധികഭാഗവും തിരുവിതാംകൂറിലെ ഈഴവരാണ്. ഈ ടൗണിൽ നിന്നു തന്നെ ഈഴവക്കുട്ടികൾ അവിടെ പോയി കഷ്ടപ്പെട്ടു പഠിക്കുന്നു. നമ്മുടെ ആയുർവ്വേദ പാഠശാലയുടെ മുമ്പിൽ നിന്നു എത്ര സങ്കടത്തോടുകൂടിയാണ് അവർ അത്ര ദൂരദേശങ്ങളിൽ പോവാൻ നിർബന്ധിക്കപ്പെട്ടതെന്നും എത്ര കഷ്ടനഷ്ടങ്ങൾ അകാരണമായി അനുഭവിക്കേണ്ടി വരുന്നു എന്നും ആലോചിച്ചാൽ ആർക്കും ദയ ഉണ്ടാകുന്നതാകുന്നു. തങ്ങളുടെ സ്വന്തരാജ്യത്തുള്ള തങ്ങൾ കൂടി ഭാഗഭാക്കുകളാതിരിക്കേണ്ട ഗവർമ്മെൻറു പണം ചെലവു ചെയ്തു നടത്തുന്ന വിദ്യാലയത്തിൽ അവർക്കു പ്രവേശം അനുവദിക്കാത്ത നമ്മുടെ ഗവർമ്മെൻറിൻേറയും തങ്ങളോടു ഒരു സംബന്ധവുമില്ലെങ്കിലും മേല്പറഞ്ഞ ആയുർവേദ കോളേജിൽ അവരെ സ്കോളർഷിപ്പു കൊടുത്തു പഠിപ്പിക്കുന്ന മദ്രാസിലെ ഹിന്ദു ദേവസ്വം കമ്മിററിക്കാരുടേയും നയങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതു സ്വദേശസ്നേഹമുള്ള ആർക്കും ലജ്ജയേയും വ്യസനത്തേയും ഉണ്ടാക്കുന്നതാകുന്നു.

ഈ രണ്ടു വിദ്യാലയങ്ങളിലും ഇതിനുമുമ്പ് ഈഴവ വിദ്യാർത്ഥികളെ പരീക്ഷയ്ക്കു ചേരാൻകൂടി അനുവദിച്ചിരുന്നില്ല. കഴിഞ്ഞ കൊല്ലം ഈ സഭയിൽ നിന്നു പറഞ്ഞ മറുപടി അനുസരിച്ച് ഇപ്പോൾ ഇതിനു് അനുവദിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. പരീക്ഷയ്ക്കു അനുവദിച്ചതുപോലെതന്നെ പ്രവേശം അനുവദിക്കുന്നതിനും ഗവർമ്മെൻറിൽ നിന്നും ഒരു ആഡർ അയക്കുന്നതിനേക്കാൾ അധികമായി ഒന്നും ചെയ്യേണ്ടിവരികയില്ലെന്നുള്ള

Digitized By Kerala Sahitya Akademi

തു് തീർച്ച ആകുന്നു. പഠിപ്പാൻ അനുവദിക്കാതെ പരീക്ഷയിൽ ചേരാൻ മാത്രം അനുവദിക്കുന്നതു് മിക്കവാറും വെള്ളത്തിൽ ഇറങ്ങാൻ അനുവദിക്കാതെ നീന്താൻ കല്പിക്കുന്നതുപോലെ അസംഗതമാകുന്നു. അതുകൊണ്ടു് ഈ രണ്ടു വിദ്യാലയങ്ങളിലും അവയെ ഇപ്പോൾ ഇരിക്കുന്ന സ്ഥലങ്ങളിൽനിന്നു മാററി സ്ഥാപിച്ചിട്ടോ അല്ലാതെയോ ഈഴവർക്കു് ഉടനേ പ്രവേശം അനുവദിക്കണമെന്നു വളരെ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

(എസ് എൻ. ഡി. പി. യോഗം പ്രതിനിധിയെന്നനിലയിൽ ശ്രീമൂലം പ്രജാസഭയിൽ ചെയ്തതാണു് ഈ പ്രസംഗം. വിവേകോദയം 1084 തുലാം വൃശ്ചികം. പു 5, നമ്പർ 7,8 ലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്നതു്)

Digitized By Kerala Sahitya Akademi

# സ്കൂൾ പ്രവേശനത്തെപ്പററി വീണ്ടും

## സംസ്കൃത പാഠശാല

സംസകൃതം പഠിക്കുന്നതു് പല പ്രകാരത്തിലും ഹിന്ദുക്കളായ ഈഴവർക്ക പ്രയോജനകരമാണു്. അവർ ആ വിഷയത്തിൽ പാണ്ടെ തന്നെ വലിയ പ്രതിപത്തിയുള്ളവരാണെന്നു സമ്മതമാണു്. വിശേഷിച്ചു അവരിൽ അധികം ആളുകൾ പണ്ടുപണ്ടെ വൈദ്യം കൊണ്ടു കാലം കഴിക്കുന്നവരാകുന്നു. വൈദ്യഗ്രന്ഥങ്ങൾ എല്ലാം സംസ്കൃതത്തിൽ എഴുതപ്പെട്ടിട്ടുള്ളതിനാൽ സംസ്കൃതജ്ഞാനമില്ലാതെ അവ പഠിക്കുന്നതു പ്രയാസമാണു്. ഗവർമ്മെൻറു സംസ്കൃത പാഠശാലയിൽ അവർക്ക പ്രവേശം ഇല്ലാത്തതിനാൽ പുറത്തുപോയി കഷ്ടപ്പെട്ടു് അവർ ഇപ്പോൾ സംസ്കൃതജ്ഞാനം സമ്പാദിച്ചുവരുന്നു. ഇതു് വലിയ ദയനീയമാണു്. സംസ്കൃത പാഠശാലയിൽ ഇവർക്ക പ്രവേശനം കൊടുക്കുന്നതുകൊണ്ടു എന്തെങ്കിലും ദോഷമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പല തവണയും ഞാൻ തന്നെ ഈ സങ്കടം സഭാസമക്ഷം കൊണ്ടുവന്നിട്ടുണ്ടു്. എന്നിട്ടു് ഇതുവരെ നിവൃത്തി ഉണ്ടായിട്ടില്ല. ഇപ്പോൾ പാഠശാല ഇരിക്കുന്ന സ്ഥലം ഈഴവർക്ക പ്രവേശ്യമല്ലെന്നു ഗവർമ്മെൻറു ധരിച്ചിരിക്കുന്നു എങ്കിൽ അതു ശരിയല്ല. അതു ഇരിക്കുന്നതു കോട്ടക്കകത്തു ഈഴവർക്ക

Digitized By Kerala Sahitya Akademi

സാധാരണ ഗതാഗതം ചെയ്യാമെന്നുള്ളതും ചെയ്തു വരുന്നതുമായ ഒരു സ്ഥലത്താണ്. സ്വകാര്യമായി ഈഴവർക്ക് ആ കെട്ടിടത്തിൽ തന്നെ കയറുന്നതിന്നു വിരോധമില്ലെന്നു എനിക്കു അനുഭവം കൊണ്ടറിയാം. എന്നാൽ അതൊന്നും ഗവർമ്മെന്റു വക വക്കേണമെന്നു എനിക്കു നിർബന്ധമില്ല. ഇപ്പോൾ ഇരിക്കുന്ന കെട്ടിടം തന്നെ വാടകയ്ക്കു എടുത്തിട്ടുള്ളതാണ്. വേറൊരു കെട്ടിടം എടുത്തു പാഠശാല അതിൽ സ്ഥാപിച്ചാലും മതി. സംസ്കൃത പാഠശാലയിൽ പഠിക്കുന്നതിന്നു ആദ്യകാലം നായന്മാരേയും അനുവദിച്ചിരുന്നില്ല. അവർക്കു അനുവാദം കൊടുത്തിട്ടു കുറെ കാലമേ ആവൂ. അതിന്റെ ഫലമായി ഇപ്പോൾ അവരുടെ ഇടയിലും എത്രയും ശാസ്ത്രിമാരും, ഉപാദ്ധ്യായന്മാരും മഹോപാദ്ധ്യായന്മാരും ഉണ്ടായിട്ടുണ്ട്. അങ്ങിനെ വരുന്നതു നാട്ടിന്റെ പൊതുനന്മക്കു വളരെ ഉപകരിക്കുന്നതും പൊതുവിൽ അഭിമാനകരവുമാണ്. ഇനി ഈഴവർക്കും പ്രവേശനം കൊടുപ്പാൻ ഗവർമ്മെന്റു മനസ്സു വച്ചാൽ അവരുടെയും സങ്കടം തീർന്നു. അവർക്കു ഇപ്പോൾ സംസ്കൃതം പഠിക്കുന്നതിനുള്ള ബുദ്ധിമുട്ടും ദുർവ്യയവും ഇനിയും അവർ സഹിപ്പാൻ ഗവർമ്മെന്റു ഇടകൊടുക്കരുതെന്നാണ് എന്റെ അപേക്ഷ. ഈഴവർക്കു മാത്രമല്ല കണിശന്മാർ, സിറിയൻ ക്രിസ്ത്യന്മാർ ഇവർക്കും സംസ്കൃതത്തിൽ പ്രതിപത്തിയുണ്ട്. അതുകൊണ്ടു സംസ്കൃത പാഠശാല എല്ലാവർക്കും ഉപയുക്തമാക്കി ചെയ്യുന്നതു എല്ലാം കൊണ്ടും നന്നായിരിക്കുമെന്നും ഞാൻ അറിയിച്ചു കൊള്ളുന്നു.

## ആയുർവ്വേദ പാഠശാല

ഈഴവർ പണ്ടു പണ്ടേ വൈദ്യത്തിൽ പക്ഷമേറിയവരാണ്. അവരുടെ ഇടയിൽ പണ്ടും ഇപ്പോഴും അനേകം കീർത്തിപ്പെട്ട വൈദ്യന്മാരുണ്ട്. കേരളത്തിൽ അഷ്ടവൈദ്യന്മാരാണ് പ്രധാനമായും വൈദ്യവിഷയത്തിൽ പ്രമാണി

Digitized By Kerala Sahitya Akademi

കൾ എന്നു വച്ചിരിക്കുന്നതു്. എന്നാൽ അവർ മലയാള ബ്രാഹ്മണരാകയാലും താഴ്ന്ന വർഗ്ഗങ്ങളിൽ പെട്ട അനേക ലക്ഷങ്ങളെ കാണുന്നതിനോ ചികിത്സിക്കുന്നതിനോ ജാതി അവർക്കു തടസ്ഥമായി നിന്നു പോരുന്നതിനാലും അവരെക്കൊണ്ടു ജനങ്ങൾക്കു പ്രയോജനമുണ്ടായിട്ടില്ല. എന്നു മാത്രമല്ല വൈദ്യം പരിചയം കൊണ്ടു വർദ്ധിക്കേണ്ട ഒരു വിദ്യയാണു്. പരിചയം ഒരാൾ കാണുകയും ചികിത്സിക്കയും ചെയ്യുന്ന രോഗികളുടെ സംഖ്യയെ ആശ്രയിച്ചാണിരിക്കുന്നതു്. ഈഴവർക്കു ഈ സംഗതിയിൽ വളരെ സൗകര്യം കിട്ടീട്ടുണ്ടു്. അനവധി രോഗികളെ കണ്ടു ചികിത്സിക്കുന്നതിനു അവർക്കാണു് എളുപ്പമുണ്ടായിരുന്നതു്. അതു തന്നെ ആയിരിക്കും അവരിൽ അനേകം യോഗ്യന്മാരായ വൈദ്യന്മാർ ഉണ്ടായിരിക്കുന്നതിനു കാരണം. ഈഴവർ ഏതു തരം ഉയർന്ന ജാതിക്കാരുടേയും ചികിത്സകന്മാരായിരിക്കുന്നു. അതു അവർക്കു ആ വിഷയത്തിലുള്ള പ്രത്യേക പാടവത്തിന്റെ ഫലമാണു്. കൊട്ടാരങ്ങളിൽ പോലും അവർ പണ്ടു പണ്ടേ വൈദ്യന്മാരായിരുന്നിട്ടുണ്ടു്. ഇന്നും അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ ഇല്ലാതില്ല. വലിയ രാജസമ്മാനങ്ങൾ ലഭിച്ച വൈദ്യന്മാരുമുണ്ടു്.

വിശേഷിച്ചു വൈദ്യവിഷയത്തിൽ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലും ഇവർ പ്രഖ്യാതന്മാരാണു്. ഈ വർഗ്ഗത്തിൽപ്പെട്ട പലരും ആര്യവൈദ്യവിഷയമായി അമൂല്യങ്ങളും അനശ്വരങ്ങളുമായ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടും നിർമ്മിക്കുന്നുമുണ്ടു്. എന്നാൽ ആവക ഗ്രന്ഥങ്ങൾക്കു ന്യായമായുണ്ടാകേണ്ട പ്രോത്സാഹനങ്ങളില്ലാത്തതിനാൽ അവ നഷ്ടപ്പെട്ടുപോകുന്നു എന്നേയുള്ളു.

ഗവമ്മെന്റിൽ നിന്നു ഏതാനും കൊല്ലമായി നാട്ടുവൈദ്യശാലകൾക്കു ഗ്രാന്റുകൾ കൊടുത്തു തുടങ്ങി. ആയുർവേദ പാഠശാല ഏർപ്പെടുത്തി വൈദ്യം പഠിപ്പിച്ചും തുടങ്ങി. അപ്പോൾ ഈഴവർ വളരെ കുഴങ്ങി. അവർക്കു ഗ്രാന്റു കിട്ടാൻ

Digitized By Kerala Sahitya Akademi

പ്രയാസം. ആയുർവേദ പാഠശാലയിൽ പഠിച്ചു സർട്ടിഫിക്കറ്റുണ്ടെങ്കിലേ ഗ്രാൻറു കൊടുക്കൂ എന്നു നിർബ്ബന്ധിച്ചും തുടങ്ങി. അവർ ശാന്തമായി നടത്തിക്കൊണ്ടുപോന്ന തൊഴിലിൽ മറ്റു പ്രകാരത്തിൽ എല്ലാം സുഖമായി കഴിയുമെന്നുള്ള സമുദായക്കാർ പാടിവീണു. അവരെ ആയുർവേദ പാഠശാലയിൽ കയറ്റുകയില്ല. പിന്നെ അവർക്കു ഗതിയെന്ത്? ഇങ്ങനെ എല്ലാമായിട്ടും അവർ തങ്ങളുടെ കുലവിദ്യയായി വരിച്ചിരുന്ന വൈദ്യത്തെ കൈവിട്ടിട്ടില്ല. പാഠശാലയിൽ കയററിയില്ലെങ്കിൽ മറ്റു എവിടെയെങ്കിലും പോയി അവർ ആ വിദ്യ വശമാക്കിക്കൊണ്ടുതന്നെ ഇരിക്കുന്നു. ഈ അവസരത്തിൽ ഇപ്പോൾ തീപ്പെട്ടുപോയ അനന്തപുരത്തു രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാൻ തിരുമനസ്സിലെപ്പററി ഒരു വാക്കു പറയേണ്ടിയുണ്ട്. ആയുർവേദ വിദ്യയിൽ അദ്വിതീയനായ അവിടുന്ന് അനേകം ഈഴവരെ പഠിപ്പിച്ചു യോഗ്യന്മാരാക്കീട്ടുണ്ട്. വാർദ്ധക്യകാലത്തുകൂടിയും ആ മഹാമനസ്കനായ തിരുമനസ്സുകൊണ്ടു ഇവരെ സ്വയമേവ പഠിപ്പിക്കുന്നതിൽ വിരക്തി കാണിച്ചില്ല. അദ്ദേഹത്തിന്റെ ആത്മാവിനു നന്മ വരട്ടെ. ഈഴവർ എന്നേക്കും അവിടത്തോടു കൃതജ്ഞരാണ്.

പിന്നെ ഈഴവർക്കു ഒരു അനുഗ്രഹമായിരിക്കുന്നതു് മദ്രാസ് ആയുർവേദകാളേജാണ്. അതിൽനിന്നു പഠിച്ചു വിജയികളായി പോന്നിട്ടുള്ള അധികം യുവാക്കന്മാരും ഈഴവരാകുന്നു. ഞാൻ തന്നെ സർട്ടിഫിക്കററു കൊടുത്തു പല യുവാക്കന്മാരെയും അയക്കയും ആ കാളേജിൽ സ്വീകരിക്കയും ചെയ്യുന്നുണ്ട്. പ്രിൻസിപ്പാൾ പണ്ഡിത ഗോപാലാചാർജ്ജി എന്റെ പരിചിതനാണ്. ഇവിടെനിന്നും ചെല്ലുന്ന ഈഴവ വിദ്യാർത്ഥികൾക്കു ആയുർവേദത്തിൽ പ്രത്യേക വാസന കാണുന്നതായും അതിൽ അദ്ദേഹത്തിനു വളരെ സന്തോഷമുള്ളതായും അദ്ദേഹം എന്നോടുതന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം അതുനിമിത്തം സ്വന്ത കയ്യിനാൽതന്നെ ധനസഹായം ചെയ്യു

Digitized By Kerala Sahitya Akademi

പല ഈഴവ വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇങ്ങിനെയൊക്കെ ആയിട്ടും ഞാൻ ഈ സഭയിൽത്തന്നെ പല പ്രാവശ്യവും സങ്കടം പറഞ്ഞിട്ടും ഗവർമ്മേണ്ട് ആയുർവേദ പാഠശാലയിൽ ഈ ജാതിക്കാർക്കു ഇന്നും പ്രവേശം അനുവദിക്കാത്തതു കേവലം വ്യസനിക്കത്തക്ക സംഗതിയാകുന്നു. ഇതിനെപ്പററി ഗവർമ്മേണ്ട് ദയചെയ്തു ഒരിക്കൽകൂടി ചിന്തിച്ചു അനുകൂലമായി തീരുമാനിപ്പാൻ അപേക്ഷിക്കുന്നു.

ആയുർവേദ പാഠശാലയിലും സംസ്കൃത പാഠശാലയിലെപ്പോലെ കെട്ടിടം പ്രവേശമില്ലാത്ത ദിക്കിലാണെന്നു പറയുന്നു. എങ്കിൽ അതിനെ സംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുള്ള എല്ലാ സംഗതികളും ഇതിനും യോജിക്കുന്നതാണ്. ഈ രാജ്യത്തുനിന്നു സ്വച്ഛന്ദശക്തികളായ ഈഴവർ പണം ചിലവാക്കി കഷ്ടപ്പെട്ട് മദ്രാസിലോ കൽക്കത്തായിലോ മററോ പോയി ആയുർവേദം പഠിക്കേണമെന്നും മററു വർഗ്ഗക്കാർക്ക് സ്കാളർഷിപ്പും കൊടുത്തു ഇവിടെ ഗവർമ്മേണ്ടു ചിലവിന്മേൽ പാഠശാല സ്ഥാപിച്ചു ആയുർവേദം പഠിപ്പിക്കുന്നതായും വരുന്നതു് ഒന്നുകൊണ്ടും നീതീകരിക്കത്തക്കതല്ലെന്നു ഗവർമ്മേണ്ടു ദയവായി ആലോചിച്ചു ഉടനെ ഈ സങ്കടത്തിന്നു പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

നമ്മുടെ ഗവർമ്മേണ്ടു ആയുർവേദ പാഠശാലയെപ്പററി ഒരു വാക്കുകൂടി ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. ഈ പാഠശാലയെപ്പോലെ ഇത്ര അനാസ്ഥയായും അവ്യവസ്ഥിതമായും നടത്തപ്പെടുന്ന ഒരു വിദ്യാലയവും ഇല്ലെന്നാണ് എന്റെ അറിവ്. ഇവിടെ അഞ്ചു സംവത്സരത്തെ പഠിത്തമാണ് വെച്ചിരിക്കുന്നതു്. പാഠ്യപുസ്തകങ്ങൾ തീരെക്കിട്ടില്ല. എന്നാൽ അവയെ ഉരുവിട്ടു പഠിച്ചു കേവലം പാസ്സായി എന്ന സർട്ടിഫിക്കററു വാങ്ങിച്ചുപോരുകയാണു സാധാരണയായി. ഇപ്പോഴത്തെ സ്ഥിതിക്കു തീരെ പ്രയാസമാണ്. വിദ്യാർത്ഥികൾക്കു ശരീരശാസ്ത്രത്തെപ്പററിയും ചികിത്സാസംബന്ധമായോ പ്രായോ

ഗയോഗ്യമായ യാതൊരറിവും ഉണ്ടാവാൻ ഇതുകൊണ്ടു മാർഗ്ഗമില്ല. മദ്രാസ് ആയുർവേദകാളേജിലെ രീതി നല്ലതാണു്. അവിടെ തീയറിയും പ്രാക്‌റ്റീസുമായി സാമാന്യം ഒരു വൈദ്യനു വേണ്ട അറിവു എല്ലാം സിദ്ധിക്കുന്നുണ്ടു്. അതുകൊണ്ടു കുറെ അനാട്ടമി, ഫിസ്യാളജി, എലിമെൻററി കെമിസ്ട്രി ഇവയിലും സർജറി സംബന്ധമായും പ്രയോഗയോഗ്യമായ അറിവും ചികിത്സാ പരിചയവും കൂടി വിദ്യാർത്ഥികൾക്കു കിട്ടത്തക്കവണ്ണം ഈ വിദ്യാലയത്തെ പരിഷ്കരിപ്പാൻ കൂടി ഗവർമ്മെൻറു ദൃഷ്ടി വയ്ക്കേണ്ടതാണു്. ഈ പാഠശാല ഇപ്പോൾ നടക്കുന്ന രീതിയിൽ തന്നെയും ശരിയായും ക്രമമായും നടക്കുന്നില്ല. വാദ്ധ്യാന്മാരും കുട്ടികളും ഹാജരാകുന്നതിനും മററും തന്നെ ഒരു ക്‌ളിപ്തസമയമോ വ്യവസ്ഥയോ അനുസരിക്കുന്നില്ല. കണ്ടമാനമായ പോക്കാണെന്നു അതിന്റെ നടത്തിപ്പിനെപ്പററി എന്തെങ്കിലുമറിഞ്ഞിട്ടുള്ള ആരും സമ്മതിക്കുന്നതാണു്. ഈ സ്ഥിതിയിൽ ഈ പാഠശാല അനുവർത്തിക്കയാണെങ്കിൽ ഈഴവർക്കു അതിൽ പ്രവേശനം വേണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് ഈ സ്ഥാപനത്തെ പരിഷ്കരിക്കയും പ്രജകളിൽ എല്ലാ വർഗ്ഗക്കാർക്കും ഉപയുക്തമാക്കുകയും ചെയ്യണമെന്നാണു് എന്റെ പ്രാർത്ഥന.

## പെൺ പള്ളിക്കൂടം

പെൺപള്ളിക്കൂടങ്ങളിൽ പലതും ഈഴവർക്കു് ഇനിയും പ്രവേശ്യമായിട്ടില്ല. അതിനെപ്പററി വിവരമായി മററുള്ള ഈഴവ പ്രതിനിധികൾ സംസാരിപ്പാൻ വിചാരിക്കുന്നുണ്ടു്. ഡാക്ടർ മിച്ചൽ അവർകളുടെ കാലത്തു അടിക്കടി ഈഴവർക്കു തുറന്നിട്ടുള്ള പള്ളിക്കൂടങ്ങളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. അതു നല്ല ഒരു ഏർപ്പാടാണു്. പെൺപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം ഗവർമ്മെൻറു

Digitized By Kerala Sahitya Akademi

മേലാല്യം പ്രവേശനം കൊടുത്ത സ്ക്കൂളുകളുടെയും അല്ലാത്ത സ്ക്കൂളുകളുടെയും ലിസ്റ്റുകൾ കൂടക്കൂടെ പ്രസിദ്ധപ്പെടുത്തേണമെന്നു് അപേക്ഷ. അതു് ഞങ്ങൾക്ക വേഗത്തിൽ സ്ത്രീ വിദ്യാഭ്യാസ സംബന്ധമായ സങ്കടങ്ങൾ തീർക്കുന്നതിനു് ഉപകരിക്കുന്നതാണു്. ഇപ്പോൾ ഈഴവരിൽ നൂററിനു ഒന്നു വീതം സ്ത്രീകളേ എഴുത്തറിയുന്നുള്ളൂ എന്നുള്ള ദയനീയാവസ്ഥ ഗവർമ്മെൻറിൽ നിന്നു ഓർക്കണം.

## എല്ലാ തുറകളിലും സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കണം

ഈഴവർക്ക സർക്കാരുദ്യോഗ സംബന്ധമായ സങ്കടം വളരെ പഴയതാണു്. ഈ സഭയിൽത്തന്നെ പല രൂപത്തിലും പലപ്പോഴും ഇതുകൊണ്ടുവരപ്പെട്ടിട്ടുണ്ടു്. ഇതുവരെ തൃപ്തികരമായ മറുപടി കിട്ടിട്ടില്ല. ഗവർമ്മെൻറു തൃപ്തികരമാംവണ്ണം പ്രവൃത്തിച്ചിട്ടുമില്ല. 1083 മുതൽക്ക പാരമ്പര്യ രാജ്യഭരണനയത്തിൻെറ (Traditional State Policy) കററിനും ഒരുവിധം കുറഞ്ഞു തുടങ്ങി. യോഗ്യതയുള്ള ഈഴവർക്ക ഏതാനും ഡിപ്പാർട്ടുമെൻറുകളിൽ ചില ഉദ്യോഗങ്ങൾ ഒക്കെ കൊടുക്കുകയും അവർക്കു ഉദ്യോഗം കൊടുക്കുന്നതിനു വിരോധമില്ലെന്നു ഒരുവിധം തുറന്നു പ്രസ്താവിക്കയും ചെയ്തുതുടങ്ങി. അവർ അതിനെക്കുറിച്ച കൃതജ്ഞരമാണു്. എന്നാൽ പല പ്രതിബന്ധങ്ങളാൽ അവരുടെ സങ്കടത്തിനു ഇപ്പോഴും പരിഹാരമുണ്ടാകുന്നില്ലെന്നു വ്യസനപൂർവ്വം അറിവിച്ചുകൊള്ളുന്നു. ഈ പ്രസ്താവത്തിൽ ഒന്നു പ്രത്യേകം ഓർമ്മിക്കണം. ഈഴവരുടെ ഇന്നത്തെ നിലയിൽ ഉയന്നതരം ഉദ്യോഗത്തിനു അവരിൽ യോഗ്യതയുള്ള അധികംപേർ ഉണ്ടായിരിക്കയില്ല. അതുകൊണ്ടു അവരുടെ സങ്കടം താഴ്ന്നതരം ഉദ്യോഗങ്ങളെ സംബന്ധിച്ചായിരിക്കും. വിദ്യാഭ്യാസമുള്ളവർ അവരിൽ മററു വലിയ സമുദായങ്ങളെ അപേക്ഷിച്ചു വളരെ കുറവാണു് അനേക കാലം അവർ സ്ക്കൂൾപ്രവേശമില്ലാതെ വലഞ്ഞവരാണു്

Digitized By Kerala Sahitya Akademi

ന്നതുകൊണ്ടു് അങ്ങിനെ ഇരിപ്പാനേ തരമുള്ളു. ഉയർന്നതരം വിദ്യാഭ്യാസത്തിനു വേണ്ടുന്നത്ര ധനപുഷ്ടിയും ഈ സമുദായത്തിൽ ഉണ്ടെന്നു വിചാരിച്ചുകൂടാ. ഈ കാരണങ്ങളാൽ ഇവരിൽ യോഗ്യതയുള്ളവരെ പ്രത്യേകം ഗണിച്ചു ബ്രിട്ടീഷ് ഇൻഡ്യയിൽ മുഹമ്മദീയർക്കും മററും ചെയ്യാറുള്ളതുപോലെ ഗവർമ്മെൻറു പ്രോത്സാഹിപ്പിക്കണമെന്നാണു് കഴിഞ്ഞ സഭയിൽ അപേക്ഷിച്ചിരുന്നതു്. ആ അപേക്ഷയെ ആവർത്തിക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഒരു കുറിപ്പുകാലം വരെ എങ്കിലും ഈഴവരുടെ ഉദ്യോഗദാന വിഷയത്തിൽ പാടുള്ളത്ര കഠിനനിർബന്ധങ്ങളെ കുറയ്ക്കുകയും തുല്യയോഗ്യതയുള്ള അപേക്ഷകന്മാരുടെ കൂട്ടത്തിൽ അവരുടെ സംഖ്യാബലത്തെയും വിദ്യാഭ്യാസസംബന്ധമായ ദയനീയാവസ്ഥയെയും ഗണ്യമാക്കി അവരുടെ അവകാശത്തെ മുഖ്യമായി കരുതുകയും ചെയ്യുന്നതു് ആവശ്യമാണെന്നും അല്ലാതെ ഇപ്പോഴത്തെ സ്ഥിതിയിൽ സംഗതിയെ അനുവർത്തിക്കുന്നതു മഹാരാജാവു തിരുമനസ്സിലെ പരിഷ്കൃത ഗവർമ്മെൻറിനു ഒട്ടും യശസ്കരമല്ലെന്നും വിനയപൂർവ്വം അറിവിച്ചുകൊള്ളുന്നു.

ഈഴവർ തിരുവിതാംകൂറിൽ (546263) അഞ്ചരലക്ഷം ജനങ്ങൾ ഉണ്ടു്. ഇതു് സംസ്ഥാനത്തെ ജനസംഖ്യയിൽ ആറിൽ ഒന്നാണു്. ഈഴവരിൽ ഏറിയൊരു ഭാഗം നികുതി അടയ്ക്കുന്നവരാകുന്നു. സംസ്ഥാനത്തിലെ ഭൂസ്വത്തിൽ വലിയൊരു ഭാഗത്തിന്റെ കൈവശക്കാരും ഉടമസ്ഥരും ഇവരാണു്. വ്യവസായത്തിനു ഇവർ കീർത്തിപ്പെട്ടിരിക്കുന്നു. ആ വിഷയത്തിൽ മററു പ്രജകളെ അപേക്ഷിച്ചു ഇവർ സംസ്ഥാനത്തിലെ ഐശ്വര്യത്തേയും മുതലെടുപ്പിനേയും വർദ്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള ഒരു സമുദായത്തിന്റെ ന്യായമായ സങ്കടത്തിൽ ഗവർമ്മെൻറിനു ഒരിക്കലും അനുകമ്പയുണ്ടാകാതിരുന്നുകൂടാ.

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസത്തിൽ ഇവർ പിന്നോക്കമാണെങ്കിലും കഴിഞ്ഞ സെൻസസ്സ് പ്രകാരം ഇവരിൽ പുരുഷന്മാരിൽ അൻപതിനായിരത്തിൽപരം ആളുകൾ വിദ്യാഭ്യാസമുള്ളവരാണ്. അതായത സംസ്ഥാനത്തിൽ ആകെ വിദ്യാഭ്യാസമുള്ള പുരുഷന്മാരിൽ നൂററിനു പതിനെട്ടിൽചില്വാനം (18.6%) ഇവരാണ്. അതുകൊണ്ടു ഉദ്യോഗങ്ങൾക്കു (വിശേഷിച്ചു കീഴ്ത്തരം ജീവനങ്ങൾക്കു) യോഗ്യതയുള്ളവർ ഇല്ലാത്തതു കൊണ്ടാണ് ഉദ്യോഗമുള്ളവരുടെ സംഖ്യ ഇവരിൽ ഇത്ര കുറഞ്ഞു പോയതെന്നു പറവാൻ തരമില്ല. തിരുവിതാംകൂറിൽ ആകെ 13602 ഉദ്യോഗങ്ങളുണ്ട്. അതുകൊണ്ടു ഉദ്യോഗത്തിനു വിദ്യാഭ്യാസ യോഗ്യത കാരണമായി വിചാരിച്ചാൽ തന്നെ നൂററിനു പതിനെട്ടിൽ ചില്വാനം ഉദ്യോഗങ്ങൾ അതായതു 2 60 ഉദ്യോഗങ്ങൾ ഇവർക്കുണ്ടായിരിക്കണം. ജനസംഖ്യകൊണ്ടു നോക്കിയാൽ ആറിലൊന്നു അതായതു 2207 ഉദ്യോഗങ്ങൾ ഇവർക്കു കിട്ടിയിരിക്കണം.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഇവർ വളരെ അധികം പിന്നോക്കമാണ്. എങ്കിലും 1359 പേർക്കു ഇംഗ്ലീഷ് അറിയാം. അതായതു സംസ്ഥാനത്തിൽ ആകെയുള്ള ഇംഗ്ലീഷ് അറിയാവുന്ന (22924) വരിൽ നൂററിനു ആറു വീതമെങ്കിലും ഇവരാണ്. അതിനെ അടിസ്ഥാനമാക്കിയാൽ ആകെയുള്ള ഉദ്യോഗങ്ങളിൽ (നൂററിനു ആറുവീതം) 816 എങ്കിലും ഉദ്യോഗങ്ങൾ ഇവർക്കു കിട്ടണം. ഇംഗ്ലീഷ് ആവശ്യമുള്ള ഉദ്യോഗങ്ങളുടെ നൂററിൽ ആറു നിശ്ചയമായും ഇതിനേക്കാൾ വലുതായ ഒരു സംഖ്യ ആയിരിക്കുന്നതുമാണല്ലോ. എന്നാൽ ഉദ്യോഗങ്ങൾ സെൻസസ്സ് പ്രകാരം താഴെ കാണും വണ്ണം വിഭജിക്കപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| നായന്മാർ | 5590 | 41% |
| ക്രിസ്ത്യാനികൾ | 3048 | 28% |

Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ബ്രാഹ്മണർ | 2594 | 19% |
| ഈഴവർ | 120 | 8% |

തീരെ അനുചിതമായ ഈ വിഭാഗത്തെ ഭേദപ്പെടുത്തേണ്ടതു മഹാരാജാവു് തിരുമനസ്സിലെ ഇപ്പോഴത്തെ ഗവർമ്മെൻറിന്റെ നീതി ആണു്. അനീതി അറിയാതിരിക്കുമ്പോൾ ക്ഷന്തവ്യമാം. പ്രസ്തുത സങ്കടത്തെപ്പററി ഞങ്ങൾക്കു ഇത്ര ചിന്തിപ്പാൻ കഴിയാതെയും ഗവർമ്മെൻറിനു ഇത്ര കാര്യമായി തോന്നാൻ ഇടയില്ലാതേയും ഇരുന്ന കാലം ഉണ്ടായിരുന്നു. അതു ഇപ്പോൾ മാറിപ്പോയിരിക്കുന്നു. ഞങ്ങളുടെ പരിതാപകരമായ അവസ്ഥയെ ഞങ്ങൾ ദിവസം തോറും മാത്രമല്ല ക്ഷണം തോറും അക്ഷമന്മാരായി ചിന്തിച്ചു കൊണ്ടിരിക്കുന്നു. ഗവർമ്മെൻറിനു് മുമ്പിലത്തേക്കാൾ അതിനെ ഗണ്യമാക്കാൻ സൗകര്യവും ഗണ്യമാക്കേണ്ട ചുമതലയും നേരിട്ടിരിക്കുന്നു. സംഗതി ദൃഷ്ടിയിൽ പെടാഞ്ഞിട്ടാണോ അല്ലെങ്കിൽ സങ്കടമുള്ളതായി തോന്നാഞ്ഞിട്ടാണോ മേലാൽ ഒഴികഴിവു പറവാൻ തരമില്ല. ഞങ്ങൾക്കു തന്നെ ഇപ്പോൾ അതിനെ ദൃഷ്ടിയിൽ കൊണ്ടുവരാൻ കഴിയും. ഞങ്ങൾ നിരന്തരമായി അങ്ങിനെ ചെയ്തുകൊണ്ടും ഇരിക്കുന്നു. ആ സ്ഥിതിക്കും ഈ അനീതിയെ ഗവർമ്മെൻറു ഉടനെ പരിഹരിക്കാതെ അല്പകാലം പോലും അനുവർത്തിക്കാൻ അനുവദിക്കുന്ന പക്ഷം അതു ഒന്നുകൊണ്ടും ശോഭനമായിരിക്കുന്നതല്ല. കഴിഞ്ഞതിന്റെ മുമ്പിലത്തെ സെൻസസ്സു് കാലത്തു പേരിനു പോലും സർക്കാരുദ്യോഗം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഇപ്പോൾ ആകെ 120 പേർ എങ്കിലും ഉണ്ടെന്നു കാണുന്നു. ഇതു 1083 മുതൽ തുടങ്ങിയ പുതിയ ഗവർമ്മെൻറിന്റെ ഉദാരമായ നയത്തിന്റെ ഫലമാണെന്നുള്ളതിനു സംശയമില്ല. പുതിയ ഗവർമ്മെൻറു ഞങ്ങൾക്കു മിക്കവാറും എല്ലാ ഡിപ്പാർട്ടുമെൻറുകളിലും വാക്കാൽ പ്രവേശം അനുവദിച്ചിട്ടുണ്ടു്. അതുകൊണ്ടു്

Digitized By Kerala Sahitya Akademi

ഉദ്യോഗം തരുന്ന വിഷയത്തിൽ ഗവർമ്മെൻറിനു വിരോധമില്ലെന്നും മുമ്പുണ്ടായിരുന്ന ജാതി തടസ്സം ഇപ്പോൾ ഗണ്യമാക്കപ്പെടുന്നില്ലെന്നും അർത്ഥമാക്കുന്നതേയുള്ളു. ഞങ്ങളുടെ സങ്കടത്തിനു ഭേദമുണ്ടാകുന്നില്ല. നല്ല പ്രാക്ററീസുണ്ടായിരുന്ന ഒരു ഹൈക്കോർട്ടു വക്കീലിനു ഒരു മുൻസിഫ് ഉദ്യോഗവും രണ്ടു മൂന്നു ബി.ഏ. ക്കാർക്കു ചില താണതരം ഉദ്യോഗങ്ങളും ഈയിടെ നൽകിട്ടുണ്ടു്. ഞങ്ങളുടെ മുറവിളിയെ ശമിപ്പിപ്പാൻ അതു മതിയാകുമെന്നു വിചാരിക്കുന്നു എങ്കിൽ അതു ശരിയല്ലെന്നു പറയാതെ കഴികയില്ല. ഞങ്ങളുടെ പരാതി പുറമെയുള്ള വെറും ഭംഗിയെ ഒന്നും അല്ല, സമുദായത്തിന്റെ സ്ഥിതിക്കും ക്ഷേമത്തിനും ഒഴിച്ചുകൂടാത്ത സാരമായ സംഗതിയെ അടിസ്ഥാനമാക്കീട്ടുള്ളതാകുന്നു. സമുദായത്തിൽ ഉയർന്നതരം യോഗ്യതയുള്ള നാലഞ്ചു പേർക്കു അവരുടെ യോഗ്യതയ്ക്കു എവിടെയും പ്രതീക്ഷിക്കപ്പെടാവുന്ന ഏററവും താഴ്ന്നപടിയിൽ ഉള്ള ഉദ്യോഗങ്ങൾ നൽകുന്നതു ഒരു അനുഗ്രഹമായി വിചാരിപ്പാൻ കാലഗതി അനുവദിക്കുന്നില്ലെന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. താഴ്ന്നതരം സർവ്വീസിൽ യോഗ്യതയുള്ള ഈഴവരെ ധാരാളം എടുക്കുകയും ഉയർന്ന ഉദ്യോഗങ്ങൾക്കു യോഗ്യതയുള്ളവരെ പ്രത്യേകം ഗണിച്ചു പ്രോത്സാഹിപ്പിക്കുകയും വേണമെന്നാണ് ഞങ്ങൾ അപേക്ഷിക്കുന്നതു്. അതുകൊണ്ടു ഭരണനിർവ്വഹണം ശേഷികുറവിനാൽ അപര്യാപ്തമോ അതൃപ്തികരമോ ആയിത്തീരുമെന്നും ഭയപ്പെടാനില്ലല്ലോ.

ഞങ്ങൾക്കു ഇപ്പോൾ വേറൊരു പ്രാതികൂല്യം കൂടിയുണ്ടു്. ഉദ്യോഗങ്ങൾക്കു പരീക്ഷാവിജയം പ്രധാന യോഗ്യതയായി എന്നു മാത്രമല്ല, ഒഴിച്ചുകൂടാത്ത ഒന്നായി നിഷ്കർഷിച്ചു തുടങ്ങിയതു് ഈയ്യിടെ ആണു്. ഞങ്ങൾക്കു് സർക്കാർ ഉദ്യോഗം ആശിക്കാമെന്നു വന്നതും ഈയ്യിടെ ആണു്. ഇതിനുമുമ്പു് വിദ്യാഭ്യാസ സംബന്ധമായി ഒരുവിധം സാമാ

Digitized By Kerala Sahitya Akademi

ന്യയോഗ്യതയുള്ള ഏതാൾക്കും ശേഷിയുണ്ടെങ്കിൽ ഏതു ഉയന്തരം ഉദ്യോഗവും നൽകപ്പെട്ടു വന്നു. ഭരണായോഗ്യതമിക്കവാറും പരിചയം കൊണ്ടു മാത്രം സാദ്ധ്യവും പരിചയം അവസരം കൊടുത്തെങ്കിൽ മാത്രം ഉണ്ടാവുന്നതുമാകുന്നു. അടുത്തകാലംവരെ ഇവിടെ ഏററവും ഉയർന്ന ഉദ്യോഗങ്ങൾ ശേഷിയോടുകൂടി ഭരിച്ചുപോന്നിരുന്ന അനേകർ പറയത്തക്കയാതൊരു പരീക്ഷായോഗ്യതയുമില്ലാത്തവരായിരുന്നു എന്നു അറിയാമല്ലോ. ഇന്നും ഇവിടെയും ബ്രിട്ടീഷ് സർവ്വീസിൽ തന്നെയും അങ്ങിനെയുള്ളവർ ഇല്ലാതില്ല. ആ കാലത്തു ഞങ്ങളുടെ വർഗ്ഗക്കാർക്കും ബ്രിട്ടീഷ് സർവീസിൽ ഇവിടത്തെ അധികം ഭാഗ്യവാന്മാരായ വർഗ്ഗക്കാരെപ്പോലെതന്നെ ഈ ആനുകൂല്യം സുലഭമായിരുന്നു. അവർക്കു നാട്ടുകാർക്കു കിട്ടാമെന്നുള്ള ഏതു ഉയർന്ന ഉദ്യോഗവും ലഭിച്ചിരുന്നു. അവർ അതിനെ തങ്ങൾക്കും ഗവർമ്മെൻറിനും മാനമായ വിധത്തിൽ ഭരിച്ചുപോരുകയും ചെയ്തു. ഞങ്ങൾ അന്നിവിടെ തടവുകാരാണ്. യാതൊരു കുററവും ചെയ്യാത്ത തടവുകാർ. ഇപ്പോഴത്തെ നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഏറിയ കൂറും ആ നല്ലകാലത്തെ ഉദ്യോഗസ്ഥന്മാരുടെ ഭാഗ്യമുള്ള സന്താനങ്ങൾ അല്ലെങ്കിൽ സന്താനങ്ങളുടെ സന്താനങ്ങൾ ആകുന്നു. കുറെക്കൂടി തെളിച്ചു പറഞ്ഞാൽ സർക്കാർ പണത്തിൽ ജനിച്ചു സർക്കാർ പണംകൊണ്ടു വളർന്നു സർക്കാർ ചിലവിന്മേൽ വിദ്യാഭ്യാസം ചെയ്യപ്പെട്ടു, ഇന്നത്തെ അവസ്ഥയെ പ്രാപിച്ചവരാകുന്നു. (ഞങ്ങൾക്കു അവരെക്കുറിച്ചു ന്യായമായ ബഹുമാനമുണ്ട്. ഇങ്ങനെ പറയേണ്ടിവരുന്നതിനെ അവർ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.) ആ കാലത്തു ഉയന്തരം വിദ്യാഭ്യാസം പീസു കൂടാതെ ഗവർമ്മെൻറിൽ നിന്നു നൽകിവന്നു. ഞങ്ങളെ അന്നു സ്ക്കൂളിൽ കയറാൻപോലും സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് വിദ്യാഭ്യാസത്തിൽ ഞങ്ങൾ പിന്നാക്കമായി. മിസ്റ്റർ രാമൻതമ്പി (T.I.C. Member)

Digitized By Kerala Sahitya Akademi

ഞങ്ങൾ നിയമനിർമ്മാണ സഭയിൽ മെമ്പർസ്ഥാനത്തിനു ആവശ്യപ്പെടാൻ ഇനി പന്ത്രണ്ടോ പതിനഞ്ചോ കൊല്ലങ്ങൾ കൂടി കഴിയണം എന്നു പറഞ്ഞതും അതുകൊണ്ടാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസം സാമാന്യന്മാർക്കാർക്കും സാധിക്കാത്ത വണ്ണം പണച്ചിലവുള്ളതാണ്. ഞങ്ങൾക്കു പണം എവിടെ? ഇതിനെ സംബന്ധിച്ചു ഒരു വാക്കുകൂടി പറയേണ്ടിയിരിക്കുന്നു. ഞങ്ങൾ എത്രയോ നൂററാണ്ടുകളായി ഈ പ്രതികൂലാവസ്ഥകളുടെ ഇടയിൽ ജീവിച്ചുവരുകയാണെങ്കിലും ഞങ്ങളുടെ ധനാവസ്ഥ ആ പ്രാതികൂല്യങ്ങളുടെ ശക്തിക്ക് അനുരൂപമായി ചുരുങ്ങീട്ടില്ലെന്നു ഞങ്ങൾക്കുതന്നെ തോന്നുന്നു. കാരണം ഞങ്ങൾ അദ്ധ്വാനികളാണ്. എല്ലു നുറുങ്ങി അദ്ധ്വാനിച്ചു കാലം കഴിക്കുന്നവരാണ്. കേരളത്തിൽ ഇരപ്പാളികളില്ലാത്ത ഒരു വർഗ്ഗമുണ്ടെങ്കിൽ അതു ഈഴവരാണെന്നു പരേതനായ ചീഫ്സെക്രട്ടറി താണുപിള്ള അവർകൾ ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ട്. അങ്ങിനെ പറവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി ഇതാകുന്നു. ഭൂനികുതിയിൽ ഏററവും ഗണ്യമായ ഒരുഭാഗം ഞങ്ങൾ കൊടുക്കുന്നു. വ്യവസായാഭിവൃദ്ധി കൊണ്ടു ഗവർമ്മെൻറിനു കിട്ടുന്ന ആദായത്തിൽ ഏറിയൊരു ഭാഗവും ഞങ്ങൾക്കുള്ളതാകുന്നു. എല്ലാററിനും പുറമെ കൊല്ലംതോറും ഭയങ്കരമായി വർദ്ധിച്ചുവരുന്ന അബ്കാരി നികുതി (Abkari Revenue) മിക്കവാറും ഞങ്ങളിൽ നിന്നു കിട്ടുന്നതുമാകുന്നു. തലമുറ തലമുറയായി ഞങ്ങൾ ഇങ്ങനെ സർക്കാർ ഖജനാവു നിറച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പാവപ്പെട്ട മടിശ്ശീലകളിലാകട്ടെ ഖജനാവിലെ പണങ്ങൾ തീണ്ടീട്ടില്ലതാനും. ഇങ്ങിനെ കഷ്ടിച്ചു സമ്പാദിക്കുന്ന പണം കൊണ്ടു വേണം ഞങ്ങൾ ഇപ്പോൾ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പാൻ. എന്നാൽ തന്നെ അടുത്ത കാലത്തു ഉയർന്നതരം വിദ്യാഭ്യാസത്തിൽ മേൽ പറഞ്ഞ വർഗ്ഗക്കാരോടു തുല്യനിലയിൽ എത്തി സർക്കാരുദ്യോ

Digitized By Kerala Sahitya Akademi

ഗങ്ങളിൽ തുല്യഭാഗഭാക്കുകളായിത്തീരുക എന്നുള്ളതു അസംഭാവ്യമത്രെ. നൂററാണ്ടുകളായി ഓടി ദൂരം പോയിരിക്കുന്നവരുടെ അടുത്തു ഇന്നു പുറപ്പെട്ട ഞങ്ങൾക്കു എങ്ങിനെ എത്താൻ കഴിയും? നാം പിന്തുടരുമ്പോൾ അവർ ചുമ്മാനിൽക്കുമോ? ഈ സംഗതികളെ ഗവർമ്മെൻറു ദയചെയ്തു നല്ലപോലെ ആലോചിച്ചുനോക്കണം. എന്നാൽ ഞങ്ങളുടെ സങ്കടങ്ങളുടെ യാഥാർത്ഥ്യം അറിയാറാകും. ഉദ്യോഗ സംബന്ധമായ ഞങ്ങളുടെ അപേക്ഷകളെ കുറെ കാലത്തേയ്ക്കു ഏങ്കിലും പ്രത്യേകം കരുതേണ്ട എല്ലാവർഗ്ഗക്കാരോടും തുല്യമായ ന്യായവും തുല്യമായ കരുണയും കാണിക്കുന്ന മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിൻെറ മുറയാണെന്നു അറിയാറാവും.

ഉദ്യോഗങ്ങളുടെ സംഖ്യയ്ക്കു ക്ലിപ്തമുണ്ട്. യോഗ്യതയുള്ളവരുടെ സംഖ്യ വളരെ വർദ്ധിക്കുന്നു. അതനുസരിച്ചു ഉദ്യോഗങ്ങളുടെ സംഖ്യയും വർദ്ധിക്കയില്ല. അതു കൊണ്ടാണു് ഞങ്ങൾക്കു സങ്കടം പറയേണ്ടി വന്നിരിക്കുന്നതു്. അല്ലാതെ മററുള്ളവരുടെ തടഞ്ഞു നിർത്തി ഞങ്ങൾക്കു കടന്നു പോവാൻ മോഹിച്ചിട്ടല്ല. ഞങ്ങളെ ഇനിയും ചവിട്ടിത്താഴ്ത്തിവയ്പ്പാൻ അനുവദിക്കരുതു്.

പ്രിയ അറെസ്റ്റുകാരല്ലെങ്കിലും ഞങ്ങൾ പണ്ടേക്കു പണ്ടേ ഒരു വിധം സ്വാഭിമാനവും സ്വാശ്രയ ബുദ്ധിയുമുള്ള വർഗ്ഗക്കാരാണു്. ഉദ്യോഗത്തെപ്പററി ഇങ്ങിനെ ഒരു പ്രത്യേക പരിഗണനയെ യാചിക്കുന്നതിൽ തന്നെ യാചകന്മാരില്ലാത്ത ആ വർഗ്ഗത്തിൽ പെട്ട ഞങ്ങൾക്കു മടിയില്ലാതില്ല. എന്നാൽ ഈ യാചന ഞങ്ങളുടെ സങ്കടനിവൃത്തിക്കു മാത്രമല്ല ഗവർമ്മെൻറിനു ന്യായം പ്രവർത്തിപ്പാൻ കൂടി അവസരം കൊടുക്കുന്ന ഒന്നാകയാൽ കൂടാതെ കഴികയില്ല.

ഇവിടെ ഒന്നു പറയേണ്ടിയുണ്ടു്. പ്രത്യേക പരിഗണനയെ യാചിക്കുന്നതു കൊണ്ടു ഞങ്ങളുടെ ഉദ്യോഗാപേക്ഷ

Digitized By Kerala Sahitya Akademi

കളെ യോഗ്യതപോലെ ഇപ്പോൾ ന്യായമായി പരിഗണിക്കുന്നുണ്ടു്. അതുകൊണ്ടു് തൃപ്തിപ്പെടാതെയാണു് പ്രത്യേക പരിഗണനക്കാവശ്യപ്പെടുന്നതെന്നു ചിലർക്കു തോന്നിപ്പോയേക്കാം. അതു തെററാണു്. ഞങ്ങൾ പ്രത്യേക പരിഗണനയെ അർഹിക്കുന്നു എങ്കിലും ഞങ്ങളുടെ അപേക്ഷകളെ ന്യായമായി തന്നെയും പരിഗണിക്കാറില്ല. ഇന്നും പരിഗണിക്കാറില്ല. പുതിയ ഗവർമ്മെൻററിൻെറ ആതായത്തു ഞാൻ മേൽ സൂചിപ്പിച്ച പോലെ ഒന്നോ രണ്ടോ അഞ്ചോ ആറോ വയസ്സു മാത്രമായ ഇപ്പോഴത്തെ ഗവർമ്മെൻററിൻെറ കീഴിലാണു് ഒരു വിധം നിസ്സംശയമായി ഞങ്ങൾക്കു ഉദ്യോഗം പ്രതീക്ഷിക്കാമെന്നു വന്നതു്. ഇതിനുശേഷം ഓരോ ഡിപ്പാർട്ടുമെൻറുകളിലും ഈഴവരിൽ എത്രപേർക്കു ഉദ്യോഗങ്ങൾ നൽകീട്ടുണ്ടെന്നുള്ളതു പരിശോധിച്ചാൽ ഈവസ്തുത എളുപ്പം അറിയാമെന്നുള്ളതാണു്. അതിലേക്കായി ഓരോ ഡിപ്പാർട്ടുമെൻറിലും കഴിഞ്ഞ ഒരു കൊല്ലത്തിലും കഴിഞ്ഞ ആറു കൊല്ലങ്ങളിലും പ്രധാനമായ ഓരോ വർഗ്ഗക്കാർ 5–ക മുതൽ 100–ക. വരെയും അധികവും ശമ്പളമുള്ള എത്ര ഉദ്യോഗങ്ങൾ ഉണ്ടായിരുന്നു എന്നുള്ള വിവരം തരുന്നതിനു അപേക്ഷിച്ചു ഞാൻ ഗവർമ്മെൻറിനു എഴുതുകയും ഗവർമ്മെൻറു ദയ ചെയ്തു ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഏതാനും ലിസ്ററു തരികയും ചെയ്തു. ഈ ദയയ്ക്കായി ഗവർമ്മെൻറിനു ഉപകാരം പറയുന്നു. ലിസ്ററുകളെ എല്ലാം സംഗ്രഹിച്ചു ഞാൻ ഒരു പട്ടിക തയ്യാറാക്കീട്ടുണ്ടു്. അതു വായിക്കാം.

പട്ടികയിൽ ബ്രാഹ്മണർ, നായന്മാർ, കൃസ്ത്യാനികൾ, ഈഴവർ എന്നീ അഞ്ചു പ്രധാന വർഗ്ഗക്കാരുടെ ഇടയിൽ 5 മുതൽ 25, 25 മുതൽ 50, 50 മുതൽ 100 വരേയും ഉറുപ്പികയും അതിലധികവും ശമ്പളമുള്ളവരുടെ സംഖ്യ ആണുള്ളതു്. [എന്നു പറഞ്ഞിട്ടു ഓരോ ഡിപ്പാർട്ടുമെൻറുകളിലും ഓരോ വർഗ്ഗ

Digitized By Kerala Sahitya Akademi

ത്തിലും പെട്ട ആളുകളുടെ ഉദ്യോഗ സംഖ്യയെ ചൂണ്ടിക്കാണിച്ചു താരതമ്യപ്പെടുത്തി ഉദ്യോഗ വിഭജനത്തിന്റെ അനൗചിത്യത്തെയും ഈഴവരോടു ഗവർമ്മെന്റു ഉദ്യോഗദാന വിഷയത്തിൽ കാണിക്കുന്ന ദയനീയമായ അനാഭിമുഖ്യത്തെയും എടുത്തു പറഞ്ഞു അദ്ദേഹം പരിതപിക്കയും ചെയ്തു.] ആകപ്പാടെ പട്ടികപ്രകാരം ഈഴവരിൽ റവന്യുഡിപ്പാർട്ടുമെന്റിൽ 5_ം, ജൂഡീഷ്യൽ വകുപ്പിൽ 16_ം, പോലീസിൽ 17_ം, എക്സൈസിൽ 16_ം, എഡ്യുക്കേഷൻ വകുപ്പിൽ 51_ം, റജിസ്ട്രേഷൻ വകുപ്പിൽ 9_ം, ഇഞ്ചിനീയറിങ്ങിൽ 3_ം, ഫാറസ്റ്റിൽ 29_ം, അഗ്രികൾചറിൽ 5_ം, റവന്യൂസർവ്വേയിൽ പൂജ്യവും, മെഡിക്കൽ വകുപ്പിൽ 28_ം, മ്യൂസിയവും തോട്ടവും വകുപ്പിൽ, 1_ം, ഗവർമ്മെന്റു പ്രസ്സിൽ 6_ം, സെൻട്രൽ ജയിലിൽ 1_ം, അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ 2_ം, ഉദ്യോഗങ്ങൾ മാത്രമെ ഈഴവർക്കുള്ളു ഇതിൽ തന്നെ 50_ ക വരെ ശമ്പളമുള്ള രണ്ടു ഉദ്യോഗങ്ങളും മാത്രമേ അവർക്കുള്ളു. ശേഷം അവർക്കുള്ളതെല്ലാം 5_ മുതൽ 25_ ക വരെ ശമ്പളമുള്ള ചെറിയ ജീവനങ്ങളാകുന്നു.

(ഇതിൻശേഷം അദ്ദേഹം പ്രധാനമായി എടുത്തു പറഞ്ഞതു പോലീസ് എക്സൈസ് ഈ ഡിപ്പാർട്ടുമെന്റുകളെ പററിയായിരുന്നു.)

1662_ പേർ തിരുവിതാംകൂർ പോലീസിൽ ഉണ്ടു്. ഇതിൽ 17 പേർ മാത്രം ഈഴവരും ശേഷം അന്യവർഗ്ഗക്കാരുമാകുന്നു. ഈഴവരെ സെൻസസ് അധികാരികളും മററും പരമ്പരയായി ദൃഢശരീരന്മാർ, ഉൽസാഹികൾ, എന്നിങ്ങനെ ഒക്കെ വിശേഷിപ്പിക്കാറു പതിവാണു്. ഈ പോലീസ് സൈന്യത്തിൽ ആ വക വിശേഷണങ്ങൾക്കു വിശേഷാൽ പ്രയോജനമുണ്ടു്. എങ്കിലും ഈഴവരിൽ 17പേർ മാത്രമെ ഈ വലിയ സൈന്യത്തിൽ ഉള്ളു എന്നു കാണുന്നതു ഗവമ്മെന്റു പ്രത്യേകം ദയ ചെയ്തു ദൃഷ്ടിവയ്ക്കേണ്ടുന്ന ഒരു സംഗതിയാണു്. കാൺസ്റ്റ

Digitized By Kerala Sahitya Akademi

ബിൾമാരെ തിരഞ്ഞെടുക്കുന്ന ദിവസങ്ങളിലെല്ലാം ഈ വർഗ്ഗക്കാരിൽ വളരെപ്പേർ പോലീസ് കമ്മിഷണരുടെ ആഫീസിൽ ഹാജരാകാറും ഇച്ഛാഭംഗപ്പെട്ടു മടങ്ങാറുമാണ് പതിവ്. (ഇതിനെപ്പററി ദിവാൻ പലതും ചോദിക്കയും മെംബർ മറുപടി പറകയും ചെയ്തു.)

ഇനി എക്സൈസ് വകുപ്പിനെ പററിയാണ് എനിക്കു ഒരു വാക്കു പറവാനുള്ളതു്. അബ്കാരി റവന്യുവകയിൽ ഒരു പ്രധാന ഭാഗം ഈ വർഗ്ഗക്കാരുടെ പ്രയത്നഫലമാണെന്നുള്ളതിനു സംശയമില്ലല്ലോ. മദ്യമുണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നതു അവരുടെ പാരമ്പര്യത്തൊഴിലാണ്. ഇപ്പോൾ അതു് ഗവർമ്മെൻറിൻെറ കീഴിലും കീഴ്‌വരുതിയിലും ആയിത്തീർന്നിരിക്കുന്നു. മദ്യം വ്യാജമായി (ലൈസൻസ് കൂടാതെ) നിർമ്മിക്കുകയോ കച്ചവടം ചെയ്കയോ ചെയ്യുന്നവർക്കു മജിസ്ട്രേട്ടന്മാർ ഇപ്പോൾ കൊടുക്കുന്ന ശിക്ഷ ലഘുവായിപ്പോകുന്നു എന്നും കഠിനവും ദൃഷ്ടാന്തയോഗ്യവുമായ ശിക്ഷകൾ കൊടുപ്പാൻ നിഷ്കൃഷ്ടമായി ആജ്ഞാപിക്കേണമെന്നും അങ്ങിനെ ചെയ്തെങ്കിലല്ലാതെ വ്യാജങ്ങൾക്കു കുറവു വരുന്നതല്ലെന്നും മററും വളരെ എല്ലാം ഊർജ്ജിതത്തോടെ എക്സൈസ് കമ്മിഷണർ അവർകൾ ഗവമ്മെൻറിലേക്കു കൂടക്കൂടെ എഴുതി അയക്കാറുള്ളതായി ഗസററിൽ കണ്ടിട്ടുണ്ടു്. കമ്മിഷണർ ഇങ്ങിനെ എഴുതുന്നതിൻെറ ഒക്കെ അർത്ഥം സാധുക്കളായ ഈഴവരെ തെളിവു ഏതു പ്രകാരം ആയിരുന്നാലും വേണ്ടില്ല കഠിനമായി ശിക്ഷിച്ചു മര്യാദ പഠിപ്പിക്കണം എന്നു മാത്രമാണെന്നു തോന്നിപ്പോകും. നേരെമറിച്ചു അദ്ദേഹത്തിനു അവരോടു അനുകമ്പ ഉണ്ടായിരുന്നു എങ്കിൽ അവരെ പ്രവേശിപ്പിക്കുന്നതുകൊണ്ടു് യാതൊരു അസൗകര്യവും ശങ്കിപ്പാനില്ലാത്ത ആ ഡിപ്പാർട്ടുമെൻറിൻ കീഴ് ഒരു വലിയ പട്ടാളം ഉണ്ടായിരിക്കുമ്പോൾ അവരുടെ സംഖ്യ ഇത്ര കുറഞ്ഞുപോ

Digitized By Kerala Sahitya Akademi

വാൻ ഇടയില്ലായിരുന്നു. വാസ്തവം പറഞ്ഞാൽ ഈ വകുപ്പിൽ ഉയർന്നതും താണതുമായ അധികം ഉദ്യോഗങ്ങളും ഈ വർഗ്ഗക്കാർക്കുതന്നെ കൊടുക്കാമെന്നുള്ളതാണു്. അങ്ങിനെ ഗവർമ്മെൻറു പരീക്ഷിച്ചു നോക്കിയാൽ വ്യാജങ്ങൾക്കുതന്നെ ഗണ്യമായ ശമനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. വ്യാജങ്ങൾ മിക്കവാറും അവരിൽ നിന്നാണുണ്ടാകുന്നതു്. അതിനെ കണ്ടുപിടിപ്പാനും മററുള്ളവരെ ഒക്കെക്കാൾ അവർക്കുതന്നെ കഴിയും. (ഇതിന്മേൽ ദിവാൻജി പലതും ചോദിക്കുകയും മെംബർ എല്ലാററിനും മറുപടി പറയുകയും ചെയ്തു.)

മേല്പറഞ്ഞ കാരണങ്ങളാൽ ഈഴവർക്കു ഉദ്യോഗങ്ങളിൽ ഒരു ന്യായമായ ഭാഗം ലഭിക്കാറാകുന്നതുവരെ കുറെകാലത്തേക്കുണ്ടാകുന്ന ഒഴിവുകളിലും പുതിയ നിയമനങ്ങളിലും ഗവർമ്മെൻറിനു യുക്തമെന്നു തോന്നുന്ന ഒരു അംശം ഈഴവരിൽ യോഗ്യതയുള്ളവർക്കു കിട്ടത്തക്കവണ്ണം ഖണ്ഡിതമായ ഉത്തരവു പുറപ്പെടുവിക്കയും അതിനെ ഊർജ്ജിതമാക്കി നടപ്പിൽ വരുത്താൻ വ്യവസ്ഥ ചെയ്കയും വേണമെന്നു് ഞാൻ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

(ഒൻപതാമതു പ്രജാസഭയിൽ ചെയ്ത പ്രസംഗം. ഇതു് വിവേകോദയം പു. 9. നമ്പർ 11, 12 1088 കുംഭം മീനം ലക്കത്തിൽ പ്രസിദ്ധീകരിച്ചു.)

Digitized By Kerala Sahitya Akademi

# സർക്കാർ വിദ്യാലയങ്ങളിൽ ഈഴവരുടെ പ്രവേശനം

## സാമുദായികം

ഈഴവർക്കു വിദ്യാലയങ്ങളിൽ പ്രവേശം കൊടുക്കുന്ന വിഷയത്തിൽ നാലഞ്ചു കൊല്ലങ്ങളായി ഗവർമ്മെൻറിൽ നിന്നു ഒരു വിധം തൃപ്തികരമായ ഏർപ്പാടുകൾ ചെയ്തു വരികയാണു്. മുൻപു് പ്രവേശമില്ലായിരുന്ന അനേകം സ്കൂളുകളിൽ ഇപ്പോൾ ഞങ്ങളുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശം കിട്ടിട്ടുണ്ടു്. അതിനു ഞങ്ങൾ മഹാരാജാവു തിരുമനസ്സിലെ ഗവർമ്മെൻറിനോടു നന്ദിയുള്ളവരാണു്. എന്നാൽ ഈ വിഷയത്തിൽ ഇപ്പോഴും ഞങ്ങൾക്കു ഒരു ദയനീയമായ വളരെ സങ്കടങ്ങൾ അറിയിക്കേണ്ടിവന്നിരിക്കുന്നു. ഈയിടെ ഞാൻ ചില ഉൾനാട്ടു താലൂക്കുകളിൽ സഞ്ചരിക്കുകയുണ്ടായി. അപ്പോഴാണു് സംഗതിയുടെ കിടപ്പു എനിക്കു തന്നെ നല്ലവണ്ണം മനസ്സിലായിത്തുടങ്ങിയതു്. പിന്നെ ഞാൻ പല അന്വേഷണങ്ങൾ ചെയ്തു. കഷ്ടതരമായ പല സംഗതികളും അതിൽവെച്ചു അറിവാൻ ഇടയായി. സാധാരണയായി സ്കൂളുകളിൽ പ്രവേശിക്കുന്ന കാര്യത്തിൽ ഈഴവർക്കുണ്ടായിരുന്ന സങ്കടങ്ങൾ മിക്കവാറും തീർന്നു കഴിഞ്ഞു എന്നും ആവശ്യമുള്ളത്ര വിദ്യാഭ്യാസ സൗകര്യം ഈഴവർക്കു ഇ

Digitized By Kerala Sahitya Akademi

പ്പോഴുണ്ടായിട്ടുണ്ടെന്നുമായിരുന്നു എന്റെ വിശ്വാസം. അതെല്ലാം പോയി ഈയിടെ വളരെ വ്യസനിക്കേണ്ടദിക്കായി. ഞങ്ങളുടെ ജനങ്ങളെല്ലാം ഉൾനാട്ടിലാണ്. ഉൾനാട്ടുസ്ക്കൂളുകളിൽ ഇപ്പോഴും വാസ്തവത്തിൽ അവർക്കു പ്രവേശമില്ല. പ്രവേശിപ്പാൻ സർക്കാരനുവാദമുണ്ട്. അതുകൊണ്ടു സംഗതിക്കു നടപ്പുണ്ടാകുന്നില്ല. താഴ്ന്നതരം സ്ക്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ മാനസപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവരല്ല. അവർ പലപ്പോഴും സ്വമേധയായും സ്ഥലത്തുള്ള വല്ല ഉയർന്ന ജാതിക്കാരുടെയും പ്രേരണകൾക്കു കീഴ്പ്പെട്ടും രണ്ടു വിധത്തിലായിട്ടും ഈഴവക്കുട്ടികളെ ഇന്നും അകററി നിർത്തുന്നു. അവർ വിചാരിച്ചാൽ പല പ്രകാരത്തിലും അവർക്കതു കഴിയും. ഗവർമ്മെൻറുത്തരവിനു വിരോധം കൂടാതെ തന്നെ അവരുടെ ഉദ്ദേശം സാധിപ്പാൻ അവർ പല ഉപായങ്ങളും എടുക്കുന്നതായി അറിയുന്നുണ്ട്. അവയിൽ ചിലതു വളരെ രസകരമാണ്. ''ചട്ടപ്രകാരം അധികം കുട്ടികളെ ഈ സ്ക്കൂളിൽ ചേർപ്പാൻ തരമില്ല. കുട്ടികളുടെ സംഖ്യ തികഞ്ഞുപോയി.'' ഇങ്ങനെ പറയുന്നതു ഈഴവരെ സംബന്ധിച്ചിടത്തോളം അധികം സാധാരണയാണ്. ഇതിനെപ്പററി വല്ലവരും മേലാവിലേക്കു അറിവു കൊടുത്തു എന്നിരിക്കട്ടെ. ഉടൻ ഇൻസ്പെക്ടർമാർ പരിശോധിപ്പാൻ വരും. അതു ഇപ്പോഴത്തെ മുറയ്ക്കു മുന്നറിവോടുകൂടിയാണെന്നു പറയേണ്ടതില്ലല്ലോ. ഇൻസ്പെക്ടർ അല്ലെങ്കിൽ ഇൻസ്പെക്ററസ് വന്നു നോക്കുമ്പോൾ കുട്ടികൾ കണക്കിൻപടി ശരിക്കു തികഞ്ഞിരിക്കും. സങ്കടക്കാരെ പോവാനും പറയും. എന്നാൽ സ്ക്കൂൾ രജിസ്റ്ററിൽ ഒടുവിൽ പേരെഴുതിയിരിക്കുന്ന കുട്ടികളിൽ പലരും റോഡിൽ അലഞ്ഞു തിരിയുകയോ കൂലിവേല ചെയ്യുകയോ ചെയ്തുകൊണ്ടുനിന്ന ഉയർന്ന വർഗ്ഗത്തിൽപ്പെട്ട പിള്ളരായിരിക്കും. ഇൻസ്പെക്ടർ പറത്തിറങ്ങിയ ഉടനെതന്നെ അവരും വന്ന വഴിയേ പോകും. സ്ക്കൂളിൽ വാസ്തവത്തിൽ സ്ഥ

Digitized By Kerala Sahitya Akademi

ലമുണ്ടു്. അപേക്ഷക്കാരായ ഈഴവർക്കു നല്ലവണ്ണം അറിയാം. വാദ്ധ്യാന്മാർക്കു അറിയാമെന്നു് പറയേണ്ടതില്ലല്ലോ. അപേക്ഷക്കാർക്കു എന്തു ചെയ്‌വാൻ കഴിയും! രേഖയും തെളിവും അവർക്കു വിരോധം. എവിടെ ചെന്നു സങ്കടം പറഞ്ഞാൽ എന്തു്? ഈ മാതിരി ദുശ്ശാഠ്യങ്ങൾ അഭിമാനവും ശക്തിയുമുള്ള ഈഴവ മാന്യന്മാരുടെ നേർക്കുപോലും കാണിച്ചു് അവരുടെ ക്ഷമയെ പരീക്ഷിക്കുന്ന വാദ്ധ്യാന്മാർ പല സ്ഥലത്തും കാണുന്നു. ഞാൻ പറയുന്നതിൽ അശേഷം അവാസ്തവമോ അതിശയോക്തിയോ ഇല്ലെന്നും പ്രത്യേകം അറിവിച്ചുകൊള്ളുന്നു. പ്രവേശം അനുവദിച്ചിട്ടുള്ള ഉൾനാട്ടിലെ ആൺപള്ളിക്കൂടങ്ങളിൽ അനേകം ഇന്നും ഈ മാതിരി തടസ്സങ്ങളാൽ പ്രവേശ്യമില്ലാതെ തീർന്നിരിക്കുന്നു. ചിലതിന്റെ പേരു് പറയാം:

| | സ്ഥലങ്ങൾ | സ്കൂളുകൾ |
|---|---|---|
| അമ്പലപ്പുഴ | തലവടി തെക്കേമുറി | സ്കൂൾ |
| ,, | ,, നീരേററം | ,, |
| ,, | പുളിങ്കുന്നു ചതുർത്ഥ്യകരി | ,, |
| ,, | ടി മാങ്കൊമ്പു് | ,, |
| ,, | കാവാലം | ,, |
| ,, | കാവാലം വടക്കുംഭാഗം | ,, |
| ചങ്ങനാശ്ശേരി | വെളിയനാട്ടു കുമരങ്കരി | ,, |
| ,, | മാവേലിക്കര | ,, |
| ,, | എടനാട്ടു വടക്കേക്കര | ,, |
| ചേർത്തല | തുറവൂർ എറമല്ലൂർ | ,, |
| ,, | കോതൻതുരുത്തു് | ,, |
| ,, | കുത്തിയതോട്ടു് | ,, |
| ,, | പട്ടണക്കാട്ടു് | ,, |

ഇനി ഒരു വക സങ്കടംകൂടിയുള്ളതും പറഞ്ഞു തീർക്കാം. ഈഴവർക്കു പ്രവേശനത്തിനു ധാരാളം സൗകര്യമുള്ളേടത്തു ഈഴ

Digitized By Kerala Sahitya Akademi

വർ അധികം പാർത്തുവരുന്ന സ്ഥലങ്ങളിൽ ഉള്ളതോ ആയ വല്ല സ്കൂളുകളും അഭിവൃദ്ധിയിൽ വരുന്നു എന്നു കണ്ടാൽ വല്ല ചില്ലറക്കാരണവും പറഞ്ഞു അതിനെ കെട്ടിവലിച്ചു അങ്ങിനെയല്ലാത്ത ഒരു സ്ഥലത്തു കൊണ്ടുപോയി സ്ഥാപിപ്പാൻ ചില ജനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർക്കും ഒരു ഉത്സാഹം ചിലപ്പോൾ കാണാം. ഇതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. ഡയറക്ടർ സായ്പവർകളോടു ഇപ്പോൾത്തന്നെ ചോദിച്ചാൽ ഇതിൻെറ വസ്തുതയറിയാം. അമ്പലപ്പുഴ വടക്കൻ വെളിയനാടു എൽ. ജി. ഈ. സ്കൂളിൻെറയും മററും സംഗതി ഞാൻ നേരിട്ടറിവിച്ചിട്ടുള്ളതു് അദ്ദേഹത്തിനു ഓർമ്മയുണ്ടായിരിക്കും.

പെൺപള്ളിക്കൂടങ്ങളിലെ സ്ഥിതിയും ഇതിൽ നിന്നു ഒട്ടും ഭേദമുള്ളതല്ല. ചിലപ്പോൾ അധികം കഷ്ടമായുള്ളതും ആകുന്നു. ഈഴവ വിദ്യാർത്ഥിനികൾക്കു പ്രവേശം അനുവദിച്ച സ്കൂളുകളിൽതന്നെ പലതിലും അവരെ ഇന്നും പ്രവേശിപ്പിക്കുന്നില്ല. തലവടി, കാർത്തികപ്പള്ളി, മുതുകുളം, ഓമല്ലൂർ, എടനാടു, തൈക്കാട്ടുശ്ശേരി ഈ സ്ഥലങ്ങളിലുള്ള സ്കൂളുകൾ ദൃഷ്ടാന്തങ്ങളാകുന്നു. ഇനിയും അധികം ഉണ്ടായിരിക്കും.

ഈ തടസ്സങ്ങളാൽ ഞങ്ങളുടെ വിദ്യാഭ്യാസ സംബന്ധമായ അഭിവൃദ്ധിക്കു വലുതായ ഹാനി നേരിടുന്നു. സ്ക്കൂൾ പ്രവേശം അനുവദിച്ച ഗവർമ്മെൻറിൽ നിന്നുണ്ടായ ഉത്തരവുകൾ ഊർജ്ജിതമാതിൽ കൊണ്ടുവരാതെ കാലദൈർഘ്യം കൊണ്ടു തണുത്തുപോകുന്നു. ഇനിയും കുറെക്കാലംകൂടി കഴിഞ്ഞാൽ ഞങ്ങൾ ആ ഉത്തരവുകളെ പുതുക്കാൻ മുറവിളി കൂട്ടേണ്ടിവരുന്നതാകും. അതു വലിയ സങ്കടമാണു്. അതിനിടയാകരുതു്. ഈ സങ്കടങ്ങളുടെ നിവൃത്തിക്കായി ഗവർമ്മെൻറു് ഒന്നു ചെയ്താൽ മതി. ഈഴവർക്കു പ്രവേശമനുവദിച്ചിട്ടുള്ള സ്ക്കൂളുകളിൽ സ്ഥലം ഇല്ലെന്നു പറയുന്നതിനെ ഗവർമ്മെ

Digitized By Kerala Sahitya Akademi

ൻറു വകവെയ്ക്കുന്നതല്ലെന്നും ആ സ്ക്കൂളുകളിൽ അവർക്കു പ്രോത്സാഹനമായിരിക്കത്തക്കവണ്ണം അവരിൽ ഒരു പെൺകുട്ടിയേയോ ആൺകുട്ടിയേയോ എങ്കിലും പ്രവേശിപ്പിച്ച വിവരം റിപ്പോർട്ടുചെയ്യേണ്ടതാണെന്നും നിഷ്കർഷമായ ഉത്തരവുകൾ അങ്ങിനെയുള്ള എല്ലാ ഹെഡ്മാസ്റ്റർമാർക്കും ഡിപ്പാർട്ടുമെൻറു മുഖേന അയയ്ക്കുകയും അങ്ങിനെ ചെയ്‌വാൻ അവരെ നിർബന്ധിക്കുകയും ചെയ്യണം.

എൻെറ മാന്യസ്നേഹിതരായ മററു പ്രതിനിധികൾ ഇപ്പോൾ കുട്ടികളെ ഫീസു കൂടാതെ പഠിപ്പിക്കുക, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുക മുതലായ വിദ്യാഭ്യാസ സംബന്ധമായ ഉൽകൃഷ്ടനയങ്ങളെ സംബന്ധിച്ച പ്രതിപാദിക്കുന്നവരാണ്. എൻെറ പ്രാർത്ഥന സർക്കാർ പള്ളിക്കൂടങ്ങളിൽ സാധാരണ ഏർപ്പെടുത്തിയിരിക്കുന്ന ഫീസു വാങ്ങിക്കൊണ്ടു കുട്ടികളെ കയററി പഠിപ്പിക്കേണമെന്നു മാത്രമാകുന്നു. ഈ സങ്കടങ്ങളുടെ താരതമ്യത്തേയും ഗവർമ്മെൻറു ദയാപൂർവ്വം ചിന്തിക്കേണ്ടതാണ്. ക്ഷേത്രസാമീപ്യവും മററും കൊണ്ടു ഞങ്ങൾക്കു പ്രവേശ്യമല്ലെന്നു വച്ചിരിക്കുന്ന സ്കൂളുകൾ പ്രവേശ്യമായ സ്ഥലങ്ങളിൽ മാററിസ്ഥാപിക്കാമെന്നു വാഗ്ദാനം ചെയ്തിട്ടും കാലം അധികമായി. ഇതുവരെ ഒന്നും പ്രവർത്തിച്ചു കാണുന്നില്ല. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ഞങ്ങളുടെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനു വേറെ മാർഗ്ഗമില്ലാതിരിക്കുന്നതു് ഗവർമ്മെൻറിനു അറിയാം. ഞങ്ങൾ ഇനിയും കാത്തിരിക്കേണമെന്നു പറയുന്നതു നീതിയായിരിക്കയില്ല. അതുകൊണ്ടു ആ സംഗതിയിലും ഗവർമ്മെൻറു ഉടനെ ദൃഷ്ടി വെക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യേണമെന്നും പ്രാർത്ഥിച്ചു കൊള്ളുന്നു.

സംസ്കൃതപാഠശാലയിൽ ഞങ്ങൾക്കു പ്രവേശം അനുവദിക്കേണ്ട ആവശ്യകതയെപ്പററി കഴിഞ്ഞ സഭയിൽ ഞാൻ ബോ

Digitized By Kerala Sahitya Akademi

ധിപ്പിച്ചതിൽ നിന്നു അധികം ഒന്നും ഇപ്പോൾ പറവാൻ കാണുന്നില്ല. ആ വിദ്യാലയം ഇരിക്കുന്ന സ്ഥലം ഞങ്ങൾക്കു പ്രവേശമുള്ളതല്ലെന്നു വാദിക്കുന്നതു വാസ്തവ വിരുദ്ധവും ക്ഷുദ്രതയുമാണെന്നു ഇപ്പോഴും ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. അതു സ്ഥാപിച്ചിരിക്കുന്ന കെട്ടിടം വാടകയ്ക്കു എടുത്തിട്ടുള്ളതാകയാൽ ആവശ്യമുള്ള പക്ഷം എല്ലാവർക്കും പ്രവേശ്യമായ മറെറതെങ്കിലും സ്ഥലത്തേക്കു അതിനെ മാററി സ്ഥാപിക്കുന്നതു സുകരമാണെന്നുള്ളതും ഞാൻ വീണ്ടും അറിവിച്ചുകൊള്ളുന്നു. കഴിഞ്ഞ കൊല്ലത്തെ എൻെറ നിവേദനം കഴിഞ്ഞപ്പോൾ ഈ സംഗതിയെപ്പററി വീണ്ടും നിവേദനം കൊണ്ടുവരേണ്ട ആവശ്യമുണ്ടാകയില്ലെന്നു എനിക്കു തോന്നിയിരുന്നു. ഗവർമ്മെൻറിനു ഈ അനീതിയെപ്പററി അത്ര ബോദ്ധ്യമാകാത്തക്കവണ്ണം എല്ലാ വാസ്തവവും എല്ലാ ന്യായവും ഞാൻ ബോധിപ്പിച്ചിരുന്നു. സ്ക്കൂൾവർഷാരംഭത്തിൽ ഞങ്ങളുടെ കുട്ടികളെ നിശ്ചയമായും ഈ വിദ്യാലയത്തിൽ ചേർക്കുമെന്നും ഞാൻ ആശിച്ചിരുന്നു. അനേകം സംസ്കൃത വിദ്യാർത്ഥികൾ പ്രവേശനത്തിന്നായി എന്നെ ഞെരുക്കിക്കൊണ്ടിരിക്കയും ആ വിവരം ഞാൻ പല തവണ ഗവർമ്മെൻറിനെ രേഖാമൂലം അറിയിച്ചു മറുപടി അറിവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഒടുവിൽ ഇച്ഛാഭംഗത്തോടുകൂടി പല വിദ്യാർത്ഥികളും പഠിത്തം നിറുത്തേണ്ടിവന്നു. ചിലരെ ഞാൻ തന്നെ പട്ടാമ്പി മുതലായ സ്ഥലങ്ങളിലേക്കു അയക്കുകയും ചെയ്തു. ഈ സംഗതിയെ വീണ്ടും ഞാൻ ഏററവും താഴ്മയായി ഗവർമ്മെൻറിൻെറ ദയാപൂർവ്വമായ ആലോചനക്കു കൊണ്ടുവന്നുകൊള്ളുന്നു. ഞങ്ങൾക്കു സംസ്കൃതം പഠിക്കേണ്ടതു ആവശ്യമാകുന്നു. ഗവർമ്മെൻറിൽ നിന്നു പ്രജകളുടെ നിലയിൽ നമ്മെയുംകൂടി സംസ്കൃത പാഠശാലയിൽ ചേർത്തു പഠിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. ഗവർമ്മെൻറിൽ നിന്നു ദയാപൂർവ്വം ആജ്ഞാപിച്ചാൽ അന്നു കാര്യം സാധിക്കുമെന്നി

Digitized By Kerala Sahitya Akademi

രിക്കുന്നു. ഇങ്ങനെ ഒക്കെ ഇരുന്നാലും അതു് സാദ്ധ്യമല്ലെന്നു തോന്നുന്നപക്ഷം ഞങ്ങൾ വർക്കല, ആലുവാ മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ചു നടത്തിവരുന്ന സംസ്കൃത പാഠശാലയെ ഉയർന്നനിലയിൽ കൊണ്ടുവരത്തക്കവണ്ണം ഗവർമ്മെന്റിൽ നിന്നു ഉദാരമായ വിശേഷാൽ ഗ്രാന്റു് അനുവദിച്ചാലും മതി വിദ്യാഭ്യാസ ചട്ടത്തിലെ നിർബ്ബന്ധങ്ങൾ അനുസരിച്ചുള്ള ഗ്രാന്റു ഉദ്ദേശത്തെ സാധിക്കുന്നതായിരിക്കയില്ല.

ആയുർവേദ പാഠശാലയെപ്പററിയും ഞാൻ ആവർത്തിച്ചു പറയേണ്ടി വന്നതിൽ വളരെ വ്യസനിക്കുന്നു. അവിടെ ഞങ്ങളെ പ്രവേശിപ്പിക്കുന്നതിനു യാതൊരു തടസ്സവും ഉണ്ടാകാൻ വകയില്ല. പ്രവേശിപ്പിക്കാത്തതു തീരെ നിർദ്ദയമായ അനീതിയാകുന്നു. ആ കെട്ടിടവും ഗവമ്മെൻറു വാടകയ്ക്കു എടുത്തിട്ടുള്ളതാകയാൽ വേണ്ടി വന്നാൽ മാററി സ്ഥാപിപ്പാൻ ഒരു പ്രയാസവുമില്ല. ഇനിയും ഈ വിഷയത്തിൽ പ്രജാസഭയിൽ നിവേദനം കൊണ്ടുവരാൻ ഇടയാകുന്നതായാൽ അതു വളരെ ദയനീയമായിരിക്കും. ഒട്ടുംതാമസിയാതെ ഈ സങ്കടപരിഹാരത്തിൽ ഗവമ്മെൻറു ദയാദൃഷ്ടി പതിക്കുമെന്നു വിശ്വസിച്ചു കൊള്ളുന്നു.

## സർക്കാരുദ്യോഗം

സക്കാർ ഉദ്യോഗസംബന്ധമായി ഈഴവപ്രതിനിധികൾ എത്ര ഊർജ്ജിതമായി വാദിച്ചിട്ടും ഗവർമ്മെൻറു ചിലപ്പോൾ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും ഞങ്ങളുടെ സങ്കടത്തിനു പറയത്തക്ക ഭേദമൊന്നും ഉണ്ടാകുന്നില്ല. കഴിഞ്ഞ സഭയിൽ ഞാൻ ചെയ്ത നിവേദനത്തിനു ശേഷം സംഗതികൾക്കുവളരെ മാററമുണ്ടാകുമെന്നു ഞാനും എന്റെ വർഗ്ഗക്കാരും ആശിച്ചിരുന്നു. പറയത്തക്കവണ്ണം ഒന്നും ഉണ്ടായില്ലെന്നു അറിവിക്കേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. കുറെ ഗുണങ്ങൾ ഈ കുട്ട

Digitized By Kerala Sahitya Akademi

ത്തകാലത്തു ഗവമ്മെൻറു ചെയ്യുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. അതിനു് ഞങ്ങൾക്കു കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെൻറിനോടു ഹാർദ്ദമായ കൃതജ്ഞതയുമുണ്ടു്.

കഴിഞ്ഞ കൊല്ലത്തിൽ തിരുവിതാംകൂറിൽ ഉദ്യോഗസംബന്ധമായി വർഗ്ഗംപ്രതി ലഭിക്കുന്ന ഗുണങ്ങളുടെ താരതമ്യം കാണിപ്പാനായി ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ ഈ നാലു പ്രധാന വർഗ്ഗങ്ങളിൽ നിന്നു കഴിഞ്ഞ 5 കൊല്ലങ്ങളിൽ ഉദ്യോഗം ലഭിച്ചിട്ടുള്ളവരുടെ ഒരു കണക്കു തരാൻ ഞാൻ ഗവർമ്മെൻറിനോടു അപേക്ഷിക്കയും ദയ ചെയ്തു ഗവർമ്മെൻറിൽ നിന്നു എനിക്കു അതു തരികയും ചെയ്തു. കഴിഞ്ഞ കൊല്ലത്തെ എന്റെ നിവേദനത്തിനു എന്നെ ആ കണക്കു സാരമായി സഹായിച്ചിരുന്നു. ഈ കൊല്ലവും കഴിഞ്ഞ ഒരു കൊല്ലത്തെ നിയമനങ്ങളെ കാണിക്കുന്ന അതുപോലെ വർഗ്ഗംപ്രതിയുള്ള ഒരു കണക്കു തരാൻ ഞാൻ ഗവർമ്മെൻറിനോടു കാലേകൂട്ടിത്തന്നെ അപേക്ഷിക്കുന്നു. ഈ കൊല്ലം തന്ന കണക്കിൽ ഞങ്ങളുടെ വർഗ്ഗക്കാർക്കു കഴിഞ്ഞ ഒരു കൊല്ലത്തിൽ കിട്ടീട്ടുള്ള ഉദ്യോഗങ്ങളുടെ വിവരം മാത്രമേ അടങ്ങീട്ടുള്ളു എന്നു കാണുന്നു. മററു വർഗ്ഗക്കാരുടെ വിവരം യാതൊന്നുമില്ല. അതുകൊണ്ടു് എല്ലാ വർഗ്ഗക്കാരുടെയും കണക്കു നോക്കിയാൽ നിശ്ചയമായും ന്യായസ്ഥന്മാർക്കു കേട്ടാൽ നിരക്കാത്ത വലിയ വ്യത്യാസങ്ങൾ ഈ കൊല്ലത്തെ നിയമനങ്ങളിൽ ഉണ്ടായിരിക്കണമെന്നാണു് ഞങ്ങൾ അർത്ഥമാക്കുന്നതെന്നു താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നു. വാസ്തവമങ്ങിനെയിരിപ്പാനെ വഴിയുള്ളതാനും. ഈഴവരുടെ നിയമനത്തിന്റെ കണക്കു ഞാൻ വായിക്കാം.

Digitized By Kerala Sahitya Akademi

## 1088- ൽ തിരുവിതാംകൂറിൽ ഈഴവർക്കു് കിട്ടീട്ടുള്ള ഗവർമ്മെൻറ് ഉദ്യോഗങ്ങളുടെ കണക്കു്

| ഡിപ്പാർട്ടുമെൻറു് | 5 ക വരെ ശമ്പളത്തിൽ | 5 മുതൽ 10 വരെ ക ശമ്പളത്തിൽ | 10 മുതൽ 25 വരെ ക ശമ്പളത്തിൽ | 25 മുതൽ 50 വരെ ക ശമ്പളത്തിൽ | 50 മുതൽ 100 വരെ ക ശമ്പളത്തിൽ | 100 മുതൽ ക ശമ്പളത്തിൽ | ആകെ | റിമാർക്കു് |
|---|---|---|---|---|---|---|---|---|
| പോലീസ് | — | 1 | 1 | 2 | 3 | — | 7 | |
| എക്സൈസ് | — | 11 | — | 1 | — | — | 12 | |
| ഫാറസ്റ്റ് | 1 | 10 | 2 | — | — | — | 13 | |
| പബ്ളിക് വർക്ക് | — | — | 2 | 1 | — | — | 3 | |
| എഡ്യുക്കേഷൻ | — | 14 | 13 | — | — | — | 27 | |
| രജിസ്ട്രേഷൻ | — | — | 2 | — | — | — | 2 | |
| സർവ്വേ | — | — | 1 | — | — | — | 1 | |
| മെഡിക്കൽ | — | 6 | 2 | 1 | — | — | 9 | |
| ജ്യുഡീഷ്യൽ | — | — | 3 | — | — | — | 3 | |
| റവന്യൂ | — | — | 1 | 1 | — | 1 | | |
| അഞ്ചൽ | — | 2 | — | — | — | — | 2 | |
| അഗ്രികൾച്ചർ | — | 2 | — | — | — | — | 2 | |
| പ്രിസൻ, പ്രസ്സ് മുതലായതു് | 2 | 1 | — | — | — | — | 3 | |
| എല്ലാ ഡിപ്പാർട്ടുമെൻറിലും കൂടി ആകെ തുക | | | | | | | 87 | |

Digitized By Kerala Sahitya Akademi

ഇവിടെ ഒരു സംഗതി പ്രസ്താവയോഗ്യമാണ്. ഈഴവരിൽ ഉയന്നതരം ഉദ്യോഗത്തിനു യോഗ്യത സമ്പാദിച്ചവരുടെ സംഖ്യ കുറയും. അതുകൊണ്ടു താണതരം ഉദ്യോഗലാഭത്തിനാണ് ഞങ്ങൾ ഇപ്പോൾ സങ്കടം പറയുന്നതു്. എൻെറ കഴിഞ്ഞ കൊല്ലത്തെ നിവേദനത്തിൽ അതിൻെറ ആവശ്യകതയെപ്പററി ഞാൻ സകാരണം പ്രസ്താവിക്കയും ഗവർമ്മെൻറിനോടു സങ്കട പരിഹാരത്തിനു വേണ്ടതു കഴിയുന്ന വേഗത്തിൽ പ്രവർത്തിപ്പാൻ അപേക്ഷിക്കയും ചെയ്തിരുന്നു.

പോലിസുവകുപ്പിൽ കാൺസ്റ്റബിൾമാരായി ഞങ്ങളുടെ വർഗ്ഗത്തിൽ നിന്നു തീരെ ചുരുക്കം ആളുകളെ മാത്രമേ എടുക്കാറുള്ളു. അതിന്നു ഗവർമ്മെൻറു വിചാരിക്കുന്ന കാരണം ശരിയല്ല. ജാതിയെ അടിസ്ഥാനമാക്കി കുഴപ്പങ്ങൾ ഉണ്ടാകുമെന്നു ഗവർമ്മെൻറു ധരിച്ചിരിക്കുന്നു. അതു ധരിപ്പിച്ചവരുടെ തെററാണ്. ഈഴവർ കാൺസ്റ്റബിൾമാർ റിസർവിൽ ആണുള്ളതെന്നും പുറത്തു ഡപായി പ്രവർത്തി നടത്താൻ അവരെ അയക്കാറില്ലെന്നും ഗവർമ്മെൻറു സൂചിപ്പിക്കുന്നു. അതു തീരെ അവാസ്തവമാണ്. കഴിഞ്ഞ തവണത്തെ മറുപടിയിൽ ഗവർമ്മെൻറു അങ്ങിനെ എഴുതിക്കാണുന്നതിനെപ്പററി ഞാൻ അത്യന്തം വ്യസനിക്കുന്നു. അതു് കേവലം ഒരു അവാസ്തവപ്രസ്താവം എന്നുമാത്രമല്ല ഞങ്ങൾക്കു ദോഷകരവും അപമാനഹേതുവും കൂടി ആകുന്നു. ഈഴവകാൺസ്റ്റബിൾമാരും ഹെഡ്കാൺസ്റ്റബിൾമാരും പുറത്തു പോയി എത്ര ഊജ്ജിതമായും സമ്മാനാർഹമായ വിധത്തിൽ കൂടിയുമാണു ജോലി നടത്തിവന്നിട്ടുള്ളതെന്നു എനിക്കു നല്ല വിവരമുണ്ടു്. പക്ഷെ അവരുടെ സമ്മാനാർഹമായ പ്രവൃത്തികൾ രേഖപ്പെടുത്തീട്ടുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. സംഗതി ഇങ്ങനെയിരിക്കുമ്പോൾ ഗവർമ്മെൻറിനെ ഡിപ്പാർട്ടുമെൻറു തെററിദ്ധരിപ്പിക്കുന്നതു് എത്ര ഹീനമായ നടപടിയാണ്. കമ്മീഷണർ മിസ്റ്റർ ജാജ്ജ് മനഃപൂർവം തെററിദ്ധരിച്ചതായിരിക്കയില്ല. അദ്ദേഹം

Digitized By Kerala Sahitya Akademi

യോഗ്യനാണ്. എനിക്കറിയാം. ഇതു കീഴദ്യോഗസ്ഥന്മാരെ വിശ്വസിക്കുന്നതിൽ വന്നു കൂടുന്ന അബദ്ധങ്ങളാണ്. അത്തരം ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ഞങ്ങൾക്കുണ്ടാകുന്ന അനർത്ഥങ്ങൾ അല്പമൊന്നുമല്ല. ഗവർമ്മെൻറു അതിനെപ്പററി ഇനി എങ്കിലും അറിഞ്ഞിരുന്നാൽ നന്നു.

ഈഴവരുടെ ജാതിസംബന്ധമായ സാക്ഷാൽ നിലയെപ്പററി സ്വല്പം പ്രസ്താവിക്കുന്നതു് അമിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. നമ്മുടെ നാട്ടിൽ ദീർഘമായ ഗതാഗതങ്ങൾക്കു ജനങ്ങൾ ഉപയോഗിക്കുന്ന വാഹനം വള്ളമാകുന്നു. വള്ളക്കാരിൽ ഏറിയകൂറും ഈ വർഗ്ഗക്കാരാകുന്നു. ഏതു ഉയർന്ന ജാതിക്കാരും പുണ്യക്ഷേത്രങ്ങളിൽ തീർത്ഥയാത്ര ചെയ്യുന്നതുപോലും ഈ വള്ളങ്ങളിലാണ്. അവർ വള്ളക്കാരോടൊത്തു കുടുംബസഹിതം യാത്ര ചെയ്യുന്നു. അപ്പോൾ അശുദ്ധമില്ല. ഈ പട്ടണത്തിലെ വണ്ടിക്കാരിൽ ഏറിയകൂറും ഈ വർഗ്ഗക്കാരാകുന്നു. സകല ജനങ്ങളും വണ്ടി എത്തുന്ന ദിക്കിലെല്ലാം വണ്ടിയിൽ കയറി സവാരി ചെയ്യുന്നു. അശുദ്ധമില്ല. ഇതിനെക്കാൾ മാന്യമായ തൊഴിലുകളിൽ അനാദികാലം മുതൽ ഏർപ്പെട്ടു സ്വതന്ത്രമായി കാലം കഴിക്കുന്നവർ ഈ വർഗ്ഗക്കാരിൽ എത്രയോ അധികമുണ്ട്. പഴയ ഈഴവ വൈദ്യകുടുംബങ്ങളിലേയോ ഇപ്പോഴും എവിടെയും സുലഭമായ ഈഴവ വൈദ്യന്മാരുടേയോ കഥ തന്നെ നോക്കാം. പഴയ വൈദ്യകുടുംബങ്ങളിൽ ചികിത്സക്കായി ഏതു ഉർയന്ന ജാതി സ്ത്രീപുരുഷന്മാരും വന്നു താമസിച്ചു ചികിത്സ നടത്താറും വൈദ്യന്മാരെ ക്ഷണിച്ചു കൊണ്ടുപോയി ചികിത്സ നടത്താറുമുണ്ട്. അതുപോലെ എത്രയോ ദൃഷ്ടാന്തം ഇന്നും നടന്നു വരുന്നു. വൈദ്യന്മാർ ഏതു ഗൃഹത്തിലും പ്രവേശിക്കുന്നു. അശുദ്ധം ഒന്നുമില്ല. ഇതൊക്കെ സാധാരണ അവർക്കു അനുവദിക്കപ്പെട്ടിരിക്കുന്നു. പിടന്ന കക്ഷകയോ കട്ട മുതൽ അമര്ത്തുകയോ മററൊ ചെയ്ത ഒരു കുററക്കാരൻെറ ഗൃഹത്തിൽ മഹാരാജാവു

Digitized By Kerala Sahitya Akademi

തിരുമനസ്സിലെ മുദ്രയും ധരിച്ച ഒരു ഈഴവ കാൺസ്റ്റബിൾ തൊണ്ടിയെടുക്കാനോ പുള്ളിയെ പിടിക്കാനോ പോയാൽ ആരാണു് ആക്ഷേപം പറയുന്നതു്? പറഞ്ഞാൽത്തന്നെ എന്തിനാണു വകവെക്കുന്നതു്. ഇതുവരെ ആ മാതിരി ഒരാക്ഷേപം എങ്കിലുമുണ്ടായിട്ടുണ്ടോ? ഈഴവർ പോലീസു ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചിട്ടു ഇപ്പോൾ 20 കൊല്ലത്തോളം ആയല്ലോ. അതുകൊണ്ടു് ഈ ഹീനമായ ഒഴിക്കഴിവുകളെ വകവയ്ക്കാതെ ഗവർമ്മെൻറു ഞങ്ങളുടെ വർഗ്ഗത്തിൽ നിന്നു ഞങ്ങളുടെ സംഖ്യയുടെ താരതമ്യമനുസരിച്ചു ആളുകളെ പോലീസു പട്ടാളത്തിൽ എടുപ്പാൻ നിഷ്കർഷമായ ഉത്തരവു പുറപ്പെടുവിക്കേണ്ടതാണെന്നു വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

ഇതിനെപ്പററി കഴിഞ്ഞ കൊല്ലത്തിലും ഞാൻ എത്രയോ സങ്കടങ്ങൾ പറഞ്ഞിട്ടും കായബലവും അളവും യോഗ്യതയും ശരിയായുള്ള എത്രയോ ഈഴവയുവാക്കൾ തിരഞ്ഞെടുപ്പു കാലങ്ങളിൽ ഹെഡ്ക്വാർട്ടർ ആഫീസിൽ കാത്തു കിടന്നിട്ടും കാൺസ്ററബിളായി ഒരു ഈഴവനെ മാത്രമെ ഈ കൊല്ലം എടുത്തിട്ടുള്ളു എന്നു കാണുന്നു. ഇതു് സങ്കടമാണു്. ശേഷം ആ ഡിപ്പാർട്ടുമെൻറുകളിൽ എടുത്തിട്ടുള്ളവരിൽ വേറെ എട്ടു പേർ റൈട്ടർമാരും ശേഷം മൂന്നു സബ്ഇൻസ്പെക്ടർമാരുമാണു.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഇതിലധികം ഉദ്യോഗം നല്കാൻ ധാരാളം വകയുണ്ടു്. അതിൽ ഞങ്ങൾക്കുള്ള പ്രതിബന്ധമാണു് മററുള്ളതിനേക്കാൾ ദയനീയമായിരിക്കുന്നതു്. ആ ഡിപ്പാർട്ടുമെൻറിൽ ഏറിയ ഭാഗവും ഞങ്ങളുടെ വർഗ്ഗക്കാരായാൽ തരക്കേടുണ്ടാവാനില്ലെന്നു എല്ലാവർക്കും അറിയാമല്ലോ. അതു കൊണ്ടു ഗവർമ്മെൻറു അതിനെപ്പററി പ്രത്യേകം നിഷ്കർഷിക്കേണമെന്നു വീണ്ടും ബോധിപ്പിച്ചുകൊള്ളുന്നു. ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ കീഴ്ജീവന

Digitized By Kerala Sahitya Akademi

ങ്ങൾക്കായി മലമ്പനിയേയുംമററും പേടിച്ച ഒരു വർഗ്ഗത്തിൽ നിന്നും അധികം ആളുകൾ പോകാറില്ല. അതു കൊണ്ടായിരിക്കും അതിൽ ഏതാനും ഈഴവർ നിയമിക്കപ്പെട്ടിരിക്കുന്നതു്. വിദ്യാഭ്യാസവകുപ്പിൽ എലിമെൻററി സ്കൂളുകളിൽ വാദ്ധ്യാന്മാരെ കിട്ടാത്ത ഞെരുക്കമുണ്ടായിരുന്നു. ആ വകുപ്പിൽ ഇവർക്കു 27 ഉദ്യോഗങ്ങൾ ഈ കൊല്ലം കിട്ടിയതു് അതുകൊണ്ടായിരിക്കും. ഏതായാലും അതിനു ഞങ്ങൾ നന്ദി പറയുന്നു. ശേഷമുള്ള ഡിപ്പാർട്ടുമെൻറുകൾ എല്ലാം ഒന്നു പോലെ നിർദ്ദയത്വം കാണിച്ചിരിക്കുന്നു.

റവന്യൂഡിപ്പാർട്ടുമെൻറിൽ ദേവസ്വം ഉൾപ്പെട്ടിരിക്കുന്നതിനാലാണു് ഈഴവരെ പ്രവേശിപ്പിക്കാത്തതെന്നു തോന്നുന്നു. എന്നാൽ ദേവസ്വം കാര്യങ്ങളോടു യാതൊരു സംബന്ധവുമില്ലാത്ത എത്രയോ കീഴ്ത്തരം ജീവനങ്ങൾ ഉണ്ടു്. അധികാരിമാർ, പ്രവൃത്തിപ്പിള്ളമാർ താലൂക്ക് എക്കൗണ്ടു മുതലായ ഉദ്യോഗങ്ങളിൽ ഈഴവരെ എടുക്കുന്നതിനു ഒരു വിരോധവുമില്ലാത്തതാണു്. അധികാരിമാരും പിള്ളമാരും തന്നെ മുപ്പത്തിമൂന്നു താലൂക്കുകളുള്ള നമ്മുടെ സംസ്ഥാനത്തു ഒട്ടധികമുണ്ടു്. ഈവക ഉദ്യോഗങ്ങൾ ഞങ്ങളുടെ ജാതിക്കാർക്കു ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചിയിലും ധാരാളം നൽകിവരുന്നുണ്ടു്. അതിൽ ഗവർമ്മെൻറിൻെറ ദൃഷ്ടിയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

ഉദ്യോഗം ലഭിക്കുന്നതിനുള്ള സങ്കടങ്ങൾക്കു പുറമെ ഞങ്ങൾക്കു ഉദ്യോഗം ലഭിച്ചാൽ തന്നെ പ്രത്യേകമുള്ളതു കൂടി പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു. അതു് ഈഴവ ഉദ്യോഗസ്ഥന്മാർക്കു മേലധികാരികളുടെ കീഴിൽ കയററം കിട്ടാനുള്ള പ്രയാസമാണു്. പല ഈഴവരും ഈ സങ്കടത്തിൽ പെട്ടു രാജി കൊടുത്തു കളവാൻ തന്നെ തുനിഞ്ഞിട്ടുള്ളതായും എനിക്കു അറിവാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടു ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും ഈഴവരെ ഇപ്പോഴത്തേക്കാൾ അധിക

Digitized By Kerala Sahitya Akademi

മായി ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിനും ഈഴവ ഉദ്യോഗസ്ഥന്മാരുടെ ന്യായമായ കയററത്തിൽ അനുകൂലിക്കുന്നതിനും പ്രത്യേകം ഉത്തരവുകൾ അയച്ചു ഏർപ്പാടുചെയ്യാറാകണമെന്നു താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

[പത്താമത്തു പ്രജാസഭയിൽ നടത്തിയ പ്രസംഗസംഗ്രഹം. വിവേകോദയം പു: 11 ന. 1, 2 (1089 മേടം ഇടവം) ലക്കത്തിൽ പ്രസിദ്ധം ചെയ്തതു്]

Digitized By Kerala Sahitya Akademi

# സ്കൂൾ പ്രവേശനം

സ്ക്കൂൾ പ്രവേശ സംബന്ധമായ എന്റെ നിവേദനം ആരംഭിക്കുന്നതിനു മുമ്പിൽ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഞാനും മററു ഈഴവമെമ്പർമാരും ചെയ്ത നിവേദനങ്ങളേയും അപേക്ഷകളേയും സദയം പര്യാലോചിച്ച സ്ഥലം സക്കാർ ആയുർവേദ പാഠശാലയിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാ വർഗ്ഗക്കാൎക്കും ഇപ്പോൾ പ്രവേശം അനുവദിച്ച ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നതിൽ ഗവർമ്മെൻറിന്റെ നേക്കുള്ള വലുതായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ ദീർഘമായുള്ള സങ്കടത്തെ പരിഹരിക്കുന്നതിനു ഇടയായതു ഒരു മലയാളിയായ അവിടന്നു ദിവാൻ പദത്തെ അലങ്കരിച്ചപ്പോളാണെന്നുള്ളതു് പ്രത്യേകം സ്മരിക്കത്തക്കതും അതിൽ ഞങ്ങൾക്കു പ്രത്യേകം ചാരിതാർത്ഥ്യമുള്ളതുമാകുന്നു. ആയുർവേദപാഠശാല പൂർവാചാരപ്രിയന്മാരായ അധികൃതന്മാരുടെ കീഴിൽ ഒരു പരിശുദ്ധസ്ഥാപനമായി വെച്ചുനടത്തിവന്നിരുന്നതും എല്ലാ വർഗ്ഗക്കാൎക്കും പ്രവേശമനുവദിപ്പാൻ അവർ വളരെ വൈമനസ്യം കാണിച്ചു വന്നിരുന്നതുമാകുന്നു. അതുകൊണ്ടു ഇതിൽ ഇപ്പോൾ പ്രവേശം അനുവദിച്ചതു ഗവർമ്മെൻറിനു പ്രതിനിധികളുടെ ന്യായമായ നിവേദനങ്ങളിലുള്ള ശ്രദ്ധയേയും ന്യായമായ സംഗതികളെ ചൂണ്ടിക്കാണിച്ചു ബോദ്ധ്യപ്പെട്ടാൽ ഉടൻ അതിനെ നടപ്പിൽ വരുത്തുന്നതിനുള്ള സന്നദ്ധതയേയും സർവോപരി നാനാവർഗ്ഗക്കാരാ

Digitized By Kerala Sahitya Akademi

യ പ്രജകളുടെ വിദ്യാഭ്യാസ വിഷയത്തിൽ ഗവർമ്മെൻറു സ്വീകരിച്ചിരിക്കുന്ന പരിഷ്കൃത നയത്തേയും സ്പഷ്ടമായി വിളിച്ചു പറയുന്നതാകുന്നു. അതുകൊണ്ടു ആ ഉത്തരവിനായി വീണ്ടും ഗവർമ്മെൻറിനു നന്ദി പറഞ്ഞുകൊള്ളുന്നു.

## ആയുർവേദ പഠനം പരിഷ്കരിക്കണം

ആയുർവേദ പാഠശാലയെ എല്ലാ വർഗ്ഗക്കാൎക്കും പ്രവേശമാക്കിയതു കൊണ്ടു നിശ്ചയമായും ആ സ്ഥാപനത്തിന്റെ പ്രചാരം വർദ്ധിക്കുന്നതാണ്. അതുകൊണ്ടു ഇനി ഗവർമ്മെൻറു നോക്കേണ്ടതു് അതിന്റെ പ്രയോജനത്തെക്കൂടി വർദ്ധിപ്പിപ്പാനാണ്. ഇപ്പോൾ ഈ പാഠശാലയിൽ അഞ്ചു വർഷത്തെ കോഴ്സാണുള്ളതു്. പാശ്ചാത്യ വൈദ്യ വിദ്യാഭ്യാസത്തിനു തന്നെ ഇതിനേക്കാൾ നീണ്ട കാലാവധി യൂണിവേഴ്സിററികളിൽ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഇത്രയും കാലം നമ്മുടെ ആയുർവേദ വിദ്യാർത്ഥികൾ ഈ പാഠശാലയിൽ ആയുർവേദ ഗ്രന്ഥങ്ങളെ ഉരുവിട്ടു പഠിക്കമാത്രമാണ് ചെയ്യുന്നതു്. പ്രായോഗികമായി ശരീരശാസ്ത്രം സംബന്ധിച്ചോ അവർക്കുള്ള അറിവു തീരെ തുച്ഛവും അപരിഷ്കൃതവുമാണ്. ദ്രവ്യവിജ്ഞാനം ഉൽഭിജ്ജവിജ്ഞാനം മുതലായ വിഷയങ്ങളിൽ തന്നെ ഇവർക്കു ഇപ്പോൾ കിട്ടുന്ന വിവരങ്ങൾ ഒട്ടും തൃപ്തികരമായിട്ടുള്ളവയല്ല. ഔഷധങ്ങളെ പാകം ചെയ്കയോ രോഗനിർണ്ണയം ചെയ്കയോ ഔഷധം നിശ്ചയിക്കയോ ചെയ്യുന്ന വിഷയത്തിൽ ആവശ്യമുണ്ടായിരിക്കേണ്ട കണ്ടു പഴക്കവും പരിചയവും ഇവർക്കു ഒരിക്കലും ലഭിക്കുന്നില്ല. ഈ മാതിരി പല ന്യൂനതകളാൽ ഇവരുടെ ഈ ദീർഘകാലത്തെ അഭ്യാസം പലിക്കവാറും വിഫലമായിത്തീരുന്നു. ഇതുകൊണ്ടാണ് ഈയിടെ പലരും ആയുർവൈദ്യത്തെ സ്ഥാനത്തിലും അസ്ഥാനത്തിലും ആക്ഷേപിച്ചു തുടങ്ങിയിരിക്കുന്നതു്. ആര്യവൈദ്യം ഒരു ഉൽകൃഷ്ടമായ ശാസ്ത്രവും അനുഭവം കൊണ്ടു

Digitized By Kerala Sahitya Akademi

നമുക്കു അപലപിപ്പാൻ പാടില്ലാത്തവണ്ണം ഉപയുക്തമായി ത്തീർന്നിട്ടുള്ളതും അതിനെ നിലനിർത്തുകയും പ്രചാരപ്പെടു ത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതു നമ്മുടെ മുറയും അതു നമുക്കു ഏററവും അഭിമാനകരമായിട്ടുള്ളതുമാകുന്നു. അതുകൊണ്ടു് ഈ വിദ്യാലയത്തിലെ പാഠക്രമത്തിൽ കാലോചിതമായ പരിഷ്കാരം വരുത്താൻകൂടി ഗവർമ്മെൻറു ദൃഷ്ടി വയ്ക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ സ്ഥാപനത്തെ പാശ്ചാത്യ പൗരസ്ത്യവൈദ്യവിദ്യകളിൽ രണ്ടിലും പാണ്ഡിത്യമുള്ള ഒരു മേലധികാരിയുടെ കീഴിൽ വച്ചു വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തി നടത്തുന്നതായാൽ ഈ ന്യൂനതകൾ എല്ലാം പരിഹരിക്കപ്പെടുന്നതും ഇതുകൊണ്ടു നാം ഇപ്പോൾ വിചാരിക്കുന്നതിൽ തുടലാം അധികം ഗുണം ജനങ്ങൾക്കതിൽ നിന്നും ലഭിപ്പാൻ ഇടവരുന്നതുമാണു്. അങ്ങനെ ഒരു മേലധികാരിയെ തിരഞ്ഞെടുപ്പാൻ ഗവർമ്മെൻറു വിചാരിച്ചാൽ അസാദ്ധ്യമായി വരുന്നതുമല്ല. ആ യോഗ്യതയുള്ളവർ നമ്മുടെ ഇടയിൽ അധികമില്ലെന്നുള്ളതു് സത്യമാണെങ്കിലും തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. ഇതു് പ്രത്യേകം ഗവർമ്മെൻറു ശ്രദ്ധിക്കേണ്ട വിഷയമാകുന്നു.

## സംസ്കൃത കോളേജിൽ എല്ലാവർക്കും പ്രവേശനം വേണം

ഇനി സംസ്കൃത പാഠശാലയിൽ ഇപ്പോഴും ഈഴവരേയും മററു പിന്നോക്കം നിൽക്കുന്ന മററു വർഗ്ഗക്കാരേയും പ്രവേശിപ്പിക്കാത്തതിനെപ്പററിയാണു് ഒരു വാക്കു പറവാനുള്ളതു്. ഈ പാഠശാലയെ ഇപ്പോൾ പരിഷ്കരിച്ചു ഒരു കാളേജാക്കിയിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു. സംസ്കൃത ഭാഷ അഭിമാനത്തിനുവേണ്ടി മാത്രമല്ല ആവശ്യത്തിനായും പലർക്കും പഠിക്കേണ്ട ഒരു വിഷയമാണു്. ഇതിനെ സംബന്ധിച്ചു മുന്നവസരങ്ങളിൽ ഞാൻ വളരെ വിസ്തരിച്ചു ഈ സന്നിധിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. സംസ്കൃത മുൻഷി

Digitized By Kerala Sahitya Akademi

മാരുടെ ആവശ്യകത തന്നെ നമ്മുടെ വിദ്യാലയങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ആ വേലയിൽ പ്രവേശിച്ചു പലർക്കും മാനമായി കാലയാപനം ചെയ്വാൻ സംസ്കൃതവിദ്യാഭ്യാസം ഇപ്പോൾ ഉപകരിക്കും. ആയുർവേദപാഠശാലയിൽ പ്രവേശം കിട്ടാൻ തന്നെ സംസ്കൃതജ്ഞാനം ആവശ്യമാണു്. ആ സ്ഥിതിക്കു സംസ്കൃതകാളേജിൽ എല്ലാവർക്കും പ്രവേശം അനുവദിക്കുന്നതു ഉചിതമാകുന്നു. ഇതിനെപ്പററി ഇനിയെങ്കിലും ഗവർമ്മെൻറു ദയാപൂർവ്വം പര്യാലോചിച്ചു സംസ്കൃതകാളേജിലും ഈഴവർ മുതലായ വർഗ്ഗക്കാർക്കു പ്രവേശം ലഭിപ്പാൻ വേണ്ടതു ഉടനെ ചെയ്യുമെന്നു വിശ്വസിക്കയും അതിനായി വിനയപൂർവ്വം അപേക്ഷിച്ചു കൊള്ളുകയും ചെയ്യുന്നു.

## പ്രവേശനമില്ലാത്ത വിദ്യാലയങ്ങൾ

ഇനി എലിമെററി സ്കൂളുകളിൽ പലതിലും ഇപ്പോഴും ഈഴവപ്പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രവേശം ഇല്ലെന്നുള്ള സങ്കടത്തെപ്പററിയാണു എനിക്കറിവിക്കേണ്ടിയിരിക്കുന്നതു്. ഇതിനെപ്പററി ചിലർക്കു അത്ഭുതം തോന്നാം. ഈഴവർക്കു പ്രവേശമില്ലാത്ത എലിമെൻററി സ്കൂളുകൾ ഇപ്പോൾ എതെങ്കിലുമുണ്ടോ എന്നും നിങ്ങൾ എന്താണു് ഈ വിഷയത്തെപ്പററി പ്രസംഗിപ്പാൻ വിചാരിക്കുന്നതെന്നും എന്നോടു് പല സ്നേഹിതന്മാരും ഇവിടെയുള്ള മാന്യമെമ്പറന്മാരിൽ പലരും ഇക്കുറി ചോദിക്കുകയുണ്ടായി. ഇവിടങ്ങളിലുള്ള എൻെറ സ്വജാതിക്കാരിൽ തന്നെ പലരും ഈ ചോദ്യം എന്നോടു ചോദിച്ചിട്ടുണ്ടു്. (ദിവാൻജി:—എനിക്കും അതു സംശയമാണു് അങ്ങിനെ ഏതെങ്കിലും സ്കൂളുകളിൽ നിങ്ങളുടെ കുട്ടികൾക്കു പ്രവേശമില്ലാതിരിക്കുന്നുണ്ടോ?) ദക്ഷിണതിരുവിതാംകൂറിൽ പറയത്തക്കവണ്ണമൊന്നുമില്ല. എന്നാൽ കൊല്ലം മുതൽ വടക്കോട്ടു പ്രവേശമില്ലാത്ത സ്കൂളുകൾ ഇപ്പോഴും ധാരാളമുണ്ടു്. ഇവയിൽ ചിലതിനെപ്പററി

Digitized By Kerala Sahitya Akademi

ഞാൻ കഴിഞ്ഞ കുറി പ്രസ്താവിക്കയും അതിനെ ഗൗനിച്ച നിഷ്കർഷമായി ഡിപ്പാർട്ടുമെൻറിലേക്കു ഉത്തരവയക്കുന്ന താണെന്നു ദിവാൻജി അവർകൾ മറുപടി പറകയും ചെയ്തിരുന്നു. അമ്പലപ്പുഴ താലൂക്കിൽ ഏതാനും സ്കൂളുകളിൽ അതിനുശേഷം ഡിപ്പാർട്ടുമെൻറിൻെറ നിർബന്ധമായ ഉത്തരവുകൾ മൂലം പ്രവേശം കിട്ടുകയും ചെയ്തിട്ടുണ്ടു്. അതിനായി ഡിപ്പാർട്ടുമെൻറു് മേലധികാരികളോടുള്ള കൃതജ്ഞതയെ പ്രത്യേകം അറിവിച്ചു കൊള്ളുന്നു.

ചേർത്തല മുതലായ താലൂക്കുകളിൽ ഇപ്പോഴും പ്രവേശമില്ലാത്ത ഏതാനും സ്ക്കൂളുകളെ പറയാം.

ലിസ്റ്റ്

ചേർത്തല

1. തണ്ണീർമുക്കം എൽ. ജി. ഇ. പെൺപള്ളിക്കൂടം.
2. വയലാർ പ്രവൃത്തി പള്ളിക്കൂടം.
3. വയലാർ ഉഴവമുറിയിൽ ഉള്ള പെൺപള്ളിക്കൂടം.
4. വയലാർ കൊട്ടാരം എൽ. ജി. ഇ. സ്ക്കൂൾ.
5. കോടംതുരുത്തു എൽ. ജി. ഇ. സ്ക്കൂൾ
6. ഏരമല്ലൂർ എച്ച്. ജി. ഇ. സ്ക്കൂൾ.
7. കുത്തിയതോടു് എൽ. ജി. ഇ. സ്കൂൾ
8. എഴുപുന്ന എൽ.ജി.ഇ.സ്കൂൾ.
9. ആര്യാട്, എൽ.ജി.ഇ.സ്കൂൾ
10. ചേർത്തല പെൺ പള്ളിക്കൂടം.

വൈക്കം.

11. വൈക്കം എലിമെൻററി ആൺപള്ളിക്കൂടം.
,, ,, പെൺപള്ളിക്കൂടം.
12. പാണാവള്ളി കൃപ്പാററുകളം എൽ. ജി. ഇ. ആൺ പള്ളിക്കൂടം.
13. ,, ,, ,, പെൺപള്ളിക്കൂടം.

Digitized By Kerala Sahitya Akademi

14. നീഴരററുപുറത്തുള്ള ആനപ്പറമ്പായിൽ വടക്കേമുറി ഗ്രാൻറു സ്ക്കൂൾ.

അമ്പലപ്പുഴ

15. തലവടി തെക്കേ മുറിയിൽ എൽ. ജി. ഇ. സ്ക്കൂൾ.

തിരുവല്ല.

16. ,, സ്ക്കൂളിനടുത്തുള്ള പെൺ പള്ളിക്കൂടം.

ചെങ്ങന്നൂർ

17. ചെങ്ങന്നൂർ ഇടനാട്ട എൽ ജി. ഇ. സ്ക്കൂൾ.

18. ആറൻമുള എൽ. ജി. ഇ. പെൺപള്ളിക്കൂടം.

19. ഓതല്ലൂർ പെൺപള്ളിക്കൂടം.

20. പന്തളം തട്ടയിൽ എൽ. ജി. ഇ. സ്ക്കൂൾ.

മാവേലിക്കര.

21. ഉല്ലവത്ത പെൺപള്ളിക്കൂടം.

22. ഭഗവതി പടിക്കൽ എൽ. ജി. ഇ. പെൺപള്ളിക്കൂടം

23. കുമാരപുരം. എൽ. ജി. ഇ. സ്ക്കൂൾ.

24. നൂറനാട്ട പ്രവൃത്തി കുടശ്ശനാട്ട മുറിയിൽ തൊററിക്കുഴി എൽ. ജി. ഇ. സ്ക്കൂൾ

കാർത്തികപ്പള്ളി.

25. കായംകുളം പുതിയേടത്തു ആൺപള്ളിക്കൂടം.

26. അരിപ്പാട്ട എച്ച്. ജി. ഇ. സ്ക്കൂൾ.

ലിസ്റ്റിൽ കാണുന്ന 10 സ്ക്കൂളുകൾ ചേർത്തല താലൂക്കിലാണു്. തണ്ണീർമുക്കം ആൺപള്ളിക്കൂടം ഈഴവരുടെ ചിലവിൽ ഉണ്ടാക്കിയതാണു്. 87_ാമാണ്ടു വരെ അവരുടെ പെൺകുട്ടികളെ അതിൽ പഠിപ്പിച്ചു വന്നു. അതിനുശേഷം ഗറൽ സ്ക്കൂൾ (സ്ക്കൂൾ നമ്പർ 1 ) പ്രത്യേകം ഏർപ്പെട്ടപ്പോൾ ആൺപള്ളിക്കൂടത്തിൽ അവരുടെ പ്രവേശം തട

Digitized By Kerala Sahitya Akademi

യുകയും പെൺ പള്ളിക്കൂടത്തിൽ അവരെ അനുവദിക്കാതാകയും ചെയ്തു. അതുകൊണ്ടു ഈഴവപ്പെൺകുട്ടികൾക്കു പഠിപ്പാൻ ഇപ്പോൾ അവിടെ യാതൊരു വഴിയുമില്ല. ഈ മാതിരി സങ്കടങ്ങൾ ഈഴവ പെൺ കുട്ടികളുടെ വിഷയത്തിൽ പലപ്പോഴും പലേടത്തുമുണ്ടാകുന്നു. ഇതുകൊണ്ടാണു് ഞങ്ങളുടെ വർഗ്ഗത്തിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ സംഖ്യ ഏററവും കുറഞ്ഞു കാണുന്നതു്. നൂററിനു ഒന്നിൽ ചിലപ്പാനം സ്ത്രീകളേ ഈഴവരിൽ എഴുതാനും വായിക്കാനും അറിയുന്നവരായുള്ളു. പുരുഷന്മാർ നൂററിനു 18_ൽ അധികമുണ്ടു്. ആകെ ഈഴവരിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂററിനു 10 ൽ ചിലപ്പാനം മാത്രമാണു്. സ്ത്രീകളാണു് ആകെ ഈ സംഖ്യയെ ഇത്ര കുറച്ചു കളയുന്നതു്. ഇനിയും അവരുടെ വിദ്യാഭ്യാസ സൗകര്യത്തെ തടഞ്ഞാൽ കഷ്ടമാണു്. തണ്ണീർമുക്കം സ്ക്കൂളിനെപ്പററി സ്ഥലത്തെ ഈഴവർ ഡയറക്ടർക്കും ഇൻസ്പെക്ട്രസ്സിനും നേരിട്ടു ഹർജികൾ ബോധിപ്പിച്ചിട്ടുണ്ടു്.

2. വയലാർ പ്രവൃത്തിപ്പള്ളിക്കൂടം പട്ടണക്കാട്ടു ക്ഷേത്രത്തിൽനിന്നു് വളരെ അകലെയാണു്. സ്ക്കൂളിരിക്കുന്ന സ്ഥലത്തു ഈഴവർക്കു പോകുന്നതിനു് ക്ഷേത്രസംബന്ധമായ തടസ്സം ഒരുകാലത്തും ഉണ്ടായിട്ടില്ല. എങ്കിലും അവരെ സ്ക്കൂളിൽ പ്രവേശിപ്പിക്കുന്നില്ല. സ്കൂൾ മാററി സ്ഥാപിപ്പാനായി വേറൊരു സ്ഥലം എടുത്തിട്ടു മൂന്നു കൊല്ലമായി. ആ ഭൂമിക്കു ഈഴവരെ കൊണ്ടാണു് വില കൊടുപ്പിച്ചിട്ടുള്ളതു്. ഇനിയും സ്കൂൾ പണി ആരംഭിച്ചിട്ടില്ല. ഈഴവർ എത്ര കാലം കാത്തിരിക്കണമെന്നും അറിയുന്നില്ല. കാലങ്ങൾ പോകുന്തോറും കുട്ടികൾക്കു വയസ്സേറിപ്പോകുന്നു. പഠിക്കേണ്ട പെൺകുട്ടികൾ പ്രായം കഴിഞ്ഞു അമ്മമാരും ആൺകുട്ടികൾ പിതാക്കന്മാരുമായിത്തീരുന്നു. അതുകൊണ്ടു വീണ്ടും ഒരു തലമുറ കൂടി ഈഴവർക്കു വിദ്യാഭ്യാസമില്ലാതാകുന്നു. ചേർത്തലയുള്ള മററു സ്കൂളുകളിലും ഉള്ള തടസ്സങ്ങൾ ഇതൊക്കെത്തന്നെ

Digitized By Kerala Sahitya Akademi

യാണു്. ഉയർന്ന വർഗ്ഗക്കാരിൽ വല്ലവരും വിവരമില്ലാതായോ സ്വപക്ഷ നിമിത്തമോ കണ്ണുംപൂട്ടി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഒരു വിരുദ്ധാഭിപ്രായത്തെ അടിസ്ഥാനമാക്കി പ്രജകളിൽ ഗണ്യമായ ഒരു വർഗ്ഗത്തിന്റെ വിദ്യാഭ്യാസ സൗകര്യത്തെ തടഞ്ഞു വെച്ചു അവരെ കഷ്ടപ്പെടുത്തുന്നതു് എത്ര സങ്കടകരമായ സംഗതിയാണെന്നു പറഞ്ഞറിവിപ്പാൻ പ്രയാസം. ചേർത്തല തിരുവിതാംകൂറിൽ മുതലെടുപ്പുകൊണ്ടും വിസ്താരം കൊണ്ടും ഏററവും വലിയ ഒരു താലൂക്കാണു്. ആ താലൂക്കിലെ പ്രജകളിൽ ഏററവും വലിയ ഭാഗം ഈഴവരാകുന്നു. അവർ ഭൂനികുതിക്കു പുറമേ വ്യവസായങ്ങളിൽ ഏർപ്പെട്ടും മററു വർഗ്ഗക്കാരെക്കാൾ അധികം ധനം ഗവർമ്മെണ്ടിന്റെ ഭണ്ഡാരത്തിൽ അടയ്ക്കുന്നു. ചേർത്തല അറുപത്തിമൂവായിരത്തിൽ പരം ഈഴവരുണ്ടു്. നായന്മാർ തന്നെ പതിനെണ്ണായിരത്തിൽ ചില്വാനം മാത്രമേയുള്ളൂ. അതുകൊണ്ടു ഈ താലൂക്കിലെ അവരുടെ വിദ്യാഭ്യാസ സംബന്ധമായ സങ്കടങ്ങളിൽ ഇനി എങ്കിലും ഗവർമ്മെന്റു പ്രത്യേകം ദൃഷ്ടി വെച്ചു നിവൃത്തിയുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

വൈക്കം താലൂക്കിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സ്ക്കൂളുകളിൽ വൈക്കത്തു തന്നെയുള്ള ആൺ പെൺ പള്ളിക്കൂടങ്ങൾ രണ്ടും ഈഴവർ മുമ്പു നടന്നുവന്നിരുന്ന റോഡിന്റെ വക്കിലാണിരിക്കുന്നതു്. ഏതാനും കൊല്ലങ്ങൾക്കു മുമ്പു അവിടെ റവന്യൂ അധികൃതന്മാരിൽ ആരോ ഒരു പലക കൊണ്ടുവന്നു തൂക്കി ഈഴവർക്കും മററും അതുവഴി പോകാൻ പാടില്ലെന്നു എഴുതി വെച്ചു എന്നുള്ള തടസ്സമാണു് പരമാർത്ഥത്തിൽ ഇപ്പോൾ ഉള്ളതു്. അതുകൊണ്ടു ആ പലക അവിടെ നിന്നു് എടുത്തു കളഞ്ഞാൽ ഈഴവർക്കു പഴയപോലെ ആ റോഡിൽ കൂടി സഞ്ചരിക്കയും ആ സ്ക്കൂളുകളിൽ കടന്നു പഠിക്കയും ചെയ്യാ

Digitized By Kerala Sahitya Akademi

വുന്നതാണ്. സ്കൂളുകൾ മാററി സ്ഥാപിക്കയോ പുത്തനാ യി നിർമ്മിക്കയോ ചെയ്യുന്നതിനേക്കാൾ ഇതു എല്ലാംകൊ ണ്ടും സുകരമാണെന്നു പറയേണ്ടതില്ലല്ലോ.

പലകയെപ്പററി പറയുമ്പോൾ ഒരു സംഗതി കൂടി ഓർ മ്മയിൽ വരുന്നു. അതിനെ സംബന്ധിച്ച ഒരു വാക്കുകൂടി പറവാൻ അനുവാദം അപേക്ഷിച്ചു കൊള്ളുന്നു. തിരുവിതാം കൂറിന്റെ മദ്ധ്യോത്തര ഭാഗങ്ങളിൽ പല പ്രധാന സ്ഥലങ്ങ ളിലും ഇത്തരം പലകകൾ നിൽക്കുന്നതു കണ്ടിട്ടുണ്ട്. ആ സ്ഥലങ്ങളിലും ഈഴവർ അവ നിമിത്തം അധികം സങ്കടങ്ങ ളും അനാവശ്യമായ ബുദ്ധിമുട്ടുകളും അനുഭവിക്കയും ചെയ്യുന്നു ണ്ട്. ഈ പലകകൾ ഒക്കെ പുത്തനാണ്. അതുകൊണ്ടു അ ടുത്ത കാലങ്ങളിൽ തന്നെ ഈഴവർ നടന്നു കൊണ്ടിരുന്ന വ ഴികളെ അടപ്പാനായി മനഃപൂർവം നാട്ടിയിരിക്കുന്നവയാ ണെന്നു് കണ്ടാൽത്തന്നെ ഒരു വിധം അറിയാം. നടക്ക പ തിവില്ലായിരുന്ന വഴികളെ പരസ്യം കൊണ്ടു നിഷേധിക്കേ ണ്ട ആവശ്യകതയില്ലല്ലോ. തടഞ്ഞിരിക്കുന്ന വഴികൾ മി ക്കതും തടുക്കപ്പെട്ട വർഗ്ഗക്കാർ ഗതാഗതം ചെയ്തു വന്നിരുന്ന താണ്. ഇങ്ങിനെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ തടപ്പാൻ വിചാരശൂന്യമായി പ്രവർത്തിക്കുന്നതു പരിഷ്കൃതരീതി യിൽ വിദ്യാഭ്യാസം ചെയ്ത ഉദ്യോഗസ്ഥരാണെന്നുള്ളതോർക്കു മ്പോൾ വലിയ നൈരാശ്യം തോന്നുന്നു. അവിടന്നു മേലാൽ സർക്കീട്ടു ചെയ്യുമ്പോൾ ഈ മാതിരി നോട്ടീസ് പലകകളെ പ്പററി ദയചെയ്തു ഒന്നു അന്വേഷിക്കുകയും സാദ്ധ്യമായ സ്ഥ ലങ്ങളിൽ നിന്നൊക്കെ അവയെ മാററിക്കളെവാൻ ആജ്ഞാ പിക്കയും ചെയ്താൽ അതു വലിയൊരു പുണ്യമായിരിക്കുമെന്നു താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

വൈക്കം താലൂക്കിലെ ഈഴവരുടെ വിദ്യാഭ്യാസ തടസ്സ ത്തെ ഗവർമ്മെൻറു വളരെ സാരമായി വിചാരിക്കേണ്ടതാ

Digitized By Kerala Sahitya Akademi

കുന്നു. ആ താലൂക്കിലും അവരുടെ ജനസംഖ്യ വളരെ വലുതായിട്ടുള്ളതാണ്. മുപ്പത്തെണ്ണായിരത്തിൽ പരം ഈഴവർ അവിടെ കുടിപാർക്കുന്നു. നായന്മാർ തന്നെ പന്തീരണ്ണായിരത്തിൽ ചില്വാനംമേ ഉള്ളു. സങ്കടക്കാരുടെ ബാഹുല്യം സങ്കടത്തിന്റെ ഭാരത്തെ കാണിക്കുമെന്നുള്ളതു് പ്രത്യാഖ്യാനിപ്പാൻ പാടില്ലാത്ത വസ്തുതയാണല്ലോ.

ലിസ്റ്റിൽ അടങ്ങിയ മററു ഓരോ സ്കൂളുകളെയും പററി വിസ്തരിച്ചു പറവാൻ സമയമില്ല. അവയിൽ ചിലതിൽ പറയുന്ന തടസ്സങ്ങൾ വളരെ നേരമ്പോക്കുള്ളവയാണ്. സ്കൂളിൽ നിന്നുകൊണ്ടു നോക്കിയാൽ ദൂരത്തു ഒരു കാവു കാണാം എന്നും ഒരു അമ്പലം കാണാമെന്നും മററുമുള്ള തടസ്സങ്ങൾ കൂടിയുമുണ്ടു്. ചില സ്കൂൾ വെറും നിജ്ജന പ്രദേശത്താണിരിക്കുന്നതു് എന്നുള്ള വസ്തുതയും അറിവിച്ചുകൊള്ളുന്നു. കാർത്തികപ്പള്ളിയിൽ അരിപ്പാട്ടു ഗറൽസ് സ്കൂൾ അമ്പലത്തിനു സമീപമായിരുന്നതിനാലു ഈഴവർക്കും മററും പ്രവേശ്യമല്ലെന്നുള്ള കാരണത്താലും ഈഴവർ സങ്കടം പറഞ്ഞതനിലുമാണ് മാററി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു സ്ഥാപിച്ചതു്. ഗവമെന്റു ഇതിനായി 22000 രൂപയ്ക്കുമേൽ ചിലവാക്കീട്ടുണ്ടു്. എന്നാൽ മാററി സ്ഥാപിച്ച സ്ഥലത്തിനു സമീപം ഒരു കാവിരിക്കുന്നു എന്നും പറഞ്ഞു് വീണ്ടും വൈദികന്മാർ മുഖേന വഴക്കാരംഭിച്ചിരിക്കുന്നതായും ഈഴവപ്പെൺകുട്ടികളെ ഇപ്പോഴും അതിൽ കയററുന്നില്ലെന്നും അറിയിപ്പാൻ ഇടയാകുന്നതിൽ വ്യസനിക്കുന്നു. (ദിവാൻജി:—"സക്കീട്ടിൽ അവിടെ പോകുമ്പോൾ ഞാൻ അതിനെപ്പററി അന്വേഷിച്ചു ഈഴവപ്പെൺകുട്ടികൾക്കു അതിൽ കയറി പഠിക്കാൻ അനുവാദം കൊടുക്കുന്നതാണ്.") അവിടന്നു അതിനെപ്പററി ചെയ്തു ദയയേറിയ അന്വേഷണത്തിനും ഈ വാഗ്ദാനത്തിനുമായി ഹൃദയപൂർവം നന്ദി പറഞ്ഞുകൊള്ളുന്നു. എന്റെ ഈ വിഷയത്തിലുള്ള നി

Digitized By Kerala Sahitya Akademi

വേദനത്തെ അവസാനിപ്പിക്കുന്നതിനു മുമ്പു ഒടുവിൽ പറഞ്ഞ ഗറസ്സ്കൂളുകളെപ്പറ്റി നടന്ന എഴുത്തുകുത്തിൽ കാണുന്ന ഒരു പദപ്രയോഗത്തെപ്പററി ഒരു വാക്കു ബോധിപ്പിപ്പാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. എന്റെ കയ്യിൽ ഇരിക്കുന്ന ഒരു എൻഡോഴ്സുമെൻറിൽ ഈഴവരെപ്പററി ഒരു പള്ളിക്കൂടം അധികൃതൻ (ഞാൻ പേരു പറയുന്നില്ല.) 'താണ ജാതിക്കാർ' എന്നു ഉപയോഗിച്ചിരിക്കുന്നു. ഇതു് അഭിമാനകരമായ ഒരു വിശേഷണപദമല്ലെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യരുടെ ഇടയിൽ ആത്മാഭിമാനത്തെ വർദ്ധിപ്പിക്കുകയും അതു ഉൽകൃഷ്ടഗുണത്തെ പരിപാലിക്കുകയും ചെയ്യുന്നതാണു് വിദ്യാഭ്യാസത്തിന്റെ മുഖ്യ ഉദ്ദേശ്യങ്ങളിൽ ഒന്നു്. അതൊന്നില്ലെങ്കിൽ മററെല്ലാ സൽഗുണങ്ങളും നിഷ്പ്രയോജനവുമാണു്. വിദ്യാഭ്യാസവും മനഃപരിഷ്കാരവും സിദ്ധിച്ചിട്ടുള്ള ഒരാളും മററൊരു സമസൃഷ്ടിയെ നോക്കി താണവനെന്നോ താണവളെന്നോ വിളിപ്പാൻ ധൈര്യപ്പെടുക സഹജമല്ലല്ലോ. പിന്നെ പബ്ലിക്ക് എഴുത്തുകുത്തുകളിൽ ഈ മാതിരി പദങ്ങൾ ഉപയോഗിപ്പാൻ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ തന്നെ തുനിഞ്ഞു കാണുന്നതു കഷ്ടമാണു്. മാന്യനായ ആലുമ്മൂട്ടിൽ ചാന്നാരുടെ അനന്തിരവനായ വിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു യോഗ്യനു നൽകിയ ഒരു എൻഡോഴ്സുമെൻറിലാണു് ഈ പദം പ്രയോഗിച്ചിരിക്കുന്നതെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഈഴവരെപ്പററി അവരുടെ ജാതിപ്പേരു തന്നെ പറഞ്ഞാൽ ധാരാളം മനസ്സിലാകുമെന്നിരിക്കുമ്പോൾ ഈ പ്രതിപദം ഉപയോഗിക്കുന്നതു വ്യർത്ഥവുമാണു് നിഷിദ്ധവും സദാചാരവിരുദ്ധവുമായ ഈ മാതിരി നടപടി മേലാലെങ്കിലും ഗവർമ്മെൻറു തടയേണ്ടതാണെന്നു വിനയപൂർവം അപേക്ഷിച്ചുകൊള്ളുന്നു.

ഞാൻ മേൽ ചൂണ്ടിക്കാണിച്ചതും അല്ലാത്തതുമായി എന്റെ വർഗ്ഗക്കാർക്കു പ്രവേശം ഇപ്പോഴില്ലാത്ത സ്കൂളുകളെ

Digitized By Kerala Sahitya Akademi

പ്പററി ഗവർമ്മെൻറു, ഡിപ്പാർട്ടുമെൻറു മുഖേന അന്വേഷിച്ച ഒരു പൂർണ്ണമായ ലിസ്ററു തയാറാക്കുകയും പ്രവേശ്യമെന്നു കാണുന്നവയിൽ എല്ലാം അടുത്ത സ്കൂൾ വർഷാരംഭത്തോടുകൂടി തന്നെ പ്രവേശം കിട്ടത്തക്കവണ്ണം നിർബന്ധമായി ഉത്തരവുകൾ പുറപ്പെടുവിക്കയും ചെയ്യണമെന്നും താഴ്മയായി അപേക്ഷിച്ചു കൊണ്ടു വിരമിച്ചുകൊള്ളുന്നു

## ഈഴവർക്കു സർക്കാരുദ്യോഗ വിഷയത്തിലുള്ള സങ്കടങ്ങൾ.

കഴിഞ്ഞ ആണ്ടുകളിൽ ഈ വിഷയത്തിൽ ഈഴവർക്കുള്ള സങ്കടങ്ങളെപ്പററി കണക്കുകളെ അടിസ്ഥാനമാക്കിയാണു് നിവേദനം ചെയ്തിരുന്നതു്. ഈ മാതിരി വിഷയത്തിൽ കണക്കുകൾ കൊണ്ടു് താരതമ്യ പരീക്ഷണം ചെയ്യുന്നതു് എത്ര പ്രയോജനകരമായ സംഗതിയാണെന്നു് പറയേണ്ടതില്ലല്ലോ. അതു സഭയുടെ സമയത്തെ അനാവശ്യമായി വ്യയം ചെയ്യാതിരിക്കുന്നതിനും അനാവശ്യമായോ വഴിതെററിയോ ഉള്ള വാദങ്ങളെക്കൊണ്ടും അത്യുക്തികൊണ്ടും അധികാരികളെ മുഷിപ്പിക്കാതിരിക്കുന്നതിനും വിശേഷിച്ചും ഉപയുക്തമായിരിക്കുന്നതാണു്. അതുകൊണ്ടു് മുൻകൊല്ലങ്ങളിൽ തിരുവിതാംകൂറിൽ സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കുന്ന ഏതാനും മററു പ്രധാന വർഗ്ഗക്കാരുടെയും ഈഴവരുടേയും കണക്കു് സഭാദിവസത്തിനു മുമ്പു് തരുന്നതിനായി ഞാൻ അപേക്ഷിക്കുകയും ഗവർമ്മെൻറു് അതു തരികയും ചെയ്തു വന്നിരുന്നു. പതിവുപോലെ ഇക്കൊല്ലവും ഞാൻ അതിനായി അപേക്ഷിച്ചു. ആ അപേക്ഷയ്ക്കു (ദിവാൻജിയോടായിട്ടു്) അവിടുന്നു വാക്കാൽ ചില സമാധാനങ്ങൾ പറഞ്ഞതല്ലാതെ രേഖാമൂലമായ ഒരു മറുപടിപോലും തന്നിട്ടില്ലെന്നുള്ള വസ്തുത വ്യസനപൂർവം പ്രസ്താവിക്കേണ്ടിയിരുന്നു. (ദിവാൻജി— അങ്ങനെ കൊടുക്കാൻ പ്രയാസമാണു്.'' അധികം പ്രതിധികൾ ഉണ്ടു്.

Digitized By Kerala Sahitya Akademi

എല്ലാവരും ഓരോ വിവരങ്ങൾക്കു ഇങ്ങനെ ആവശ്യപ്പെട്ടാൽ ഹജൂർ ആഫീസിൽ നിന്നു അതെല്ലാം കൊടുത്തു എന്നു വരുന്നതല്ല.) പ്രതിനിധി:– ഞാൻ ഒരു വലിയ സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കയാണെന്നുള്ളതു പ്രസിദ്ധമാണു. ആ സമുദായത്തിൽ 5 1/2 ലക്ഷം ജനങ്ങളുണ്ടു. ഇത്ര അധികം ജനങ്ങളുടെ സങ്കടങ്ങളെ പ്രതിപാദിക്കുന്ന പ്രതിനിധികളുടെ സംഖ്യ നിശ്ചയമായും ഈ സഭയിൽ അധികമായി ഉണ്ടായിരിക്കയില്ലെന്നുള്ളതു ആർക്കും അറിയാവുന്നതാണു. അതുകൊണ്ടു എനിക്കു ഇതുവരെ നൽകിവന്ന സൗകര്യത്തെ ഗവർമ്മെന്റു നിറുത്തിക്കളഞ്ഞതു സങ്കടമാകുന്നു. ഇതിനു എനിക്കു ഒരു സമാധാനമേയുള്ളു. അവിടത്തെ മഹാമനസ്കതയിൽ ഞങ്ങൾക്കു നല്ല വിശ്വാസമുണ്ടു. അവിടന്നു ദിവാൻപദം സ്വീകരിച്ചിട്ടു വേണ്ടത്ര കാലമായിട്ടില്ല. സംഗതികളുടെ സ്വഭാവത്തേയും സത്യത്തേയും സ്വന്തദൃഷ്ടി കൊണ്ടുതന്നെ അവിടന്നു കാണാൻ ഇടയാകുമ്പോൾ നിശ്ചയമായും ഈമാതിരി അപേക്ഷകളെ അവിടന്നു ഒരിക്കലും തള്ളിക്കളകയില്ല. അതുകൊണ്ടു അടുത്ത തവണയും ഞാൻ അല്ലെങ്കിൽ എന്റെ സ്ഥാനത്തിൽ ഇവിടെ വരുന്ന പ്രതിനിധി ഈ വിവരങ്ങൾ ആവശ്യപ്പെടുകതന്നെ ചെയ്യും. നിശ്ചയമായും അന്നു അവിടന്നു അതു കൊടുപ്പാൻ അനുവദിക്കുകയും ചെയ്യും. അവിടത്തെ ന്യായനിഷ്ഠതയിൽ ഞങ്ങൾക്കു അത്ര ഉറപ്പുണ്ടു.

ഏതായാലും ഈ തവണ എന്റെ നിവേദനം ഊഹത്തെ ആധാരമാക്കി തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. ഈഴവർക്കു തിരുവിതാംകൂറിൽ ഉദ്യോഗം ആശിക്കാമെന്നു തോന്നിത്തുടങ്ങീട്ടു പത്തു കൊല്ലം ആകയില്ല. അതിനു മുമ്പു ചില ഡിപ്പാർട്ടുമെന്റുകളിൽ ചുരുക്കം ചില ഈഴവർക്കു ചില ചില്ലറ ജീവനങ്ങൾ ലഭിച്ചിരുന്നു എങ്കിലും അതു യാദൃച്ഛികമായും ചില മേലുദ്യോഗസ്ഥന്മാരുടെ പ്രത്യേക ഔദാര്യ ഫലമായും വിചാരിച്ചു പോന്നതേയുള്ളു. മാറിപ്പോയ ദിവാൻ രാജഗോപാലാ

Digitized By Kerala Sahitya Akademi

ചാരി അവർകളുടെ കാലം മുതൽക്കാണ് യോഗ്യതയുള്ള ഈഴവർക്കു ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു പ്രത്യേകം ദൃഷ്ടി വെച്ചുതുടങ്ങിയെന്നുള്ള സംഗതി പ്രസിദ്ധമാകുന്നു. അന്നു മുതൽ മിക്ക ഡിപ്പാർട്ടുമെൻറുകളിലും കൊല്ലംതോറും കൂടുതൽ കൂടുതലായി ഈഴവർക്കു ഉദ്യോഗം ലഭിച്ചുകൊണ്ടു വന്നു. എനിക്കു മുന്നാണ്ടുകളിൽ കിട്ടീട്ടുള്ള കണക്കുകളിൽ നിന്നും എൻെറ പഴയ നിവേദനങ്ങളിൽ നിന്നും അതു വെളിവാകുന്നു. 1088_ൽ തന്നെ 5 മുതൽ നൂറു രൂപാ വരെ ശമ്പളമുള്ളതായി ആകെ 87 ഉദ്യോഗങ്ങൾ ഈഴവർക്കു കിട്ടിയിരിക്കുന്നു. അതുതന്നെ മററു വർഗ്ഗക്കാർക്കു ലഭിച്ച ഉദ്യോഗസംഖ്യയോടു താരതമ്യപ്പെടുത്തിയാൽ തൃപ്തികരമായ ഒരു ഓഹരി അല്ലായിരുന്നു. കഴിഞ്ഞ സെൻസസ് പ്രകാരം തിരുവിതാംകൂറിൽ ആകെയുള്ള സർക്കാരുദ്യോഗങ്ങളിൽ നൂററിനു 41 നായന്മാർക്കും 28 ക്രിസ്ത്യാനികൾക്കും 19 ബ്രാഹ്മണർക്കും ആയിട്ടാണു് വിഭജിച്ചു കാണുന്നതു്. ഈഴവർക്കു നൂററിനു ഒന്നുപോലുമില്ല. 8 മാത്രമേയുള്ളു. സംഖ്യകൊണ്ടു ഗുണാക്കിയാൽ പ്രജകളിൽ ആറിൽ ഒരു ഭാഗം അവരാണു്. നൂററിനു 16 ൽ അധികം ഉദ്യോഗങ്ങൾക്കു് അവർക്കു അവകാശമുള്ളതുമാണു്. എന്നാൽ പഴയ ദിവാൻജി 89_ൽ മാറിപ്പോയതോടുകൂടി ഉദ്യോഗവിഷയത്തിൽ ഞങ്ങളുടെ മന്ദമായ പുരോഗതിയ്ക്കുതന്നെയും പെട്ടെന്നു പരിതാപകരമായ ഏതോ പ്രതിബന്ധം നേരിട്ടിരിക്കുന്നു എന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. 88-ൽ 87 ഉദ്യോഗങ്ങൾ എങ്കിലും ഈഴവർക്കു കിട്ടിയിരുന്നു എന്നു ഞാൻ പ്രസ്താവിച്ചുവല്ലോ. ഇക്കഴിഞ്ഞ കൊല്ലത്തിൽ (1039_ൽ) ഒരു ഉദ്യോഗമെങ്കിലും ഞങ്ങൾക്കു കിട്ടീട്ടുണ്ടോ എന്നു സംശയമാണു്. കിട്ടീട്ടില്ലെന്നു വരാനാണു് എളുപ്പം. ഇതു എത്ര സങ്കടകരമായ സംഗതിയാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണു്. ഡിപ്പാർട്ടുമെൻറു മേലധികാരികളിൽ ആരും ഞങ്ങളുടെ വിഷയത്തിൽ അനുകമ്പ

Digitized By Kerala Sahitya Akademi

കാണിക്കുന്നില്ല. അതാണിങ്ങനെ വരുന്നതു്. ഈഴവരിൽ ഉയർന്നതരം ഉദ്യോഗത്തിനു വേണ്ട വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ സംഖ്യ ചുരുക്കമാണു്. അതുകൊണ്ടു കീഴ്തരം ഉദ്യോഗങ്ങളെ സംബന്ധിച്ചാണു് ഞങ്ങൾക്കു സാധാരണ സങ്കടം ഉള്ളതു്. അവയെല്ലാം ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ അനുകമ്പകൊണ്ടു മാത്രം സാധിക്കത്തക്കതുമാണു്. ഗവർമ്മെൻറു ഇപ്പോൾ അധികാരങ്ങളെ ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു പകുത്തു കൊടുത്തു പോയി. അതുകൊണ്ടു ഈഴവരുടെ താണതരം വിദ്യാഭ്യാസയോഗ്യതയ്ക്കു ആശക്കത്തക്ക ഉദ്യോഗങ്ങൾ എല്ലാം ഗവർമ്മെൻറിൻെറ കയ്യിൽ നിന്നു വിട്ടുപോയിരിക്കുന്നു എന്നു തന്നെ പറയാം. ഞങ്ങൾ എന്നിട്ടും ഇവിടെ വന്നു സങ്കടം പറകയും മുറവിളി കൂട്ടുകയും ചെയ്യുന്നു. അല്ലാതെ ഞങ്ങൾക്കു എന്തു ചെയ്വാൻ കഴിയും? ഞങ്ങൾ എവിടെ പോകും? ഗവർമ്മെൻറിനും ഈ മുറവിളികൾ കേട്ടുകൊണ്ടു വെറുതെ ഇരിപ്പാനല്ലാതെ വാസ്തവത്തിൽ അവയ്ക്കു ഒരു പരിഹാരമുണ്ടാക്കാൻ കഴിയാതെ വന്നു ചമഞ്ഞിരിക്കുന്നു എന്നാണു തോന്നുന്നതു്. ഇതുകൊണ്ടു അധികാരങ്ങളെ പകുത്തു കൊടുത്തുകളഞ്ഞതു അബദ്ധമായിപ്പോയി എന്നു ഞാൻ ആക്ഷേപിക്കയല്ല ചെയ്യുന്നതെന്നു താഴ്മയായി അറിവിച്ചുകൊള്ളുന്നു. അതു ഒരിക്കലും ആക്ഷേപയോഗ്യമല്ല. അധികാരങ്ങളെ വിഭജിച്ചു കൊടുക്കുന്നതു് ഒരു ഉൽകൃഷ്ടമായ ഭരണനയം ആകുന്നു. നമ്മുടെ ഡിപ്പാർട്ടുമെൻറു മേലധികാരികൾ ഒക്കെ പ്രായേണ യോഗ്യന്മാരുമാണു്. ഒരു സംഗതിയാണിതിൽ പറവാനുള്ളതു്. അധികാരങ്ങൾ പകുത്തു കൊടുത്തതോടുകൂടി ഗവർമ്മെൻറിൻെറ ചുമതലയേയും പകുത്തു കൊടുത്തില്ല. അല്ലെങ്കിൽ അധികാരത്തിൽ ചുമതലയും അടങ്ങിയിരിക്കുന്നു എന്നു പകുത്തു വാങ്ങിയവർ മനസ്സിലാക്കീട്ടില്ല ഗവർമ്മെൻറു അവരെ അതു മനസ്സിലാക്കാൻ പ്രത്യേകം ശ്രദ്ധവെക്കുന്നുമില്ല. പ്രജ വിഭാഗങ്ങളിൽ ഭിന്നവർഗ്ഗക്കാർക്കു

Digitized By Kerala Sahitya Akademi

ന്യായമായി ലഭിക്കേണ്ട സഹായങ്ങളേയും പ്രോത്സാഹനങ്ങളെയും തുല്യമായി നൽകണമെന്നും പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരെ പാടുള്ളത്ര സഹായിച്ചു മുന്നണിയിലേക്കു കൊണ്ടു വരണമെന്നും മററുള്ളതു് ഗവർമ്മെൻറിൻെറ പരിഷ്കൃതമായ നയമാണു്. ഡിപ്പാർട്ടുമെൻറുകളുടെ നയങ്ങൾ വേറെയാണു്. അവയ്ക്കു പൊതു ഭരണസംബന്ധമായ ഗവർമ്മെൻറുനയവുമായി നിയത സംബന്ധമുണ്ടായിരിക്കേണമെന്നില്ല. ഡിപ്പാർട്ടുമെൻറുകളിലെ കൃത്യനിർവ്വഹണത്തിനു തന്നെ സമയം പോരാതെവരുന്ന മേലധികാരികൾ ഗവർമ്മെൻറിൻെറ മേൽപ്രകാരമുള്ള പൊതു നയങ്ങളെ അന്വേഷിച്ചറികയോ അറിഞ്ഞാലും അനുസരിച്ചു പ്രവർത്തിക്കുകയോ ചെയ്യുക എന്നുള്ളതു സാധാരണ പ്രതീക്ഷിക്കത്തക്കതുമല്ല. പിന്നെ ഭരണസംബന്ധമായ പൊതുനയത്തെപ്പററി അവരുടെ ഒക്കെ അഭിപ്രായങ്ങൾക്കു് ഐകരൂപ്യവുമുണ്ടായിരിക്കയില്ല. അതു അവരവരുടെ സ്ഥിതിക്കും പഠിപ്പിനും സ്വഭാവത്തിനും അനുസരിച്ചു ഭിന്നമായേ ഇരിക്കൂ. നമുക്കു നാലു ദിവാൻ പേഷ്കാരന്മാരുണ്ടു്. അവരുടെ നയം നാലായിരിക്കും. വേറെ ഡിപ്പാർട്ടുമെൻറു അധികാരികളുടെയും കഥ അതു പോലെതന്നെ. അതു കൊണ്ടു ഗവർമ്മെൻറു പ്രജകളെ പൊതുവിൽ സംബന്ധിക്കുന്നതോ പ്രത്യേകവർഗ്ഗക്കാരെ പ്രത്യേകം സംബന്ധിക്കുന്നതോ ആയ വല്ല പരിഷ്കൃത നയവും രൂപപ്പെടുത്തണമെന്നു വിചാരിക്കുമ്പോളെല്ലാം അതിൻെറ നിർവ്വഹണത്തിൽ സഹകരിപ്പാൻ ഡിപ്പാർട്ടുമെൻറിനെ നിഷ്കർഷിച്ചില്ലെങ്കിൽ അങ്ങനെയുള്ള പല ഗവർമ്മെൻറുനയങ്ങളും നിഷ്പ്രയോജനമായിരിപ്പാനെ തരമുള്ളൂ. പ്രകൃതവിഷയത്തിൽ ഞങ്ങൾക്കു ഗവർമ്മെൻറിനോടേ സങ്കടം പറവാൻ സാധിക്കൂ. ഗവർമ്മെൻറുമാത്രമേ ഞങ്ങളുടെ സങ്കടങ്ങളെ ചെവി കൊടുത്തു കേൾക്കൂ. ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ കേൾക്കയില്ല. അവർക്കു വേറെ വേലയുണ്ടെന്നു അവർ പറയും. പറയാ

Digitized By Kerala Sahitya Akademi

തേയും ഇരിക്കുന്നില്ല. അവർ അങ്ങിനെ പറയുന്നതു ശരിയല്ലെന്നും ഞങ്ങൾക്കു പറഞ്ഞു കൂടാ. അതു കൊണ്ടു ഇപ്പോൾ ഞങ്ങളിൽ യോഗ്യതയുള്ളവർ ഉദ്യോഗത്തിനു അപേക്ഷിച്ചാൽ പ്രത്യേകം ഗൗനിച്ചു പ്രവർത്തിക്കുകയും വിവരം റിപ്പോർട്ടു ചെയ്കയും വേണമെന്നു നിർബന്ധമായ ഗവർമെൻറുത്തരവുകൾ അവർക്കു അയച്ചു ഞങ്ങളുടെ സങ്കടം തീർത്തു തരേണ്ടിയിരിക്കുന്നു. അതിനായി ഏറ്റവും താഴ്മയോടു കൂടി അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

റവന്യൂ ഡിപ്പാർട്ടുമെൻറു വളരെ വളരെ സിൽബന്ധികളുള്ള ഒരു തുറയാണു്. ദേവസ്വത്തോടു യാതൊരു സംബന്ധവുമില്ലാത്തതും അതുകൊണ്ടു ജാതിതടസ്സമുണ്ടാവാൻ പാടില്ലാത്തതുമായ ഒട്ടു വളരെ താണതരം ജീവനങ്ങൾ അതിലുണ്ടു്. സംസ്ഥാനത്തെ മുപ്പത്തിമൂന്നു താലൂക്കുകളിലുമായി 427 പകുതികളുണ്ടു്. പാർവത്യാർ, പിള്ള മുതലായ ഏത്രയോ ജീവനങ്ങൾ മാനമായ വിധത്തിൽ വഹിക്കത്തക്ക ഈഴവർ സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലുമുണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ ജോലികളിൽ ഞങ്ങളുടെ വർഗ്ഗക്കാർ ധാരാളമുണ്ടു്. കൊച്ചിയിലുമുണ്ടെന്നാണു് എൻെറ അറിവു്. താലൂക്കു ആഫീസിൽ തന്നെ പല ജീവനങ്ങളുമുണ്ടു്. ഇത്ര അധികം ഉദ്യോഗങ്ങളുള്ള ഒരു വലിയ ഡിപ്പാർട്ടുമെൻറിൽ നിന്നു പറയത്തക്ക കാരണങ്ങൾ ഒന്നും കൂടാതെ ഒരു വലിയ വർഗ്ഗത്തെ അകററി നിറുത്തുന്നതു നീതിയായിരിക്കില്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു ആ വിഷയത്തിൽ അവിടന്നു ദയചെയ്തു ദൃഷ്ടിവെച്ചു പ്രത്യേകം പരിഹാരമുണ്ടാക്കണമെന്നു അപേക്ഷിച്ചു കൊള്ളുന്നു.

ഹജ്ജൂർ ഡിപ്പാർട്ടുമെൻറിൽ താഴ്ന്നതും ഉയർന്നതുമായ അനേകം ഉദ്യോഗങ്ങൾ ഉണ്ടു്. യോഗ്യതയുള്ള ഈഴവർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുള്ളതായും എനിക്കറിയാം. മററു

Digitized By Kerala Sahitya Akademi

ള്ളഡിപ്പാർട്ടുമെൻറുകാൾ ദൃഷ്ടാന്തമായിരിക്കേണ്ട ഹജൂരിൽ ഈഴവരെ അശേഷം പ്രവേശിപ്പിച്ചു കാണാത്തതു സങ്കടമാണു്. ഇതിനെപ്പററി ഇതിനുമുമ്പും ഞാൻ സങ്കടം പറഞ്ഞിട്ടുണ്ടു്. ഒരു ഈഴവനെങ്കിലും ഹജൂരാഫീസിൽ ജോലിയുള്ളതായി ഞാൻ കണ്ടിട്ടില്ല. ജാതിതടസ്സം കൊണ്ടാണെന്നു പറവാൻ പാടില്ല. ഈഴവരെ ഒഴിച്ചു മററു കലജാതിക്കാരിലും ഉദ്യോഗസ്ഥന്മാരെ ഞാൻ ഹജൂരാഫീസിൽ കാണുന്നുണ്ടു്. കോഴിക്കോട്ടു ഹജൂരാഫീസിനെപ്പററി അവിടത്തേയ്ക്കു നല്ലവണ്ണം അറിയാമല്ലോ. കോഴിക്കോട്ടു പോകുമ്പോൾ ചിലപ്പോഴൊക്കെചില സ്നേഹിതന്മാരെ അന്വേഷിച്ചു ഞാൻ ഹജൂർ ആഫീസിൽ കയറാറുണ്ടു്. സിൽബന്തികളിൽ നൂററിനു 50_ൽ കുറയാതെ തീയരാണെന്നാണു് എനിക്കു തോന്നുന്നതു്. അവിടന്നു ഈ സങ്കടത്തെ പ്രത്യേകം ദൃഷ്ടിവച്ചു നിവൃത്തിയുണ്ടാക്കണമെന്നു പ്രാർത്ഥിച്ചു കൊള്ളുന്നു. (പിന്നെ ഓരോ ഡിപ്പാർട്ടുമെൻറിനേയും പററി പ്രത്യേകം എടുത്തു പറഞ്ഞശേഷം പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി പറഞ്ഞു.)

തിരുവിതാംകൂറിൽ പോലിസിൽ മിസ്ററർ ബെൻസലിയുടെ കാലം മുതൽ ഈഴവരെ കാൺസ്ററബിൾമാരായി ചേർത്തു തുടങ്ങി. ഒന്നുരണ്ടുപേരെ ആദ്യം കാൺസ്ററബ്ളറിയിൽ എടുത്തിട്ടു ഇപ്പോൾ പതിനഞ്ചുകൊല്ലത്തിനു മേലാകണം. എന്നാൽ ആകെ 1750. ആളുകളുള്ള ഈ പട്ടാളത്തിൽ പതിനാറോ പതിനേഴോ കൺസ്ററബിൾമാർ മാത്രമേ ഈഴവരിൽ നിന്നുള്ളു. എന്നാണു് ഞാൻ അറിയുന്നതു്. ഇതു നൂററിനു ഒന്നു വീതം കൂടി ആയിട്ടില്ല. ഇപ്പോൾ കാൺസ്ററബിൾമാരായ ഈഴവരെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം അശേഷം നിറുത്തിക്കളഞ്ഞിരിക്കുന്നതായി കാണുന്നു. ഈ കൊല്ലം ഒരു കൺസ്ററബിളിനെ എങ്കിലും ഈ വർഗ്ഗ

Digitized By Kerala Sahitya Akademi

ത്തിൽ നിന്നു തിരഞ്ഞെടുത്തിട്ടില്ലെന്നാണറിയുന്നതു്. എന്നിട്ടും റിക്രൂട്ട് ചെയ്യുന്ന അവസരങ്ങളിലെല്ലാം ഇപ്പോഴും യോഗ്യതയുള്ള ഈഴവയുവാക്കന്മാർ കമ്മീഷണരുടെ ആഫീസിൽ ഹാജരാകാതിരിക്കുന്നില്ല ഈയിടെ ഇരുപത്തഞ്ചോ മുപ്പതോ കാൺസ്റ്റബിൾമാരെ സൈന്യത്തിൽ പുത്തനായി ചേർക്കുന്നു എന്നു കേട്ട അവസരത്തിലും ഈഴവർ ഹാജരായിരുന്നു. ഒന്നോ രണ്ടോ ഈഴവരെ നീളവും വണ്ണവും മററും പരിശോധിച്ചു തൃപ്തിപ്പെട്ട കമ്മീഷണർ തിരഞ്ഞെടുക്കയും ഒടുവിൽ പേർ ചോദിച്ചപ്പോൾ ജാതിയെ കുറിക്കുന്ന വാലു് ഒന്നുമില്ലാത്ത വെറും ഹിന്തു പേരായിരുന്നതിനാൽ കമ്മീഷണർ സംശയിച്ചു് ജാതിചോദിക്കുകയും ഈഴവനാണെന്നു അവർ പറഞ്ഞ ഉടൻ തിരിച്ചു അയച്ചു കളയുകയും ചെയ്തു എന്നു ഞാൻ അറിഞ്ഞു. ഈഴവരെ സംബന്ധിച്ചു ഇങ്ങിനെ ചെയ്യുന്നതു് തീരെ സാധാരണമായി തീർന്നിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തിലും ഞാൻ ഇതിനെപ്പററി അറിവിക്കയും ഗവർമ്മെൻറിനോടു ഈ അനുചിതമായ നടപടിയെ ഭേദപ്പെടുത്താൻ വേണ്ടതു് ഉടനെ പ്രവർത്തിക്കേണമെന്നു പ്രാർത്ഥിക്കയും ചെയ്തിരുന്നു. ഇനി അവിടത്തേക്കു നേരിട്ടറിയാവുന്ന വേറൊരു ദൃഷ്ടാന്തം ബോധിപ്പിക്കാം. ബാംഗ്ളൂർ പോലീസ് ഇൻസ്പെക്ടർ ട്രെയിനിംഗ് കഴിഞ്ഞു എല്ലാ വിഷയത്തിലും ഉയർന്ന നിലയിൽ പാസ്സായി വന്നിട്ടുള്ള ഒരു ഈഴവ യുവാവിനു് ഒരു ഹെഡ്കാൺസ്റ്റബിളിൻറയോ മററോ പണി ഈ ഡിപ്പാർട്ടുമെൻറിൽ കൊടുക്കുന്നതിനെപ്പററി അവിടത്തോടു ഞാൻ ഒന്നിലധികം പ്രാവശ്യം മുഖദാവിൽ ശുപാർശ ചെയ്തിട്ടുണ്ടു്. അവിടന്നു ദയചെയ്തു അതു കൈക്കൊള്ളുകയും അപേക്ഷക്കാരനോടു നേരിട്ടു ഹർജി വാങ്ങി കമ്മീഷണർക്കു അയക്കയും ചെയ്തു. അനേകം ഒഴിവുകൾ ഇതിന്നിടയ്ക്കുണ്ടായെങ്കിലും ആ അപേക്ഷക്കാരൻ പ്രവൃത്തിയില്ലാതെ ഇപ്പോഴും ഓടിനടക്കുകയാണു് ചെയ്യുന്നതു്. ഓരോ ഒഴിവുക

Digitized By Kerala Sahitya Akademi

ളെപ്പററി വിവരം കിട്ടുമ്പോഴൊക്കെയും അയാൾ അവിടത്തെ ... വരെ ... അവിടന്നു ആവശ്യപ്പെടുന്നതനുസരിച്ചു കമ്മീഷണരുടെ ... പോയിട്ടുണ്ടു്. പ്രയോജനമൊന്നുമുണ്ടാകുന്നില്ല. ഇപ്പോഴും അയാൾ ... യും കമ്മീഷണരുടേയും മദ്ധ്യേ ഒരു ക്ലോക്കിന്റെ പെൻഡുലംപോലെ നിന്നു ആടിത്തിരികയാണു്. ഞാൻ ഇയാളുടെ സങ്കടത്തെപ്പററി കമ്മീഷണർ മിസ്റ്റർ ജോർജ്ജിനോടു് നേരിട്ടു് ചോദിച്ചിട്ടുണ്ടായിരുന്നു. ബാംഗ്ളൂർ ട്രെയിനിംഗ് തീരെ ഗണ്യമാക്കുന്നില്ലെന്നും അതുകൊണ്ടു് ഇയാളുടെ യോഗ്യതയെ യോഗ്യതയായി വിചാരിപ്പാൻ തരമില്ലെന്നുമാണു് എന്നോടു് അദ്ദേഹം പറഞ്ഞിരുന്നതു്. ബാംഗ്ളൂർ ട്രെയിനിംഗ് ഉള്ളവരെ ആരെയും താൻ ഡിപ്പാർട്ടുമെന്റിൽ എടുക്കുന്നതല്ലെന്നും അദ്ദേഹം നിഷ്കർഷിച്ചു പറഞ്ഞിരുന്നു. എന്നാൽ തിരുവിതാംകൂറിൽ നിന്നു ബാംഗ്ളൂർ ട്രെയിനിംഗിനുപോയിവന്നിട്ടുള്ളവരിൽ തോററവരും ജയിച്ചവരുമായി 28 പേരിൽ ഇയാൾ ഒഴികെ എല്ലാവർക്കും ഇപ്പോൾ അദ്ദേഹം ഡിപ്പാർട്ടുമെന്റിൽ ജോലികൾ കൊടുത്തുകഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ആളുകളുടെ മുഴുവൻ ലിസ്റ്റ് ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. വായിക്കാം. ആകെ28 പേർ ആണു്. അധികവും തോററവരാണു്. ബാക്കിയുള്ള ഒരാളാണു് പ്രസ്തുത അപേക്ഷകനായ ഈഴവൻ. അയാൾ എല്ലാ വിഷയത്തിലും പാസ്സായിട്ടുണ്ടു്. ദൃഢശരീരനും ഒരു മാന്യ ഈഴവ തറവാട്ടിലെ അംഗവുമാണു്. ഒഴിവുകൾ എത്രതന്നെ ഉണ്ടായിട്ടും ഹജൂർ മുഖേന എഴുതി ചെന്നിട്ടും അയാളെ എടുക്കുന്നില്ല. ഇതൊക്കെ കഠിനമായ സംഗതികളാണു്. ഇതിനെപ്പററി ഗവർമ്മെന്റു പ്രത്യേകം ദൃഷ്ടിവെക്കുന്നില്ലെങ്കിൽ കഷ്ടമാണു്. ഒരു വാക്കു കൂടി പറഞ്ഞു ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു. പോലീസു സൈന്യം ഏർപ്പെടുത്തിയിരിക്കുന്നതു് പ്രജകളുടെ സമാധാന

Digitized By Kerala Sahitya Akademi

പരിപാലനത്തെ ഉദ്ദേശിച്ചാണല്ലോ. നാനാജാതിമതക്കാരായ എത്രയോ ലക്ഷം ജനങ്ങൾ അടങ്ങിയ നമ്മുടെ രാജ്യത്തു ജാതിമത ഭേദങ്ങളെ അടിസ്ഥാനമാക്കിത്തന്നെ പലപ്പോഴും ചില ക്ഷോഭങ്ങളും കലാപങ്ങളും ഉണ്ടാകുക സ്വാഭാവികമാണ്. ഇന്നു നാം അതു കണ്ടുവരുന്നുമുണ്ട്. ഈ സ്ഥിതിക്കു പോലീസു സൈന്യത്തെ ചുരുക്കം ചില വർഗ്ഗക്കാരെക്കൊണ്ടു നിറയ്ക്കുന്നതു ശരിയായിരിക്കയില്ല. അങ്ങിനെയായാൽ ഒരു വർഗ്ഗത്തിന്റെ സമാധാന പരിപാലനത്തിനായി അയക്കേണ്ട ആളുകൾ അതിന്റെ എതിർ വർഗ്ഗക്കാരായിരിക്കാവുന്നതും അതു അനുചിതവും സങ്കടവും ആപൽക്കരവുമായിത്തീർന്നേക്കാവുന്നതുമാകുന്നു. അതുകൊണ്ടു പോലീസു സൈന്യത്തിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാ വർഗ്ഗക്കാരും സംഖ്യാനുസാരം ഉണ്ടായിരിക്കേണ്ടതും ഏററവും എളിയ വർഗ്ഗക്കാരിൽ നിന്നു കൂടിയും ആളുകളെ ചേർക്കേണ്ടതുമാകുന്നു. ഈഴവരെ പോലീസു സൈന്യത്തിൽ സംശയം കൂടാതെ ചേർക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം നിർബന്ധമായി നിഷ്കർഷിക്കേണമെന്നും അപേക്ഷിച്ചു കൊള്ളുന്നു. പോലീസു ഡിപ്പാർട്ടുമെൻറിന്റെ പൊതു ഭരണത്തെപ്പററി എന്തെങ്കിലും പറയുന്നതിനു എന്റെ വിഷയം അല്ലാത്തതിനാൽ തരമില്ല. എന്നാൽ ആ വിഷയത്തിൽ മററുചില മാന്യ പ്രതിനിധികൾ പ്രസ്താവിച്ച ആക്ഷേപങ്ങൾ എല്ലാം ശരിയാണെന്നും ആ സംഗതിയിൽ ആ മെംബർമാരോടു പൂർണ്ണമായി യോജിക്കുന്നു എന്നും അറിവിച്ചു കൊള്ളുന്നു.

(പതിനൊന്നാമതു പ്രജാസഭയിൽ ചെയ്ത പ്രസംഗ സംഗ്രഹം. വിവേകോദയം പുസ്തകം 11, നമ്പർ 11, 12, ലക്കങ്ങളിൽ (1090. കുംഭം—മീനം) പ്രസിദ്ധം ചെയ്തതു്.)

Digitized By Kerala Sahitya Akademi

# ഈഴവരും വിദ്യാലയ പ്രവേശവും

ഞങ്ങളുടെ സമുദായക്കാർക്കു ഹജൂർ ആഫീസിൽ ഉദ്യോഗമൊന്നും നൽകാത്തതിനെപ്പററി കുറേനാളായി ഞങ്ങൾ പരാതിപറഞ്ഞുവന്നിരുന്നു. കഴിഞ്ഞതവണ ഈ സഭയിൽ ഞാൻ അതിനെപ്പററി പ്രത്യേകം ഗവർമ്മെൻറിൻെറ അനുകമ്പയെ ക്ഷണിച്ചിരുന്നു. കഴിഞ്ഞമാസത്തിൽ രണ്ടു ഈഴവയുവാക്കന്മാർക്കു അവിടന്നു ഹജൂർ ആഫീസിൽ ജോലികൊടുത്തിരിക്കുന്ന സംഗതി തിരുവിതാംകൂറിലെ മുഴവൻ ഈഴവർക്കും സന്തോഷജനകമായ ഒന്നാണു്. അതിലേയ്ക്കായി കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെയും പ്രത്യേകിച്ചു മന്ത്രിപുംഗവനായ അവിടത്തേയും നേർക്കു അവർക്കുള്ള അപാരമായ കൃതജ്ഞതയെ ഈ അവസരത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

വിദ്യാലയങ്ങളിൽ പലതിലും ഇനിയും എൻെറ ജാതിക്കാർക്കു പ്രവേശമില്ലാതുണ്ടു്. കഴിഞ്ഞതവണ അങ്ങനെയുള്ള എലിമെൻററിസ്കൂളുടെ ഒരു വലിയ പട്ടിക ഞാൻ ഇവിടെ വായിച്ചിരുന്നു. ഈ കഴിഞ്ഞ കൊല്ലത്തിൽ പല സ്കൂളുകളിലും പുതുതായി പ്രവേശനം നൽകിയിരിക്കുന്നു എന്നു കാണുന്നതു് വളരെ ആശ്വാസകരമാണു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്നു എലിമെൻററിസ്കൂളുകളെ സംബന്ധിച്ചു ഈ സ്കൂൾവർഷത്തിൽ ചെയ്തിരിക്കുന്ന ശ്രമങ്ങളും അതിൻെറ ഫലങ്ങളും കണക്കുകൂട്ടിനോക്കിയാൽ ആർക്കും ആശ്ചര്യം തോന്നും. പിന്നോക്കം നിൽക്കുന്ന വർ

Digitized By Kerala Sahitya Akademi

ഗ്ഗക്കാരിൽ പുലയർ പറയർ മുതലായവരുടെ സംഖ്യ സ്കൂളുകളിൽ ഇരട്ടിക്കുമേലായി വർദ്ധിച്ചിരിക്കുന്നു. പുതിയതായി (ഇത്ര) എലിമെൻററിസ്കൂളുകൾ സ്ഥാപിക്കയും (ഇത്ര) സ്കൂളുകൾക്കു് സഹായവും സമ്മതിയും നൽകുകയും ചെയ്തിരിക്കുന്നു. ഇതൊക്കെ ഓർത്താൽ ഗവർമ്മെൻറു ഞങ്ങൾ എല്ലാവരും സ്തുതിക്കേണ്ട ആ ഡിപ്പാർട്ടുമെൻറിനെപ്പററി ഒരു സങ്കടവും ആർക്കും പറവാൻ തോന്നുകയില്ല. വിശേഷിച്ചും ഉൾനാടുകളിൽ അമ്പലപ്പുഴ ആനപ്രമ്പാൽ മുതലായ സ്കൂളുകളിൽ ഈഴവരുടെ പ്രവേശനത്തിനു വിരോധം പുറപ്പെടുവിച്ചവരോടു എതിർത്തു ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥന്മാർ റേഞ്ചുഇൻസ്പെക്ടർ അസിസ്ററൻറുഡയറക്ടർ, ഡയറക്ടർ ഇവർ എല്ലാം പ്രദർശിപ്പിച്ച സ്തുത്യർഹമായ കൃത്യനിഷ്ഠയോർത്താൽ അവരോടു എപ്പോഴും ഞങ്ങൾ കൃതജ്ഞരായിരിക്കേണ്ടതാണു്. പിന്നെ ഗവർമ്മെൻറിൻേറയും അവരുടെയും ശ്രദ്ധയ്ക്കു വിഷയമാകേണ്ട ബാക്കി സംഗതികൾകൂടി പറയുന്നു എന്നേയുള്ളൂ.

ഈയിടെ ഇനി തിരുവിതാംകൂറിൽ 10 എലിമെൻറിസ്കൂളുകൾ മാത്രമെ ഈഴവക്കു പ്രവേശമില്ലാതുള്ളു എന്നും അവയും പ്രവേശ്യമാക്കിച്ചെയ്‌വാൻ വേണ്ടതു പ്രവത്തിച്ചവരുന്നുവെന്നുംഎനിക്കു ഗവർമ്മെൻറിൽ നിന്നും എഴുതിവന്നിരുന്നു. അതു എൻെറ അറിവിൽ ശരിയായ ഒരു കണക്കാണെന്നു തോന്നുന്നില്ല. ഒന്നാമതു അതിലധികം എലിമെൻററി ആൺ പള്ളികൂടങ്ങൾ ഈഴവർക്കു പ്രവേശമില്ലാത്തതായി എൻെറ പക്കൽ കണക്കുണ്ടു്. രണ്ടാമതു ഇതു പെൺപള്ളികൂടങ്ങളെ കൂടി ഉൾപ്പെടുത്തിയ ഒരു കണക്കല്ലെന്നുള്ളതും സ്പഷ്ടമാണു്. കഴിഞ്ഞ തവണ എൻെറ നിവേദനത്തിനുശേഷം ആൺപള്ളിക്കൂടങ്ങളുടെ വിഷയത്തിൽ ഗവർമ്മെൻറു വളരെയൊക്കെ പ്രവർത്തിച്ചു എങ്കിലും പെൺപള്ളിക്കൂടങ്ങളുടെ വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു കാണുന്ന

Digitized By Kerala Sahitya Akademi

ത്തു വളരെ സങ്കടമാണ്. ഈഴവപ്പെൺകുട്ടികൾക്കു ഒരു കൊല്ലംകൂടി വ്യർത്ഥമായി കഴിഞ്ഞു പോയിരിക്കുന്നു. അതു വലിയ നഷ്ടമാണ്. ഗവർമ്മെന്റു അതിനെ പ്രത്യേകം ശ്രദ്ധിക്കയും ആ വീഴ്ചയെപ്പററി അധികൃതന്മാരോടു ചോദിക്കയും ചെയ്യേണ്ടതാണ്. അരിപ്പാട്ടു പെൺപള്ളിക്കൂടത്തിന്റെ സംഗതിയെപ്പററി കഴിഞ്ഞ പ്രജാസഭയ്ക്കുശേഷം അവിടന്നു തന്നെ കാവുതടസ്സത്തെ നീക്കി ഉത്തരവയച്ചിട്ടുള്ളതായി എന്നോടു പറഞ്ഞിട്ടുള്ളതിനെ ഓർക്കുമെന്നും വിശ്വസിക്കുന്നു. അതിനുശേഷവും തന്ത്രികവാദങ്ങൾ ഉണ്ടാവുകയും സ്കൂളിൽ ഇന്നും ഈഴവർക്കു പ്രവേശം അനുവദിക്കാതിരിക്കലും ആണെന്നുള്ള വസ്തുതയും ഉണർത്തിച്ചുകൊള്ളുന്നു. ഇതു പോലെ പല പെൺപള്ളിക്കൂടങ്ങളും വ്യഥാതടസ്സങ്ങൾ പറഞ്ഞു ഈഴവരെ പ്രവേശിപ്പിക്കാതിരിക്കുന്നുണ്ട്. (ചിലതിനെ എടുത്തു പറഞ്ഞു) ഇതെല്ലാം കൂടി നോക്കുമ്പോൾ പ്രവേശ്യമില്ലാത്ത സ്കൂളുകളുടെ സംഖ്യ പത്ത് എന്നു ഗവർമ്മെന്റു പറയുന്നതു് പ്രവേശിപ്പിക്കാൻ വിരോധമില്ലെന്നു ഗവമ്മെന്റു സമ്മതിക്കുന്ന സ്കൂളുകളുടെ സംഖ്യയായിരിക്കണം എന്നാണ് തോന്നുന്നതു്. ഞങ്ങൾക്കു പ്രവേശിക്കാമെന്നു ഗവർമ്മെന്റു സമ്മതിച്ചാൽ പോരാ. പ്രവേശം തരികതന്നെ വേണം. എങ്കിലേ പ്രയോജനമുള്ളു.

മിസ്റ്റർ. ടി. കെ. വേലുപ്പിള്ള (ബി. ഏ. ബി. എൽ) ഇവിടെ പ്രസ്താവിച്ച പോലെ കാളേജു വിദ്യാർത്ഥികൾക്കുള്ള കാസ്ററു ഹിന്ദു ഹോസ്ററൽ ഈഴവർക്കും മററു ആവശ്യമുള്ള വർഗ്ഗക്കാർക്കും കൂടി തുറന്നു കൊടുക്കേണ്ടതാണെന്നുള്ള വിവരവും അദ്ദേഹത്തെ താങ്ങി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈഴവർ ഈ ടൗണിൽ അത്ര പ്രമാണികളല്ല. അതുകൊണ്ടു ഉൾനാടുകളിൽ കാളേജുകളിൽ പഠിക്കാൻ ഇവിടെ വരുന്ന അവരുടെ വിദ്യാർത്ഥികൾ സൗകര്യമായ വസതി കി

Digitized By Kerala Sahitya Akademi

ട്ടാതെ അനുഭവിക്കുന്ന കഷ്ടതകൾ വിചാരിച്ചാൽ അങ്ങനെയുള്ളവർക്കാണ് ഗവർമ്മെൻറു ഈ പ്രത്യേക സഹായം ചെയ്തു കൊടുക്കേണ്ടതെന്നു വിശേഷിച്ചും പറവാൻ തോന്നും. ഇതിനു മുമ്പ് ഞങ്ങൾ ഈ സങ്കടം അത്ര ഊർജ്ജിതമായി പറയാതിരുന്നതു് ഞങ്ങളിൽ കാളേജു വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവായിരുന്നിട്ടാണ്. ഇപ്പോൾ അതു ക്രമേണ വർദ്ധിച്ചു വരികയാണ്. അതുകൊണ്ടു് ഗവർമ്മെൻറു പ്രത്യേകം ദയാദൃഷ്ടി ചെയ്യേണ്ടിയിരിക്കുന്നു. ഇതിനെപ്പററി ഹോസ്റ്റൽ മേലദ്ധ്യക്ഷനോടു ചില ഈഴവ വിദ്യാർത്ഥികൾ സങ്കടം പറഞ്ഞിരുന്നതിൽ സ്ഥലച്ചുരുക്കംകൊണ്ടു മാത്രമാണ് അവരെ ചേർക്കാത്തതെന്നു മറുപടി പറഞ്ഞിരുന്നു. പക്ഷെ അതിനുശേഷം ചില വിദ്യാർത്ഥികളുടെ ഒഴിവുകൾ ഉണ്ടായപ്പോഴും മററു ജാതിക്കാരെയാണ് ചേർത്തതു്. ഈ സങ്കടത്തിനു നിവൃത്തി വരുത്തണമെന്നും വിദ്യാർത്ഥിസത്രം കാളേജു വിദ്യാർത്ഥികൾക്കു പൊതുവിലുള്ള സ്ഥാപനമാക്കിത്തീർക്കേണ്ടതാണെന്നും വീണ്ടും അപേക്ഷിച്ചു കൊള്ളുന്നു.

ഇനി സംസ്കൃത കാളേജിനെ സംബന്ധിച്ചാണ് ഒരു വാക്കു പറവാനുള്ളതു്. ഈ കാളേജ് ഇപ്പോൾ വിദ്യാഭ്യാസ ഡയറക്ടരുടെ കീഴിൽവച്ചു പരിഷ്കൃതരീതിയിൽ നടത്തപ്പെട്ടുവരികയാണ്. ഇതിൽ ഇപ്പോൾ 288 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്. 8൬10 ക ഗവർമ്മെൻറിൽ നിന്നു പ്രതിവർഷം അതിലേക്കായി ചിലവാകുന്നുമുണ്ട്. സംസ്കൃത വിദ്യാഭ്യാസത്തിൻെറ പ്രയോജനത്തെപ്പററിയും മററും ഇപ്പോൾ ഒന്നും പറയേണ്ട ആവശ്യകതയില്ലെന്നു തോന്നുന്നു. ഈഴവർക്കു ആയുർവേദ പാഠശാലയിൽ പ്രവേശം ഇപ്പോൾ അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു സംസ്കൃത കാളേജിൽ പ്രവേശമില്ലാതിരിക്കുന്നതു് വലിയ അസൗകര്യമായിരിക്കുന്നു. ആയുർവേദ പാഠശാലയിൽ ചേരുന്നതിനു ശാസ്ത്രിക്ലാസ്സുവരെ പഠി

Digitized By Kerala Sahitya Akademi

ച്ചിരിക്കേണ്ടതാണ്. അതിനു സംസ്കൃത കാളേജിൽ അവർക്കു പ്രവേശമില്ലാത്തപ്പോൾ വലിയ ഞെരുക്കമുണ്ടെന്നു പറയേണ്ടതില്ലല്ലോ. പ്രൈവററായി സംസ്കൃതം പഠിച്ചു യോഗ്യത സമ്പാദിച്ചു ആയുർവേദ പാഠശാലയിൽ ചേരാൻ അധികം വിദ്യാർത്ഥികൾക്കു സാധിക്കുന്നതല്ല. അങ്ങിനെ വേണമെന്നു ഗവർമ്മെൻറു നിർബന്ധിക്കുന്നതും ശരിയല്ല. ഈഴവരിൽ വളരെപ്പേർ സംസ്കൃതം പഠിക്കുന്നവരുണ്ട്. പട്ടാമ്പിസംസ്കൃത കാളേജിലെ വിദ്യാർത്ഥികളിൽ നാലിൽ ഒന്നോളം ആളുകൾ തിരുവിതാംകൂറിലെ ഈഴവരാണ്. ഇവിടെ നിന്നു അവർ അത്ര ദൂരെപ്പോയി കഷ്ടപ്പെട്ടു സംസ്കൃതം പഠിച്ചു വരുന്ന വസ്തുത ഗവർമ്മെൻറു ദയചെയ്തു ഓർക്കേണ്ടതാണ്. ഏതാനും മാസങ്ങൾക്കു മുമ്പ് ഇവിടെ ഗവർമ്മെൻറിൽനിന്നും നടത്തിയ മുൻഷി പരീക്ഷയിൽ ചേർന്നവരുടെ കൂട്ടത്തിൽ ഈഴവരുടെ സംഖ്യ വളരെ അധികമായിരുന്നു. പാസ്സായവരുടെ കൂട്ടത്തിലും അവരുടെ സംഖ്യ ഗണ്യമായ ഒന്നായിരുന്നു. ഈഴവർ സംസ്കൃത വിദ്യാഭ്യാസത്തിനു അസാധാരണ താല്പര്യമുള്ളവരാണെന്നു ഈ വസ്തുത തെളിയിക്കുന്നുണ്ട്. അതുകൊണ്ടു അവരെ സംസ്കൃത കാളേജിൽ ചേർക്കാതിരിക്കുന്നതു വളരെ സങ്കടമാണ്. ഇതു ഒരു സർക്കാർ കാളേജാകയാൽ പ്രജകളിൽ ആവശ്യവും ആഗ്രഹവും ഉള്ള ആർക്കും പ്രവേശം അനുവദിക്കേണ്ടതാകുന്നു. ഈവക വിദ്യാഭ്യാസങ്ങൾക്കു ആഭിജാത്യവും അന്തസ്സും ആവശ്യപ്പെടുന്ന കാലം പൊയ്പോയി. എന്നു തന്നെയല്ല നമ്മുടെ സംസ്കൃതകാളേജിൽ വിദ്യാർത്ഥികളിൽ തന്നെ മൺവെട്ടിവേലക്കാരുടെയും ക്ഷൗരക്കാരുടേയും മക്കൾ പഠിക്കുന്നതായി രേഖകൊണ്ടു കാണുന്നുണ്ട്. ഈഴവരിൽ സാമാന്യം ഭേദമുള്ളവരുടെ സന്താനങ്ങളാണ് സംസ്കൃതം പഠിപ്പാൻ സാധാരണ ആവശ്യപ്പെടുന്നതു്. അതുകൊണ്ട് ആ തടസ്സവും (ഒരു തടസ്സമായി വിചാരിച്ചാൽ തന്നെയും) അവരെ സംബന്ധിച്ചു പറ

Digitized By Kerala Sahitya Akademi

വാൻ പാടില്ലാത്തതാണ്. ഇതിനെ ഗവർമ്മെൻറു ദയാപൂർവം ചിന്തിച്ച ആയുർവേദ പാഠശാല പോലെ സംസ്കൃത കാളേജും മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ എല്ലാവർക്കും ഉപയുക്തമാക്കിത്തീർക്കുന്നതിനു വേണ്ടതു ഉടനെ ചെയ്യേണമെന്നു അപേക്ഷിച്ചു കൊള്ളുന്നു. 2. ജാതിനിമിത്തമായി തിരുവിതാംകൂറിൽ ഇപ്പോഴും ജനങ്ങൾ അനുഭവിക്കുന്ന കഠിനസങ്കടങ്ങളും ഗവർമ്മെൻറിനു പാടുള്ളത്ര അവയെ പരിഹരിക്കേണ്ടതു് അത്യാവശ്യമാണെന്നു്.

ഈഴവർ മുതലായ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനെടുക്കുമ്പോൾ മേലധികാരികൾ ജാതിനിമിത്തമായ അസൗകര്യങ്ങളെപ്പററി ചിന്തിക്കയും അതുകൊണ്ടു് അവരുടെ വർഗ്ഗക്കാരെ ധാരാളം ഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിക്കാതിരിക്കയും ചെയ്യേണ്ടിവരുന്നു എന്നുള്ള വസ്തുത പലർക്കും അറിവുള്ളതാണ്. വിദ്യാഭ്യാസയോഗ്യത കൊണ്ടും പ്രജകളുടെ നിലയിൽ ഉള്ള അവകാശം കൊണ്ടും മററും അങ്ങനെയുള്ള വർഗ്ഗക്കാർക്കു അവശ്യം ലഭിക്കേണ്ടതായ ആ വക പ്രോൽസാഹനങ്ങളെ 'ജാതി' കൊണ്ടു് തടുത്തുകളയാവുന്നതല്ല. രാജ്യകാര്യങ്ങൾ പ്രജകൾക്കു പൊതുവില്ലുള്ളതാണ്. ജാതിവഴക്കക്കാരുടെ സംഖ്യ അതില്ലാത്തവരുടെ സംഖ്യയോടു് ഒത്തു നോക്കിയാൽ തുലോം തുച്ഛമാണ്. അതുകൊണ്ടു ഗവർമ്മെൻറ് ഈ അവസ്ഥയെപ്പററി ഗൗരവമായി ആലോചിച്ചു പരിഹാരമുണ്ടാക്കേണ്ട കാലം അതിക്രമിക്കുന്നു. തിരുവിതാംകൂർ പോലീസ് സൈന്യത്തിൽ 1854 ആളുകളുണ്ടു്. ഇതിൽ ഈഴവരിൽ കാൺസ്ററബിൾമാരായി ആധിക്യം ഈഴവരെ എടുക്കാത്തതിനെപ്പററി ഈ സഭ മുഖേനയും മററും ഞങ്ങൾ വലിയ പരാതികൾ പറഞ്ഞു വരികയാണ്. അതിനു ഡിപ്പാർട്ടുമെൻറു മുഖേന ഇതുവരെ നിവൃത്തിയുണ്ടാകാത്തതിൻെറ രഹസ്യം ഈ ജാതിയാണ്. ഈഴവ കാൺസ്ററബിളി

Digitized By Kerala Sahitya Akademi

നെ അപ്പോഴും വേണ്ടാത്തപ്പോഴും തടസ്സങ്ങൾ ഉണ്ടാക്കിപ്പ റഞ്ഞു യുറോപ്യൻ മേലധികാരികളെ കബളിപ്പിക്കാൻ ആളു കളുണ്ട്. ജാതിയാണ് അതിനുകാരണം. വിദ്യാഭ്യാസ ഡിപ്പാർട്ടമെൻറിലും ഈ ദോഷം ധാരാളം അവരുടെമേൽ_ ഗതിയെ തടയുന്നു. ഈഴവവാദ്ധ്യാന്മാരേയോ ഉപാദ്ധ്യായി നികളേയോ എല്ലാ സ്കൂളുകളിലും നിയമിക്കുകയും എല്ലാ സ്കൂ ളുകളിലേയ്ക്കും സ്ഥലം മാററുകയോ ചെയ്യാൻ പാടില്ലാതെ വരാറുണ്ട്. റവന്യൂവകുപ്പിൽ ജാതിതടസ്സം ഉദ്യോഗലാഭ ത്തിനു കൂടി മിക്കവാറും പ്രതിബന്ധമായി ഇന്നും നിൽക്കു യാണ്.

സർക്കാർ സത്രങ്ങളിൽ പലതിലും ഈഴവർക്കു ജാതി നിമിത്തം പ്രവേശമില്ലാതിരിക്കുന്നതു സങ്കടമാണ്. ഈഴ വർക്കു സർക്കാരുദ്യോഗം സംബന്ധിച്ചും പൊതുക്കാര്യങ്ങൾ സംബന്ധിച്ചും മററു പലപ്പോഴും സഞ്ചരിക്കേണ്ടിയിരിക്കു ന്ന ഇക്കാലത്തു സത്രങ്ങളുള്ള ദിക്കുകളിൽ അവക്കു കയറി താമസിപ്പാൻ പാടില്ലാതാകുന്നതു കഷ്ടമാണ്. രണ്ടു കൊ ല്ലങ്ങൾക്കു മുമ്പ് ഒരു ഈഴവ പ്രതിനിധി ഈ സഭമുമ്പാകെ അതിനെപ്പററി പ്രത്യേകം നിവേദനം ചെയ്തിരുന്നു. അതി ന്മേൽ ഗവർമ്മെൻറു അനുകൂലമായ ചില നടപടികൾ നട ത്തിയതായും അറിയുന്നു. എത്ര സത്രങ്ങൾ സർക്കാർ വകയാ യായി ആകെ ഉണ്ടെന്നും അവയിൽ ഏതിലെല്ലാം എന്റെ ജാതിക്കാർക്കു താമസിക്കാമെന്നും ശേഷമുള്ളവയിൽ താമസി പ്പാൻ പാടില്ലാത്തതിനു കാരണം ഉണ്ടെങ്കിൽ എന്താണെന്നു മുള്ള വിവരം ദയ ചെയ്തു കാലതാമസമെന്നിയേ അറിവിച്ചു തരണമെന്നു അപേക്ഷിക്കുന്നു.

ഇതിനെ ഒക്കെക്കാൾ കഷ്ടമാണ് ചില സ്ഥലങ്ങളിൽ ഇപ്പോഴും പബ്ളിക്ക്റോഡുകളിൽ കൂടി ഈ വർഗ്ഗക്കാർ ക്കു നടപ്പാൻ പാടില്ലെന്നു വച്ചിരിക്കുന്നതു്. ഈ തടസ്സങ്ങൾ

Digitized By Kerala Sahitya Akademi

അധികവും ക്ഷേത്രങ്ങളോടും ബ്രാഹ്മണാലയങ്ങളോടും മററും സംബന്ധിച്ച സ്ഥലങ്ങളിലാണു്. ഈ തടസ്സത്തിന്റെ അബദ്ധങ്ങളേയും വ്യവസ്ഥയില്ലായ്മയേയും തത്സംബന്ധമായി പിന്നോക്കം നില്ക്കുന്ന ജാതിക്കാർ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളേയും പററി പ്രത്യേകം രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഈഴവരേയും സർക്കാർ ക്ഷേത്രങ്ങളേയുംസംബന്ധിച്ചു തന്നെ പറയാം. സംസ്ഥാനത്തിൽ തെക്കെ അററത്തെ ക്ഷേത്രം കന്യാകുമാരിയാണു്. അവിടെ സാധാരണ കാലങ്ങളിൽ പുറമതിലിന്റെ വാതുക്കൽ (ഗോപുരദ്വാരത്തിൽ) ചെന്നു നിന്നുകൊണ്ടു ഈഴവർക്കു തൊഴാം. കൊടിയേറി ഉത്സവം തുടങ്ങിയാൽ അതു പാടില്ല. ഇതു വലിയ കഷ്ടമാണു്. ഉത്സവ കാലത്താണു് അധികം ആളുകൾ തൊഴാൻ പോകുന്നതു്. ക്ഷേത്രത്തിലെ ആഡംബരങ്ങൾ കാണുമ്പോഴാണു സാധാരണ ജനങ്ങൾക്കു അധികം ഭക്തിയുണ്ടാകുന്നതു്. ആ കാലത്തു് അവരെ തടസ്സം ചെയ്യുന്നതു് ഒരു ഹിന്ദു ഗവർമ്മെന്റിന്റെ കാലോചിതമായ നയമാണോ എന്നു ആലോചിച്ചു നോക്കേണ്ടതാണു്. ശുചീന്ദ്രം, വടിശ്വരം, പറക്ക, ഭൂതപ്പാണ്ടി മുതലായി നാഞ്ചിനാട്ടുള്ള പല ക്ഷേത്രങ്ങളിലും ഈമാതിരി പല അസൗകര്യങ്ങളുണ്ടു്. പലേടത്തും ആ വക അസൗകര്യങ്ങൾ അടുത്തുള്ള ഉയർന്ന വർഗ്ഗക്കാരുടെ സ്പർദ്ധ നിമിത്തം നാൾതോറും വർദ്ധിച്ചു വരുന്നതായും കാണുന്നു. പലേ മഹാക്ഷേത്രങ്ങളിൽ ഈഴവർ ചെയ്യേണ്ടതായി പഴയ കാലം മുതൽ ഏർപ്പെട്ട പല കടമകളുമുണ്ടു്. കൊടിക്കു കെട്ടാൻ തുണികൊടുക്കുക മുതലായ പല സംഗതികളും ഈഴവർ ചെയ്യേണ്ടതു ഇപ്പോഴും അവർ ചെയ്തുവരുന്നു. എന്നാൽ അതിനു പ്രതിഫലമായി പണ്ടേ അവർക്കു ഏർപ്പെട്ടിരുന്ന പടിത്തരച്ചോറും പ്രസാദങ്ങളും അവർ നടയിൽ ചെന്നു വാങ്ങിവന്നിരുന്നതു് ഇപ്പോൾ ആ സ്ഥലങ്ങളിലെങ്ങും ഉത്സവം തുടങ്ങിയാൽ അവർക്കു പോകാൻ പാടില്ലാത്തതായി തീർന്നിരിക്കു

Digitized By Kerala Sahitya Akademi

ന്നതിനാൽ ചെന്നു വാങ്ങാൻ പാടില്ലാതെ വല്ലവരും വാങ്ങി എടുത്തുകൊള്ളുകയും ചെയ്യുന്നു. നാഞ്ചിനാട്ടുള്ള ക്ഷേത്രങ്ങളിൽ ഉത്സവം തുടങ്ങിയാൽ അവസാനിക്കുന്നതുവരെ ഈഴവർ മുതലായ ജാതിക്കാർക്കു ക്ഷേത്രത്തിനു ചുററുമുള്ള ഊരിൽ (ടൌണിൽ) തന്നെ കടക്കാൻ പാടില്ലെന്നാണു് ഇപ്പോൾ വച്ചിരിക്കുന്നതു്. ആ ടൌണുകളിൽ കച്ചവട സംബന്ധമായും കേസുകൾ സംബന്ധമായും പണമിടപാടുകൾ സംബന്ധിച്ചും എന്നുവേണ്ട കൂലിവേലകൾക്കായിക്കൂടിയും പിരോപ്പം നില്ക്കുന്ന വർഗ്ഗക്കാർക്കു പെട്ടെന്നു പോവാൻ പാടില്ലെന്നു വന്നുകൂടുന്നതു എന്തെല്ലാം അസൗകര്യങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഇടയുള്ള സംഗതിയാണു്? ഉയർന്ന വർഗ്ഗത്തിൽപ്പെട്ട സിവിൽ വാറണ്ടുപുള്ളികളും ക്രിമിനൽ കുററക്കാരും ഈ അവസരങ്ങളിൽ ഇവിടം സങ്കേതമാക്കുന്നു എന്നുള്ളതും അസാധാരണമല്ല. ഈ സ്ഥലങ്ങളിൽ ഉത്സവക്കാലത്തു് ക്ഷേത്രത്തിൽ നിന്നു നാലും അഞ്ചും ഫർലാംഗ് ദൂരെത്തായി ടൌണിൽ എത്തുന്ന റോഡുകളിൽ എല്ലാം ത്രികോണാകൃതിയിൽ ഒരുവക പരമ്പുതട്ടികൾ കെട്ടി രണ്ടു മുളകളിന്മേൽ ചേർത്തു കഴിച്ചു നിറുത്തി വരുന്നു. ഇതിനു ''തെരുമറച്ചാൽ'' എന്നാണു പറയുന്നതു്. ഉയർന്ന വർഗ്ഗക്കാർക്കല്ലാതെ മററുക്കും തെരുവുകളിൽ കടക്കാൻ പാടില്ലെന്നുള്ള നോട്ടീസ്സായിട്ടാണു് ഇതിനെ വിചാരിച്ചു വരുന്നതു്. ഇതു നിമിത്തം ആ ടൌണുകളിൽ കക്കൂസ്വാരാൻ തോട്ടികൾക്കു അത്രയും കാലം കടക്കാൻ തരമില്ലെന്നു പറയേണ്ടതില്ലല്ലോ. വാസ്തവത്തിൽ അവർ കടക്കാറില്ല. ഉത്സവം പ്രമാണിച്ചു പത്തും മുപ്പതും ദിവസം ചേർത്തുകൊണ്ടു ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ആ സ്ഥലങ്ങളിൽ കക്കൂസു വരാതിരുന്നാലുള്ള അവസ്ഥ എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതു നമുക്കു വെളിയിൽ പറയാൻ കൊള്ളുമോ? ഇതാണോ ഉത്സവം? ശുചീകരണ വകുപ്പുകാർ ഇതറിയുന്നുണ്ടോ? ജാതിയുടെ പേരിൽ

Digitized By Kerala Sahitya Akademi

ജനാരോഗ്യത്തിനു കൂടി ഹാനികരമായ ഈ വക ഭയങ്കരാബദ്ധങ്ങൾ വെച്ചുകൊണ്ടിരിപ്പാൻ ഗവർമ്മെൻറിനുവദിക്കാമോ? ഇവകളെയൊക്കെ അടക്കി വച്ചുകൊണ്ടു് നമ്മുടെ ഗവർമ്മെൻറിനെ ഒരു പരിഷ്കൃത ഗവർമ്മെൻറെന്നു നമുക്കു എന്നെങ്കിലും അഭിമാനിക്കാമോ? അതുകൊണ്ടു കാലാനുസാരമായ പരിഷ്കാരം രാജ്യത്തിനുണ്ടാകേണമെങ്കിൽ അതിനു വിഘാതമായി നിൽക്കുന്ന ജാതിസംബന്ധമായ അബദ്ധവിശ്വാസങ്ങളെ നീക്കുന്ന വിഷയത്തിൽ ഗവർമ്മെൻറു പാടുള്ളത്ര പ്രത്യേകം തലകൊടുത്തു പ്രവർത്തിക്കതന്നെ വേണ്ടിയിരിക്കുന്നു.

ഇനി ഉത്തരതിരുവിതാംകൂറിലെ ചിലക്ഷേത്രങ്ങളെപ്പററി ഒരു വാക്കുകൂടി പറയാം. നാഞ്ചിനാട്ടെ ഉത്സവകാലത്തെ "തെരുമറച്ചാ"ൻെറ സ്ഥാനത്തു ഉത്തരതിരുവിതാംകൂറിൽ ക്ഷേത്രസമീപങ്ങളിൽ നോട്ടീസു പലകകൾ തന്നെ സ്ഥിരം സ്ഥാപിച്ചിരിക്കുന്നതായി കാണാം. ഈ പലകകൾ കൊണ്ടുള്ള ബുദ്ധിമുട്ടുകളെപ്പററി കഴിഞ്ഞതവണയും ഞാൻ ഈ സഭമുമ്പാകെ സങ്കടം പറഞ്ഞിരുന്നു. ഇന്നിന്നജാതിക്കാർക്കു ഇന്നിന്ന ദിക്കിലൊക്കെ നടക്കാൻ പാടില്ലെന്നു കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടു ഒരു ചട്ടം കൊണ്ടും തടുത്തിട്ടില്ലെന്നു വിവരമുള്ളവർക്കൊക്കെ അറിയാം. പിന്നെ ക്ഷേത്രങ്ങളുടെ പുറമതില്കളുടെ പുറത്തു കൂടിയുള്ള പബ്ലിക്കു് റോഡുകളിൽ ചിലേടത്തു ഞങ്ങൾക്കു സഞ്ചരിച്ചുകൂടാ എന്നു ഡിസ്ട്രിക്ററ് മജിസ്ട്രേട്ടന്മാർ നോട്ടീസുകൊണ്ടു തടുത്തതു് എങ്ങനെ ആണെന്നു മനസ്സിലാകുന്നില്ല. ഇപ്പോഴുള്ള ഡിസ്ട്രിക്ററ് മജിസ്ട്രേട്ടന്മാർ ആരും ഇങ്ങനെ ചെയ്തിട്ടില്ല. ഏതാനും കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒന്നുരണ്ടു ഉദ്യോഗസ്ഥന്മാരാണു് ഈ പലകകൾ ഒക്കെ അവിടവിടെ നിറുത്തിയിരിക്കുന്നതു്. അവരുടെ പേരുകൾ ഞാൻ പറയുന്നില്ല. ഈ

Digitized By Kerala Sahitya Akademi

നോട്ടീസുകൊണ്ടു അതിനുമുമ്പു ഞങ്ങൾ നടന്നുവന്ന വഴിക ളെയാണു് അവർ തടുത്തിരിക്കുന്നതു്. വൈക്കത്തു ക്ഷേത്ര ത്തിൻെറ ഗോപുരത്തോളം ഏതാനും കൊല്ലങ്ങൾക്കു മുമ്പു് അകലെ നിൽക്കേണ്ടി വന്നിരിക്കുന്നു. എന്തു സങ്കടമാണി തു്? പ്രസിദ്ധപ്പെട്ട ഏററുമാനൂർ ക്ഷേത്രത്തിൽ ഇന്നും ഈഴ വർക്കു ഗോപുരം വരെ ചെല്ലുകയും അതിനടുത്തുള്ള ഭജനമഠ ങ്ങളിൽ താമസിച്ചു ഭജനം നടത്തുകയും മററും ചെയ്യാം. എ ന്നാൽ കോട്ടയം ടൌണിലുള്ള തിരുനക്കര ക്ഷേത്രത്തിൻെറ വെളിക്കുള്ള പബ്ളിക്ക് റോഡുകളിൽകൂടി പോലും ഈഴ വർ നടക്കാൻ പാടില്ലെന്നു പലകയിൽ എഴുതി വെച്ചു നി ഷേധിച്ചിരിക്കുന്നതായിക്കാണുന്നു. [ഹിന്ദുക്കളല്ലാത്തവർ പുഴുത്തു നാറിയ മത്സ്യവും ചോരയൊഴുകുന്ന പച്ചമാംസവും ചുമന്നുകൊണ്ടു ഈ പരിശുദ്ധരാജപാതകളിൽ കൂടി രാപ്പകൽ നടക്കുന്നതിനു യാതൊരു വിരോധവും ഇല്ലാതാ നം] അധികം സ്വാതന്ത്ര്യം അനുവദിക്കേണ്ട ടൌണിൽ ഈ അബദ്ധവും കഠിനവുമായ നിർബ്ബന്ധം ചെയ്തിരിക്കുന്നവിവരം ഗവർമ്മെൻറു അറിയുന്നുണ്ടോ? കച്ചേരിക്കടവിലേക്കും അവി ടെ നിന്നും ടൌണിൻെറ പല ഭാഗത്തേക്കും എന്നു തന്നെയല്ല ക്ഷേത്രത്തിനു ചുററുമായി കുറുക്കുവഴിക്കു ചെന്നെത്താവുന്ന സ്ഥ ലത്തെങ്ങും ചുമടുകളോ വണ്ടികളോ കൊണ്ടുപോയി കാലം കഴിക്കുന്നതിനു കൂടി ഈ വർഗ്ഗങ്ങളിൽ സാധുക്കളായവർക്കു പാടില്ലാതെ ആക്കിത്തീർത്തിരിക്കുന്ന പലകകൾ കോട്ടയത്തു വളരെ അടുത്ത കാലത്താണു് നാട്ടീട്ടുള്ളതു്. കുമരകത്തിന ടുത്ത തിരുവാർപ്പുക്ഷേത്രത്തോടു സംബന്ധിച്ചുള്ള വഴികളി ലും ഈ വക അനർത്ഥങ്ങളാൽ അനേകം സാധുക്കൾ വെറു തെ കഷ്ടപ്പെടുന്നുണ്ടു്. താണജീവികളായ പട്ടികൾക്കും പൂച്ച കൾക്കും മററും നടക്കാവുന്ന വഴികളിൽ മനുഷ്യരെ മനുഷ്യർ തടുക്കുന്നു. ഈഴവരെപ്പററി പ്രത്യേകം പറകയാണെങ്കിൽ അവരുടെ എച്ചിൽ തിന്നു ഉപജീവിക്കുന്ന താണ വർഗ്ഗക്കാ

Digitized By Kerala Sahitya Akademi

രിൽ ചിലക്കു നടക്കാൻ യാതൊരു വിരോധമില്ലാത്ത വഴിക ളിൽ കൂടിയും അവരെചിലർ തടുക്കുന്നു. ഈ തടസ്സത്തിന്റെ സ്വഭാവം തന്നെ പലേടത്തും പലപ്പോഴും പല വ്യത്യാസങ്ങ ളോടു കൂടി തുലാമാലയായിരിക്കയാണെന്നും മുൻപറഞ്ഞ സംഗതികളിൽ നിന്നു ഗ്രഹിക്കാവുന്നതാണു്. അതുകൊണ്ടി തെല്ലാം ഉത്തരവാദമില്ലാത്ത ചില ജനങ്ങളോ അധികാരപ്ര മത്തരായ ചില ഉദ്യോഗസ്ഥന്മാരോ അവരുടെ സ്വാത്മപര മായ മനോഗതിപോലെ ചെയ്തുവരുന്ന ഏർപ്പാടുകളാണെന്നും അവയെ ജനങ്ങൾക്കു ഉപദ്രവകരമായിത്തീന്നിരിക്കുന്നു എന്ന റിയുന്ന ക്ഷണത്തിൽ പരിഹരിക്കേണ്ടതു നമ്മുടെ പരിഷ്കൃ തഗവമ്മെൻറിന്റെ മുറയാണെന്നും പറയേണ്ടതില്ലല്ലോ. ക്ഷേത്രസംബന്ധമായ സാന്നിദ്ധ്യത്തിന്റേയും സാമീപ്യത്തി ന്റേയും പരമാവധി പുറമതിലാണു്. അത്രത്തോളം പോവാൻ ആർക്കും ഒരിക്കലും എവിടെയും തടസ്സമുണ്ടായിരിക്കരുതു്. അത്രത്തോളം സ്വാതന്ത്ര്യം ചോദിക്കുന്നതു അധികമായിപ്പോ യെന്നു ആരും വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഈ നിവേദനത്തിൽ അടങ്ങിയ ഓരോ പ്രധാന സംഗ തിയേയും പററി ഗവർമ്മെൻറു പ്രത്യേകം ദയചെയ്തു ആലോ ചിച്ചു് സങ്കടങ്ങൾക്കു ഓരോന്നിനും കഴിയുന്ന പരിഹാര ങ്ങൾ ഉടനെ ഉണ്ടാക്കാൻ നോക്കേണമെന്നു താഴ്മയായി അ പേക്ഷിച്ചുകൊള്ളുന്നു. ജാതിശല്യം അവിടവിടെ ചില ദിക്കു കളിൽ വർദ്ധിച്ചുവരുന്നതായി എടുത്തുകാണിച്ചിട്ടുള്ളതു ശരി യാണെങ്കിലും ആകപ്പാടെ നോക്കിയാൽ അതിന്റെ ഔജ്ജ്വ ത്യം ശീഘ്രത്തിൽ ക്ഷയിച്ചു വരികയാണെന്നുള്ള വസ്തുതയെ ഞാൻ വിസ്മരിക്കുന്നില്ല. ഗവർമ്മെൻറു പ്രത്യേകം ദൃഷ്ടിവച്ചു ചിലതുകൂടി പ്രവർത്തിച്ചാൽ ഈ സങ്കടത്തിനും അധികം തൃപ്തികരവും ശീഘ്രതരവുമായ നിവൃത്തിയുണ്ടാകുമെന്നുള്ളതു് നിശ്ചയമാകയാൽ ഇപ്രകാരം നിവേദനം ചെയ്യുന്നതാണു്.

Digitized By Kerala Sahitya Akademi

ജാതിവിചാരം രാജ്യത്തിൽ ഐകമത്യത്തെ പല പ്രകാരത്തിൽ ഭഞ്ജിച്ചു പൊതുക്ഷേമത്തെ തടഞ്ഞു ഭരണം ക്ലേശകരമാക്കി ചെയ്യുന്നതിനു പുറമേ പല വിധത്തിലുള്ള ദുർവ്യയങ്ങൾക്കും കാരണമായിത്തീരുന്നു എന്നുള്ളതു് സ്വല്പം ചിന്തിച്ചാൽ ആർക്കും അറിയാവുന്നതാണല്ലോ. അർത്ഥമില്ലാത്ത ഈ ഭീഷണിയെ ഭയപ്പെട്ടു വഴങ്ങിനടക്കുന്ന കാലത്തോളം രാജ്യത്തിലെ വിദ്യാഭ്യാസ സംബന്ധമായ ഉൽക്കർഷത്തെപ്പററി നാം അഭിമാനിക്കുന്നതുതന്നെ ലജ്ജാവഹമാണു്.

പ്രജാസഭയെപ്പോലുള്ള പൊതുസ്ഥാപനങ്ങളും പരസ്പര സഹായ സംഘങ്ങളും ഗ്രാമ പഞ്ചായത്തുകളും മററും സ്ഥാപിച്ചു നടത്തുവാൻ വ്യവസ്ഥകൾ ചെയ്തുവരുന്ന ഇക്കാലത്തെ പ്രജകളുടെയിടയിൽ പൂർവ്വാധികമായി സ്നേഹബന്ധമുണ്ടാകാൻ ഉള്ള മാർഗ്ഗങ്ങൾകൂടി പ്രത്യേകം ആലോചിച്ചു ചെയ്തുകൊണ്ടിരുന്നില്ലെങ്കിൽ എല്ലാം വ്യർത്ഥമായിത്തീരുന്നതാണു്. അതുകൊണ്ടു ഈ സങ്കടങ്ങളുടെ നിവൃത്തിമാർഗ്ഗമായി ഗവർമ്മെൻറു ചെയ്യേണ്ടതു എന്താണെന്നു ചോദിച്ചാൽ എന്റെ എളിയ ബുദ്ധിയിൽ തോന്നുന്ന ഉത്തരം ഇതാണു്.—

1. ജാതിക്ലേശമനുഭവിക്കുന്ന വർഗ്ഗങ്ങളെ സർക്കാരുദ്യോഗ വിഷയത്തിൽ ഗവർമ്മെൻറു ഇപ്പോഴത്തേതിൽ അധികം പ്രോത്സാഹിപ്പിക്കണം.

2. ജാതിസംബന്ധമായ ദുശ്ശാഠ്യങ്ങളിൽ അനാദരവും ജനങ്ങളിൽ പരസ്പര സ്നേഹവും സഹോദരബുദ്ധിയും ശരിയായ ദേശാഭിമാനവും വർദ്ധിക്കത്തക്കവണ്ണം ഉള്ള സദാചാര പാഠങ്ങൾ കുറെക്കാലത്തേയ്ക്കു എലിമെൻററി സ്കൂളുകളിൽ നിർബന്ധിതമായി വയ്ക്കുക.

3. പബ്ളിക്ക് ലക്ചർ കമ്മിററിക്കാർ ഈ പ്രശ്നത്തെ കൂടി പ്രസംഗവിഷയമായി സ്വീകരിക്കയും പ്രത്യേക യോ

Digitized By Kerala Sahitya Akademi

ഗ്രന്ഥാരെമക്കൊണ്ടു പല അവസരങ്ങളിലും ശക്തിമത്തായ പ്രസംഗങ്ങൾ ചെയ്യിക്കയും ലഘുലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്ക.

4. പബ്ളിക്ക് റോഡുകളിൽ നിന്നു നാഞ്ചിനാട്ടെ "തെരുമറച്ചാനും" ഉത്തര തിരുവിതാംകൂറിലെ "നേട്ടീസുപലക" കളും എടുത്തുകളവാൻ ആജ്ഞാപിക്കുക. ഒടുവിൽ പറഞ്ഞ നോട്ടീസുകൾ ക്രിമിനൽ പ്രൊസീഡിംഗ്സ് കോഡ് 127-ാം വകുപ്പിൻ പ്രകാരം സ്ഥാപിച്ചിട്ടുള്ളതായിരിക്കണം. അങ്ങനെയാണെങ്കിൽ തന്നെ ആ വകുപ്പിലെ താല്പര്യമനുസരിച്ച് ആ നോട്ടീസുകളെ ഗവർമ്മെൻറു പ്രത്യേകം ഗസററിൽ പരസ്യപ്പെടുത്തി സ്ഥിരീകരിക്കാത്ത പക്ഷം അവ രണ്ടു മാസത്തേയ്ക്കേ സാധുവായിരിക്കു. ഗവർമ്മെൻറു ഈ നോട്ടീസുകളെപ്പററി അങ്ങനെ ഇതുവരെ ചെയ്തിട്ടില്ല. ഇനി ചെയ്കയുമില്ലെന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ടു അവയെ നവീകരിക്കാതിരുന്നാൽ മതി എന്നാൽ ഇപ്പോൾ തന്നെ കലഹരണപ്പെട്ടു നിൽക്കുന്ന പലകകളെ വക വയ്ക്കാതെ ജനങ്ങൾ നടന്നു കൊള്ളും.

5. 1040-ാം മാണ്ടത്തെ ഒരു തിരുവഴുത്തുവിളംബരം കൊണ്ടു എല്ലാവർഗ്ഗക്കാർക്കും പബ്ളിക്ക് റോഡുകളിൽ നടക്കുന്നതിനും മററും ധാരാളം സ്വാതന്ത്ര്യം അനുവദിക്കയും അതിനെ തടയുന്നവരെ കഠിനമായി ശിക്ഷിക്കുമെന്നു ആജ്ഞാപിക്കയും ചെയ്തിട്ടുണ്ട്. അര നൂററാണ്ടു കഴിഞ്ഞിട്ടും അതു മുഴവൻ നടപ്പിൽ വരാത്തതു ദയനീയമാണ്. രാജഗോപാലാചാരി അവർകൾ ആ തിരുവെഴുത്തു വിളംബരത്തെ അദ്ദേഹത്തിൻെറ കാലത്തു വീണ്ടും പ്രസിദ്ധപ്പെടുത്തുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. അവിടന്നു അവസാനമായി ഒരിക്കൽ കൂടി ആ വിളംബരം തന്നെ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും അതിനെ അക്ഷരം പ്രതി നടപ്പിൽ വരുത്തുവാൻ

Digitized By Kerala Sahitya Akademi

നിഷ്കർഷിച്ചു ആജ്ഞാപിക്കയും ചെയ്താൽ മതി; ആ സങ്കടങ്ങൾക്കു പൂർണ്ണമായി നിവൃത്തി കിട്ടും. ഗവർമ്മെൻറിൻെറ അനുകമ്പാപൂർവ്വമായ ദൃഷ്ടി ഈ സംഗതികളിൽ ക്ഷണിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

(പന്ത്രണ്ടാമത്തു പ്രജാസഭയിൽ ചെയ്ത സുദീർഘ പ്രസംഗത്തിൻെറ സംഗ്രഹം. വിവേകോദയം പു: 12 നമ്പർ 11–ൽ (1091 കുംഭം) പ്രസിദ്ധപ്പെടുത്തി)

Digitized By Kerala Sahitya Akademi

അനുബന്ധം I

# ജാതിശല്യം തകർക്കുവിൻ

[1098 മേടം 29, 30 തീയതികളിൽ കൊല്ലത്തുവച്ചു കൊണ്ടാടിയ SNDP. യോഗത്തിന്റെ 20-ാം വാർഷിക സമ്മേളനത്തിൽ ആശാൻ ചെയ്ത അദ്ധ്യക്ഷ പ്രസംഗം]

**മാന്യ സഹോദരരേ,**

എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ഈ 20-ാമത്തു വാർഷികപൊതുയോഗത്തിൽ അദ്ധ്യക്ഷനായി എന്നെ തിരഞ്ഞെടുത്തതിനു് ഒന്നാമതായി ഞാൻ യോഗപ്രവർത്തകന്മാർക്കു നന്ദി പറയേണ്ടിയിരിക്കുന്നു. ഈ തീരത്തിൽ നിവസിക്കുന്ന 20 ലക്ഷത്തോളമുള്ള തീയ്യർ മഹാജനത്തിന്റെ ഏക സംഘമാണു് നമ്മുടെ യോഗം. ഇതിന്റെ വാർഷിക സമ്മേളനത്തിലെ അഗ്രാസനത്തേക്കാൾ ഉന്നതവും സമുദായത്തിന്റെ വിശ്വാസ ബഹുമാനങ്ങൾക്കു നികഷ ഭൂതവും ആയ ഒരു സ്ഥാനം വേറെ ഇല്ലെന്നാണു് എന്റെ ദൃഢമായ വിശ്വാസം. അതുകൊണ്ടു ഈ സ്ഥാനത്തിൽ ആരോഹിതനായ ഞാൻ നിങ്ങളുടെ ദൃഷ്ടിക്കു കൃശനായിപ്പോകുന്നില്ലേ എന്നു് എന്നോടുതന്നെ ചോദിക്കേണ്ടതാകുന്നു. എനിക്കു മുമ്പു് ഈ സ്ഥാനം അലങ്കരിച്ചിരുന്ന 20-ൽ പരം മാന്യന്മാരിൽ ആർക്കെങ്കിലുമുള്ള യോഗ്യതകളിൽ ഒന്നുംതന്നെ എനിക്കുള്ളതായി ഞാൻ അശേഷം അഭിമാനിക്കുന്നില്ല. എന്നാൽ (ഇന്നലെ ഉപക്രമത്തിൽ ഞാൻ സൂചിപ്പിച്ചപോലെ) ഈ യോ

Digitized By Kerala Sahitya Akademi

ഗ്യത എനിക്കുണ്ട്. അതു യോഗത്തോടും എന്റെ സമുദായത്തോടും എനിക്കുള്ള സഹജമായ മമതയും സ്നേഹവും ആകുന്നു. അതു മതിയാകുമെങ്കിൽ—ആ സ്ഥാനം അലങ്കരിക്കുന്നതിനു ആ യോഗ്യത മാത്രം മതിയാകുമെങ്കിൽ—മാന്യസ്വജനങ്ങളെ ഈ സ്ഥാനത്തിനു് എന്നെക്കാൾ അർഹനായി വേറൊരാൾ ജീവിച്ചിരിക്കുന്നുണ്ടെന്നു് ആരു പറഞ്ഞാലും ഞാൻ വിശ്വസിക്കുന്നതുമല്ല.

സ്നേഹത്തിന്റെ അനിർവചനീയമായ ശക്തികൾ ലോകത്തിൽ പാരസ്പരികമായി പ്രവൎത്തിക്കയാകുന്നു. നിശ്ചയമായും എന്നെ ക്ഷണിപ്പാൻ നിങ്ങളുടെ മഹാമനസ്കതയെ ഉത്തേജിപ്പിച്ചതു് അതുതന്നെ ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സ്നേഹത്തിന്റെ ഒരു ശക്തി അസമവസ്തുക്കളെ സമീകരിക്കുന്നതുപോലെ അതിന്റെ വേറൊരു ജാലവിദ്യ ചെറിയ സാധനങ്ങളെ ഊതിപ്പെരുക്കി നാം അറിയാതെതന്നെ നമ്മുടെ ദ്രുഷ്ടിയിൽ വലുതാക്കിച്ചെയ്കയും ചെയ്യുന്നു. നമ്മുടെ കുടുംബജീവിതം തന്നെ ഇതിനു ദ്രുഷ്ടാന്തമാണു്. അട്ടക്കളയിലും മുററത്തും പിച്ചനിന്നു കൊഞ്ചിക്കളിക്കുന്ന കിടാവു് വീട്ടിലെ സർവാധികാരമുള്ള യജമാനനോ യജമാനത്തിയോ ആയിരിക്കുന്നു. പ്രിയജനങ്ങൾ നൽകുന്ന പനിനീർപൂവു് തുല്യ പരിമാണമായ പദ്മരാഗത്തെക്കാൾ വിലപിടിച്ചതായി തോന്നുന്നു. സ്നിഗ്ദ്ധ ജനങ്ങൾ ഉച്ചരിക്കുന്ന ഇതരസാധാരണമായ വാക്കുകൾതന്നെ നമ്മുടെ ചെവിയിൽ വീണാഗാനമായും അമൃത നിഷ്യന്ദമായും മാറുന്നു. നാം ഇതിൽ എല്ലാം കാണുന്നതു് സ്നേഹത്തിന്റെ പ്രഭാവമാകുന്നു. വാസ്തവത്തിൽ സ്നേഹം തന്നെ ലോകത്തെ ഭരിക്കുന്നു. മററു ശക്തികളുടെ ഭരണത്തെക്കാൾ സ്നേഹത്തിന്റെ ഭരണത്തിനു് കീഴ്വഴങ്ങാൻ ജനങ്ങൾ എവിടെയും സന്നദ്ധരായിരിക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

അതെ, ഈ വിചാരങ്ങളുടെ കിരണങ്ങൾ ഏററുതന്നെ സങ്കോചത്തിൻെറ മൂടൽ എന്നെ വിട്ടുമാറുന്നു. സിരകൾ ഉത്സാഹത്താൽ ഭരിതമാകയും മസ്തിഷ്കം ദീപ്തമാകയും ചെയ്യുന്നു. സ്വയം സന്ദേഹിച്ച ആത്മകാർശ്യം ദൃഷ്ടിയിൽ നിന്നു തെറിച്ചുപോയിരിക്കുന്നു. കർത്തവ്യബോധം കാര്യ നിർവഹണത്തിനായി പുരോഭാഗത്തു നിന്നുകൊണ്ടു് "തസ്മാ ദുത്തിഷ്ഠ" എന്നു വിളിച്ചു പറകയും ചെയ്യുന്നു.

നമ്മുടെ ശ്രീനാരായണധർമ്മപരിപാലനയോഗം നമ്മൾ തുടങ്ങിയുള്ള കേരളത്തിലെ ബഹുലക്ഷം അധഃകൃതരെ ഉന്ന മിപ്പിക്കാൻ യഥാകാലം ആവിർഭവിച്ച ഒരു ധർമ്മശക്തിയാ ണു്. അതിൻെറ അവതാരോദ്ദേശ്യങ്ങളെ മുഴുവൻ നിർവഹി ക്കാതെ അതു ഭൂമുഖത്തിൽ നിന്നു് തിരോധാനം ചെയ്യുമെന്നും ഞാൻ വിചാരിക്കുന്നില്ല. യോഗത്തിൻെറ ആദിചരിത്രം നിങ്ങളിൽ പലർക്കും പരിചിതമായിരിക്കുമെങ്കിലും അവയെ സ്മരിപ്പിക്കുന്ന രണ്ടു മൂന്നു വാക്കുകൾ പറവാൻ ഈ അവ സരത്തിൽ ഞാൻ അനുവാദം ചോദിച്ചു കൊള്ളുന്നു. വന്ദ്യ പാദരായ ശ്രീനാരായണ പരമഹംസദേവരുടെ ഏകാന്തമായ തപസ്യാജീവിതം ലോകസേവയ്ക്കായി മാറുന്ന ഘട്ടത്തിലാ ണു് നമ്മുടെ യോഗം ഉദ്ഭവിച്ചിരിക്കുന്നതു്. ഹിന്ദുമതത്തി ലെ ജാതിവ്യവസ്ഥയാണു് അദ്ദേഹത്തിൻെറ പ്രവൃത്തി പരി ധിയെ സങ്കോചിപ്പിച്ചതു്. താൻ ജനിച്ചു വളന്ന ജാതിയുടെ അതൃപ്തികരമായ സാമുദായികസ്ഥിതി ഒന്നാമതായി അദ്ദേഹ ത്തിൻെറ ശ്രദ്ധയെ ആകർഷിച്ചതിൽ അദ്ഭുതപ്പെടാനില്ല. യോഗിയായ അദ്ദേഹം മതപരിഷ്കാരത്തിനു തൻെറ കാ ര്യപരിപാടിയിൽ പ്രഥമസ്ഥാനം നല്കിയതും സ്വാഭാവി കം തന്നെ ആകുന്നു. തൻെറ വർഗ്ഗക്കാർക്കു ഉയർന്ന വർഗ്ഗക്കാ രെന്നു പറയപ്പെടുന്ന ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിൽ കടന്നു തൊഴാൻ അനുവാദമില്ലായിരുന്നു. അവരുടെ സ്വന്ത ദേവാ ലയങ്ങളിൽ അധികവും ജന്തുക്കളെ ബലി കഴിക്കുന്ന ദുർഗ്ഗാ

Digitized By Kerala Sahitya Akademi

ക്ഷേത്രങ്ങളും ആയിരുന്നു. ഈ ജന്തുഹിംസയ്ക്കു എതിരായി സ്വാമി വളരെ ഒക്കെ ശ്രമിക്കയും കേരളത്തിൽ സ്വസമുദായക്കാരുടെ വകയായ മിക്ക ക്ഷേത്രങ്ങളിലും അതു നാമവശേഷമായിത്തീരുകയും ചെയ്തിട്ടുള്ളതു് പ്രസിദ്ധമാണല്ലോ. മതസംബന്ധമായി അവിടന്നു ചെയ്ത മറെറാരു പരിഷ്കാരം സ്വവർഗ്ഗക്കാരുടെ ആരാധനയ്ക്കായി പ്രത്യേകം ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കയും അതുകളിൽ സ്വവർഗ്ഗത്തിൽ നിന്നുതന്നെ ശാന്തിക്കാരന്മാരെ ഏർപ്പെടുത്തി ഉത്തമമായ പൂജാക്രമങ്ങൾ നടപ്പാക്കുകയും ചെയ്തതാകുന്നു. ഇതിൽ ഒന്നാമത്തെ ദേവലയമാണു നമ്മുടെ യോഗത്തിൻെറ ഉൽപത്തി സ്ഥാനമായ അരുവിപ്പുറം ശിവക്ഷേത്രം. ഉത്തമരീതിയിലുള്ള ദേവാരാധനം കൊണ്ടു ഈശ്വരഭക്തിക്കും സദാചാരത്തിനും പുറമേ സമുദായത്തിൽ അപേക്ഷിതമായിരുന്ന ശുചിത്വവും വർദ്ധിക്കുമെന്നു സ്വാമി കണ്ടിരുന്നു. ഈ ഒടുവിൽ പറഞ്ഞ സംഗതി യോഗം സ്ഥാപിക്കുന്നതിനു മുമ്പുതന്നെ പലപ്പോഴും എന്നോടു തൃപ്പാദങ്ങൾ സൂചിപ്പിച്ചു പറഞ്ഞിട്ടുള്ളതാണു്. ഇതിൻെറ ഇതേവരെയുള്ള ഫലം തന്നെ എത്രയോ തൃപ്തികരമായിരിക്കുന്നു. ക്ഷേത്ര സാഹചര്യം കൊണ്ടു ശരീരം, വസ്ത്രം, ആഹാരം ഇതുകളിൽ ഏതു നമ്പൂതിരിയോടും കിടപിടിക്കത്തക്ക ശുചിത്വമുള്ളവർ സമുദായത്തിൽ പലടത്തും വർദ്ധിച്ചിട്ടുണ്ടു്. സ്വാമികൾ ക്രമേണ സമുദായത്തിൻെറ മതാചാര്യസ്ഥാനം സ്വയം ലഭിച്ചു. അതോടുകൂടി സമുദായത്തിൻെറ ഉന്നമനത്തിനാവശ്യമായ മററു പല സംഗതികൾക്കുമായി പ്രവർത്തിക്കുന്നതിനും ആരംഭിച്ച പരിഷ്ക്കാരങ്ങളെ പ്രചരിപ്പിക്കുന്നതിനുമായി ''ശ്രീനാരായണധർമ്മ പരിപാലനയോഗം'' അവിടത്തെ പ്രേരണയിൽ 1078_ൽ സ്ഥാപിക്കപ്പെട്ടു.

യോഗം പരിഷ്കരണവിഷയമായി ആദ്യം ചെയ്തതു താലികെട്ടു മുതലായ അനാവശ്യ അടിയന്തിരങ്ങളെ നിറുത്താൻ സമുദായത്തെ പ്രേരിപ്പിച്ചതാകുന്നു. ജനങ്ങൾ തമ്മിൽ സ്ഥാ

Digitized By Kerala Sahitya Akademi

നമാനങ്ങൾ ചൊല്ലി കലഹം വർദ്ധിപ്പിച്ചും സദ്യയും പുകയിലയും കൊടുത്തു ധനം നശിപ്പിച്ചും കുടുംബങ്ങളെ നാൾക്കുനാൾ ശോഷിപ്പിച്ചും കൊണ്ടിരുന്ന അത്തരം ദുരാചാരങ്ങൾ ഇപ്പോൾ കേൾക്കാനില്ലാതായിത്തീന്നിട്ടുണ്ട്. പെൺകുട്ടികൾക്കു പോലും വ്യയസാദ്ധ്യമായ വിദ്യാഭ്യാസം നൽകേണ്ടചുമതല കൂടി എല്ലാവീടുകളേയും ഞെരുക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു ഭയങ്കരമായ താലികെട്ടു ചിലവു നിന്നു പോയതു് എന്തൊരനുഗ്രഹമാണെന്നു് ഉത്തരവാദമുള്ളവക്കു ചിന്തിച്ചാൽ അറിയാം.

പരിഷ്കൃതമായ വിവാഹരീതി ഏപ്പെടുത്തിയതാകുന്നു യോഗത്തിൻെറ മറെറാരുശ്രമം. ഇതു സമുദായത്തൻെറ ഉന്നതനിലയ്ക്കു എത്ര സ്പൃഹണീയവും അഭിമാനകരവുമായ സംഗതിയാണെന്നു പറയേണ്ടതില്ലല്ലോ. സമുദായത്തിൽ സ്ത്രീപുരുഷന്മാരുടെ ഇടയിൽ ഒന്നുപോലെ വിദ്യാഭ്യാസം വദ്ധിപ്പിക്കുന്ന വിഷയത്തിൽ യോഗം പ്രസംഗങ്ങൾ മൂലമായും മററും ജനങ്ങളെ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. വ്യവസായവിഷയത്തിൽ സമുദായത്തിനു അഭിരുചി വർദ്ധിപ്പാനായി ഇവിടെയും കണ്ണൂരിലുമായി രണ്ടു വലിയ കൃഷിവ്യവസായ പ്രദർശനങ്ങൾ നടത്തി. നിർദ്ധനരായ പല വിദ്യാർത്ഥികൾക്കു ഉയന്നതരം ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു ധനസഹായം ചെയ്കയും അവരിൽ പലരും സർവകലാബിരുദങ്ങൾ സമ്പാദിക്കയും ചെയ്തു. ഇതിനു പുറമേ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള സമുദായ പ്രമാണികളെ മിക്കവാറും യോഗത്തിൽ അംഗങ്ങളായി ചേക്കയും സമുദായ ശക്തിയെ വർദ്ധിപ്പിക്കയും ചെയ്തു. പരസ്പരം കണ്ടും കേട്ടും അറിവാനിടയില്ലാതെ അകന്നും ഭിന്നഭരണങ്ങൾക്കു കീഴിലും പാർത്തുവന്ന സഭാംഗങ്ങൾക്കു തമ്മിൽ പൊതുക്കാര്യങ്ങളിൽ അഭേദ്യമായ സാഹോദര്യ ബുദ്ധിജനിപ്പിച്ചു രാജ്യത്തിൽ പലേദിക്കിലും സമാജങ്ങൾ സ്ഥാപിച്ചു നടത്തുന്ന

Digitized By Kerala Sahitya Akademi

തിനു പ്രേരിപ്പിക്കുകയും അപ്രകാരം അനവധിസമാജങ്ങൾ ഉൽഭവിക്കയും ചെയ്തു. ക്ഷേത്രസ്ഥാപന പ്രസ്ഥാനം മംഗലാപുരം വരെ വ്യാപിച്ചു. ശിവഗിരി മഠത്തിൻെറ സ്ഥാപനത്തിലും ശാരദാപ്രതിഷ്ഠ സംബന്ധമായ കൃത്യങ്ങളിലും സാരമായി സഹായിച്ചു. സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ഠിപൂർത്തി മഹോത്സവം കേരളം മുഴുവനും പുറത്തുപല ദിക്കുകളിലും കൊണ്ടാടത്തക്കവണ്ണം ഏർപ്പാടുചെയ്കയും വലിയ ഒരു സംഖ്യ ചെലവുചെയ്തു തിരുവനന്തപുരത്തു ഷഷ്ഠിപൂർത്തി സ്മാരകമായി ഒരു വിദ്യാർത്ഥിസദനം പണികഴിപ്പിക്കയും ചെയ്തു. ഇവ യോഗത്തിൻെറ നേരേ കീഴിലും പ്രേരണയിലും സാധിച്ചിട്ടുള്ള സാമുദായികമായ ചിലസംഗതികൾ മാത്രമാകുന്നു. യോഗം പ്രധാനമായും ചെയ്തുകൊണ്ടിരുന്ന മറെറാരു പ്രവൃത്തി സമുദായത്തിൻെറ രാഷ്ട്രീയാവകാശങ്ങളെ സംബന്ധിച്ചു ഗവമ്മെൻറുകളോടു വഴക്കു പറഞ്ഞുകൊണ്ടിരിക്കയാകുന്നു. ഇതിൻെറ ഫലമായി തിരുവിതാംകൂറിൽ നമ്മുടെ വർഗ്ഗക്കാർക്കു പ്രവേശ്യമല്ലാതിരുന്ന രണ്ടായിരത്തോളം സർക്കാർ സ്ക്കൂളുകളിലും സർക്കാർ ധനസഹായം ലഭിക്കുന്ന പ്രൈവററു സ്കൂളുകളിൽ ഒന്നോ രണ്ടോ ഒഴിച്ചു എല്ലാററിലും നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വച്ഛന്ദം ചേർന്നു പഠിക്കുമാറായിത്തീർന്നിരിക്കുന്നു. നമ്മെ ഉദ്യോഗങ്ങളിൽ നിയമിക്കാതിരുന്ന ദേവസ്വം ഒഴിച്ചുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും നമ്മിൽ യോഗ്യതയുള്ള ഒട്ടധികം പേർക്കു ഉദ്യോഗങ്ങൾ ലഭിച്ചു കഴിഞ്ഞിരിക്കുന്നു. പഞ്ചായത്തു കോടു ബെഞ്ചു മജിസ്ട്രസി, മുൻസിപ്പാലിററി, പ്രജാസഭ ഈ സ്ഥാപനങ്ങളിലും നിയമസഭയിൽ തന്നെയും നമുക്കു പ്രാതിനിദ്ധ്യം കിട്ടിയിരിക്കുന്നു.

കൊച്ചി ഗവർമ്മെൻറു തന്നെ അവിടത്തെ നമ്മുടെ സമുദായത്തിൻെറ സങ്കടങ്ങളെപ്പററിയുള്ള യോഗത്തിൻെറ

Digitized By Kerala Sahitya Akademi

നിവേദനങ്ങളെ പലപ്പോഴും സ്വീകരിക്കയും പരിഹാരങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

തിരുവിതാംകൂറിൽ നമ്മുടെ സമുദായ ക്രമത്തേയും മററും ക്രമീകരിക്കുന്ന ഒരു നിയമമുണ്ടാക്കുന്നതിനായി ശ്രമിച്ചു തുടങ്ങിയതു യോഗം മുഖേന ആകുന്നു. അതിന്റെ ഫലം ആസന്നമായിരിക്കുന്നു നിങ്ങൾക്കു അറിയാമല്ലൊ.

ഇങ്ങനെ നമ്മുടെ സമുദായത്തിന്റെ നാനാമുഖമായ പുരോഗതിക്കു പ്രത്യക്ഷമായും പരോക്ഷമായും കാരണഭൂതമായി തീർന്നിട്ടുള്ള ഈ യോഗം നമ്മുടെ ഓരോരുത്തരുടേയും അഭിമാനപൂർവമായ ശ്രദ്ധയ്ക്കു വിഷയമായിത്തീരേണ്ട സ്ഥാപനമാണെന്നുള്ളതു് നിരാക്ഷേപമാകുന്നു. ഇതിന്റെ 20 കൊല്ലത്തെ അനുവർത്തനംകൊണ്ടു സമുദായത്തിനു സിദ്ധിച്ചിട്ടുള്ള ഗുണകരമായ മാററങ്ങൾ സംഗതികളെ സൂക്ഷിച്ചുനോക്കുന്ന ഒരുവന്റെ ദൃഷ്ടിയിൽ അത്ഭുതകരമായി തോന്നാതിരിക്കയില്ല.

ഇതിന്റെ ഒന്നാമത്തെ വാർഷികയോഗം 20 കൊല്ലം മുമ്പ് അരുവിപ്പുറം ക്ഷേത്രത്തിൽവച്ചു കൂടിയപ്പോൾ ഹാജരായിരുന്ന അംഗങ്ങളേയും ഈ ഹാളിൽ ഇപ്പോൾ സന്നിഹിതരായിരിക്കുന്ന നിങ്ങളേയും താരതമ്യപ്പെടുത്തി നോക്കാൻ ഇടയായിട്ടുള്ള കണ്ണുകൾക്കു മേൽപറഞ്ഞ വാസ്തവം എത്രയും സ്പഷ്ടമായി കാണാവുന്നതാണു്. അന്നു നമ്മുടെ സമുദായത്തിൽ ഒരു അരഡസൻ ബി. ഏ ബിരുദധാരികൾ ഉണ്ടായി കണ്ടാൽ ഭാഗ്യമായി എന്നു ഞങ്ങൾ ഉൽക്കണ്ഠയോടെ പറയുമായിരുന്നു. ഇന്നു ഞങ്ങൾക്കു ആ ഭാഗ്യമുണ്ടായി എന്നു മാത്രമല്ലഅതു ഞങ്ങളുടെ പ്രതീക്ഷയെ അധികം പ്രാവശ്യം അതിക്രമിക്കയും ചെയ്തിരിക്കുന്നു. മാത്രമല്ല ഈ ഹാളിൽ തന്നെ അങ്ങനെയുള്ള അധികം യുവാക്കന്മാരെ കാണ്മാനുള്ള ഭാഗ്യം ഞങ്ങൾക്കു ഇന്നുണ്ടായിരിക്കുന്നു. അന്നും നമ്മുടെ യോഗ

Digitized By Kerala Sahitya Akademi

ത്തോടൊന്നിച്ചു സ്ത്രീ സമാജം നടത്തിയിരുന്നു. അതും ഇന്ന ലെ ഈ ഹാളിൽ ശ്രീമതി. മീനാക്ഷിയമ്മ ബി. എ. യുടെ പ്രശസ്തമായ അദ്ധ്യക്ഷതയിൽ നടന്ന സ്ത്രീ സമാജവും തമ്മിൽ വാസ്തവത്തിൽ കൂപവും സമുദ്രവും പോലെയുള്ള അന്തരമു ണ്ടെന്നു പറഞ്ഞാൽ അതിശയോക്തി ആകുന്നതല്ല.

ഇങ്ങനെ പറവാൻ തുടങ്ങിയാൽ ഒട്ടവളരെ ഉണ്ടാകും. എന്നാൽ ഇതെല്ലാം വാസ്തവത്തിൽ യോഗത്തോടു സംബ ന്ധിച്ചു പറയേണ്ട മാററങ്ങൾ അല്ലെങ്കിൽ യോഗത്തിൻെറ സാക്ഷാൽ ഗുണഫലങ്ങളാണോ എന്നു ചോദ്യമുണ്ടാവാം. ഈ ചോദ്യത്തിൻെറ ശരിയായ ഉത്തരം ഏതുതന്നെ ആയാ ലും യോഗത്തിൻെറ പ്രേരണകൾ ഇല്ലായിരുന്നു എങ്കിൽ ഇത്ര പരിമിത കാലത്തിനുള്ളിൽ ഈ അപരിമിതമായ അഭി വൃദ്ധി നമുക്കുണ്ടാവാൻ തരമില്ലെന്നുള്ളതിൽ പക്ഷാന്തരമുണ്ടാ കുന്നതല്ല.

അന്നത്തെ പര്യന്താവസ്ഥകളും നമ്മെ സഹായിച്ചിട്ടു ണ്ടു്. നമ്മുടെ യോഗം സ്ഥാപിച്ചിട്ടു ഏതാണ്ടു ഒരു കൊല്ലം കഴിഞ്ഞപ്പോഴാണു് ശ്രീമൂലം പ്രജാസഭ ഉണ്ടായതു്. വിശാ ലഹൃദയനായ വി. പി. മാധവരായർ ദിവാൻജി അവർകൾ അദ്ദേഹത്തിൻെറ ഹ്രസ്വമെങ്കിലും സ്മരണീയമായ ഭരണകാ ലത്തു നമ്മുടെ പ്രജാസഭയിൽ പ്രാതിനിദ്ധ്യം അനുവദിച്ചു ത രികയും അങ്ങിനെ നമ്മുടെ പൗരാവകാശ സംബന്ധമായ സങ്കടങ്ങൾ ഗവർമ്മെൻറിനെ നേരിട്ടും പൂർണ്ണമായും അറി യിക്കാൻ സൗകര്യം നൽകുകയും ചെയ്തു. അദ്ദേഹത്തെ പി ന്തുടർന്നു വന്ന മഹാമനസ്കനായ സർ. പി. രാജഗോപാ ലാചാരി അവർകൾ നമ്മിൽ ഉയർന്നതരം യോഗ്യതയുണ്ടാ യിരുന്നവർക്കു ഉദ്യോഗം കൊടുത്തു തുടങ്ങുകയും വിദ്യാലയ പ്രവേശനത്തിൽ നമുക്കുണ്ടായിരുന്ന തടസ്സങ്ങളെ ഏറിയ ക്കുറും നീക്കിത്തരികയും ചെയ്തു. അതിനും പുറമേ നമ്മുടെ

Digitized By Kerala Sahitya Akademi

പൊതുയോഗങ്ങളിൽ സന്നിഹിതരായും മററു പ്രകാരത്തിൽ സദുപദേശങ്ങൾ നൽകിയും യോഗത്തിൻെറ ശ്രമങ്ങളെ ഒരു രക്ഷാധികാരിയുടെ സ്നേഹത്തോടുകൂടി അദ്ദേഹം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. പ്രജാസഭയിൽ നമ്മിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്കു പുറമേ നമ്മുടെ സംഖ്യാബലത്തേയും അധഃസ്ഥിതിയേയും പരിഗണിച്ചു. 6 പ്രതിനിധികളെ കൂടി ആണ്ടുതോറും നിയമിക്കുന്നതിനു് വ്യവസ്ഥചെയ്തതു് ആ മഹാനുഭാവനാകുന്നു. ഈ രണ്ടു ദിവാൻജിമാരേയും ഇവരുടെ നയത്തെ തുടർന്നു് നമ്മെ സഹായിച്ചുകൊണ്ടിരുന്ന ദിവാൻ എം. കൃഷ്ണൻനായർ അവർകളേയും നാം ഈ അവസരത്തിൽ കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണു്.

നമ്മുടെ ഇപ്പോഴത്തെ ദിവാൻജിയും നമ്മോടു അനുകമ്പയുള്ള ദേഹമാണെന്നു് പറവാൻ ഞാൻ മടിക്കുന്നില്ല. ഭാഗ്യദോഷത്താൽ നമ്മുടെ സ്ഥിതിഗതികളെ അന്യഥാ ധരിച്ചു് അദ്ദേഹത്തിൻെറ ഭരണത്തിൻെറ ആദ്യഘട്ടത്തിൽ ചില നൈരാശ്യ ജനകമായ സംഗതികൾ അദ്ദേഹം ചെയ്തിട്ടുണ്ടു്. എന്നാൽ പിന്നീടുള്ള പ്രവൃത്തികൾ കൊണ്ടു് അദ്ദേഹം നമ്മുടെ സമുദായത്തിൻെറ ന്യായമായ ആകാംക്ഷകളിൽ ശരിയായ അനുകമ്പയുള്ള ഭരണതന്ത്രജ്ഞനാണെന്നു് വെളിവാക്കിയിട്ടുണ്ടു്. റവന്യൂവകുപ്പിലും സിക്രട്ടറിയേററിലും നമ്മുടെ വർഗ്ഗക്കാരെ അധികം പ്രവേശിപ്പിച്ചിട്ടുള്ളതു് അദ്ദേഹമാണു്. ഇംഗ്ലീഷു സ്ക്കൂളുകളിലും കാളേജുകളിലും നമ്മുടെ വിദ്യാർത്ഥികൾക്കു പകുതി ഫീസ് അനുവദിച്ചുതന്ന അസാമാന്യമായ ഔദാര്യത്തിനായി അദ്ദേഹത്തിനു നാം എന്നേക്കും കടപ്പെട്ടിരിക്കയുമാണു്.

യോഗത്തിൻെറ ശ്രദ്ധ അടുത്തകാലത്തു മുഖ്യമായി പതിഞ്ഞിരുന്നതു ക്ഷേത്രപ്രവേശനവാദം, മധുവർജ്ജന പ്രസ്ഥാ

Digitized By Kerala Sahitya Akademi

നം ഈ രണ്ടു പ്രമേയങ്ങളിലാണെന്നു് നിങ്ങൾക്കറിയാമല്ലോ. ഇതിൽ ആദ്യത്തേതിൽ നായന്മാർ തുടങ്ങിയ സവർണ്ണഹിന്ദുക്കളുടെ ആനുകൂല്യം വർദ്ധിച്ചു വരുന്നതായി കാണുന്നതു് ഏററവും ചാരിതാർത്ഥ്യജനകമായ സംഗതിയാകുന്നു. കഴിഞ്ഞ കൊല്ലത്തെ പ്രജാസഭയിൽ നമ്പൂതിരിമാർ ഉൾപ്പെടെ ഭൂരിഭാഗം ഹിന്ദു പ്രതിനിധികൾ ഒപ്പിട്ടു സമർപ്പിച്ച വിജ്ഞാപനംതന്നെ ഈ സംഗതിക്കു അപരിഹാര്യമായ തെളിവാണു്. അതിനെത്തുടന്നു നായർ നേതാക്കളിൽ പലരും യോഗങ്ങളിൽ നിശ്ചയങ്ങൾ പാസ്സാക്കിയും മററു പ്രകാരത്തിലും ഈ വിഷയത്തിൽ ഇപ്പോൾ ശക്തിമത്തായ അനുകൂലാഭിപ്രായം പ്രചരിപ്പിച്ചു വരുന്നതായറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇക്കഴിഞ്ഞ അമ്പലപ്പുഴ നായർമഹാജനയോഗത്തിൽ തന്നെ നമ്മുടെ ക്ഷേത്രപ്രവേശനത്തെ സമ്മതിച്ചു നിശ്ചയം പാസ്സാക്കിയതായി കേൾക്കുന്നു. ഈ മഹാമനസ്കതക്കായി ആ യോഗത്തിൻെറ ഭാരവാഹികളായ മാന്യന്മാരോടു നാം നിശ്ചയമായും കൃതജ്ഞരായിരിക്കേണ്ടതാണു്. ഗവർമ്മൻറിൻെറ ശ്രദ്ധയെ ഇപ്പോൾ നല്ലവണ്ണം ആകർഷിച്ചിട്ടുള്ള ഈ പ്രക്ഷോഭണത്തിൽ ദിവാൻജിയുടെ പ്രതീക്ഷിതമായ മറുപടി വിളംബിതമായാലും പ്രതികൂലമായിരിക്കയില്ലെന്നു് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു.

മധു വജ്ജനപ്രസ്ഥാനം സമുദായത്തിൽ വളരെ ക്ലേശങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുള്ള ഒന്നാകുന്നു. ഈഴവർ ഇതിനു ആരംഭിച്ചതും സ്വാമിതൃപ്പാദങ്ങളുടെ ധാർമ്മികമായ ഉപദേശങ്ങളെ പുരസ്കരിച്ചു മാത്രമാണു്. സാമ്പത്തികമായ ചില്ലറ ഗുണങ്ങളെ മനഃപൂർവ്വം അവഗണിച്ചുകൊണ്ടാണു സാന്മാർഗ്ഗികമായ ഈ പ്രക്ഷോഭണം സമുദായനേതാക്കന്മാർ നടത്തുന്നതു്. മഹാത്മാവായ സ്വാമിതൃപ്പാദങ്ങളുടെ അനുഗ്രഹശക്തിയാൽ തന്നെ ഈ ശ്രമം അചിരേണ വിജയശേഖരിതമായിത്തീരുമെന്നു ഞാൻ ആശംസിക്കുന്നു.

Digitized By Kerala Sahitya Akademi

ഹിന്ദുമതത്തിൻെറ അപകർഷഹേതുവായ "ജാതി"യോടു മല്ലിടുന്നതു് യോഗത്തിൻെറ സാമാന്യകൃത്യങ്ങളിൽ പ്രധാനമായ ഒന്നാണു്. ഇതിനെ പുരസ്കരിച്ചാണു് സഹോദരസംഘം പ്രവർത്തിക്കുന്നതു്. നമ്മേക്കാൾ താണതോ ഉയർന്നതോ ആയി വിചാരിക്കപ്പെടുന്ന എല്ലാ ജാതിക്കാരോടും ആഹാരസാഹചര്യാദികളായ സകല സംഗതികളിലും സഹോദരഭാവന വർത്തിക്കുക എന്നുള്ളതാണു് ഇതിൻെറ മുഖ്യഉദ്ദേശം. പുലയർ, പറയർ മുതലായ വർഗ്ഗക്കാരുമായി പന്തിഭോജനം ചെയ്കയും കൂടിക്കഴിക്കയും ചെയ്തു അവരുടെ അന്തഃകരണത്തേയും സിരാബന്ധങ്ങളേയും സങ്കോചിപ്പിക്കുന്ന അപകർഷ ബുദ്ധിയെ ഉച്ചാടിപ്പിച്ചു് അവരുടെ ആത്മാവിൻെറ സ്വതന്ത്രമായ വളർച്ചയെ സഹായിക്കുകയാകുന്നു അതിൻെറ ധർമ്മരഹസ്യം. സ്വസമുദായത്തിലെ യാഥാസ്ഥിതികന്മാരുടെ കഠിനമായ അതൃപ്തിക്കും തജ്ജന്യമായ പല അനർത്ഥങ്ങൾക്കും ക്ലേശങ്ങൾക്കും ഹേതുവായിത്തീർന്ന ഈ പ്രസ്ഥാനം ഇപ്പോൾ ദിവസംപ്രതി എന്നപോലെ ജനസമ്മതി ലഭിച്ചു ചരിതാർത്ഥ്യമായി വരുന്നു എന്നു കാണുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഈ ക്ലേശകരമായ പ്രസ്ഥാനത്തിൻെറ പ്രവർത്തകനായ ശ്രീമാൻ. കെ. അയ്യപ്പൻ അവർകളുടെ പേരു കേട്ടിട്ടില്ലാത്തവർ കേരളത്തിൽ അധികം പേരുണ്ടായിരിക്കയില്ല. ശ്രീനാരായണപരമഹംസദേവരെ പ്രസവിച്ച സമുദായം ഈ ധർമ്മശൂരനായ യുവാവിനെ പ്രസവിച്ചതിൽ ആശ്ചര്യമില്ലെന്നു ഞാൻ സാഭിമാനം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ജാതിശല്യത്തിൻെറ നിവൃത്തിമാർഗ്ഗമായി മതപരിവർത്തനപ്രമേയം യോഗത്തിൻെറ ആലോചനാസരണിയിൽ ചിലപ്പോഴൊക്കെ കടന്നുകൂടാറുള്ള ഒന്നാണു്. ഇന്നു് ആ സ്ഥാനത്തിൽ നമ്മുടെ മുമ്പിൽ മുഴച്ചു നില്ക്കുന്നതു് ബുദ്ധമതമാകുന്നു. എൻെറ മാന്യസുഹൃത്തും സമുദായ നേതാക്കന്മാരുടെ

Digitized By Kerala Sahitya Akademi

മുന്നണിയിൽ ശോഭിക്കുന്നദ്ദേഹവുമായ മിതവാദി പത്രാധിപർ സി. കൃഷ്ണൻ ബി. ഏ. ബി. എൽ അവർകളാണു പ്രധാനമായി ബുദ്ധമതത്തെപ്പററി ചിന്തിച്ചു നോക്കുവാൻ ഈ അവസരത്തിൽ നമ്മോടു ഉപദേശിക്കുന്നതു്. അദ്ദേഹത്തോടുള്ള സ്നേഹബഹുമാനങ്ങൾ ഈ ഉപദേശത്തിൽ നമ്മിൽ പലക്കും അസാമാന്യമായ ഗൗരവബുദ്ധി ജനിപ്പിക്കയും ചെയ്യുന്നു. എന്നെക്കുറിച്ചു പറയുകയാണെങ്കിൽ ബുദ്ധമതം എന്റെ ആലോചനയിൽ ഇദംപ്രഥമമായി പ്രവേശിക്കുന്ന ഒരു വിഷയമല്ല. അതിലെ ധർമ്മത്തിന്റേയും മോക്ഷത്തിന്റേയും സാമഞ്ജസ്യത്തെപ്പററി എനിക്കു ആക്ഷേപവുമില്ല. എന്നാൽ ചിരപ്രതിപത്തികൊണ്ടു് ഉറച്ചുപോയ മനോവൃത്തികളെ കുപ്പായം മാററുംപോലെ മാററിക്കളയാമെന്നു വിചാരിക്കുന്നതു് അന്തഃകരണശാസ്ത്രീയമായ ഒരബദ്ധമാണെന്നാണു് എന്റെ താഴ്മയായ അഭിപ്രായം. രണ്ടാമതു് എനിക്കു അതിന്റെ ലൗകികമായ പ്രയോജനത്തിൽത്തന്നെ അശേഷം വിശ്വാസമില്ല. മൂന്നാമതു് പല പ്രകാരത്തിലുള്ള അന്തഃകരണപരിണാമത്തോടുകൂടിയ ബഹുലക്ഷം ജനങ്ങളടങ്ങിയ ഒരു വമ്പിച്ച സമുദായത്തെ ഒന്നിച്ചു മതംമാററുന്നതു സാദ്ധ്യമല്ലെന്നും നിശ്ചയമായും ഒരു സമുദായത്തിൽ ഭിന്നിപ്പിനു കാരണമാകയാൽ വിവേകമല്ലെന്നും ഞാൻ സംശയിക്കുന്നു. വിശേഷിച്ചു് മതസംബന്ധമായ കാര്യങ്ങളിൽ നമ്മെ ഉപദേശിക്കേണ്ടതു് സ്വാമി തൃപ്പാദങ്ങളാകുന്നു. മതതത്വങ്ങളെപ്പററി അപാരമായ പരിജ്ഞാനവും സ്വാനുഭവവുമുള്ള ആ ഗുരുമൂർത്തി ജീവിച്ചിരിക്കുമ്പോൾ നാം അതിന്നായി മറെറാരു ദിക്കിൽ പോകുന്നതു് അദ്ദേഹത്തെ പ്രത്യക്ഷത്തിൽ അവഗണിക്കയും ആകുന്നു. ജീവിച്ചിരിക്കുന്ന ആചാര്യന്റെ ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചു് സമാധാനം പറവാൻ പുറപ്പെടുന്നവരെപ്പററി എനിക്കു പറവാനുള്ളതു് "വ്യാഖ്യാതാക്കന്മാരിൽ നിന്നു് എന്നെ രക്ഷിക്കണേ ഈശ്വരാ" എന്നു മാത്രമാകുന്നു.

Digitized By Kerala Sahitya Akademi

ബുദ്ധമതത്തേക്കാൾ മുമ്പു തീയ്യരുടെ ശ്രദ്ധയെ ആകർഷിച്ചതു് ബ്രഹ്മസമാജ സിദ്ധാന്തമാണു്. ഇപ്പോൾ ആര്യസമാജവും നമ്മെ ക്ഷണിക്കുന്നുണ്ടു്. ഇവ എല്ലാം ഭാരതത്തിൽതന്നെ ജനിച്ചുവളർന്ന മതങ്ങളാകയാൽ ഹിന്ദുമതത്തിന്റെ വിഭാഗങ്ങളായിട്ടാണു് വിചാരിക്കപ്പെടുന്നതു്. എന്നാൽ ഇവയിൽ നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ജാതി, പുരാണ ഹിന്ദുമതത്തിലെപ്പോലെ ഇല്ലെന്നുള്ള ആശ്വാസമാണുള്ളതു്.

എസ്സ്. എൻ. ഡി. പി. യോഗം മുഖ്യമായും ഉപദേശിക്കുന്നതു് സംഘബലത്തെയാകുന്നു. തീയ്യരായി സമ്മതിക്കപ്പെടുന്ന ഏതാൾക്കും ജാതിയോ മതമോ എന്തു തന്നെ ആയിരുന്നാലും ഇതിൽ അംഗമായിരിക്കാമെന്നാണു് ഇന്നത്തെ വ്യവസ്ഥ. അതു കൊണ്ടു് മാന്യസഹോദരരേ. നാം തീയ്യരായി നിൽക്കുക. വിദ്യാഭ്യാസം കൊണ്ടും വ്യവസായം കൊണ്ടും സദാചാരം കൊണ്ടും നമ്മുടെ സ്ഥിതിയെ നന്നാക്കുക. സംഘബലത്തെ ഉപചരിക്കുക. ഐകമത്യത്തിനു ഹാനി ഉണ്ടാക്കുന്ന സംഗതികളുടെ നിഴലിനെപ്പോലും വർജ്ജിക്കുക.

യോഗത്തിന്റെ പുതിയ നിബന്ധന അനുസരിച്ചു് അധികം അംഗങ്ങളെ ചേർക്കുന്നതു് ഇപ്പോൾ സുഖകരമാണു്. അഞ്ചുരൂപ കൊടുക്കുന്ന ഏതു പുരുഷനും സ്ത്രീക്കും ജീവിതകാലം മുഴുവൻ സംഘത്തിലെ അംഗമായിരിക്കാവുന്നതാണു്. യോഗത്തിന്റെ ഭൂതകാല ചരിത്രത്തെപ്പററി ഞാൻ പറഞ്ഞതു് ഓർമ്മിക്കുവിൻ! അതു നിങ്ങൾക്കു അസീമമായ വിശ്വാസത്തെ നൽകുന്നതാണു്. 20കൊല്ലം നമ്മുടെ യോഗം ജീവിച്ചിരിക്കുന്നു. യാതൊരു ഭിന്നിപ്പോടും കൂടാതെ ഇത്രകാലം പ്രാണധാരണം ചെയ്ത സാമുദായിക സംഘങ്ങൾ നമ്മുടെ രാജ്യത്തു് വേറെ ദുർലഭമാണു്. ഇതുതന്നെ അതിന്റെ ലീനമായ ഭാവിശക്തികളെ വിളിച്ചു പറയുന്നുണ്ടു്. ശ്രമിക്കുവിൻ, ജാതിശല്യം പൊടിഞ്ഞുപോകും; അസ്വാതന്ത്ര്യം അസ്തമി

Digitized By Kerala Sahitya Akademi

**ക്കും; അധഃകൃതരെ പൊക്കാനുള്ള ശക്തി നിങ്ങളുടെ ബാഹുക്കൾക്കു അധീനമാകും. ശ്രമിക്കുവിൻ! കേരളത്തിലെ നവീന നാഗരികതയെ നിർമ്മിക്കുവിൻ! കേരളത്തിന്റെ ഭാവിചരിത്രത്തെ സ്വർണ്ണ ലിപികളിൽ എഴുതുവിൻ! ശ്രമിക്കുവിൻ!!! പ്രിയസഹോദരരെ,**

‘‘തനിക്കുതാനെ തുണയായിരുന്നിടും
ജനത്തിനീശൻ തുണയായിരുന്നിടും’’

Digitized By Kerala Sahitya Akademi

# നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ

[1916 ഡിസംബർ 31ന് എറണാകുളം കോളേജ് ഹാളിൽവച്ച് കൊച്ചി ഈഴവ സമാജത്തിന്റെ അർദ്ധവാർഷിക യോഗം നടന്നു. പാലക്കാട്ട് വിക്ടോറിയ കോളേജ് പ്രിൻസിപ്പാൾ പി. ശങ്കുണ്ണി ആയിരുന്നു അദ്ധ്യക്ഷൻ. ശിവപ്രസാദ് സ്വാമികൾ, സി. കൃഷ്ണൻ, ഇ. കെ. അയ്യാക്കുട്ടി, എൻ. കുമാരനാശാൻ തുടങ്ങി ആയിരത്തിൽപരം സമുദായാംഗങ്ങൾ യോഗത്തിൽ സന്നിഹിതരായി. പ്രസ്തുത സമ്മേളനത്തിൽ ആശാൻ ചെയ്ത പ്രസംഗമാണ് താഴെ ഉദ്ധരിക്കുന്നത്.]

നാം ഈഴവർ അല്ലെങ്കിൽ തീയ്യർ കേരളത്തിലെ ഏററവും ജനസംഖ്യയുള്ള വർഗ്ഗക്കാരാകുന്നു. ഹിന്ദുക്കളിൽ ഒരു വർഗ്ഗക്കാരും സംഖ്യയിൽ നമ്മോളമില്ല. 1911ലെ സെൻസസ് കണക്കു പ്രകാരം നാം 16 ലക്ഷം ജനങ്ങളുണ്ട്. കൊച്ചി സംസ്ഥാനത്തിൽ ആകെയുള്ള ജനസംഖ്യ 9 ലക്ഷത്തിൽ ചില്വാനം മാത്രമാകുന്നു. തിരുവിതാംകൂറിൽ ആകെ 34 ലക്ഷം ജനങ്ങളാണുള്ളത്. നോക്കുക. നാം കൊച്ചിയിലെ ആകെയുള്ള ജനങ്ങളേക്കാൾ ഏതാണ്ടു രണ്ടു മടങ്ങു അധികമാണ്. തിരുവിതാംകൂറിലെ ആകെയുള്ള ജനങ്ങളുടെ ഒന്നു പകുതിയോളം സംഖ്യാബലം നമുക്കുണ്ട്. ഇനി നമ്മുടെ

Digitized By Kerala Sahitya Akademi

സാമുദായിക നില എന്താണെന്നാലോചിക്കുക. നാം ഇവിടത്തെ അധഃകൃതരായ വർഗ്ഗക്കാരുടെ മുന്നണിയിൽ, ഉയർന്നതും താഴ്ന്നതുമായ ജനവിഭാഗങ്ങളെ വേർതിരിക്കുന്ന അതൃത്തിയിൽ ഭാരതത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നു മലയാളത്തെ വേർതിരിക്കുന്ന വമ്പിച്ച സഹ്യപർവ്വതംപോലെ ഉയർന്നു നില്ക്കുകയാകുന്നു. അതുകൊണ്ടു് ഉയർന്ന വർഗ്ഗക്കാരുടെ നിർദ്ദയമായ ചവിട്ടും കുത്തലുമെല്ലാം നമ്മുടെ തലയിലാണു് ആദ്യമായും അധികമായും ഏൾക്കുന്നതു്. നാം ഈ ചവിട്ടുകൾ എത്രയോ തലമുറകളായി ഏററുകൊണ്ടു നില്ക്കുയാകുന്നു. എന്നിട്ടും നാം നശിച്ചുപോകുന്നില്ല. പിന്നോട്ടു പോകയും ചെയ്യുന്നില്ലെന്നാണു് എന്റെ വിശ്വാസം. ഇതു ശരിയാണെങ്കിൽ അതൊരു പ്രശസ്തമായ ഭൂതകാലത്തെ കാണിക്കുന്ന വസ്തുതയാകുന്നു. അതായതു് നമ്മുടെ ഇന്നത്തെ നിലതന്നെ കഴിഞ്ഞുപോയ ചില ഉൽകർഷങ്ങളുടെ അനുമാനത്തിന്നു ലിംഗമായി നില്ക്കുന്നു. Survival of the fittest അതിയോഗ്യമായതു ജീവിച്ചിരിക്കുന്നു എന്നുള്ള പരിണാമ വാദതത്വം ഈ അനുമാനത്തെ അനുകൂലിക്കുന്നു. ഏറിയ ശതവർഷക്കാലമായി നടന്നുകൊണ്ടിരിക്കുന്ന കിടമത്സരങ്ങളെ എല്ലാം സഹിച്ചുകൊണ്ടു് ഇന്നു നാം ഈ നിലയിൽ ജീവിച്ചിരിക്കേണമെങ്കിൽ അതിന്നാവശ്യമായ വിദ്യ്യ വിഭാവാദികൾ എല്ലാം നമ്മുടെ സമുദായ ശരീരത്തിലുണ്ടായിരിക്കണം. വീരപുരുഷന്മാർ, വിദ്വാന്മാർ, ഉടമസ്ഥന്മാർ വലിയ ഈശ്വരഭക്തന്മാർ ഇവരെല്ലാം അതാതു തലമുറകളിലെ സ്ഥിതിയനുസരിച്ചു നമ്മുടെ വർഗ്ഗത്തിലുണ്ടായിരുന്നു. ഇന്നും ആ അവസ്ഥ തുടർന്നുകൊണ്ടു തന്നെ ഇരിക്കുന്നു. നമ്മുടെ ഉൽകർഷത്തെ നടത്തിക്കുന്ന കാലശക്തി എപ്പോൾ എന്തുകൊണ്ടു ആരംഭിച്ചു എന്നു നിർവ്വചിപ്പാൻ കഴികയില്ലെങ്കിലും അതു ഒരു മദ്ധ്യകാലത്തും വല്ല രാഷ്ട്രീയ വിപ്ലവങ്ങളാലും വന്നതാണെന്നു ഊഹിപ്പാൻ കഴിയും. തെങ്ങുകൃഷിയും മദ്യവ്യാപാരവും കൊണ്ടാണു

Digitized By Kerala Sahitya Akademi

നമ്മെ മററുവർഗ്ഗങ്ങളിൽ നിന്നു സാധാരണ ചിന്തകന്മാർ വ്യാവർത്തിച്ചു വരുന്നതു്. ദക്ഷിണയിന്ത്യയിൽ അങ്ങിനെയുള്ള വർഗ്ഗത്തിൽ പല നാടുവാഴികൾ ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ നിഷ്പക്ഷമായി അന്വേഷിച്ചാൽ അറിയാവുന്നതാണു്. ആര്യന്മാർ ദക്ഷിണഇന്ത്യയിലേക്കു കടന്നതോടുകൂടി ദ്രാവിഡന്മാരുടെ സ്ഥിതികൾക്കുണ്ടായ മാററങ്ങൾ നാനാമുഖങ്ങളായിരുന്നു. അതിനെ തുടർന്നുണ്ടായ രാജ്യവിപ്ലവങ്ങളാൽ അധികശക്തിയും നാഗരികതയുമുള്ള വർഗ്ഗക്കാർ നമ്മുടെ പൂർവ്വന്മാരെകീഴടക്കുകയും അവരോടു നിർദ്ദയമായി പെരുമാറുകയും ചെയ്തതായിരിക്കണം. അടുത്ത ശതവർഷങ്ങളിൽ തന്നെ കേരളത്തിൽ പുലയരിലും കുറവരിലും കൂടി രാജാക്കന്മാരുണ്ടായിരുന്നവസ്തുത അപലപിപ്പാൻ പാടില്ലാത്തതാണല്ലൊ. വിശേഷിച്ചു മദ്യവിക്രയം സംബന്ധിച്ചാണു ഹിന്ദുക്കൾ നമ്മെ വെറുത്തതെന്നു പറഞ്ഞു കൂടുന്നതല്ല. മദ്യം ഹിന്ദു ശാസ്ത്രങ്ങളിൽ അതിനിഷിദ്ധമല്ല. മറിച്ചു കൌളതന്ത്രത്തിലും മററും അതു പരിശുദ്ധവസ്തുവും ആകുന്നു. ബുദ്ധമതത്തിലാണു "മദ്യവിക്രയസന്ധാനദാനപാനാദികൾ'' കഠിനമായി നിഷേധിക്കപ്പെട്ടിരിക്കുന്നതു്. ആ മതത്തെ ഇന്ത്യയിൽ നിന്നു ആട്ടിയോടിച്ചഹിന്ദുക്കൾ അതിലെ നിഷിദ്ധകർമ്മത്തോടു അതികഠിനമായ വെറുപ്പു തോന്നാൻ വകയില്ലാത്തതാണു്. നമ്മുടെ ഇന്നത്തെ അനുഭവവും അതിനു സാക്ഷിയാകുന്നു. ഇന്നു ഈഴവനെ മേൽ ജാതിക്കാർ വെറുക്കുന്നുണ്ടെങ്കിൽ അതു അവന്റെ മദ്യവ്യാപാരം കൊണ്ടാണോ? നിശ്ചയമായും അല്ല. അപ്പോൾ ഈ വെറുപ്പു നിശ്ചയമായും സാത്വികമായ ഒരു പാപഭയത്തിൽ നിന്നുണ്ടായതല്ല, രാജസവും ക്രൂരവുമായ മത്സരബുദ്ധിയിൽ നിന്നും പരാജിതന്മാരോടു സഹജമായുള്ള അവജ്ഞയിൽ നിന്നും ഉണ്ടായിട്ടുള്ളതാകുന്നു. ബോവർമാരുടെ നേരെ നമുക്കു ഇടക്കാലത്തുണ്ടായ അവജ്ഞനോക്കുക. ജർമ്മൻകാരോടു നമുക്കിപ്പോഴുള്ള മനോഭാവത്തെപ്പററിയാലോ

Digitized By Kerala Sahitya Akademi

ചിക്കുക. ഇതുപോലെ അജ്ഞാതമായ ഒരു കാലത്തു ഉണ്ടായിവേരുറച്ച ഒരു വൈരസ്യം ആ കാലങ്ങളും കാരണങ്ങളും പ്രകൃതിയുടെ യന്ത്രത്തിരിച്ചലിൽ പെട്ടു മറഞ്ഞുപോയ ഇക്കാലത്തും ജനങ്ങൾ വെറുതെ വെച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ എന്തു പറവാൻ കഴിയും. ഇപ്പോൾ ലോകത്തിൻെറ ചരിത്രം നാം അറിയുന്നു. ഭൂഗോളത്തിൻെറ ഏതൊരു ഭാഗത്തിലെങ്കിലും പട്ടിക്കും പൂച്ചക്കും നടക്കാവുന്ന വഴിയിൽകൂടി സഞ്ചരിപ്പാൻ മനുഷ്യനെ മനുഷ്യൻ അനുവദിക്കാത്ത ദിക്കുണ്ടോ? മനുഷ്യനെ തൊട്ടാൽ മനുഷ്യൻ കുളിക്കാറുണ്ടോ? മനുഷ്യനെ തീണ്ടിയാൽ പുണ്യാഹം കഴിക്കാറുണ്ടോ? മനുഷ്യനെ കാണുന്നതു പാപമായി വിചാരിക്കാറുണ്ടോ? പരിശുദ്ധമായ ഹിന്ദുമതമേ! നിൻെറ പേരിൽ എത്ര മഹാപാപമാണു ഈ വൈദിക മാന്യന്മാർ ചെയ്യുന്നതു്. ഹിന്ദുപണ്ഡിതന്മാർ എത്ര കാലമാണു ഈ പുണ്ണിനെ പൊതിഞ്ഞു വയ്പാൻ ആശിക്കുന്നതു്. ഈ ഭയങ്കരവ്യാധിയെ അശേഷം ചിന്തിക്കാതെ ഭാരതമാതാവിൻെറ സ്വയം ഭരണ പ്രാൎത്ഥികളായ തന്ത്രജ്ഞന്മാർ എന്താണു് മോഹിക്കുന്നതു്.

ഹാ! ബ്രിട്ടീഷ്ഭരണം, എത്ര വിശാലമായ നയം, എത്ര സ്പൃഹണീയമായ ക്രമം, എത്ര ഉൽകൃഷ്ടമായ ഉദ്ദേശം, അതിൻെറ അനുഗ്രഹഫലത്തെ പൂൎണ്ണമായി അനുഭവിച്ചറിവാൻ ജനസാമാന്യത്തിനു അധഃകൃതരായ ഭൂരിഭാഗക്കാൎക്കു അവസരം കൊടുക്കാതെ സ്വയം ഭരണത്തിനു ബദ്ധപ്പെടുന്ന തന്ത്രനിപുണന്മാർ അവരുടെ ക്ഷേമകാംക്ഷികളാണൊ?

ഏതായാലും നമ്മുടെ നില നാം അറിയുന്നുവല്ലൊ. നാം അധികം പേരും സാധുക്കളും കൂലിവേലക്കാരുമാണു്. നമ്മിൽ നൂറിനു 10ൽ കവിഞ്ഞു വിദ്യാഭ്യാസമുള്ള വരില്ലെന്നാണു കണക്കുകൾ കൊണ്ടു കാണുന്നതു്. സ്ത്രീകളിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂററിനു ഒന്നൊ രണ്ടൊ മാത്രമേ ആകുന്നുള്ളു. ബ്രിട്ടീഷ്ഭരണത്തിൻെറ കീഴിൽ സുഖസ്വാതന്ത്ര്യ

Digitized By Kerala Sahitya Akademi

ങ്ങൾ സമ്പാദിപ്പാൻ വിദ്യാഭ്യാസം വ്യവസായം മുതലായ മാർഗ്ഗങ്ങൾ ആക്കും തുറന്നുകൊടുത്തിരിക്കയാണ്. നമ്മുടെ പൂർവ്വന്മാർക്കു ലഭിച്ചിട്ടില്ലാത്ത ഒരനുഗ്രഹവിശേഷമാണിതു്. അതുകൊണ്ടു നമ്മെ ഈ മാർഗ്ഗങ്ങളിലൂടെ നാം തന്നെ ഉയർത്തിക്കൊണ്ടു പോകേണ്ടിയിരിക്കുന്നു "ഉദ്ധരേദാത്മനാത്മാനം" എന്നാണു ഭഗവാൻ പറയുന്നതു. (work out your own salvation) നിങ്ങളുടെ മോക്ഷം നിങ്ങൾ തന്നെ ഉണ്ടാക്കിക്കൊൾവിൻ എന്നാണു ബുദ്ധമഹർഷി പറയുന്നതു്. അതെല്ലാം ശരിയായ പ്രമാണങ്ങളാകുന്നു.

എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചിട്ടു ഇപ്പോൾ 14 കൊല്ലമായിരിക്കുന്നു. അതിനു മുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നിന്നു ഇപ്പോൾ നമ്മുടെ സ്ഥിതിക്കു എന്തെങ്കിലും മാററം കാണുന്നുണ്ടോ? നിശ്ചയമായും ഉണ്ടെന്നു നിങ്ങൾ എല്ലാവരും പറയുമെന്നാണു് എന്റെ വിശ്വാസം. ആ ഗുണകരമായ മാററങ്ങളെ എണ്ണിപ്പറയേണ്ട ആവശ്യമില്ല. അതിന്നു സമയവുമില്ല. കന്യാകുമാരി മുതൽ മംഗലപുരം വരെയുള്ള നമ്മുടെ വർഗ്ഗക്കാർ പരസ്പരം അറിയാതെ കിടന്നിരുന്ന 16ലക്ഷം ആത്മാക്കൾ ഇപ്പോൾ പരസ്പരം അറിഞ്ഞു സ്നേഹിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മുടെ വകയായി അനേകം ക്ഷേത്രങ്ങളും പ്രസംഗശാലകളും, വിദ്യാലയങ്ങളും ഉണ്ടായിവരുന്നു. നമ്മൾ ഒന്നായി ചേർന്നു സഭകൾ നടത്തുന്നു. നമ്മുടെ കാര്യങ്ങളെ ഏക സ്വരത്തിൽ പ്രതിപാദിക്കുന്ന പത്രങ്ങളും മാസികകളും പ്രതിനിധികളും നമുക്കുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതൊക്കെ ഒരു ആരംഭം മാത്രമേ ആയിട്ടുള്ളൂ. ഒരു വലിയ സമുദായത്തിന്റെ ശാശ്വതമായ അഭ്യുദയം മഹത്തായ അസ്ഥിവാരങ്ങളിന്മേൽ സുഘടിതമായ ക്രമങ്ങളനുസരിച്ചു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നമുക്കു പല സമാജങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലായുണ്ടു്. എല്ലാററിന്റെയും ഉദ്ദേശം നമ്മുടെ മ

Digitized By Kerala Sahitya Akademi

തസംബന്ധവും ലൗകികവുമായ അഭ്യുദയങ്ങൾ തന്നെയാണു്. പല സമാജങ്ങളും ഫലപ്രദമായ പ്രവർത്തികൾ ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. എന്നാൽ നമ്മുടെ എല്ലാ മമതയും ശ്രമവും വേണ്ടവിധത്തിലും നിരന്തരമായും അവയിൽ പതിയുന്നില്ലെന്നുള്ളതു് തീർച്ചയാണു്. മറിച്ചായിരുന്നു എങ്കിൽ ഇപ്പോൾ ഇതിനെക്കാൾ അത്ഭുതകരങ്ങളായ ഫലങ്ങൾ കാണാമായിരുന്നു. നമുക്കു പരസ്പര വിശ്വാസവും പരസ്പര സ്നേഹവും ഇതുവരെ വേണ്ടവണ്ണം ഉണ്ടായിട്ടില്ല. അതാണു പ്രധാനമായി ഉണ്ടാകേണ്ടതു്. അതിന്നായി നാം ഓരോരുത്തരും ദൃഷ്ടിവെച്ച് യത്നിക്കേണ്ടതാണു്. അജ്ഞാനവും അന്യഥാ ജ്ഞാനവുമാണു് അവിശ്വാസത്തിനു ഹേതുവായിരിക്കുന്നതു്. സമുദായാഭിവൃദ്ധി വിഷയത്തിൽ യത്നിപ്പാൻ ഓരോരുത്തരും പ്രത്യേകം ഒരുക്കമായിരിക്കണം. അങ്ങിനെ ഒരുങ്ങുന്നവർ തമ്മിൽ കൂടെക്കൂടെ ഇടപെട്ടു ഹൃദയപൂർവ്വം സംസാരിക്കയും സംഗതികളെ ഗ്രഹിക്കയും ഗ്രഹിപ്പിക്കയും വേണം. അതു അന്യഥാ ജ്ഞാനങ്ങളെ ദൂരീകരിക്കയും പരസ്പര സ്നേഹത്തെയും മമതയേയും ദൃഢപ്പെടുത്തുകയും ചെയ്യും. ദോഷൈകദർശനം വലിയ ദോഷമാണു്. ആ സ്വഭാവത്തെ സമുദായത്തിൽ നിന്നു ദൂരീകരിപ്പാൻ ഓരോ സമുദായ സ്നേഹിയും ബദ്ധശ്രദ്ധനായിരിക്കണം. സമുദായ ഗുണത്തെ ഉദ്ദേശിച്ചുള്ള പ്രവൃത്തികളെ അഭിനന്ദിക്കയും ബഹുമാനിക്കയും ചെയ്‌വാനുള്ള വാസനയെ ജനിപ്പിക്കയും വർദ്ധിപ്പിക്കയും വേണം. സമാജങ്ങളെ നാം നമ്മുടെ കുടുംബങ്ങളെപ്പോലെയും അതിലെ അംഗങ്ങളെ സഹോദരങ്ങളെപ്പോലെയും സ്നേഹിക്കയും വിലവയ്ക്കയും ചെയ്യണം. അപ്പോൾ സമാജങ്ങൾക്കു് സ്ഥിതിയും വ്യാപ്തിയുമുണ്ടാകും.

സമാജങ്ങൾ മുഖേനവേണം മററു സകലഅഭ്യുദയങ്ങളുമുണ്ടാവാൻ. വിദ്യയുടെയും ധനത്തിൻെറയും സമ്പാദനമാണു്. ചുരുക്കത്തിൽ ലൗകിക അഭ്യുദയം എന്നു പറയുന്നതു്.

Digitized By Kerala Sahitya Akademi

നാഗരികതയും സ്വാതന്ത്ര്യവും സുഖജീവിതവും എല്ലാം അതിൻെറ ഫലങ്ങളാകുന്നു.

വിദ്യാഭ്യാസത്തിന്നു ഇപ്പോൾ നമുക്കു ഗവൺമെൻറിൽ നിന്നുതന്നെ സൗകര്യങ്ങൾ നൽകുന്നുണ്ട്. സ്കൂളുകൾ അധികം നാം പ്രത്യേകം ഉണ്ടാക്കേണ്ട ആവശ്യകത തൽക്കാലം അധികമില്ല. ഉള്ള സ്കൂളുകളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്ന വിഷയത്തിൽ എല്ലാ സമാജങ്ങളും പ്രത്യേകം ശ്രദ്ധ വയ്ക്കണം. പ്രൈമറി പാഠശാലകൾ ഇല്ലാത്ത ദിക്കിൽ നാം ഉണ്ടാക്കണം. ഉയർന്നതരം വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ സമുദായത്തിൽ തീരെ കുറവാകയാൽ കഴിയുന്ന പ്രകാരമെല്ലാം അതിനെ പ്രോത്സാഹിപ്പിക്കണം. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും കാളേജുകൾ ഉണ്ട്. നമ്മുടെ കുട്ടികൾ താമസിച്ചു പഠിക്കാനും ആഹാരത്തിനുമുള്ള സൗകര്യങ്ങൾ അത്യാവശ്യങ്ങളാണ്. അതിന്നു വിദ്യാർത്ഥിസത്രങ്ങൾ സ്ഥാപിച്ചു കൊടുക്കണം. എസ്. എൻ. ഡി. പി. യോഗം വകയായി തിരുവനന്തപുരത്തും മദ്ധ്യതിരുവിതാംകൂറിലെ നമ്മുടെ വർഗ്ഗക്കാരുടെ വകയായി മാവേലിക്കരയും ഓരോ വിദ്യാർത്ഥിസദനങ്ങൾ സ്ഥാപിപ്പാൻ ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. ഇങ്ങിനെയുള്ള ശ്രമങ്ങൾ ആവശ്യമായ മററു സ്ഥലങ്ങളിലുമുണ്ടായിരിക്കണം. വിദ്യാർത്ഥികൾക്കു ധനസഹായം ചെയ്‌വാൻ ഫണ്ടു ശേഖരിക്കുന്നതു നല്ലതും അത്യാവശ്യവും തന്നെ. വടക്കെ മലബാറിൽ ജ്ഞാനോദയയോഗം വകയായി അങ്ങിനെ ഒരു ശ്രമം നടക്കാൻ പോകുന്നതായി അറിയുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഇതിനെല്ലാററിന്നും ധനം ആവശ്യമാണ്. സമാജങ്ങൾ എല്ലാ ദിക്കുകളിലും സ്ഥാപിച്ചു ശരിയായി നടത്തുകയും ജനങ്ങൾക്കു പരസ്പര വിശ്വാസവും ഐകമത്യവും വർദ്ധിക്കയും ചെയ്താൽ പണം വഴിയെ വരുന്നതാണ്. 16 ലക്ഷം ജനങ്ങൾ ഒരു കാര്യ

Digitized By Kerala Sahitya Akademi

ത്തിന്നായി ഒത്തൊരുമിച്ചു ഓരോ അണ കൊടുത്താൽ ലക്ഷം ഉറുപ്പികയായി. 4 ലക്ഷം ആയാൽ തന്നെ 25000 ക. ആയി. ഇതൊക്കെ മനോരാജ്യമാണെന്നു തോന്നുമായിരിക്കാം. ഇല്ല, നിശ്ചയമായും നമ്മിൽ ഐകമത്യം വർദ്ധിക്കുന്നതോടുകൂടി ഇതു വെറും യഥാർത്ഥ കഥനം മാത്രമായിത്തീരുമെന്നുള്ളതു നിശ്ചയമാണു്.

വ്യവസായ ശീലത്തിന്നു നാം പ്രസിദ്ധന്മാരാണു് നമ്മുടെ വ്യവസായ വാസനയെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി നടത്തിയാൽ അതു നമ്മുടെ ധനാഭിവൃദ്ധിയെ അത്ഭുതകരമാം വണ്ണം സഹായിക്കും. പരസ്പര വിശ്വാസവും സ്നേഹവും ഐകമത്യവുമാണ അതിന്നു അപേക്ഷിതമായിരിക്കുന്നതു്.

ഇതെല്ലാം ഉണ്ടായിക്കഴിഞ്ഞാൽ നമ്മുടെ അഭ്യുദയം ആയി. പിന്നെ നമ്മെക്കുറിച്ചു നാം ശോചിക്കേണ്ടതില്ല. മററാരാൾക്കും നമ്മെ തടഞ്ഞുനിർത്താൻ സാധിക്കയുമില്ല. അതുകൊണ്ടു ഒന്നാമതായി നാം ഇനി പരസ്പരം അധികം സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുക. ഒരങ്ങിനെ നാം ഒത്തൊരുമിച്ചു അവിടവിടെ ദേശസഭകളെയും താലൂക്കു സഭകളെയും സംസ്ഥാന സഭകളെയും ബുദ്ധിപൂർവ്വമായ വ്യവസ്ഥകൾ അനുസരിച്ചു സ്ഥാപിക്കുക. കേരളത്തെ മുഴവൻ വ്യാപിക്കുന്ന ഒരു മഹായോഗവും വ്യവസ്ഥപ്പെടുത്തി നടത്തുക. നാം ഒന്നായിനില്ക്കുക. ചിതറിക്കിടക്കുന്ന പൂഴിയെ സ്നേഹ പ്രവാഹം കൊണ്ടു നനച്ചു പരസ്പരം കൂട്ടിച്ചേർക്കുക, എന്നിട്ടു ആയതിനെ പാകപ്പെടുത്തി സമാജങ്ങളാകുന്ന മതിലുകളേയും കെട്ടിടങ്ങളേയും നിർമ്മിച്ചു ഉറപ്പിക്കുക. ഗർഭഗൃഹത്തിൽ ഈശ്വരഭക്തിയെ പ്രതിഷ്ഠിക്കുക, ജ്ഞാന ദീപങ്ങളാൽ ആരാധിക്കുക. സത്യം, സമസൃഷ്ടിസ്നേഹം എന്നു വേണ്ട സകല സദാചാരങ്ങളാകുന്ന പുഷ്പങ്ങളെയും നിവേദ്യങ്ങളെയും കൊണ്ടു നിത്യം വഴിപാടു നടത്തുക,

Digitized By Kerala Sahitya Akademi

അപ്പോൾ നമ്മുടെ സമുദായമന്ദിരം പരിശുദ്ധമാകും. നാം കൃതാർത്ഥരാകും. സകല മനുഷ്യരും ദേവന്മാരും നമ്മെ സഹായിക്കും. നമ്മുടെ അഭ്യുദയം സിദ്ധമാകുകയും ചെയ്യും.

(വിവേകോദയം പു. 13.ന്നു. 8,9. 1092 വൃശ്ചികം—ധനു)
(മിതവാദി മാസിക 1917 ജനുവരി)

★

Digitized By Kerala Sahitya Akademi

# കുമാരനാശാന്റെ
# പ്രജാസഭാപ്രസംഗങ്ങൾ

**സമ്പാ: ജി. പ്രിയദർശനൻ**

സാഹിത്യവിദ്യാർത്ഥികൾ മാത്രമല്ല, ചരിത്ര വിദ്യാർത്ഥികളും മനസ്സിരുത്തി പഠിക്കേണ്ട വിഷയമാണ് ആശാന്റെ ജീവിതം. ആ ജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ് അദ്ദേഹത്തിന്റെ ലേഖനങ്ങളും പ്രസംഗങ്ങളും. പഴയ പത്രമാസികകളിലും നിലവറകളിലും കിടന്നു വീർപ്പുമുട്ടി നശിച്ചുകൊണ്ടിരുന്ന ആ ഗദ്യസാഹിത്യവിഭവങ്ങൾ തേടിപ്പിടിച്ചു പുറത്തു കൊണ്ടുവരിക എന്ന ശ്ലാഘനീയമായ കൃത്യമാണ് ശ്രീ പ്രിയദർശനൻ ഈ കൃതിയിലൂടെ നിർവ്വഹിച്ചിരിക്കുന്നതു്. ആശാൻ പ്രജാസഭയിലും നിയമസഭയിലും അംഗമായിരുന്നു. സഭകളുടെ നടപടികളിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയും സമുദായത്തേയും രാഷ്ട്രത്തേയും ബാധിക്കുന്ന വിവിധപ്രശ്നങ്ങൾ ഉന്നയിച്ചു സംസാരിക്കുകയും ചെയ്തു. ആശാന്റെ പ്രജാസഭാപ്രസംഗങ്ങളും വളരെ പ്രാധാന്യമർഹിക്കുന്ന മററു രണ്ടു പ്രഭാഷണങ്ങളും ഇതിലുണ്ടു്. യഥാർത്ഥത്തിലുള്ള ആശാനെ—കവിയെയും പൗരശ്രേഷ്ഠനെയും—മനസ്സിലാക്കുവാൻ നമുക്കു് ഈ കൃതിയിലൂടെ സാധിക്കുന്നു. ശ്രീ എം. കെ. കുമാരന്റെ പ്രൗഢോജ്ജ്വലമായ അവതാരികയും.

വില 10·00

---

**നാഷനൽ ബുക്ക്സ്റ്റാൾ**

Digitized By Kerala Sahitya Akademi